
# ആത്മാവിന്റെ നിറവിൽ –11

**കേരള ലത്തീൻ കത്തോലിക്കാസഭയുടെ വിശ്വാസപരിശീലനപാഠാവലി**



# ക്രിസ്തീയ വിശ്വാസം

# Athamvinte Niravil- 11

Published by
**Kerala Region Latin Catholic Bishops' Council**
Commission for Catechetics
Kerala Region Latin Catholic Secretariat (KRLCS)
Carmelgiri, P.B.No. 620, U.C.College P.O., Aluva - 02
Phone : 0484 - 2603705

First Published (In Malayalam)
**June, 2011**
9th impression April 2019
Copy right
**KRLCBC**
Commission for Catechetics

Design & Layout
Deepa Babu

Printing

Distribution
**Secretary**
**KRLCBC, Commission for Catechesis**
Kerala Region Latin Catholic Secretariat (KRLCS)
Carmelgiri, P.B.No. 620, U.C.College P.O., Aluva - 02
Phone : 0484 - 2603705

Imprimatur:

**Most Rev. Dr. Soosa Pakiam, Archbishop of Trivandrum**
**Most Rev. Dr. Francis Kallarakal, Archbishop of Verapoly**
**Rt. Rev. Dr. Vincent Samuel, Bishop of Neyyatinkara**
**Rt. Rev. Dr. Varghese Chakkalakal, Bishop of Kannur**
**Rt. Rev. Dr. Stephen Athipozhiyil, Bishop of Alleppy**
**Rt. Rev. Dr. Stanley Roman, Bishop of Quilon**
**Rt. Rev. Dr. Joseph Kalathiparambil, Bishop of Calicut**
**Rt. Rev. Dr. Joseph Kariyil, Bishop of Kochi**
**Rt. Rev. Dr. Sebastian Thekkathecheril, Bishop of Vijayapuram**
**Rt. Rev. Dr. Selvister Ponnumuthan, Bishop of Punalur**
**Rt. Rev. Dr. Joseph Karikassery, Bishop of Kottapuram**



# ആശംസ

നിങ്ങൾ ലോകമെങ്ങും പോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ (മർക്കോ 16:15). യേശുവിന്റെ ഈ ആഹ്വാനം ശിരസ്സാവഹിച്ചുകൊണ്ട് സുവിശേഷമാകുകയും സുവിശേഷമേകുകയും ചെയ്യുന്ന ശിഷ്യന്മാരുടെ സ്നേഹസമൂഹത്തിന്, ദൈവരാജ്യത്തിന് രൂപം കൊടുക്കുന്നതിൽ സഭ എന്നും വ്യാപൃതയാണ്. യേശുവിലൂടെ ദൈവത്തെ നിരന്തരം അറിയുകയും അനുഭവിക്കുകയും, ഈ അറിവും അനുഭവവും മറ്റുള്ളവർക്ക് പകർന്നുകൊടുക്കുകയും ചെയ്തുകൊണ്ട്, സമാഗതമായിക്കൊണ്ടിരിക്കുന്ന ദൈവരാജ്യത്തിന്റെ അടയാളവും കൂദാശയുമായാണ് സഭ നിലകൊള്ളുന്നത്. സഭയുടെ ഭൂമിശാസ്ത്രപരമായ വ്യാപ്തിയും സംഖ്യാപരമായ വർദ്ധനയും മാത്രമല്ല, ആന്തരികവളർച്ചയും സർവോപരി, ദൈവികപദ്ധതിയോടുള്ള സഹകരണവുമെല്ലാം അടിസ്ഥാനപരമായി മതബോധനത്തെ എല്ലാക്കാലത്തും പ്രഥമശുശ്രൂഷയായി പരിഗണിക്കാൻ സഭയെ പ്രേരിപ്പിച്ചിട്ടുണ്ട്.

കാലത്തിന്റെ ചുവരെഴുത്തുകൾ സുവിശേഷവെളിച്ചത്തിൽ വായിച്ചുമനസ്സിലാക്കാൻ ആഹ്വാനംചെയ്ത വത്തിക്കാൻസൂനഹദോസ്, മതബോധനശുശ്രൂഷയ്ക്ക് പുത്തൻ ഉണർവും നൂതനരൂപഭാവങ്ങളും പകർന്നുനല്കി. ഈ ചൈതന്യമുൾക്കൊണ്ടുകൊണ്ട് അടുത്തകാലത്തു പ്രസിദ്ധീകരിച്ച കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം വിശ്വാസപരിശീലനം സംബന്ധിച്ചിടത്തോളം ആധികാരിക സംശോധനസ്രോതസ്സായി നിലകൊള്ളുന്നു. സാർവത്രികസഭയുടെ ഈ ആധികാരികപഠനങ്ങളും പൊതുവായ മാർഗനിർദേശങ്ങളും സ്ഥലകാലസാഹചര്യങ്ങൾക്കൊത്ത് അനുരൂപപ്പെടുത്തേണ്ടത് ഓരോ പ്രാദേശികസഭയുടെയും കടമയാണ്. ഈ ദൗത്യമാണ് 'ആത്മാവിന്റെ നിറവിൽ' എന്ന പേരിൽ പ്രസിദ്ധീകരിക്കുന്ന പാഠ്യപുസ്തകങ്ങളിലൂടെ കേരള ലത്തീൻകത്തോലിക്കാസഭ നിർവഹിക്കുന്നത്.

ഈ വിശ്വാസപരിശിലനപാഠാവലിയിൽ വിശ്വാസസത്യങ്ങളുടെ അവതാരണത്തോടൊപ്പം കേരള ലത്തീൻ കത്തോലിക്കാസഭയുടെ ചരിത്രവും പാരമ്പര്യവും ആരാധനക്രമത്തിലെ പ്രത്യേകതകളും ഉൾക്കൊള്ളിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. വിശ്വാസവും ആഘോഷവും ജീവിതവും പ്രാർത്ഥനയും സമന്വയിപ്പിക്കുന്ന ഒരു സമീപനം ഉള്ളടക്കത്തിലും അവതാരണത്തിലും കാണുന്നുണ്ട്. ലളിതമായ ഭാഷയും കുട്ടികളെ ആകർഷിക്കുന്ന ആധുനിക ബോധനരീതികളും ശ്രദ്ധേയമാണ്. ഇത്രയേറെ മനോഹരമായ രീതിയിൽ, അങ്ങേയറ്റം വ്യക്തതയോടെ ഈ പാഠാവലി രൂപകല്പനചെയ്തു പ്രസിദ്ധീകരിക്കാൻ സഹായിച്ച ബഹുമാനപ്പെട്ട സ്റ്റാൻലി മാതിരപ്പിള്ളി അച്ചനെയും സഹപ്രവർത്തകരെയും ഞാൻ ഹാർദ്ദമായി അഭിനന്ദിക്കുന്നു. വിശ്വാസപരിശീലനം നേടുന്ന നമ്മുടെ കുഞ്ഞുമക്കളെല്ലാവരും യേശുവിനെപ്പോലെ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും (ലൂക്കാ 2:52) വളരാൻ ഇടവരട്ടെ എന്ന് ആശംസിക്കുന്നു.

തിരുവനന്തപുരം
ജൂൺ 1, 2011

ആർച്ച്ബിഷപ്പ് സൂസപാക്യം എം.
പ്രസിഡന്റ്, കെ.ആർ.എൽ.സി.ബി.സി.
തിരുവനന്തപുരം



# സമർപ്പണം

ക്രിസ്തുവിൽ വിശ്വസിക്കുന്ന ഓരോരുത്തരും മതബോധനംവഴി വിശ്വാസജീവിതത്തിൽ ആഴപ്പെടേണ്ടത് ആവശ്യമാണ്. പക്വമായ വിശ്വാസജീവിതത്തിനും ക്രൈസ്തവസാക്ഷ്യത്തിനും ഒരുവനെ ഒരുക്കുന്ന പ്രക്രിയ എന്ന നിലയിൽ മതബോധനം സഭയുടെ പ്രഥമവും പ്രധാനവുമായ ദൗത്യമാണ്.

നാമാരും സ്വകാര്യവ്യക്തികളല്ല, ക്രിസ്തുവിന്റെ സഭയിലെ അംഗങ്ങളാണ്. ലോകമെങ്ങും പോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ എന്ന ക്രിസ്തുനാഥന്റെ ആഹ്വാനം സ്വീകരിച്ച് സത്യത്തിലും നീതിയിലും അധിഷ്ഠിതമായ ദൈവരാജ്യത്തിന്റെ പ്രഘോഷകരും പ്രചാരകരുമാകാനുള്ള നമ്മുടെ വിളിയും ദൗത്യവും നാം വിസ്മരിച്ചുകൂടാ. ക്രിസ്തുവിന്റെ മൗതികശരീരമായ സഭാംഗം എന്നനിലയിൽ സുവിശേഷമൂല്യങ്ങൾക്കനുസരിച്ചു ജീവിക്കാനും സമൂഹത്തിൽ ക്രിസ്തുവിന്റെ പ്രതിരൂപമായി വർത്തിക്കാനും നാമോരോരുത്തരും കടപ്പെട്ടിരിക്കുന്നു.

കേരള റീജിയൻ ലാറ്റിൻ കാത്തലിക് ബിഷപ്സ്കൗൺസിൽ മതബോധന കമ്മീഷൻ കഴിഞ്ഞ ചില വർഷങ്ങളിലായി 'ആത്മാവിന്റെ നിറവിൽ' എന്നപേരിൽ പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്ന പാഠപുസ്തകങ്ങൾ വളർന്നുവരുന്ന തലമുറയിൽ ക്രിസ്തുവിനെ രൂപപ്പെടുത്തുന്നതിൽ ഏറെ ഉപകാരപ്രദമാണ്. മതബോധനകമ്മീഷന്റെ ചെയർമാൻ സാരഥ്യം ഏറ്റെടുത്തുകൊണ്ട് ഈ ചരിത്രദൗത്യത്തിൽ പങ്കുവഹിക്കുന്നതിൽ എനിക്ക് ഏറെ ചാരിതാർത്ഥ്യമുണ്ട്. ഒന്നുമുതൽ ആറുവരെയുള്ള പാഠ്യപുസ്ത്കങ്ങളുടെ രൂപീകരണത്തിനു നേതൃത്വംവഹിച്ച അഭിവന്ദ്യ ആർച്ചുബിഷപ്പ് സൂസപാക്യത്തിന് ഹൃദയംനിറഞ്ഞ നന്ദി. ഒന്നുമുതൽ പന്ത്രണ്ടുവരെയുള്ള ക്ലാസ്സുകളിലെ പുസ്തകങ്ങൾ തയ്യാറാക്കുന്നതിന് നേതൃത്വം നല്കിയ കമ്മീഷൻ സെക്രട്ടറി റവ. ഡോ. സ്റ്റാൻലി മാതിരപ്പിള്ളിക്കും ടീമംഗങ്ങൾക്കും എല്ലാവിധ ആശംസകളു നേരുന്നു. നവീകരിച്ച പുസ്തകങ്ങളുടെ പഠനംവഴി കേരള ലത്തീൻസഭയിലെ എല്ലാ മതാദ്ധ്യാപകർക്കും വിദ്യാർഥികൾക്കും ക്രിസ്തുവിന്റെ ധീരസാക്ഷികളും സുവിശേഷപ്രചാരകരുമായി മാറാൻ കഴിയട്ടെ എന്ന പ്രാർഥനയോടെ 'ക്രിസ്തീയവിശ്വാസം' എന്ന പേരിലുള്ള പന്ത്രണ്ടാം ക്ലാസ്സിലെ ഈ പുസ്തകം സർവജനസമക്ഷം സമർപ്പിക്കുന്നു.

കൊച്ചി
ജൂൺ 1, 2011

**ബിഷപ്പ് ജോസഫ് കരിയിൽ**
ചെയർമാൻ, ബൈബിൾ – മതബോധന കമ്മീഷൻ
കെ.ആർ.എൽ.ബി.സി. കൊച്ചി

# കൃതജ്ഞത

കേരള ലത്തീൻകത്തോലിക്കാസഭയുടെ വിശ്വാസപരിശീലന പാഠാവലിയായ ആത്മാവിന്റെ നിറവിൽ എന്ന പരമ്പരയിലെ പതിനൊന്നാമത്തെ പുസ്തകമാണ് 'ക്രിസ്തീയവിശ്വാസം'. ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനതത്ത്വങ്ങൾ യുനജനങ്ങളിൽ വേരൂന്നുന്നതിന് സഹായകമായ രീതിയിലാണ് പതിനൊന്ന്, പന്ത്രണ്ട് ക്ലാസ്സുകളിലെ പുസ്തകങ്ങൾ തയ്യാറാക്കുന്നത്. ഏഴു പാഠങ്ങളിലായാണ് ഈ പുസ്തകം തയ്യാറാക്കിയിട്ടുള്ളത്. ആറാം ക്ലാസ്സിലെ വചനവീഥിയിൽ എന്ന ബൈബിൾ വിജ്ഞാനീയ പുസ്തകത്തിന്റെ വിശദമായ പഠനമാണ് ബൈബിൾ ജീവന്റെ വചനം എന്ന ആദ്യപാഠം. ഏഴാംക്ലാസ്സിലെ യുഗങ്ങളുടെ പ്രതീക്ഷ എന്ന ക്രിസ്തുവിജ്ഞാനീയത്തിന്റെ തുടർച്ചയായാണ് രണ്ടും മൂന്നും പാഠങ്ങൾ അവതരിപ്പിച്ചിട്ടുള്ളത്. എട്ടാം ക്ലാസ്സിലെ ദൈവജനം എന്ന സഭാവിജ്ഞാനീയത്തിന്റെയും ഒമ്പതാംക്ലാസ്സിലെ ക്രിസ്തീയ ജീവിതം എന്ന പ്രേഷിതത്ത്വത്തിന്റെയും തുടർച്ചയാണ് യുവജനങ്ങളും സാമൂഹിക പ്രതിജ്ഞാബദ്ധതയും എന്ന ആറാമത്തെ പാഠം. ജീവന്റെ മഹത്ത്വം, മനുഷ്യബന്ധങ്ങളും സമൂഹസ്ഥിതിയും, ദൈവാനുഭവം പ്രാർത്ഥനയിലൂടെ എന്നീ പാഠങ്ങളും മുൻവർഷങ്ങളിൽ പല ക്ലാസ്സുകളിലായി പഠിച്ചിട്ടുള്ള വിഷയങ്ങളുടെ വിശദമായ പഠനങ്ങളാണ്.

ഈ പുസ്തകത്തിന്റെ പൂർത്തീകരണത്തിനായി സഹകരിച്ച എല്ലാവരെയും നന്ദിയോടെ സ്മരിക്കുന്നു. കെ.ആർ.എൽ.സി.ബി.സി പ്രസിഡന്റ് അഭിവന്ദ്യ സൂസപാക്യം മെത്രാപ്പോലീത്ത, അഭിവന്ദ്യഫ്രാൻസിസ് കല്ലറക്കൽ മെത്രാപ്പോലീത്ത, ആവശ്യമായ തിരുത്തലുകളും പ്രോത്സാഹനവും നല്കിയ അഭിവന്ദ്യ പിതാക്കന്മാർ, ജനറൽ സെക്രട്ടറി റവ. ഫാ. സ്റ്റീഫൻ കുളക്കായത്തിൽ എന്നിവർക്ക് സ്നേഹപൂർവം നന്ദിരേഖപ്പെടുത്തുന്നു.

ഈ പുസ്തകത്തിന്റെ തുടക്കംമുതൽ ഒടുക്കംവരെ ഞങ്ങളിൽ വിശ്വാസമർപ്പിക്കുകയും നിരന്തരം ഞങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്ത കമ്മീഷന്റെ ചെയർമാനും കൊച്ചി രൂപതയുടെ മെത്രാനുമായ അഭിവന്ദ്യ ജോസഫ് കരിയിൽ പിതാവിന് ഹൃദയപൂർവം നന്ദി. പുസ്തകരചനയിൽ മുഴുവൻ സമയവും സഹകരിച്ച റവ.ഡോ.ജോയി പുത്തൻവീട്ടിൽ, റവ. ഡോ. ലോറൻസ് കുലാസ് റവ. ഫാ. സെബാസ്റ്റ്യൻ ഇരിയങ്ങലത്ത് എന്നിവരുടെ ആത്മാർത്ഥതയ്ക്കും സമർപ്പണബോധത്തിനും ഹൃദയംനിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു. പുസ്തകരചനയിൽ സഹകരിച്ച വെരി. റവ. മോൺ. പയസ് ആറാട്ടുകുളം, റവ. ഫാ. ബിനു മുക്കത്ത്, റവ. ഫാ. ടോം ജോസ്, റവ. ഫാ. റോയി കണ്ണംചിറ, റവ. ഡോ. നിക്കോളാസ് എന്നിവർക്കും മറ്റെല്ലാ മതബോധന ഡയറക്ടർമാർക്കും നന്ദി. കൊച്ചി രൂപതയിലെ മതബോധനവിഭാഗം സെക്രട്ടറി മേഴ്സിക്കും നന്ദി.

നാലുമുതൽ പതിനൊന്നുവരെയുള്ള പാഠപുസ്തകങ്ങളുടെ ഭാഷാശുദ്ധി പരിശോധിക്കുകയും നാലുമുതലുള്ള ക്ലാസ്സുകൾക്കുവേണ്ട ഗാനങ്ങൾ തയ്യാറാക്കുകയും ചെയ്ത ഷെവ. ഡോ. പ്രീമുസ് പെരിഞ്ചേരിക്കും കമ്പ്യൂട്ടർ ലേഔട്ടും ഗ്രാഫിക്സും നിർവഹിച്ച അനൂപ് ഉമ്മനും (ടച്ച്സ്റ്റോൺ) ഫോട്ടോഗ്രഫി നിർവഹിച്ച സോബിനും (എക്സ് വിഷൻ) പ്രിന്റിംങ് നിർവഹിച്ച തിരുവനന്തപുരം സെന്റ് ജോസഫ്സ് പ്രസ്സ് അംഗങ്ങൾക്കും പ്രത്യേകം നന്ദിപറയുന്നു.

വെണ്ണല
ജൂലൈ 1, 2011

**ഡോ. സ്റ്റാൻലി മാതിരപ്പള്ളി**
സെക്രട്ടറി, ബൈബിൾ-മതബോധന കമ്മീഷൻ
വെണ്ണല, കൊച്ചി

# ഉള്ളടക്കം

1. ബൈബിൾ ജീവന്റെ വചനം ........................................ 7–31

2. യേശു: ചരിത്രപുരുഷനും ദൈവപുത്രനും ........................................ 32–50

3. യേശു: വിമോചകനും കർത്താവും ........................................ 51–73

4. ജീവന്റെ മഹത്ത്വം ........................................ 74–87

5. മനുഷ്യബന്ധങ്ങളും സമൂഹസുസ്ഥിതിയും ........................................ 88–110

6. യുവജനങ്ങളും സാമൂഹിക പ്രതിജ്ഞാബദ്ധതയും ........................................ 111–134

7. ദൈവാനുഭവം പ്രാർത്ഥനയിലൂടെ ........................................ 135–153

വിശുദ്ധ അഗസ്റ്റിൻ ........................................ 154–157

1

# ബൈബിൾ
# ജീവന്റെ വചനം





ഗ്രാമത്തിൽ ഏറെ സന്തോഷത്തോടെ ജീവിച്ചിരുന്ന അച്ഛനും അമ്മയും മക്കളും അടങ്ങുന്ന ഒരു കുടുംബം. കുടുംബം പോറ്റാൻ അച്ഛൻ വിദേശത്ത് ജോലിതേടി യാത്രയാകുന്നു. ജോലിക്കിടയിൽ അച്ഛൻ കത്തുകളിലൂടെ ഭാര്യയും മക്കളുമായി സ്നേഹംപങ്കിടുന്നു. അതുവഴി, അച്ഛൻ അകലെയാണെങ്കിലും അടുത്തുണ്ടെന്ന അനുഭവം അവർക്കുണ്ടാകുന്നു. മക്കളെക്കുറിച്ചുള്ള അച്ഛന്റെ പദ്ധതികളും അതു സാധ്യമാക്കാൻ അദ്ദേഹം ഏറ്റെടുക്കുന്ന ത്യാഗങ്ങളും കത്തിലൂടെ അവർക്കു വെളിപ്പെടുന്നു. അച്ഛന്റെ അസാന്നിധ്യം പരിഹരിക്കാനുള്ള അമ്മയുടെ ശ്രമങ്ങളെ മക്കൾ ശ്ലാഘിക്കുകയും ചെയ്യുന്നു. ഇപ്രകാരം കത്തുകളിലൂടെ കുടുംബാംഗങ്ങൾ അച്ഛന്റെ സ്നേഹം അനുഭവിച്ചറിയുന്നു. മേല്പറഞ്ഞ കഥയിലെ ഈ അച്ഛന്റെ കത്തിലൂടെ വെളിപ്പെടുന്ന സ്നേഹത്തെക്കാൾ എത്രയോ വലുതാണ് അയാൾക്ക് കുടുംബത്തോടുള്ള സ്നേഹമെന്ന് നമുക്ക് ഊഹിക്കാം.

ഇതുപോലെ ദൈവത്തിന്റെ മക്കളായ നമ്മോടുള്ള അവിടത്തെ സ്നേഹം വെളിപ്പെടുത്തുന്ന വചനങ്ങളാണ് ബൈബിൾ. എഴുതപ്പെട്ട വചനമായ ബൈബിളിൽ പ്രകടമാകുന്ന സ്നേഹത്തെക്കാൾ എത്രയോ വലുതാണ് പിതാവായ ദൈവം



മനുഷ്യരോട് ചരിത്രത്തിലൂടെ പ്രകടമാക്കിയിട്ടുള്ള സ്നേഹം! ഈ സ്നേഹാനുഭവത്തിന്റെ ലിഖിതരേഖയാണ് ബൈബിൾ. കാലാകാലങ്ങളിൽ മനുഷ്യചരിത്രത്തിലുള്ള ദൈവത്തിന്റെ ഇടപെടലിലൂടെ ദൈവം വെളിപ്പെടുത്തിയതും ദൈവസ്നേഹാനുഭവത്തിലൂടെ മനുഷ്യർ പ്രത്യുത്തരിച്ചതുമായ സത്യങ്ങൾ ഭാഗികമായി രേഖപ്പെടുത്തിയിരിക്കുന്ന ഒരു പുസ്തകം കൂടിയാണ് ബൈബിൾ. അതു തന്നെ ദൈവാത്മാവാൽ പ്രചോദിതമായി മനുഷ്യരിലൂടെ നിർവഹിക്കപ്പെട്ടതാണ്. വിശ്വാസീസമൂഹത്തിന്റെ നീണ്ടകാലത്തെ ദൈവാനുഭവവും അതിന്റെ വെളിച്ചത്തിലുള്ള വിശ്വാസജീവിതവും ആധാരമാക്കിയാണ് ബൈബിൾ രൂപപ്പെട്ടത്.

☞ സ്വന്തം നന്മയാൽ പ്രേരിതനായി മനുഷ്യർക്ക് തന്നെത്തന്നെ വെളിപ്പെടുത്താൻ ദൈവം അവരോട് മാനുഷികവാക്കുകളിൽ സംസാരിക്കുന്നു.


☞ ദൈവം സംസാരിക്കുന്നത് ഒരേയൊരു വചനമാണ്, തന്റെ അനന്യവചനം. തന്റെ വചനത്തിലൂടെയാണ് ദൈവം സ്വയം പൂർണമായി ആവിഷ്കരിച്ചത്.

☞ വിശുദ്ധബൈബിളിലൂടെ സ്വർഗസ്ഥനായപിതാവ് തന്റെ മക്കളെ സന്ദർശിക്കാനും അവരോടു സംസാരിക്കാനും വരുന്നു.

☞ ദൈവം മനുഷ്യന് സ്വയം വെളിപ്പെടുത്തിയത്, വാക്കുകളും പ്രവൃത്തികളുംവഴി തന്റെ രഹസ്യം പടിപടിയായി അവനെ അറിയിച്ചുകൊണ്ടാണ്.

**ദൈവവചനം: അലിഖിതവും ലിഖിതവും**

എഴുതപ്പെട്ട വചനങ്ങൾക്കപ്പുറമുള്ളതും ദൈവജനം അനുഭവിച്ചറിഞ്ഞതുമായ ദൈവസ്നേഹത്തെ പാരമ്പര്യം എന്നു നമ്മൾ വിളിക്കുന്നു. ദൈവാനുഭവം ഉൾക്കൊള്ളുന്ന പാരമ്പര്യവും ലിഖിതവചനമായ ബൈബിളും മനുഷ്യചരിത്രത്തിലുള്ള ദൈവത്തിന്റെ രക്ഷാകരമായ ഇടപെടൽ വെളിപ്പെടുത്തുന്നു. ഈ അർത്ഥത്തിൽ ദൈവികവെളിപാടിനെ അലിഖിതം (പാരമ്പര്യം), ലിഖിതം (വിശുദ്ധഗ്രന്ഥം) എന്നിങ്ങനെ രണ്ടായി തിരിക്കാം.




- വിശുദ്ധപാരമ്പര്യവും വിശുദ്ധബൈബിളും തമ്മിൽ ഗാഢമായി ബന്ധപ്പെട്ടിരിക്കുകയും സമ്പർക്കംപുലർത്തുകയും ചെയ്യുന്നു. ഇവ രണ്ടും ഒരേയൊരു ദൈവികഉറവയിൽനിന്നു പ്രവഹിച്ച്, ഒരേതരത്തിൽ ഏകീഭവിക്കുകയും ഒരേ ലക്ഷ്യത്തിലേക്കു നീങ്ങുകയും ചെയ്യുന്നു.
- വിശുദ്ധഗ്രന്ഥവും പാരമ്പര്യവും ഉൾക്കൊള്ളുന്ന വിശ്വാസനിക്ഷേപത്തെ (depositum fidei) അപ്പസ്തോലന്മാർ സമസ്തസഭയെയുമാണ് ഭരമേല്പിച്ചിരിക്കുന്നത്.

ദൈവികവെളിപാടിന്റെ രണ്ടുകൈവഴികളാണ് പാരമ്പര്യവും വിശുദ്ധഗ്രന്ഥവുമെന്ന് നാം മനസ്സിലാക്കി. ഈ അദ്ധ്യായത്തിൽ നാം ചർച്ചചെയ്യാൻ

പോകുന്നത് എഴുതപ്പെട്ട വചനമായ (ലിഖിതരൂപമായ) വിശുദ്ധഗ്രന്ഥത്തെക്കുറിച്ചുമാത്രമാണ്.

### പ്രവർത്തനം -1

വിശുദ്ധബൈബിൾ നമ്മുടെ അനുദിനജീവിതത്തിനുള്ള മാർഗരേഖയാണ്. നാളിതുവരെ നിങ്ങളുടെ ജീവിതത്തെ സ്പർശിച്ചതും ദൈവസ്നേഹാനുഭവത്തിലേക്ക് നിങ്ങളെ നയിച്ചതുമായ തിരുവചനങ്ങൾ എഴുതുകയും എന്തുകൊണ്ട് അവ സ്പർശിച്ചുവെന്ന് ക്ലാസ്സിൽ പങ്കുവയ്ക്കുകയും ചെയ്യുക (വിശുദ്ധഗ്രന്ഥം ഉപയോഗിക്കാവുന്നതാണ്).

### ബൈബിൾ എന്ന പദത്തിന്റെ ഉറവിടം

'ബിബ്ലോസ്' (biblos) എന്ന ഗ്രീക്ക്പദത്തിൽനിന്നാണ് ബൈബിൾ എന്ന പദം ഉരുത്തിരിഞ്ഞത്. ഇതിന്റെ അർത്ഥം 'ലിഖിതരേഖ', 'പുസ്തകം' എന്നിങ്ങനെയാണ്. ഇതിന്റെ ഏകവചനരൂപമാണ് ബിബ്ലിയോൺ (biblion). ബഹുവചനരൂപം 'ബിബ്ലിയ' (biblia) എന്നാണ്. ഗ്രീക്ക്പരിഭാഷയിലെ ദാനിയേലിന്റെ



പുസ്തകത്തിൽ 9-ാം അദ്ധ്യായം രണ്ടാം വാക്യത്തിൽ പ്രവാചകലിഖിതങ്ങളെ സൂചിപ്പിക്കാൻ ഈ പദം (haibibloi) ഉപയോഗിച്ചിരിക്കുന്നതായി കാണാം. കൂടാതെ, സഭാപിതാവായ വിശുദ്ധ ക്ലെമന്റ് തന്റെ രചനകളിൽ വിശുദ്ധഗ്രന്ഥത്തെ സൂചിപ്പിക്കാൻ ഈ പദം ഉപയോഗിച്ചിട്ടുണ്ട് (2 Clement 4:2). ഇന്ന് 'ഉടമ്പടി', 'തിരുലിഖിതം',



'വിശുദ്ധലിഖിതം', 'എഴുതപ്പെട്ടിരിക്കുന്നത്' (മത്തായി 21:42) തുടങ്ങിയപദങ്ങളും ബൈബിളിനെ വിശേഷിപ്പിക്കാൻ ഉപയോഗിച്ചുവരുന്നു.

### ബൈബിൾ: രക്ഷാകരചരിത്രം

ബൈബിളിൽ നിറഞ്ഞുനില്ക്കുന്നത് രക്ഷാകരചരിത്രമാണ്. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സ്ത്രീയും പുരുഷനുമായി സൃഷ്ടിക്കപ്പെട്ട മനുഷ്യർ ദൈവത്തോടുകൂടെയായിരിക്കാൻ വിളിക്കപ്പെട്ടവരാണ് (ഉത്പ 1:27). എന്നാൽ അനുസരണക്കേടുമൂലം പാപംചെയ്ത് വിശുദ്ധി നഷ്ടപ്പെടുത്തിയ മനുഷ്യർക്ക് (ഉത്പ 3:1-13) പരിശുദ്ധനായ ദൈവത്തോടു കൂടെയായിരിക്കുക എന്ന പറുദീ



സാനുഭവം നഷ്ടമായി (ഉത്പ 3:14–19). പാപാവസ്ഥയിൽനിന്നു മനുഷ്യരെ വിശുദ്ധീകരിച്ച് എന്നെന്നും തന്നോടുകൂടെയായിരിക്കാൻ ദൈവം അനുവദിച്ചുകൊണ്ട് അവരുടെ രക്ഷയ്ക്കുവേണ്ടി ദൈവം കാലാകാലങ്ങളിൽ ഒരുക്കിയ പദ്ധതിയെയാണ് 'രക്ഷാകരചരിത്രം' എന്നു വിളിക്കുന്നത്.

ആദിമാതാപിതാക്കളുടെ പാപത്തിന്റെ ഫലം സന്താനപരമ്പരകളിലൂടെ പെരുകിയപ്പോൾ മനുഷ്യനെ സൃഷ്ടിച്ചതിൽ ദൈവം ദുഃഖിച്ചു (ഉത്പ 6:6). തൽഫലമായി ജലപ്രളയത്തിലൂടെ മനുഷ്യകുലത്തെ ദൈവം ശുദ്ധീകരിക്കുകയും നോഹയിലൂടെ ഒരു പുതിയ ഉടമ്പടി സ്ഥാപിക്കുകയും ചെയ്തു (ഉത്പ 9:1–17).

പിൽക്കാലത്ത് വീണ്ടും പാപം ചെയ്ത് ദൈവത്തിനെതിരേ തിരിഞ്ഞ് അധഃപതിച്ച (ഉത്പ 11:1–9) മനുഷ്യകുലം എന്നന്നേക്കുമായി നഷ്ടപ്പെടാതിരിക്കാൻവേണ്ടി ദൈവം അബ്രാഹത്തെ വിളിക്കുകയും രക്ഷാകരപദ്ധതി നവീകരിക്കുകയും ചെയ്തു (ഉത്പ 12:1–9). അബ്രാഹത്തിലൂടെ നവീകരിക്കപ്പെട്ട രക്ഷാകരപദ്ധതി പൂർവപിതാക്കന്മാരായ ഇസഹാക്കിലൂടെയും യാക്കോബിലൂടെയും ദൈവം തുടർന്നു.

മോശയുടെ നേതൃത്വത്തിലുള്ള പുറപ്പാട് സംഭവത്തിലൂടെയാണ് മനുഷ്യകുലത്തിന്റെ മുഴുവൻ പ്രതീകമായി ദൈവം ഇസ്രായേലിനെ തിരഞ്ഞെടുത്തത്. സീനായിൽവച്ച് ഇസ്രായേൽജനവുമായി ഉടമ്പടി സ്ഥാപിച്ച ദൈവം (പുറ 19:1–15) പത്തുകല്പനകൾ നല്കി (പുറ 20:1–17) അവരെ സ്വന്തം ജനമാക്കി സംരക്ഷി



ക്കുകയും കാലാകാലങ്ങളിൽ പ്രബോധകരിലൂടെയും പ്രവാചകന്മാരിലൂടെയും തന്റെ രക്ഷാകരപദ്ധതി നിലനിറുത്തുകയും ചെയ്തു.

നിയമങ്ങളുടെയും പ്രവാചകന്മാരുടെയും പൂർത്തീകരണമായി (മത്താ 5:17-20) മനുഷ്യാവതാരം ചെയ്ത ക്രിസ്തുവിലൂടെയാണ് (യോഹ 1:14) ദൈവം ആവിഷ്കരിച്ച രക്ഷാകരപദ്ധതി സാധ്യമായതും പൂർത്തീകരിക്കപ്പെട്ടതും. ക്രിസ്തുവിന്റെ മനുഷ്യാവതാരം, പീഡാസഹനം, മരണം, ഉത്ഥാനം, സ്വർഗാരോഹണം എന്നീ പെസഹാരഹസ്യങ്ങളിലൂടെ പാപത്തിന്റെയും മരണത്തിന്റെയും അടിമത്തത്തിൽനിന്ന് മനുഷ്യകുലത്തെ ദൈവം വിശുദ്ധീകരിച്ച് വീണ്ടെടുക്കുകയും ദൈവരാജ്യത്തിന് അർഹരാക്കുകയും ചെയ്തു. അങ്ങനെ ആദിപാപംമൂലം നഷ്ടമായ പറുദീസാനുഭവത്തിന് മനുഷ്യർ വീണ്ടും അർഹരായി; ക്രിസ്തു മനുഷ്യകുലത്തിന്റെ രക്ഷകനുമായി.

ക്രിസ്തു ഈ ലോകത്തിൽ പുനഃസ്ഥാപിച്ച ദൈവരാജ്യശുശ്രൂഷ സഭയിലൂടെ ഇന്നും തുടരുന്നു. ദൈവരാജ്യത്തിന്റെ പ്രതീകവും അടയാളവും ക്രിസ്തു



വിന്റെ മണവാട്ടിയുമായസഭ (ജനതകളുടെ പ്രകാശം 7-9) ക്രിസ്തുവിന്റെ രണ്ടാം വരവോളം അതിന്റെ പ്രഘോഷകയായി നിലകൊള്ളുന്നു.

## ദൈവവചനത്തിന്റെ സർഗാത്മകതയും ഫലദായകത്വവും

വാക്കുകൾക്കു ശക്തിയുണ്ട്. അമ്മ മകനെനോക്കി "നീ എന്റെ പ്രിയപ്പെട്ടവനാണ്", "നീ എന്റെ പുണ്യമാണ്" എന്നൊക്കെപറയുമ്പോൾ അതുകേൾക്കുന്ന മകന് ഉത്സാഹവും സന്തോഷവും അനുഭവപ്പെടുന്നു. എന്നാൽ "നീ എന്റെ ശാപമാണ്" എന്ന് അമ്മയിൽനിന്നു കേട്ടാൽ മകൻ തകർന്നുപോകും. മനുഷ്യന്റെ വാക്കുകൾക്ക് ഒരാളെ ഇത്രയേറെ ഉയർത്താനോ തളർത്താനോ ശക്തിയുണ്ടെങ്കിൽ ദൈവത്തിന്റെ വാക്കുകളുടെ ശക്തി എന്തായിരിക്കും എന്ന് ചിന്തിച്ചുനോക്കൂ.

ദൈവവചനം (creative) സർഗാത്മകമാണ്; ജീവൻനല്കാനും (മർക്കോ 5:41) സൃഷ്ടിക്കാനും (ഉത്പ 1:3-27) ശക്തിയുള്ളതാണ്. 'ഉണ്ടാകട്ടെ' എന്ന വചനത്താൽ സൃഷ്ടികർമ്മം നിർവഹിക്കപ്പെടുന്നു. സൃഷ്ടവസ്തുക്കൾ നിലനിറുത്തുന്നതും നിയന്ത്രിക്കുന്നതും ഈ വചനംതന്നെയാണ്. ബന്ധിതർക്കു മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും നല്കുന്ന ഈ വചനം മരിച്ചവരെ ഉയിർപ്പിക്കുന്നതും ജീവൻ പകരുന്നതും നിത്യജീവൻ പ്രദാനംചെയ്യുന്നതുമാണ്. ദൈവവചനം ആദിയിലെന്നപോലെ ഇന്നും മനുഷ്യരോടു സംസാരിക്കുന്നു. ദൈവപദ്ധതിയനുസരിച്ച് ഫലം പുറപ്പെടുവിക്കുകയും ചെയ്യുന്നു.

> *"മഴയും മഞ്ഞും ആകാശത്തുനിന്നു വരുന്നു; അങ്ങോട്ടു മടങ്ങാതെ ഭൂമിയെ നനയ്ക്കുന്നു. അത് സസ്യങ്ങൾ മുളപ്പിച്ച് ഫലം നല്കി, വിതയ്ക്കാൻ വിത്തും ഭക്ഷിക്കാൻ ആഹാരവും ലഭ്യമാക്കുന്നു. എന്റെ അധരങ്ങളിൽനിന്നു പുറപ്പെടുന്ന വാക്കും അങ്ങനെതന്നെ. ഫലരഹിതമായി അത് തിരിച്ചുവരില്ല; എന്റെ ഉദ്ദേശ്യം അത് നിറവേറ്റും; ഞാൻ ഏല്പിക്കുന്ന കാര്യം വിജയപ്രദമായി ചെയ്യും" (ഏശ 55:10-11).*

ദൈവവചനം ഒരു പ്രത്യേക ജനതയ്ക്കുവേണ്ടിയോ കാലഘട്ടത്തിനുവേണ്ടിയോ ഉള്ളതല്ല. ഒരിക്കൽ ദൈവം വെളിപ്പെടുത്തിയവചനം ("വെർബും ഡിക്തും" - Verbum dictum) എല്ലാക്കാലത്തും എല്ലാമനുഷ്യർക്കും വേണ്ടിയു

ള്ളതാണ്. ഈ ദൈവവചനം അന്നത്തെപ്പോലെതന്നെ ഇന്നും മനുഷ്യരോടു സംവദിക്കുന്നു. ഇന്നും സംവദിക്കുന്ന ദൈവവചനത്തിന്റെ ഈ സ്വഭാവത്തെ "വെർബും ഡിച്ചേൻസ്" (Verbum dicens) എന്നുവിളിക്കുന്നു. ഉചിതമായ മനോഭാവത്തോടെ ബൈബിൾ വായിക്കുന്ന വിശ്വാസിയുമായി ദൈവവചനം നിരന്തരം സംസാരിക്കുന്നു. കഴിഞ്ഞകാലങ്ങളിൽ ദൈവം വെളിപ്പെടുത്തിയ വചനം വിശ്വാസിയുടെ അനുദിനജീവിതസാഹചര്യത്തിൽ അർത്ഥവത്തായി മാറുന്നു.

**വചനം എന്ന പദം**

വചനത്തെ സൂചിപ്പിക്കാൻ ഹീബ്രുഭാഷയിൽ ദബാർ (dabar) എന്ന പദമാണ് ഉപയോഗിക്കുന്നത്. ഈ പദത്തിന് 'പ്രവൃത്തി', 'പ്രസംഗം', 'സംഭവം', 'പ്രതിഭാസം' എന്നൊക്കെ അർത്ഥമുണ്ട്. ഇസ്രായേൽജനം ദൈവത്തിന്റെ വചനത്തെക്കുറിച്ചു പറയുമ്പോൾ മേൽസൂചിപ്പിച്ച എല്ലാ അർത്ഥങ്ങളും ഉൾക്കൊണ്ടിരുന്നു. ദൈവവചനത്തിന് ലോഗോസ് (logos) എന്ന പദമാണ് ഗ്രീക്കിൽ ഉപയോഗിച്ചിട്ടുള്ളത്. ഇതിന്റെ വാച്യാർത്ഥം വചനം എന്നാണെങ്കിലും ദൈവപുത്രനായ ക്രിസ്തുവിനെ സൂചിപ്പിക്കുന്നതിന് ഈ പദം ഉപയോഗിച്ചു കാണുന്നു. അങ്ങനെ ബൈബിളിൽ പ്രകാശിതമായിരിക്കുന്ന ദൈവവചനം ദൈവത്തെത്തന്നെ പ്രതിനിധാനംചെയ്യുന്നതും ജീവനുള്ളതും ജീവൻ നല്കുന്നതുമാണ്.

**പ്രവർത്തനം - 2**

ദൈവവചനം ഇല്ലായ്മയിൽനിന്നു സൃഷ്ടിക്കുന്നതും ശിഥിലീകരിക്കപ്പെട്ടതു പുനഃസൃഷ്ടിക്കുന്നതുമാണെന്നു വെളിവാക്കുന്ന ചില സംഭവങ്ങൾ ബൈബിളിൽനിന്നു കണ്ടെത്തുക.

## ബൈബിൾ ദൈവ-മനുഷ്യ ഉടമ്പടി

ബൈബിളിനെ പ്രധാനമായും രണ്ടായി തിരിച്ചിരിക്കുന്നു: പഴയനിയമം (Old Testament), പുതിയനിയമം (New Testament). പഴയനിയമം ദൈവവും മനുഷ്യനുമായുള്ള പഴയഉടമ്പടിയെയും പുതിയനിയമം യേശുവിലൂടെ ദൈവം മനുഷ്യനുമായി പുനഃസ്ഥാപിച്ച പുതിയ ഉടമ്പടിയെയുമാണ് സൂചിപ്പിക്കുന്നത്. ഈ രണ്ട് ഉടമ്പടികളും ചേർന്നതാണ് ബൈബിൾ.

ലോകരാഷ്ട്രങ്ങൾ തമ്മിൽ ഉടമ്പടിയിൽ ഒപ്പുവയ്ക്കുന്നത് നാം മാധ്യമങ്ങളിലൂടെ അറിയാറുണ്ട്. അവരുടെ പരസ്പരധാരണയെയും കടമകളെയും ഉത്തരവാദിത്വത്തെയുമാണ് ഇതു സൂചിപ്പിക്കുന്നത്. ഉടമ്പടി രണ്ടുകൂട്ടർ തമ്മിലുള്ള ബന്ധമാണ്. ഈ രണ്ടുകൂട്ടർക്കും ഒന്നുപോലെ കടമകളും അവകാശങ്ങളുമുണ്ട്. ഉടമ്പടിയിൽ ഒപ്പുവയ്ക്കുന്നവർ അത് നടപ്പിലാക്കാനും ബാധ്യസ്ഥരാണ്.

ബൈബിളിലെ ഉടമ്പടി ദൈവവും മനുഷ്യനുമായുള്ള പരസ്പരസ്നേഹത്തിന്റെയും വിശ്വസ്തതയുടെയും ബന്ധമാണ്. ഈ ബന്ധം നിലനിറുത്തുന്നതിനുവേണ്ടിയാണ് ദൈവം മനുഷ്യന് നിയമങ്ങൾ (കല്പനകൾ) നല്കിയിട്ടുള്ളത്. പഴയ ഉടമ്പടി പാലിക്കപ്പെടേണ്ടതിനു നല്കപ്പെട്ട നിയമങ്ങളുടെ അടിസ്ഥാന



ത്തിൽ പഴയ ഉടമ്പടിയെ പഴയനിയമമെന്നും പുതിയ ഉടമ്പടി പാലിക്കപ്പെടേണ്ട തിനു നല്കപ്പെട്ട നിയമങ്ങളുടെ അടിസ്ഥാനത്തിൽ പുതിയ ഉടമ്പടിയെ പുതിയ നിയമമെന്നും വിളിക്കുന്നു. ഉടമ്പടിബന്ധം നിലനിറുത്തുന്നതിൽ മനുഷ്യൻ അവിശ്വസ്തത (infidelity) കാട്ടിയപ്പോഴും തന്റെ വിശ്വസ്തത (fidelity) വെടിയാതിരുന്ന ദൈവത്തിന്റെ സ്നേഹമാണ് ദൈവ-മനുഷ്യഉടമ്പടിയെ മറ്റ് ഉടമ്പടികളിൽനിന്നു വ്യത്യസ്തമാക്കുന്നത്.

### ഉടമ്പടിയെന്ന പദം

ഉടമ്പടിക്ക് ഹീബ്രുവിൽ 'ബെറിത്ത്' (berith) എന്ന പദമാണ് ഉപയോഗിക്കുന്നത്. ഈ പദം ഗ്രീക്ക് ബൈബിളിൽ 'ദിയാ ത്തെക്കെ' (diateke) എന്നും ലത്തീൻ ബൈബിളിൽ 'തെസ്തമെന്തും' (testamentum) എന്നും വിവർത്തനം ചെയ്തിരിക്കുന്നു. 'തെസ്തമെന്തും' എന്ന ലത്തീൻ പദത്തിൽനിന്നാണ് ഇംഗ്ലീഷിലെ ടെസ്റ്റമെന്റ് (testament) എന്ന പദം ഉദ്ഭവിച്ചത്.

## ഹീബ്രുബൈബിൾ (TaNaK)



യഹൂദരുടെ വിശുദ്ധഗ്രന്ഥമായ പഴയനിയമം (ഹീബ്രുബൈബിൾ) മൂന്നായി വിഭജിക്കപ്പെട്ടിരിക്കുന്നു: തോറാ (Torah [Ta] = നിയമം), നബിയിം (Nabiim [Na] = പ്രവാചകന്മാർ), കെത്തുബീം (Ketubim [K] = ലിഖിതങ്ങൾ). ഇവ മൂന്നിന്റെയും ചുരുക്കപ്പേരായി യഹൂദർ അവരുടെ വിശുദ്ധഗ്രന്ഥത്തെ തനാക്ക് (TaNaK) എന്നു വിശേഷിപ്പിക്കുന്നു.

ഹീബ്രുബൈബിളിലെ ഓരോ വിഭാഗത്തിലും ഉൾപ്പെടുന്ന പുസ്തകങ്ങളുടെ പേരുവിവരം പട്ടികയിൽ ചേർത്തിരിക്കുന്നു.

| | TANAK | |
|---|---|---|
| തോറാ (നിയമം) | നബിയിം (പ്രവാചകന്മാർ) | കെത്തുബിം (ലിഖിതങ്ങൾ) |
| ഉത്പത്തി<br>പുറപ്പാട്<br>ലേവ്യർ<br>സംഖ്യ<br>നിയമാവർത്തനം<br>(ഇവ പഞ്ചഗ്രന്ഥി - Pentateuch - എന്നറിയപ്പെടുന്നു) | 1. ആദ്യകാല പ്രവാചകന്മാർ :<br>ജോഷ്വാ<br>ന്യായാധിപന്മാർ<br>സാമുവേൽ<br>രാജാക്കന്മാർ<br>2. പിൽക്കാല പ്രവാചകന്മാർ :<br>ഏശയ്യാ<br>ജറെമിയ<br>എസെക്കിയേൽ<br>പന്ത്രണ്ടു ചെറിയ പ്രവാചകന്മാർ ഉൾപ്പെടുന്ന ഒറ്റ ഗ്രന്ഥം | സങ്കീർത്തനങ്ങൾ<br>സുഭാഷിതങ്ങൾ<br>ജോബ്<br>മെഗില്ലോത്ത് (Five Scrolls) എന്നറിയപ്പെടുന്ന അഞ്ച് ചുരുളുകൾ, ഉത്തമഗീതം, റൂത്ത്, വിലാപങ്ങൾ, സഭാപ്രസംഗകൻ, എസ്തേർ,<br>ദാനിയേൽ,<br>എസ്രാ-നെഹെമിയാ,<br>ദിനവൃത്താന്തങ്ങൾ |

യഹൂദരുടെ കണക്കനുസരിച്ച് ഈ മൂന്നുവിഭാഗങ്ങളിലുംകൂടി ആകെ 24 പുസ്തകങ്ങളുണ്ട്.

## ഹീബ്രുബൈബിളിന്റെ ഗ്രീക്ക്പരിഭാഷ (Septuagint)

ഹീബ്രുബൈബിളിന്റെ ഗ്രീക്ക് പരിഭാഷ ലത്തീനിൽ സപ്തതി അഥവാ സെപ്ത്വജിന്ത് (Septuagint) എന്ന് അറിയപ്പെടുന്നു. എഴുപത് (LXX)എന്നാണ് ഇതിനർത്ഥം. ഈ പേരിനുപിന്നിൽ ഒരു ഐതിഹ്യമുണ്ട്. ഏതാണ്ട് ബി.സി 3-ാം ശതകത്തിൽ ഈജിപ്തിലെ ടോളമി ഫിലാദെൽഫൂസ് എന്ന രാജാവിന്റെ ആജ്ഞ

യെത്തുടർന്ന് ഹീബ്രു ബൈബിൾ 70 പണ്ഡിതന്മാർ 70 ദിവസംകൊണ്ട് 70 മുറികളിൽ പരസ്പരം സമ്പർക്കമില്ലാതിരുന്ന് പരിഭാഷപ്പെടുത്തിയപ്പോൾ എല്ലാം ഒന്നുപോലെ കാണപ്പെട്ടത്രേ! അതുകൊണ്ട് ഈ പരിഭാഷയെ 'സെപ്ത്വജിന്ത്' എന്ന് പേരുവിളിച്ചു.

ഹീബ്രുബൈബിളിലെ 24 കൃതികൾ ഗ്രീക്കിലേക്കു പരിഭാഷപ്പെടുത്തിയപ്പോൾ 39 പുസ്തകങ്ങളായി വിഭജിച്ചു. അതനുസരിച്ച് സാമുവേലിന്റെ പുസ്തകം 1 സാമുവൽ, 2 സാമുവൽ എന്നും, രാജാക്കന്മാരുടെ പുസ്തകത്തെ 1 രാജാക്കന്മാർ, 2 രാജാക്കന്മാർ എന്നും 12 ചെറിയ പ്രവാചകന്മാർ ഉൾപ്പെടുന്ന ഒറ്റഗ്രന്ഥം അവരവരുടെ പേരിൽ 12 വ്യത്യസ്ത ഗ്രന്ഥങ്ങളായും വേർതിരിച്ചു. കൂടാതെ, എസ്രാ–നെഹെമിയാ എന്ന ഒറ്റപ്പുസ്തകത്തെ രണ്ട് വ്യത്യസ്ത ഗ്രന്ഥങ്ങളാക്കിയും, ദിനവൃത്താന്തങ്ങൾ എന്ന പുസ്തകം 1 ദിനവൃത്താന്തം, 2 ദിനവൃത്താന്തം എന്നും വേർതിരിച്ചു. ഇപ്രകാരം വിഭജിക്കപ്പെട്ട 39 പുസ്തകങ്ങളെ പൂർവകാനോനിക ഗ്രന്ഥങ്ങൾ (proto-canonical books) എന്നുപേരുവിളിച്ചു.

ഇവക്കുപുറമേ, ഹീബ്രുബൈബിളിൽ ഇല്ലാതിരുന്നതും ഗ്രീക്കു ഭാഷയിൽ ഉണ്ടായിരുന്നതും വിശ്വാസജീവിതത്തിൽ ഉപയോഗിച്ചിരുന്നതുമായ 7 ഗ്രന്ഥങ്ങൾകൂടി ഗ്രീക്കുവിവർത്തകർ സപ്തതിയിൽ ഉൾപ്പെടുത്തി. തോബിത്, യൂദിത്ത്, 1 മക്കബായർ, 2 മക്കബായർ, പ്രഭാഷകൻ, ജ്ഞാനം, ബാറൂക്ക് എന്നിവയാണ് ഈ ഗ്രന്ഥങ്ങൾ. ഈ ഗ്രന്ഥങ്ങൾ പ്രാമാണികങ്ങളായി അഥവാ കാനോനിക (canonical) ങ്ങളായി യഹൂദർ പൊതുവേ കരുതുന്നില്ല. നാം ഇവയെ ഉത്തരകാനോനിക ഗ്രന്ഥങ്ങൾ (deutro-canonical books) എന്നു വിളിക്കുന്നു.

സപ്തതി അടിസ്ഥാനമാക്കിയുള്ള പഴയനിയമത്തിലെ 46 (39+7) പുസ്തകങ്ങൾ കത്തോലിക്കാസഭ പ്രാമാണികഗ്രന്ഥങ്ങളായി അംഗീകരിക്കുമ്പോൾ യഹൂദപാരമ്പര്യമനുസരിച്ചുള്ള ഹീബ്രുബൈബിളിലെ 39 പുസ്തകങ്ങൾ മാത്രമേ പ്രൊട്ടസ്റ്റന്റ് സഭ പ്രാമാണികഗ്രന്ഥങ്ങളായി അംഗീകരിക്കുന്നുള്ളൂ.

നിയമം, ചരിത്രം, പ്രബോധനം, പ്രവചനം എന്നിങ്ങനെ നാലായി സപ്തതി ബൈബിളിനെ തരംതിരിച്ചിരിക്കുന്നു.

| സപ്തതി ബൈബിൾ | | | |
|---|---|---|---|
| **നിയമം** | **ചരിത്രം** | **പ്രബോധനം** | **പ്രവചനം** |
| ഉത്പത്തി | ജോഷ്വാ | ജോബ് | ഏശയ്യാ |
| പുറപ്പാട് | ന്യായാധിപന്മാർ | സങ്കീർത്തനങ്ങൾ | ജറെമിയ |
| ലേവ്യർ | റൂത്ത് | സുഭാഷിതങ്ങൾ | വിലാപങ്ങൾ |
| സംഖ്യ | 1 സാമുവൽ | സഭാപ്രസംഗകൻ | ബാറൂക്ക് |
| നിയമാവർത്തനം | 2 സാമുവൽ | ഉത്തമഗീതം | എസെക്കിയേൽ |
| | 1 രാജാക്കന്മാർ | ജ്ഞാനം | ദാനിയേൽ |
| | 2 രാജാക്കന്മാർ | പ്രഭാഷകൻ | ഹോസിയാ |
| | 1 ദിനവൃത്താന്തം | | ജോയേൽ |
| | 2 ദിനവൃത്താന്തം | | ആമോസ് |
| | എസ്രാ | | ഒബാദിയാ |
| | നെഹെമിയ | | യോനാ |
| | തോബിത്ത് | | മിക്കാ |
| | യൂദിത്ത് | | നാഹും |
| | എസ്തേർ | | ഹബക്കൂക്ക് |
| | 1 മക്കബായർ | | സെഫാനിയാ |
| | 2 മക്കബായർ | | ഹഗ്ഗായി |
| | | | സഖറിയാ |
| | | | മലാക്കി |

## പഴയനിയമത്തിന്റെ ലത്തീൻപരിഭാഷ (Vulgata)

സപ്തതി ബൈബിളിന്റെ രൂപീകരണത്തിനു ശേഷം വിശുദ്ധ ജെറോം (340-420) തയ്യാറാക്കിയ ബൈബിളിന്റെ ലത്തീൻപരിഭാഷ നിലവിൽ വന്നു. ഇത് വുൾഗാത്ത (Vulgata) എന്നാണ് അറിയപ്പെടുന്നത്. മലയാളപരിഭാഷ ഉൾപ്പെടെ പിന്നീടുവന്ന എല്ലാ പരിഭാഷകളും വുൾഗാത്താക്രമമാണ് തുടർന്നത്. 1546-ൽ ത്രെന്തോസ് സൂനഹദോസ് (1545-1563) വിശുദ്ധ ജെറോമിന്റെ ലത്തീൻവുൾഗാത്തയിലുള്ള ഗ്രന്ഥങ്ങളെല്ലാം അവയുടെ പൂർണതയിൽ അംഗീകരിച്ചു.



### മറ്റ് പുരാതനപരിഭാഷകൾ

ഹീബ്രു ബൈബിളിന്റെ അറമായപരിഭാഷ താർഗും (Targum) എന്നും സുറിയാനി പരിഭാഷ പ്ശീത്ത (Peshita) എന്നും അറിയപ്പെടുന്നു. വുൾഗാത്ത പരിഭാഷയ്ക്കു പുറമേ വേത്തൂസ് ലത്തീന (Vetus Latina = Old Latin) എന്ന മറ്റൊരു പരിഭാഷകൂടി ലത്തീനിലുണ്ട്.

### സമ്പൂർണ കത്തോലിക്കാബൈബിൾ

ഗ്രീക്കു സപ്തതി ആസ്പദമാക്കി കത്തോലിക്കാബൈബിളിന്റെ പഴയനിയമത്തിൽ 46 പുസ്തകങ്ങളുണ്ട്. 13-ാം നൂറ്റാണ്ടുമുതൽ കത്തോലിക്കരുടെയിടയിൽ പഴയനിയമത്തിലെ പുസ്തകങ്ങൾ ചരിത്രപരം (historical), പ്രബോധനപരം (didatical), പ്രവചനപരം (Prophetical) എന്നിങ്ങനെ മൂന്നായി വിഭജിക്കുന്ന രീതി തുടർന്നുപോന്നു. പുതിയനിയമഗ്രന്ഥങ്ങളെയും ചരിത്രപരം, പ്രബോധനപരം, പ്രവചനപരം എന്നിങ്ങനെ വിഭജിക്കാം.



| | പഴയനിയമം | |
|---|---|---|
| ചരിത്രഗ്രന്ഥങ്ങൾ | പ്രബോധനഗ്രന്ഥങ്ങൾ | പ്രവാചകഗ്രന്ഥങ്ങൾ |
| ഉത്പത്തി | ജോബ് | ഏശയ്യാ |
| പുറപ്പാട് | സങ്കീർത്തനങ്ങൾ | ജറെമിയ |
| ലേവ്യർ | സുഭാഷിതങ്ങൾ | വിലാപങ്ങൾ |
| സംഖ്യ | സഭാപ്രസംഗകൻ | ബാറൂക്ക് |
| നിയമാവർത്തനം | ഉത്തമഗീതം | എസെക്കിയേൽ |
| ജോഷ്വാ | ജ്ഞാനം | ദാനിയേൽ |
| ന്യായാധിപന്മാർ | പ്രഭാഷകൻ | ഹോസിയാ |
| റൂത്ത് | | ജോയേൽ |
| 1 സാമുവൽ | | ആമോസ് |
| 2 സാമുവൽ | | ഒബാദിയ |
| 1 രാജാക്കന്മാർ | | യോനാ |
| 2 രാജാക്കന്മാർ | | മിക്കാ |
| 1 ദിനവൃത്താന്തം | | നാഹും |
| 2 ദിനവൃത്താന്തം | | ഹബക്കുക്ക് |
| എസ്രാ | | സെഫാനിയാ |
| നെഹെമിയ | | ഹഗ്ഗായി |
| തോബിത്ത് | | സഖറിയാ |
| യൂദിത്ത് | | മലാക്കി |
| എസ്തേർ | | |
| 1 മക്കബായർ | | |
| 2 മക്കബായർ | | |



| | പുതിയനിയമം | |
|---|---|---|
| ചരിത്രഗ്രന്ഥങ്ങൾ | പ്രബോധനഗ്രന്ഥങ്ങൾ | പ്രവാചകഗ്രന്ഥം |
| മത്തായി<br>മർക്കോസ്<br>ലൂക്കാ<br>യോഹന്നാൻ<br>അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങൾ | റോമാ<br>1 കോറിന്തോസ്<br>2 കോറിന്തോസ്<br>ഗലാത്തിയാ<br>എഫേസോസ്<br>ഫിലിപ്പി<br>കൊളോസോസ്<br>1 തെസലോനിക്കാ<br>2 തെസലോനിക്കാ<br>1 തിമോത്തേയോസ്<br>2 തിമോത്തേയോസ്<br>തീത്തോസ്<br>ഫിലെമോൻ<br>ഹെബ്രായർ<br>യാക്കോബ്<br>1 പത്രോസ്<br>2 പത്രോസ്<br>1 യോഹന്നാൻ<br>2 യോഹന്നാൻ<br>3 യോഹന്നാൻ<br>യൂദാസ് | വെളിപാട് |

**പ്രവർത്തനം 3**

മലയാള സമ്പൂർണബൈബിളിന്റെ പ്രാരംഭത്തിൽ കൊടുത്തിരിക്കുന്ന എഴുപത്തി മൂന്ന് പുസ്തകങ്ങളുടെ ഇംഗ്ലീഷ്-മലയാള നാമങ്ങളും അവയുടെ സംക്ഷേപസംജ്ഞകളും (abbreviations) എഴുതി തയ്യാറാക്കുകയും മനഃപാഠമാക്കുകയും ചെയ്യുക.

## ബൈബിളിന്റെ ദൈവനിവേശനം (Inspiration)

"വിശുദ്ധ ലിഖിതമെല്ലാം ദൈവനിവേശിതമാണ്" (2 തിമോ 3:16). ദൈവം ഉദ്ദേശിക്കുന്ന കാര്യങ്ങൾ വിശ്വസ്തമായും തെറ്റില്ലാതെയും രേഖപ്പെടുത്തുന്നതിന് ഗ്രന്ഥകർത്താക്കൾക്ക് പരിശുദ്ധാത്മാവിൽനിന്നു ലഭിക്കുന്ന പ്രത്യേക പ്രചോദനത്തെയാണ് ദൈവനിവേശനം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.



ദൈവാരൂപിയുടെ പ്രചോദനത്താൽ എഴുതപ്പെട്ട ഗ്രന്ഥമാണ് ബൈബിൾ

ബൈബിൾ ദൈവത്തിന്റെയും മനുഷ്യരുടെയും പൂർണപ്രയത്നമാണ്. അപരിമേയനായ (transcendent) ദൈവത്തിന്റെ സന്ദേശവും പരിമേയ (limited)നായ മനുഷ്യന്റെ രചനാവൈഭവവുമാണ് ബൈബിളിൽ കാണുന്നത്.

അടിസ്ഥാനപരമായി ദൈവമാണ് ബൈബിളിന്റെ രചയിതാ (Divine author) വെങ്കിലും ബൈബിളിന്റെ അവതാരണത്തിൽ മനുഷ്യകരങ്ങളുടെ പ്രവർത്തന (human author) വും നമുക്ക് സുവ്യക്തമാണ്. ദൈവനിവേശിതമായതുകൊണ്ടും ദൈവത്തിന്റെ രക്ഷാകരമായ സന്ദേശം അതിൽനിന്ന് നമുക്കു ലഭിക്കുന്നതുകൊണ്ടുമാണ് ബൈബിൾ പരിശുദ്ധമായി കണക്കാക്കപ്പെടുന്നത്. അതിനാൽ സന്ദേശത്തിൽ തെറ്റില്ലെന്നതും അവതാരണത്തിൽ തെറ്റുണ്ടാവാമെന്നതും സ്വാഭാവികം മാത്രമാണ്.

ബൈബിളിന്റെ ദൈവനിവേശനത്തെപ്പറ്റി രണ്ടാം വത്തിക്കാൻ സൂനഹദോസ് ഇപ്രകാരം പഠിപ്പിക്കുന്നു: "വിശുദ്ധഗ്രന്ഥരചനയ്ക്കായി ദൈവം ചിലരെ

**ദൈവനിവേശനം എന്ന പദം**

ദൈവനിവേശനത്തിന് ഇംഗ്ലീഷിൽ 'ഇൻസ്പിരേഷൻ' (Inspiration) എന്നാണ് പദം. ലത്തീനിലെ 'ഇൻസ്പിരാരെ' (Inspirare) എന്ന വാക്കിൽനിന്നാണ് 'ഇൻസ്പിരേഷൻ' എന്ന പദം ഉരുത്തിരിഞ്ഞിട്ടുള്ളത്. 'ശ്വസിക്കുക', 'ഉച്ഛ്വസിക്കുക', 'ഊതികു', 'വീശുക' എന്നൊക്കെ ഇതിന് അർത്ഥമുണ്ട്. ബൈബിളിന്റെ മാനുഷികഗ്രന്ഥകാരന്മാരുടെമേലുള്ള ദൈവാരൂപിയുടെ പ്രവർത്തനം എപ്രകാരമായിരുന്നെന്ന് ഈ പദം സൂചിപ്പിക്കുന്നു.

തിരഞ്ഞെടുത്തു. പ്രസ്തുത രചനാവേളയിൽ ദൈവം അവരിലും അവരിലൂടെയും പ്രവർത്തിച്ചു. ഗ്രന്ഥരചനയ്ക്കുവേണ്ടി തങ്ങളുടെ കഴിവുകളും സിദ്ധികളും അവർ വിനിയോഗിച്ചിട്ടുണ്ട്. അതേസമയം ദൈവത്തോട് അവർ പൂർണ വിശ്വസ്തരായിരുന്നുകൊണ്ട് അവിടന്ന് ആവശ്യപ്പെട്ടവ മുഴുവനും ആവശ്യപ്പെട്ടവ മാത്രവും രേഖപ്പെടുത്തി" (ദൈവാവിഷ്കരണം, 11).

## ബൈബിളിന്റെ അപ്രമാദിത്വം അഥവാ തെറ്റാവരം (Inerrancy)


വിശുദ്ധഗ്രന്ഥത്തിന്റെ അപ്രമാദിത്വം ഒരു ഉദാഹരണത്തിലൂടെ വ്യക്തമാക്കാം. തന്റെ ഏക മകനു കത്തെഴുതാൻ ശ്രമിക്കുന്ന നിരക്ഷരയായ ഒരമ്മയെ നമുക്ക് സങ്കല്പിക്കാം. തനിയേ കത്തെഴുതാൻ കഴിയാത്തതിനാൽ, തനിക്ക് മകനോടു പറയാനുള്ളതെല്ലാം അയല്പക്കത്തെ എഴുത്തും വായനയും അറിയാവുന്ന ഒരു വിദ്യാർത്ഥിയുടെ സഹായത്താൽ എഴുതാൻ ശ്രമിക്കുന്നു. അമ്മയുടെ വികാരനിർഭരമായ വാക്കുകളും ആശയങ്ങളുമെല്ലാം ശ്രദ്ധിച്ചുകേട്ടിരുന്ന് ആ വിദ്യാർത്ഥി സ്വന്തം വാക്കുകളിലൂടെ കത്തിന് രൂപഭാവങ്ങൾ നല്കുന്നു. ഭാവനാസമ്പന്നനായ വിദ്യാർത്ഥിയുടെ വാക്കുകളിൽ പിശകുകൾ കടന്നുകൂടാമെങ്കിലും മകനോടുള്ള അമ്മയുടെ സ്നേഹവും വാത്സല്യവും അതിന്റെ സംശുദ്ധിയിൽ നിലനില്ക്കുകയും അമ്മയുടെ ലക്ഷ്യം സാധ്യമാവുകയും ചെയ്യുന്നു.

ദൈവത്തോടൊപ്പം മനുഷ്യരും വിശുദ്ധലിഖിതങ്ങളുടെ യഥാർത്ഥ ഗ്രന്ഥകാരന്മാരായി എന്നു നാം കണ്ടല്ലോ. സ്വാഭാവികമായും മാനുഷികമായ തെറ്റുകളും കുറവുകളും വിശുദ്ധലിഖിതങ്ങളിൽ കടന്നുകൂടിയിട്ടുണ്ടാവാം. ഉദാഹരണത്തിന് വ്യാകരണതെറ്റുകൾ, കൈയെഴുത്തുപ്രതി (manuscripts) കളിൽ കണ്ടുവരുന്ന ആവർത്തനങ്ങൾ, വിട്ടുപോകലുകൾ, ചരിത്രപരവും ശാസ്ത്രസംബന്ധവുമായ പൊരുത്തക്കേടുകൾ എന്നിവ.

രക്ഷയിലേക്കു നയിക്കുന്ന ദൈവസ്നേഹം വെളിപ്പെടുത്തുക എന്നതാണ് വിശുദ്ധഗ്രന്ഥത്തിന്റെ പൊതുവായ ലക്ഷ്യം. അതിനാൽ, അപ്രമാദിത്വം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് മേൽസൂചിപ്പിച്ച രീതിയിലുള്ള തെറ്റുകളുടെ അഭാവമല്ല, മറിച്ച്, വിശുദ്ധഗ്രന്ഥത്തിന്റെ ആത്യന്തികലക്ഷ്യമായ രക്ഷയിലേക്കു നയിക്കുന്ന ദൈവത്തിന്റെ സ്നേഹം വെളിപ്പെടുത്തുന്നതിൽ തെറ്റില്ല എന്നതാണ്.

## ബൈബിളിന്റെ കാനോനികത (Canonicity)

ദൈവനിവേശിതഗ്രന്ഥങ്ങൾ എന്ന് സഭ ഔദ്യോഗികമായി പ്രഖ്യാപിച്ചി ട്ടുള്ളവയാണ് കാനോനികഗ്രന്ഥങ്ങൾ അഥവാ പ്രാമാണിക ഗ്രന്ഥങ്ങൾ (canonical



books). വിശുദ്ധ ഗ്രന്ഥകർത്താക്കൾ ദൈവാത്മാവാൽ പ്രചോദിതരായാണ് എഴുതിയതെന്ന് അവർതന്നെ അറിഞ്ഞിരിക്കണമെന്നില്ല. ഏതായാലും ദൈവനിവേശിതഗ്രന്ഥങ്ങൾ ഏതൊക്കെയാണെന്ന് നിശ്ചയിക്കാനുള്ള അധികാരം സഭയ്ക്കാണ്. ക്രിസ്തുവഴി സഭയ്ക്കുണ്ടായ ദൈവദത്തമായ അധികാരംതന്നെ യാണിത് (മത്താ 16:19; യോഹ 20: 21-23; 21: 15-19 എന്നീ വചനഭാഗങ്ങൾ കാണുക). കാനോനികമല്ലാത്ത ഗ്രന്ഥങ്ങളെ അപ്രമാണികഗ്രന്ഥങ്ങൾ (apocriphal books) എന്നു വിളിക്കുന്നു.

ബൈബിളിലെ കാനോനികഗ്രന്ഥങ്ങൾസംബന്ധിച്ച് സഭ ആദ്യമായി ഔദ്യോഗികപ്രഖ്യാപനം നടത്തിയത് 1546-ൽ ത്രെന്തോസ് സൂനഹദോസിൽ (Council of Trent, 1545-1563) വച്ചാണ്. സൂക്ഷ്മവും സുദീർഘവുമായൊരു പഠനത്തിനും പരിശോധനയ്ക്കും ശേഷമായിരുന്നു വിശുദ്ധലിഖിതങ്ങൾ സംബനന്ധച്ച സൂനഹദോസിന്റെ ഈ പ്രഖ്യാപനം നടന്നത്. കാനോനിക ഗ്രന്ഥങ്ങൾ വേർതിരിച്ചെടുക്കുന്നതിന് സഭാധികാരികൾ മാനദണ്ഡമാക്കിയ കാര്യങ്ങൾ ഇവയാണ്:

☞ ലിഖിതങ്ങളുടെ കർത്താവ് ദൈവാനുഭവമുള്ള വ്യക്തിയായിരിക്കണം.

☞ ആദിമസഭയിലെ കൂട്ടായ്മകളിൽ അവ പരക്കേ ഉപയോഗത്തിലിരുന്ന വയായിരിക്കണം.

☞ ഉള്ളടക്കം പൊതുവിൽ രക്ഷാകരസന്ദേശമായിരിക്കണം.

☞ മനുഷ്യരെ ദൈവത്തിങ്കലേക്കു നയിക്കുന്നതിനും അവരുടെ ആദ്ധ്യാത്മി കജീവിതം പരിപോഷിപ്പിക്കുന്നതിനും ഉദ്ദേശിച്ചുള്ളവയായിരിക്കണം.

☞ ഉള്ളടക്കത്തിന്റെ കാര്യത്തിൽ പുസ്തകങ്ങൾ തമ്മിൽ പൊരുത്ത മുണ്ടായിരിക്കണം.

### കാനോൻ എന്ന പദം

ദൈവനിവേശിതഗ്രന്ഥങ്ങളും ദൈവനിവേശിതമല്ലാത്ത ഗ്രന്ഥങ്ങളും തമ്മിൽ വേർതിരിക്കാൻ ഉപയോഗിക്കുന്ന ഗ്രീക്ക് പദമാണ് 'കാനോൻ' (kanon). ഇതിന്റെ വാച്യാർത്ഥം 'അളവുകോൽ' (measuring rod) എന്നാണ്. ഇംഗ്ലീഷിൽ canon എന്ന പദമാണ് ഇതിനു സമാനമായി ഉപയോഗിക്കുന്നത്. ബൈബിളിലെ പുസ്തകങ്ങളുടെ ഔദ്യോഗികലിസ്റ്റ് സൂചിപ്പിക്കാൻ ഈ പദം ആദ്യമായി ഉപയോഗിച്ചത് സഭാപിതാവായ ഒരിജെൻ (Origen) ആണ്. 'വിശ്വാസത്തിന്റെ മാനദണ്ഡം', 'ജീവിതനിയമം' (ഗലാ 6:16), 'അതിർത്തി' (കോറി 10:13-15) എന്നീ അർത്ഥങ്ങൾ കൂടി ഈ പദത്തിനുണ്ട്.

## ദൈവവചനത്തിന്റെ സവിശേഷതകൾ

ദൈവവചനത്തിന്റെ ചില സവിശേഷതകൾ വ്യക്തമാക്കുന്ന ചുവടേ ചേർക്കുന്ന വചനഭാഗങ്ങൾ ശ്രദ്ധിക്കൂ. അവയിൽ അന്തർലീനമായിരിക്കുന്ന ദൈവസ്നേഹം തിരിച്ചറിയാൻ നമുക്കു ശ്രമിക്കാം.

1. "അങ്ങയുടെ വചനം എന്റെ പാദത്തിനു വിളക്കും പാതയിൽ പ്രകാശവുമാണ്" (സങ്കീ 119:105).
2. "എന്റെ ഹൃദയത്തിന്റെ ആകുലതകൾ വർധിക്കുമ്പോൾ അങ്ങു നല്കുന്ന ആശ്വാസം എന്നെ ഉന്മേഷവാനാക്കുന്നു" (സങ്കീ 94:19).
3. "നിങ്ങളോടു ഞാൻ പറഞ്ഞ വാക്കുകൾ ആത്മാവും ജീവനുമാണ്" (യോഹ 6:63).
4. "ഞാനിന്ന് നിങ്ങളോടു കല്പിച്ചിരിക്കുന്ന ഈ നിയമത്തിലെ ഓരോവാക്കും ശ്രദ്ധാപൂർവം പാലിക്കാൻ നിങ്ങളുടെ മക്കളോട് ആജ്ഞാപിക്കുന്നതിനായി അവ ഹൃദയത്തിൽ സംഗ്രഹിക്കുവിൻ. എന്തെന്നാൽ, ഇതു നിസ്സാരമായ കാര്യമല്ല, നിങ്ങളുടെ ജീവനാണിത്" (നിയ 32:46-47).

5. “പുല്ലു കരിയുന്നു; പുഷ്പം വാടുന്നു; നമ്മുടെ ദൈവത്തിന്റെ വചനമാകട്ടെ എന്നേക്കും നിലനില്ക്കും” (ഏശ 40:8).

6. “ആകാശവും ഭൂമിയും കടന്നുപോകും. എന്നാൽ, എന്റെ വചനങ്ങൾ കടന്നുപോവുകയില്ല” (മർക്കോ 13:31).

7. “ദൈവത്തിന്റെ വചനം സജീവവും ഊർജസ്വലവുമാണ്; ഇരുതലവാളിനെക്കാൾ മൂർച്ചയേറിയതും ചേതനയിലും ആത്മാവിലും സന്ധിബന്ധങ്ങളിലും മജ്ജയിലും തുളച്ചുകയറി ഹൃദയത്തിന്റെ വിചാരങ്ങളും നിയോഗങ്ങളും വിവേചിക്കുന്നതുമാണ്” (ഹെബ്രാ 4:12).

8. “ആദിയിൽ വചനമുണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെയായിരുന്നു; വചനം ദൈവമായിരുന്നു. അവൻ ആദിയിൽ ദൈവത്തോടുകൂടെയായിരുന്നു” (യോഹ 1:1-12).

9. “ഭയപ്പെടേണ്ട, ഞാൻ നിന്നോടുകൂടെയുണ്ട്. സംഭ്രമിക്കേണ്ടാ, ഞാനാണ് നിന്റെ ദൈവം. ഞാൻ നിന്നെ ശക്തിപ്പെടുത്തുകയും സഹായിക്കുകയും ചെയ്യും. എന്റെ വിജയകരമായ വലംകൈകൊണ്ടു ഞാൻ നിന്നെ താങ്ങി നിറുത്തും” (ഏശ 41:10).

10. “ഞാനിന്നു കല്പിക്കുന്ന ഈ വചനങ്ങൾ നിങ്ങളുടെ ഹൃദയത്തിലുണ്ടായിരിക്കണം. ജാഗരൂകതയോടെ അവ നിങ്ങളുടെ മക്കളെ പഠിപ്പിക്കണം; വീട്ടിലായിരിക്കുമ്പോഴും എഴുന്നേല്ക്കുമ്പോഴും അവയെപ്പറ്റി സംസാരിക്കണം. അവ കൈയിൽ ഒരടയാളമായും നെറ്റിത്തടത്തിൽ പട്ടമായും അണിയണം. അവ നിങ്ങളുടെ വീടിന്റെ കട്ടിളക്കാലിന്മേലും പടിവാതിലിന്മേലും എഴുതണം” (നിയ 6:6-9).

### പ്രവർത്തനം -4

വചനാനുഭവത്തിലൂടെ ജീവിതനവീകരണത്തിലേക്കുവന്ന ഒരാളെ തന്റെ അനുഭവം പങ്കുവയ്ക്കാൻ ക്ലാസ്സിൽ ക്ഷണിക്കുക.

ക്രൈസ്തവവിശ്വാസജീവിതത്തിന്റെ മാർഗരേഖയായ വിശുദ്ധഗ്രന്ഥത്തിന് നമ്മുടെ ജീവിതത്തിൽ പ്രഥമസ്ഥാനം നല്കാൻ സഹായകമാകുന്ന ചില തീരുമാനങ്ങൾ നമുക്കു കൈക്കൊള്ളാം:

1. ബൈബിളിനെ മറ്റു പുസ്തകങ്ങളുടെ കൂട്ടത്തിൽ അലക്ഷ്യമായി വയ്ക്കാതെ ആദരപൂർവം പ്രതിഷ്ഠിക്കുക.
2. കൂട്ടായ്മയോടെ ചെയ്യുന്ന ഏതു പ്രവർത്തനവും ആരംഭിക്കുന്നതിനു മുമ്പ് ബൈബിൾ പാരായണവും ബൈബിൾ പ്രതിഷ്ഠയും നടത്തുക.
3. ബൈബിൾ വാരാചരണവും ബൈബിൾ ഞായറും വേണ്ട ഒരുക്കത്തോടെ കൊണ്ടാടുക.
4. അവധിക്കാല ബൈബിൾ പഠനപരിപാടികളിൽ താത്പര്യത്തോടെ പങ്കെടുക്കുകയും മറ്റുള്ളവർക്ക് പ്രചോദനമാകുകയും ചെയ്യുക.
5. ബൈബിൾ നിരന്തരം വായിക്കുന്നതും ബൈബിൾ വാക്യം മനഃപാഠമാക്കുന്നതും ശീലമാക്കുക.

**അടുത്ത പഠനത്തിന് ഒരുക്കമായി ചെയ്യേണ്ടത്**

യേശു ചരിത്രപുരുഷനും ദൈവപുത്രനും എന്ന പാഠമാണ് അടുത്ത അധ്യായത്തിൽ നാം പഠിക്കുന്നത്. അതിനൊരുക്കമായി അക്രൈസ്തവനായ ഒരാളുടെ ജീവിതത്തിൽ യേശുക്രിസ്തു എത്രത്തോളം സ്വാധീനം ചെലുത്തിയിട്ടുണ്ട് എന്ന് അദ്ദേഹത്തോടു ചോദിച്ചറിയുകയും ക്ലാസ്സിൽ റിപ്പോർട്ടു ചെയ്യുകയും ചെയ്യുക.



2

# യേശു: ചരിത്രപുരുഷനും ദൈവപുത്രനും



ആദിയിൽ ഉണ്ടായിരുന്നതും ദൈവംതന്നെയുമായ വചനം സമയത്തിന്റെ പൂർണതയിൽ മനുഷ്യനായി അവതരിച്ചതാണ് യേശുക്രിസ്തു. അവിടന്ന് ഒരേസമയം പൂർണദൈവവും പൂർണമനുഷ്യനുമായിരുന്നു. തന്റെ പ്രബോധന ങ്ങളും പ്രവൃത്തികളുംവഴി അവിടന്ന് ഈ സത്യം വെളിപ്പെടുത്തി.

മനുഷ്യസ്വഭാവവും ദൈവസ്വഭാവവും എപ്രകാരം യേശുക്രിസ്തുവിൽ സമ ഞ്ജസമായി സമ്മേളിച്ചിരിക്കുന്നു എന്നും അവിടത്തെ ദൈവപുത്രത്വം മനുഷ്യ രുടെ ദൈവപുത്രത്തിൽനിന്ന് എങ്ങനെ വ്യത്യസ്തമായിരിക്കുന്നു എന്നും അവി ടത്തെ അനന്യത എന്താണെന്നും നമുക്ക് ഈ പാഠത്തിലൂടെ മനസ്സിലാക്കാൻ ശ്രമിക്കാം.

## പ്രവർത്തനം-1

മുൻക്ലാസ്സിൽ നല്കിയ ഗൃഹപാഠത്തിന്റെ റിപ്പോർട്ടുകളിൽനിന്ന് മൂന്നുപേർ അവതരിപ്പിക്കുന്നു.

യേശുവിനെക്കുറിച്ച് വ്യത്യസ്ത കാലഘട്ടങ്ങളിൽ ജീവിച്ചിരുന്ന വ്യക്തികൾ നല്കുന്ന സാക്ഷ്യങ്ങൾ താഴേ ചേർക്കുന്നു.



ക്രിസ്തുവർഷം 37-നും 95-നും മധ്യേ ജീവിച്ചിരുന്ന യഹൂദ ചരിത്രകാരനായ ഫ്ളാവിയൂസ് ജോസെഫൂസ് (Flavius Josephus) പറയുന്നത്:

അവനെ വെറും മനുഷ്യനെന്നു വിളിക്കുന്നത് ഉചിതമെങ്കിൽ, യേശു എന്ന ജ്ഞാനിയായ മനുഷ്യൻ ഇക്കാലത്തു പ്രത്യക്ഷപ്പെട്ടു; അവൻ അദ്ഭുതങ്ങൾ ചെയ്യുകയും സത്യത്തോട് ആഭിമുഖ്യമുണ്ടായിരുന്നവരെ പഠിപ്പിക്കുകയും ചെയ്തു. നിരവധി യഹൂദരെയും വിജാതീയരെയും അവൻ ആകർഷിച്ചു. അവൻ മിശിഹാ ആയിരുന്നു. നമ്മുടെ ജനതയുടെ നേതാക്കൾ ആവശ്യപ്പെട്ടതനുസരിച്ച് പിലാത്തോസ് അവനെ കുരിശുമരണത്തിനു വിധിച്ചു. എന്നാൽ ആദ്യംതൊട്ടേ അവനെ സ്നേഹിച്ചിരുന്നവർ ആ സ്നേഹത്തിൽനിന്നു പിന്മാറിയില്ല. കാരണം, ഇവയെപ്പറ്റിയും അവനുമായി ബന്ധപ്പെട്ട മറ്റു പതിനായിരക്കണക്കിന് അദ്ഭുതാവഹമായ കാര്യങ്ങളെപ്പറ്റിയും ദൈവത്തിന്റെ പ്രവാചകന്മാർ പറഞ്ഞതുപോലെ അവൻ മൂന്നാം ദിവസം ജീവനോടെ അവർക്കു പ്രത്യക്ഷപ്പെട്ടു. അവനെപ്രതി ക്രൈസ്തവർ എന്നു വിളിക്കപ്പെടുന്നവർ ഇക്കാലത്തും ഇവിടെയുണ്ട്.

("Now there was about this time Jesus, a wise man, if it be lawful to call him a man, for he was doer of wonderful works, a teacher of such men as had a veneration for truth. He drew over to him both many of the Jews and many of the Gentiles: he was the Christ. And when Pilate, at the suggestion of the principal men among us, had condemned him to the cross, those that loved him

at first did not forsake him; for he appeared unto them alive again the third day, as the divine prophets had spoken of these and ten thousand other wonderful things concerning him, whence the tribe of Christians, so named from him, are not extinct at this day").

ആധുനിക കാലഘട്ടത്തിലെ ചരിത്രകാരനായ എച്ച്.ജി. വെൽസ് (H.G. Wells) പറയുന്നത്:

ഞാൻ ഒരു ചരിത്രകാരനാണ്; വിശ്വാസിയല്ല; പക്ഷേ, ഒരു ചരിത്രകാരനെന്ന നിലയിൽ ഞാൻ ഏറ്റുപറയേണ്ട ഒരു വസ്തുതയുണ്ട്. നസറത്തുകാരനായ ഈ പാവപ്പെട്ട പ്രബോധകൻ മാറ്റിമറിക്കാനാവാത്തവണ്ണം ചരിത്രത്തിന്റെ കേന്ദ്രം തന്നെയാണ്. ചരിത്രത്തിൽത്തന്നെ ഏറ്റവും കൂടുതൽ തലയെടുപ്പോടെ അനായാസം നിലകൊള്ളുന്ന വ്യക്തിയാണ് യേശുക്രിസ്തു.

("I am a historian; I am not a believer; but I must confess as a historian that this penniless preacher from Nazareth is irrevocably the very centre of history. Jesus Christ is easily the most dominant figure in all history").



മലയാള നിരൂപണരംഗത്ത് ശ്രദ്ധേയനായ പ്രൊഫ. കെ.പി. അപ്പൻ 'ബൈബിൾ വെളിച്ചത്തിന്റെ കവചം' എന്ന കൃതിയിൽ യേശുവിന്റെ മനുഷ്യാവതാരത്തെപ്പറ്റി ഇങ്ങനെയാണു പറയുന്നത്:

ക്രിസ്മസ്ദിനം മനസ്സലിവുകളുടെ പിതാവ് ചരിത്രത്തിലേക്കു പ്രവേശിച്ചതിന്റെ രേഖയാണ്. അത് പീഡിതരുടെ സുവാർത്തയായിരുന്നു എന്ന് സുവിശേഷങ്ങൾ പറയുന്നു. രക്ഷകന്റെ വരവ് ഒരു അദ്ഭുത നാടകമായിരുന്നു. ക്രിസ്തുവിന്റെ ജനനം പുരുഷന്റെ ഇഷ്ടത്താൽ സംഭവിച്ചതല്ലായിരുന്നു. അത് ജഡത്തിന്റെയും രക്തത്തിന്റെയും ആഗ്രഹമല്ലായിരുന്നു. മിഖാ പറയുന്നതുപോലെ അവന്റെ ഉദ്ഭവം പണ്ടേയുള്ളതും പുരാതനവുമായിരുന്നു. സ്വയം മനുഷ്യപുത്രൻ എന്നു വിശേഷിപ്പിച്ച ക്രിസ്തു പരിശുദ്ധമറിയത്തിന്റെ മകനായി. വിശ്വാസികൾ

പാടുന്നതുപോലെ അവൻ മനുഷ്യസാദൃശ്യത്തിലായി. ഒരു ശരീരം അവനുവേണ്ടി ഒരുക്കിവയ്ക്കുകയായിരുന്നു. അങ്ങനെ നിത്യതയിൽനിന്ന് ക്രിസ്തു ചരിത്രത്തിലേക്കു പ്രവേശിച്ചു. ബി.സി.യെയും എ.ഡി.യെയും വിഭജിച്ചുകൊണ്ട് ചരിത്രത്തിന്റെ കേന്ദ്രമായി നിന്നു. ചരിത്രം ജീസസിന്റെ സാക്ഷിയായി.

### പ്രവർത്തനം -2

വിശ്വാസികളല്ലാത്ത ചരിത്രകാരന്മാരും സാഹിത്യകാരന്മാരും മറ്റും യേശുവിനെപ്പറ്റിയുള്ള അനിഷേധ്യചരിത്രസത്യങ്ങൾ ഇപ്രകാരം നിസ്സംശയം പ്രഖ്യാപിക്കുമ്പോൾ വിശ്വാസികളായ നിങ്ങൾക്ക് യേശുവിനെക്കുറിച്ചുള്ള അറിവും ബോധ്യവും എന്തെന്ന് ഗ്രൂപ്പ് തിരിഞ്ഞു ചർച്ചചെയ്ത് റിപ്പോർട്ട് ചെയ്യുക.

## മനുഷ്യാവതാരം (Incarnation)

മനുഷ്യരെ പ്രത്യേക പ്രതിസന്ധികളിൽനിന്നു രക്ഷിക്കാൻ ദൈവികവ്യക്തികൾ ചിലപ്പോൾ മനുഷ്യരായി അവതരിക്കും എന്ന വിശ്വാസം പുരാതനകാലംമുതൽതന്നെ ഹൈന്ദവരുടെയും ഈജിപ്തുകാരുടെയും ഇടയിൽ ഉണ്ടായിരുന്നു. എന്നാൽ യേശുവിന്റെ മനുഷ്യാവതാരം ഈ വിശ്വാസങ്ങളിൽനിന്നെല്ലാം വേറിട്ടുനിൽക്കുന്നു.

ദൈവികവെളിപാടിന്റെ രണ്ടുകൈവഴികൾ പാരമ്പര്യവും ബൈബിളുമാണെന്ന് മുൻപാഠത്തിൽ നാം കണ്ടുവല്ലോ. യേശുവിനെ നമുക്ക് ആധികാരികമായി വെളിപ്പെടുത്തിത്തരുന്ന രണ്ടു സ്രോതസ്സുകളും ഇവതന്നെ. ഈ സ്രോതസ്സുകളുടെ വെളിച്ചത്തിൽ യേശുവിനെ സംബന്ധിച്ചുള്ള വിശ്വാസത്തിന്റെ പ്രഥമ സത്യമായി നാം കാണുന്നത് അവിടത്തെ മനുഷ്യാവതാരരഹസ്യമാണ്.

ആദിയിൽ വചനമുണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെയായിരുന്നു; വചനം ദൈവമായിരുന്നു (യോഹ 1:1). വചനമായിരുന്ന ദൈവം മനുഷ്യശരീരം സ്വീകരിച്ച് കന്യകാമറിയത്തിൽനിന്നു ജനിച്ചു എന്നതാണ് ക്രിസ്തുവിന്റെ മനുഷ്യാവതാരം എന്നതുകൊണ്ട് നമ്മൾ അർത്ഥമാക്കുന്നത്. പൂർണ ദൈവസ്വഭാവ

(divine nature) ത്തിൽ ആയിരുന്നയാൾ മനുഷ്യാവതാരം വഴി പൂർണമനുഷ്യസ്വഭാവവും (human nature) നേടി. അങ്ങനെ ദൈവസ്വഭാവവും മനുഷ്യസ്വഭാവവും സമഞ്ജസമായി സമ്മേളിക്കുന്ന യേശുവെന്ന ഏകവ്യക്തി അവതരിക്കുന്നു. ജനനം മുതൽ മരണംവരെ യഥാർത്ഥ മനുഷ്യനായി ചരിത്രത്തിൽ ജീവിച്ച യേശുവിനെയാണ് "യേശു" എന്ന പേര് സാധാരണമായി സൂചിപ്പിക്കുന്നത്. മറ്റു വാക്കിൽ പറഞ്ഞാൽ, "യേശു" എന്ന നാമം ക്രിസ്തുവിന്റെ മാനുഷികമായ അനന്യത (uniqueness) യെയും അവിടത്തെ മനുഷ്യാവതാര സത്യത്തെയും സൂചിപ്പിക്കുന്നു.

**യേശു എന്ന പദം**

ക്രിസ്തുവിന്റെ മാനുഷികമായ അനന്യത (uniqueness) വെളിപ്പെടുത്തുന്ന പേരാണ് യേശു എന്നത്. ഈ പദം ഹെബ്രായപദമായ *യെഹോഷുവാ* (yosua) യിൽനിന്നാണു വരുന്നത്, യാഹ്‌വേ രക്ഷയാകുന്നു, യാഹ്‌വേ രക്ഷിക്കട്ടെ എന്നൊക്കെയാണ് ഇതിനർത്ഥം.

യേശുവിന്റെ മനുഷ്യാവതാരത്തിന്റെ ലക്ഷ്യം സകലജനത്തെയും ദൈവരാജ്യത്തിലേക്കു നയിക്കുക എന്നതായിരുന്നു. അതുകൊണ്ട്, വിശുദ്ധ പത്രോസിനോടൊപ്പം നമുക്കും പറയാനാവും: ആകാശത്തിനു കീഴേ മനുഷ്യരുടെയിടയിൽ നമുക്കു രക്ഷയ്ക്കുവേണ്ടി യേശുവെന്ന നാമമല്ലാതെ മറ്റൊരു നാമവും നല്കപ്പെട്ടിട്ടില്ല (അപ്പ 4:12 കാണുക). ഈ അർത്ഥത്തിലാണ് ലോകത്തിനു ജീവൻ നല്കുന്ന വെളിച്ചവും (യോഹ 1:4-8) ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടുമാണ് യേശു (യോഹ 1:29) എന്ന് സ്നാപകയോഹന്നാൻ സാക്ഷ്യപ്പെടുത്തുന്നത്.

"യേശു" എന്ന പേര് പുതിയനിയമത്തിൽ എത്ര പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു എന്നു കാണുക.

| മത്താ | മർക്കോ | ലൂക്കാ | യോഹ | അപ്പ | പൗലോസ് | മറ്റുപുസ്തകങ്ങൾ | ആകെ |
|---|---|---|---|---|---|---|---|
| 150 | 81 | 89 | 237 | 68 | 1213 | 67 | 1905 |

## മനുഷ്യാവതാരം പുതിയ നിയമത്തിൽ



പഴയനിയമത്തിൽ മനുഷ്യാവതാരം വിഷയമാകുന്നില്ലെങ്കിലും പുതിയ നിയമത്തിൽ ഇത് മുഖ്യപ്രമേയമാണ്. പക്ഷേ, മറ്റു മതസ്ഥരുടെ അവതാരങ്ങളെക്കുറിച്ചുള്ള ധാരണയിൽനിന്നും തികച്ചും വ്യത്യസ്തമാണ് പുതിയ നിയമത്തിലേത്. ഇവിടെ മനുഷ്യാവതാരമെന്നത് വെറുമൊരു ആശയമല്ല, അത് ക്രിസ്തീയവിശ്വാസത്തിന്റെ കേന്ദ്രസത്യം തന്നെയാണ്. വചനം മാംസമായി (യോഹ 1:14) പരിശുദ്ധ കന്യകാമറിയത്തിന്റെ പുത്രനായി, ബേത്‌ലെഹെമിൽ ജനിക്കുകയും വിശുദ്ധ യൗസേപ്പിന്റെ വളർത്തുപുത്രനായി ജീവിക്കുകയും മൂന്നുവർഷക്കാലം പരസ്യമായി പഠിപ്പിക്കുകയും പ്രവർത്തിക്കുകയും ദൈവരാജ്യസാന്നിധ്യം തന്നിലൂടെ ഉദ്ഘാടനം നടത്തുകയും പന്തിയോസ് പീലാത്തോസിന്റെ കാലത്ത് പീഡകൾ സഹിച്ച് മരിക്കുകയും മൂന്നാംദിവസം ഉയിർത്തെഴുന്നേല്ക്കുകയും ചെയ്ത യഹൂദയുവാവായ യേശു വെറുമൊരു മനുഷ്യനായിരുന്നില്ല; പ്രത്യുത മനുഷ്യനായി അവതരിച്ച ദൈവമാണ് എന്നതാണ് മനുഷ്യാവതാരത്തിന്റെ അന്തഃസത്ത.

യേശു മനുഷ്യനായി അവതരിച്ച ദൈവംതന്നെയാണ് എന്ന സത്യത്തിന് അവിടന്നുതന്നെ സാക്ഷ്യം നല്കുന്നത് ഇപ്രകാരമാണ്:

- ♣ "ഞാനും പിതാവും ഒന്നാണ്" (യോഹ 10:30).
- ♣ "ഞാൻ എന്റെ പിതാവിന്റെ പ്രവൃത്തികൾ ചെയ്യുന്നില്ലെങ്കിൽ നിങ്ങൾ എന്നെ വിശ്വസിക്കേണ്ടാ. എന്നാൽ ഞാൻ അവ ചെയ്യുന്നെങ്കിൽ, നിങ്ങൾ എന്നെ വിശ്വസിക്കുന്നില്ലെങ്കിലും ആ പ്രവൃത്തികളിൽ വിശ്വസിക്കുവിൻ. അപ്പോൾ പിതാവ് എന്നിലും ഞാൻ പിതാവിലുമാണെന്ന് നിങ്ങൾ അറിയുകയും ആ അറിവിൽ നിലനില്ക്കുകയും ചെയ്യും" (യോഹ 10:37-38).
- ♣ "ഞാൻ പിതാവിലും പിതാവ് എന്നിലുമാണെന്ന് നീ വിശ്വസിക്കുന്നില്ലേ? ഞാൻ നിങ്ങളോടു പറയുന്ന വാക്കുകൾ സ്വമേധയാ പറയുന്നതല്ല; പ്രത്യുത, എന്നിൽ വസിക്കുന്ന പിതാവ് തന്റെ പ്രവൃത്തികൾ ചെയ്യുകയാണ്. ഞാൻ പിതാവിലും പിതാവ് എന്നിലുമാണെന്ന് ഞാൻ പറയുന്നത് വിശ്വസിക്കുവിൻ; അല്ലെങ്കിൽ പ്രവൃത്തികൾമൂലം വിശ്വസിക്കുവിൻ" (യോഹ 14:10-11).

ലോകത്തെ പാപത്തിന്റെ അന്ധകാരത്തിൽനിന്നും മരണത്തിന്റെ ഇരുളിൽനിന്നും രക്ഷിക്കാൻ വരുന്നവനെന്നു പ്രവാചകന്മാർ പറഞ്ഞിരിക്കുന്നത് നിന്നെക്കുറിച്ചുതന്നെയോ അതോ മറ്റൊരാളെ പ്രതീക്ഷിക്കണമോ എന്ന സ്നാപകയോഹന്നാന്റെ ചോദ്യത്തിനുള്ള മറുപടിയായി യേശു പറയുന്ന വാക്കുകളിലും ഈ സത്യംതന്നെയാണു വെളിപ്പെടുന്നത്.

"നിങ്ങൾ കാണുകയും കേൾക്കുകയും ചെയ്തതെല്ലാം ചെന്ന് യോഹന്നാനെ അറിയിക്കുക. കുരുടന്മാർ കാണുന്നു; മുടന്തന്മാർ നടക്കുന്നു; കുഷ്ഠരോഗികൾ സുഖപ്പെടുന്നു; ചെകിടർ കേൾക്കുന്നു; മരിച്ചവർ ഉയിർപ്പിക്കപ്പെടുന്നു; ദരിദ്രരോടു സുവിശേഷം പ്രസംഗിക്കപ്പെടുന്നു. എന്നിൽ ഇടർച്ചയുണ്ടാകാത്തവൻ ഭാഗ്യവാൻ" (ലൂക്കാ 7:22-23; മത്താ 11:1-6).

മനുഷ്യരോടൊത്തുള്ള ദൈവസാന്നിധ്യത്തിന്റെ പൂർണതയാണ് യേശു. ദൈവത്തിന്റെ ജ്ഞാനമോ ശക്തിയോ അല്ല, ദൈവംതന്നെയാണ് യേശുവിൽ മനുഷ്യനായി അവതരിച്ചത്. അങ്ങനെ യേശുവിൽ മനുഷ്യാവതാരം വഴി ദൈവം തന്നത്തന്നെ വെളിപ്പെടുത്തുന്നു. അതുവഴി യേശു ദൈവ-മനുഷ്യബന്ധത്തിന്റെ മധ്യസ്ഥനായിത്തീർന്നു. മറ്റു മതസ്ഥരുടെ അവതാര സങ്കല്പങ്ങളിൽനിന്ന് യേശുവിന്റെ മനുഷ്യാവതാരം വേറിട്ടു നില്ക്കുന്നതിന്റെ അടിസ്ഥാനവും ഇതുതന്നെയാണ്.

## പ്രവർത്തനം -3

യേശു മനുഷ്യനായിപ്പിറന്ന ദൈവപുത്രനാണെന്നതിന് ചുവടേ ചേർക്കുന്ന സാക്ഷ്യങ്ങൾ കാണുക. ഓരോ വിഭാഗത്തിൽനിന്നും രണ്ടുവീതം എടുത്ത് ഗ്രൂപ്പു തിരിഞ്ഞു വായിച്ച് അവ ആരുടെയൊക്കെ സാക്ഷ്യമാണെന്ന് റിപ്പോർട്ട് ചെയ്യുക.

### വിശുദ്ധ മർക്കോസിന്റെ സുവിശേഷം

1:11; 9:7; 3:11; 5:7; 12:1-11; 13:32; 14:36; 14:16-65; 15:39.

### വിശുദ്ധ മത്തായിയുടെ സുവിശേഷം

1:18-20; 1:23; 2:1-6; 5;9,16; 6:9; 10:32-33; 11:25-27; 15:13; 16:16-17; 18:10-14; 18:20; 18:35; 21:28-31; 23:9; 24:14; 25:34; 28:18-20.

### വിശുദ്ധ ലൂക്കായുടെ സുവിശേഷം

1:26-35; 1:32-33; 2:11; 1:46-55; 1:68-79; 4:16-30; 6:35-36; 10:21-22; 12:30-32; 16:24; 23:34,46; 24:49.

### വിശുദ്ധ യോഹന്നാന്റെ സുവിശേഷം

1:1-18; 2:11; 3:13-17; 3:35; 4:34; 5:17-23; 5:26; 5:37; 6:33-39; 6:62-63; 8:14; 8:57-58; 9:33; 10:17; 10:29-30; 10:37-38; 12:32; 12:44-46; 13:3; 14:8-11; 14:31; 15:9-10; 17:2-3; 17:23-26; 20:31.

### അപ്പസ്തോലപ്രവർത്തനങ്ങൾ

2:33-36; 2:39; 3:13-15; 7:52; 16:31; 20:24

പഴയനിയമത്തിൽ ദൈവത്തെ വിശേഷിപ്പിക്കാൻ ഉപയോഗിച്ചിരുന്ന നീതിമാൻ, പരിശുദ്ധൻ, ജീവന്റെ നാഥൻ, കർത്താവ് എന്നീ അഭിധാനങ്ങൾ ഇവിടെ യേശുവിനെ വിശേഷിപ്പിക്കാൻ ഉപയോഗിക്കുന്നു.

### ഹെബ്രായരുടെ ലേഖനം

1:2-9; 5:7-9; 7:26-28; 9:26.

### വിശുദ്ധ പൗലോസിന്റെ ലേഖനങ്ങൾ

കൊളോ 1:15-20; ഗലാ 4:4-5; 5:1; റോമാ 3:23; 6:4-6; 8:3-4; ഫിലി 2:6-8; റോമാ 5:15-19; 1 കോറി 15:47; 2 കോറി 5:19; 1 തിമോ 1:15; 2 തിമോ 1:10; തീത്തോ 2:11,14.

## യേശു ദൈവത്തിന്റെ ഏകപുത്രൻ

### പ്രവർത്തനം-4

ഗ്രൂപ്പു തിരിഞ്ഞ് മർക്കോ 9:2-10-ൽ വിവരിക്കുന്ന രൂപാന്തരീകരണ സംഭവം വായിച്ച് ചുവടേ ചേർക്കുന്ന ചോദ്യങ്ങളുടെ വെളിച്ചത്തിൽ ചർച്ചചെയ്ത് റിപ്പോർട്ട് അവതരിപ്പിക്കുക.

1. യേശുവിന്റെ പുത്രത്വത്തിന്റെ രണ്ടു മാനങ്ങൾ ഏവ?
2. രൂപാന്തരീകരണസമയത്ത് യേശുവിൽ സംഭവിച്ചതെന്തൊക്കെയാണ്?
3. യേശുവിന്റെ രൂപാന്തരീകരണം തന്റെ ജീവിതത്തിൽ നടക്കാനിരിക്കുന്ന ഏതൊക്കെ സംഭവങ്ങളെയാണ് സൂചിപ്പിക്കുന്നത്?

### രണ്ടു സ്വഭാവങ്ങളും ഒരു വ്യക്തിയും

മനുഷ്യാവതാരസത്യം നാം മനസ്സിലാക്കിയപ്പോൾ കണ്ടതുപോലെ രൂപാന്തരീകരണസംഭവത്തിലും മനുഷ്യസ്വഭാവവും ദൈവസ്വഭാവവും യേശുവിൽ ഒന്നു

പോലെ നിലനില്ക്കുന്നുവെന്ന് നമുക്കു കാണാനാകും.

യേശുവിന്റെ ദൈവസ്വഭാവം സംബന്ധിച്ചുള്ള സത്യം പുതിയനിയമത്തിൽ എപ്രകാരം വെളിപ്പെടുത്തപ്പെടുന്നെന്ന് ചുവടേ ചേർക്കുന്ന പ്രവർത്തനത്തിലൂടെ നമുക്കു കണ്ടെത്താൻ പരിശ്രമിക്കാം.

### പ്രവർത്തനം-5

പിതാവായ ദൈവം, യേശു, അപ്പസ്തോലപ്രമുഖനായ പത്രോസ്, വിജാതീയരുടെ അപ്പസ്തോലനായ പൗലോസ്, വിജാതീയനായ ശതാധിപൻ എന്നിവരും പിശാചുക്കൾപോലും, യേശു ദൈവപുത്രനാണെന്ന് ഏറ്റുപറയുന്ന സംഭവങ്ങളുടെ തിരുവചനഭാഗങ്ങൾ ചുവടേ ചേർത്തിരിക്കുന്നു. അവയോരോന്നും പരിശോധിച്ച് ആരൊക്കെയാണ് അവ പറയുന്നതെന്നു കണ്ടുപിടിച്ച് ഉചിതമായ കോളത്തിൽ ആ ഭാഗം രേഖപ്പെടുത്തുക.

മത്താ 3:17; 11:27; 16:16-17; 17:5; 21:34-38; 24:36; 26:63-64; മർക്കോ 14:61-62; 15:39; ലൂക്കാ 22:70; യോഹ 10:36; 20:31; അപ്പ 9:20; റോമാ 1:3; ഗലാ 1:15-16; 1 തെസ 1:10.

| യേശു ദൈവപുത്രൻ | |
|---|---|
| പിതാവായ ദൈവം | |
| യേശു | |
| പത്രോസ് അപ്പസ്തോലൻ | |
| പൗലോസ് അപ്പസ്തോലൻ | |
| ശതാധിപൻ | |
| പിശാചുക്കൾ | |

പരിശുദ്ധത്രിത്വത്തിലെ രണ്ടാമത്തെ ആളായപുത്രൻ മനുഷ്യാവതാരരഹസ്യംവഴി രണ്ടു സ്വഭാവങ്ങൾക്ക് ഉടമായാകുന്നു: ദൈവസ്വഭാവവും മനുഷ്യസ്വഭാവവും. യേശു ഒരേസമയം പൂർണദൈവവും പൂർണമനുഷ്യനുമാണ്.

യേശുവിൽ ഉണ്ടെന്നു നമ്മൾ കണ്ടെത്തിയ മനുഷ്യസ്വഭാവവും ദൈവസ്വഭാവവും എങ്ങനെ അവയുടെ പൂർണതയിൽ സമ്മേളിക്കുന്നു എന്നത് നമുക്ക് ഇനി മനസ്സിലാക്കാൻ ശ്രമിക്കാം.



8-ാം നൂറ്റാണ്ടിൽ ഇറ്റലിയിലെ ലഞ്ചാനോ എന്ന ഗ്രാമത്തിൽ ദിവ്യബലി മധ്യേ തിരുവോസ്തിയും വീഞ്ഞും മനുഷ്യന്റെ ഹൃദയപേശിയും രക്തവുമായി മാറിയതും രാസവസ്തുക്കളൊന്നും ചേർക്കാതെ തന്നെ ആയിരത്തി ഇരുന്നൂറിലേറെ വർഷങ്ങൾ കഴിഞ്ഞിട്ടും അവ അഴിയാതിരിക്കുന്നതും ലോകാരോഗ്യ സംഘടനയിലെ ശാസ്ത്രജ്ഞന്മാർക്കുപോലും നേരിട്ടുള്ള പരിശോധനയിൽ ബോധ്യപ്പെട്ട സംഗതിയാണ്. ഈ മാറ്റം സംഭവിച്ചു എന്നത് വസ്തുതയാണെങ്കിലും എങ്ങനെ സംഭവിച്ചു എന്നത് ശാസ്ത്രത്തിനു വിശദീകരിക്കാനാവാത്ത വിധം അഗ്രാഹ്യമാണെന്നും അവർ സമ്മതിച്ചിട്ടുള്ളതാണ്.

ദിവ്യബലിയിൽ കൂദാശാവചനങ്ങൾക്കുശേഷവും ഓസ്തി നിറത്തിലും മണത്തിലും ആകൃതിയിലും ഭാരത്തിലുമൊക്കെ മുമ്പത്തെപ്പോലെ തുടരുന്നെങ്കിലും ഒരു അതിസ്വാഭാവികപ്രകൃതി അതിനു കൈവരുന്നു. ഈ രണ്ടുപ്രകൃതിയും (സ്വാഭാവികപ്രകൃതിയും അതിസ്വാഭാവികപ്രകൃതിയും) തിരുവോസ്തിയിൽ വിശദീകരണാതീതമായി നിലനില്ക്കുന്നതുപോലെ യേശുവിന്റെ ഈലോകജീവിതകാലത്തും തന്റെ രണ്ടു പ്രകൃതികളും (മനുഷ്യപ്രകൃതിയും ദൈവപ്രകൃതിയും) അതിന്റെ പൂർണതയിൽ വിശദീകരിക്കാൻ വിഷമമാണെങ്കിലും സമഞ്ജസമായി സമ്മേളിച്ചിരുന്നു എന്നതാണ് വസ്തുത.

രൂപാന്തരീകരണസംഭവത്തിനു മുമ്പുവരെ ദൃശ്യമായിരുന്ന യേശുവിന്റെ മനുഷ്യരൂപത്തിന് രൂപാന്തരീകരണവേളയിൽ മാറ്റം സംഭവിക്കുന്നതായി കാണുന്നുണ്ട്.



ആ നിമിഷം ശിഷ്യന്മാർ യേശുവിൽ വെറുമൊരു ഗുരുവിനെയായിരുന്നില്ല കണ്ടത്. ഭയചകിതരായ ശിഷ്യന്മാർ നോക്കിനില്ക്കെത്തന്നെ അടുത്ത നിമിഷം യേശുവിന്റെ മനുഷ്യരൂപം ദൃശ്യമാകുകയും ചെയ്തു. തുടർന്ന് അവർ തങ്ങളുടെ ഗുരുവിനോടൊപ്പം മലയിറങ്ങി.

യേശുവിൽ അമർത്യമായ ദൈവസ്വഭാവവും മർത്യമായ മനുഷ്യസ്വഭാവവും ഒരേപോലെ സമ്മേളിച്ചരിക്കുന്നു. ഈ രണ്ടു സ്വഭാവങ്ങൾ എപ്രകാരം യേശുവിൽ ആയിരിക്കുന്നു എന്നത് നമുക്ക് വിശദീകരിക്കാനാവുന്നില്ലെന്നു മാത്രം. എങ്കിലും ദിവ്യകാരുണ്യകൂദാശയിൽ അനുദിനം സംഭവിക്കുന്നതുപോലെ മേൽവിവരിച്ച ദിവ്യകാരുണ്യ അത്ഭുതസംഭവത്തിൽ കണ്ടതുപോലെ ഇതും സാധ്യമാണെന്നതിൽ സംശയമില്ല.

## തിരിച്ചറിയാൻ

യേശുക്രിസ്തു സത്യദൈവവും സത്യമനുഷ്യനുമാകുന്നു എന്ന് അവിടന്ന് സ്വയം വെളിപ്പെടുത്തുകയും നമ്മൾ വിശ്വസിക്കുകയും ചെയ്യുമ്പോൾ

★ അവിടന്ന് പകുതിദൈവവും പകുതിമനുഷ്യനും ആകുന്നു എന്നല്ല അർത്ഥമാക്കുന്നത്.

★ ദൈവപ്രകൃതിയും മനുഷ്യപ്രകൃതിയും കൂടിക്കുഴഞ്ഞ ഒരു മിശ്ര പ്രകൃതിയാണ് അവിടത്തേത് എന്നും അർത്ഥമില്ല.


★ ദൈവപുത്രൻ ദൈവികപ്രകൃതിയോടു കൂടിച്ചേർന്ന ഒരു മനുഷ്യ പ്രകൃതിയാണു ക്രിസ്തു എന്ന നെസ്റ്റോറിയൻ പ്രബോധനവും ശരിയല്ല.

★ യഥാർത്ഥ ദൈവമായിരിക്കെത്തന്നെ, അവിടന്ന് യഥാർത്ഥ മനുഷ്യനായി. അവിടന്ന് യഥാർത്ഥ ദൈവവും യഥാർത്ഥ മനുഷ്യനുമാകുന്നു; അവിടന്ന് ദൈവപ്രകൃതിയും മനുഷ്യപ്രകൃതിയും സമഞ്ജസമായി സമ്മേളിച്ചിരിക്കുന്ന ഏക വ്യക്തിയാണ്.

### ഏകപുത്രൻ

ദൈവപുത്രനായ യേശു ദൈവത്തെ പിതാവേ എന്നു വിളിച്ചു പ്രാർത്ഥിക്കാൻ നമ്മെ പഠിപ്പിച്ചു.

"അവൻ ഒരിടത്ത് പ്രാർത്ഥിച്ചുകൊണ്ടിരിക്കയായിരുന്നു. പ്രാർത്ഥിച്ചു കഴിഞ്ഞപ്പോൾ ശിഷ്യന്മാരിലൊരുവൻ വന്നു പറഞ്ഞു; കർത്താവേ, യോഹന്നാൻ തന്റെ ശിഷ്യരെ പഠിപ്പിച്ചതുപോലെ ഞങ്ങളെയും പ്രാർത്ഥിക്കാൻ പഠിപ്പിക്കുക. അവൻ അരുൾചെയ്തു: നിങ്ങൾ ഇങ്ങനെ പ്രാർത്ഥിക്കുവിൻ. സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ നാമം പൂജിതമാകണമേ..." (ലൂക്കാ 11:1-4).



ഇപ്രകാരം പഠിപ്പിക്കുകവഴി ദൈവം എല്ലാവരുടെയും പിതാവാണെന്നും നമ്മൾ ദൈവത്തിന്റെ മക്കളാണെന്നും യേശു വെളിപ്പെടുത്തി. എന്നാൽ, നമ്മുടെ ദൈവപുത്രത്വം യേശുവിന്റെ ദൈവപുത്രത്വം പോലെയല്ല. യേശു ദൈവത്തിന്റെ ഏകപുത്രൻ (only begotten son) ആണ്. യേശുതന്നെ ഈ സത്യം വെളിപ്പെടുത്തുന്നുണ്ട്.

"സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ" എന്നു പഠിപ്പിച്ചതൊഴികെ യേശു മനുഷ്യരോടുചേർന്ന് ദൈവത്തെ 'നമ്മുടെ പിതാവ്' എന്നു വിളിക്കുന്നില്ല. തന്റെ ദൈവപുത്രസ്ഥാനവും മറ്റുള്ളവരുടെ ദൈവപുത്രസ്ഥാനവും തമ്മിലുള്ള വ്യത്യാസം "**എന്റെ** പിതാവും **നിങ്ങളുടെ** പിതാവും" എന്ന പ്രസ്താവനയിലൂടെ യേശു ഉറപ്പിക്കുകയും ചെയ്യുന്നുണ്ട്.

"**നിങ്ങളുടെ** സ്വർഗസ്ഥനായ പിതാവ് പരിപൂർണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണരായിരിക്കുവിൻ" 9മത്താ 5:48).

"കർത്താവേ, കർത്താവേ, എന്ന്, എന്നോടു വിളിച്ചപേക്ഷിക്കുന്നവനല്ല, **എന്റെ** സ്വർഗസ്ഥനായ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവനാണ്, സ്വർഗരാജ്യത്തിൽ പ്രവേശിക്കുന്നത്" (മത്താ 7:21).

“എന്തെന്നാൽ, അവനിൽ വിശ്വസിക്കുന്ന ആരും നശിച്ചുപോകാതെ നിത്യ ജീവൻ പ്രാപിക്കേണ്ടതിനുവേണ്ടി **തന്റെ ഏകജാതനെ** നല്കാൻതക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു” (യോഹ 3:16). (മത്താ 6:8–9; ലൂക്കാ 11:13; യോഹ 1:14; 3:18; 20:17 എന്നിവയും കാണുക).

ഈ വചനഭാഗങ്ങളെല്ലാം യേശുവിന്റെ അനന്യമായ പുത്രത്വം വെളിപ്പെടുത്തുന്നു. അതായത്, പിതാവായ ദൈവത്തിന്റെ ഏകപുത്രനാണ് (only begotton son) യേശുക്രിസ്തുവെന്ന് നാം മനസ്സിലാക്കുകയും വിശ്വസിക്കുകയും ചെയ്യുന്നു.

## യേശുക്രിസ്തുവിന്റെ അനന്യത


“ആദിമുതൽ ഉണ്ടായിരുന്നതും ഞങ്ങൾ കേട്ടതും സ്വന്തം കണ്ണുകൊണ്ടു കണ്ടതും സൂക്ഷിച്ചുവീക്ഷിച്ചതും കൈകൊണ്ടു സ്പർശിച്ചതുമായ ജീവന്റെ വചനത്തെപ്പറ്റി ഞങ്ങൾ അറിയിക്കുന്നു” (യോഹ 1:1) എന്ന് യോഹന്നാൻ രേഖപ്പെടുത്തിയിട്ടുണ്ട്. യോഹന്നാന്റെ സുവിശേഷത്തിൽ ദൈവപുത്രനായ യേശുവിന്റെ അനന്യതയെപ്പറ്റി ദൈവംതന്നെ വെളിപ്പെടുത്തുന്നത് ഇപ്രകാരമാണ്: “ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല. പിതാവുമായി ഗാഢബന്ധം പുലർത്തുന്ന ദൈവം തന്നെയായ ഏകജാതനാണ് അവിടത്തെ വെളിപ്പെടുത്തിയത്” (യോഹ 1:18).

“ദൈവത്തിന്റെ ഏകജാതനായ യേശു തന്റെതന്നെ അനന്യത വ്യക്തമാക്കുന്നത് എപ്രകാരമാണെന്നു നോക്കുക: യോഹന്നാന്റേതിനെക്കാൾ വലിയ സാക്ഷ്യം എനിക്കുണ്ട്. എന്തെന്നാൽ ഞാൻ പൂർത്തിയാക്കാനായി പിതാവ് എന്നെ ഏല്പിച്ച ജോലികൾ – ഞാൻ ചെയ്തുകൊണ്ടിരിക്കുന്ന ജോലികൾ തന്നെ – പിതാവാണ് എന്നെ അയച്ചതെന്നു സാക്ഷ്യപ്പെടുത്തുന്നു” (യോഹ 5:36).

“യേശു പറഞ്ഞു: ഇക്കാലമത്രയും ഞാൻ നിങ്ങളോടുകൂടെയായിരുന്നിട്ടും പീലിപ്പോസേ, നീ എന്നെ അറിയുന്നില്ലേ? എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു” (യോഹ 14:9).

"അവിടന്ന് എന്നെ ഏല്പിച്ച ജോലി പൂർത്തിയാക്കിക്കൊണ്ട് ഭൂമിയിൽ അവിടത്തെ ഞാൻ മഹത്ത്വപ്പെടുത്തി. ആകയാൽ പിതാവേ, ലോകസൃഷ്ടിക്കുമുമ്പ് എനിക്ക് അവിടത്തോടുകൂടെയുണ്ടായിരുന്ന മഹത്ത്വത്താൽ ഇപ്പോൾ അവിടത്തെ സന്നിധിയിൽ എന്നെ മഹത്ത്വപ്പെടുത്തണമേ" (യോഹ 17:4-5).

യേശുക്രിസ്തുവിന്റെ അനന്യത വ്യക്തമാക്കുന്ന ഒരു ഐതിഹ്യം ഏദേസ്സായിലെ രാജാവായിരുന്ന അബ്ഗാറിന്റെ ജീവിതവുമായി ബന്ധപ്പെട്ടു സംഭവിച്ചത് വിവരിക്കാം. മഹാപ്രവാചകനും അദ്ഭുതമനുഷ്യനുമായ യേശുവിനെക്കുറിച്ച് കേട്ടറിഞ്ഞ രാജാവ് അവിടത്തെ ഒരുനോക്കുകാണാൻ ആഗ്രഹിച്ചു. അദ്ദേഹം യേശുവിനെ കൊട്ടാരത്തിലേക്കു ക്ഷണിച്ചെങ്കിലും യേശു അത് സ്നേഹപൂർവം നിരസിച്ചു. അപ്പോൾ യേശുവിന്റെ ഒരു ചിത്രം വരച്ചുകൊണ്ടുവരാൻ ഒരു കലാകാരനെ രാജാവ് ചുമതലപ്പെടുത്തി. പക്ഷേ, പ്രഭാപൂരിതമായ യേശുവിന്റെ രൂപം ആ ചിത്രകാരന്റെ തൂലികയ്ക്ക് വഴങ്ങുന്നുണ്ടായിരുന്നില്ല. ഒടുവിൽ നിസ്സഹായനായിനിന്ന ആ കലാകാരന്റെ ക്യാൻവാസിൽ യേശുതന്നെ തന്റെ മുഖം ചേർത്തു



വച്ച് അതിമനോഹരമായൊരു പ്രതിച്ഛായ സമ്മാനിച്ചുവെന്നാണ് ഐതിഹ്യം. മോസ്കോ കത്തീഡ്രലിൽ സൂക്ഷിച്ചിരിക്കുന്നത് ഈ തിരുമുഖ ചിത്രം തന്നെയാണത്രേ.



ഇതുപോലെ, വിശുദ്ധ ഗ്രന്ഥത്തിലൂടെ യാത്രചെയ്യുമ്പോൾ നാം കണ്ടുമുട്ടുന്ന യേശുവിന്റെ വ്യക്തിത്വം നമ്മുടെ ചിന്തകൾക്കും വാക്കുകൾക്കും അതീതമായി നിലകൊള്ളുന്നു.

"വഴിയും സത്യവും ജീവനും ഞാനാണ്. എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ അടുക്കലേക്കു വരുന്നില്ല" (യോഹ 14:6) എന്ന് ഇത്രയേറെ ആധികാരികതയോടെ യേശുവിനല്ലാതെ മറ്റാർക്കും പറയാനോ അടയാളങ്ങളിലൂടെ അത് സ്ഥിരീകരിക്കാനോ ഇതുവരെ കഴിഞ്ഞിട്ടില്ല; കഴിയുകയുമില്ല. ദൈവത്തെ ഇത്രയേറെ പൂർണതയിലും തനിമയിലും യേശുവല്ലാതെ മറ്റാരും ഇതുവരെ വെളിപ്പെടുത്തിയിട്ടുമില്ല (യോഹ 1:18; മത്താ 11:27; കൊളോ 2:9-10 എന്നിവ കാണുക). ഇപ്രകാരം വെളിപ്പെടുത്താൻ മറ്റൊരാൾക്കു സാധ്യവുമല്ല. ഈ സത്യം പ്രഘോഷിക്കാൻ സഭാമക്കളായ നമുക്കു കടപ്പാടുണ്ടെന്ന് വാഴ്ത്തപ്പെട്ട ജോൺപോൾ രണ്ടാമൻ പാപ്പാ, നമ്മെ ഉദ്ബോധിപ്പിക്കുന്നു (രക്ഷകന്റെ മിഷൻ 5).

മനുഷ്യന്റെ രക്ഷയ്ക്കാവശ്യമായ ദൈവത്തിന്റെ വെളിപാട് അതിന്റെ പൂർണതയിൽ ക്രിസ്തുവിലൂടെ ലഭിച്ചുകഴിഞ്ഞു. ഇനി മറ്റൊരാളിലും നിന്നു ലഭിക്കേണ്ടതില്ല (ദോമിനൂസ് യേസൂസ്, 6).



മനുഷ്യാവതാരസത്യവും രൂപാന്തരീകരണ സംഭവവും തിരുവചനത്തിന്റെയും സഭാപ്രബോധനങ്ങളുടെയും നമ്മുടെതന്നെ യുക്തിയുടെയും വെളിച്ചത്തിൽ വിശകലനംചെയ്യുന്നതുവഴി നാമെത്തിച്ചേർന്നത്, ദൈവസ്വഭാവവും മനുഷ്യസ്വഭാവവും സമ്മേളിക്കുന്ന ചരിത്രപുരുഷനാണ് യേശുക്രിസ്തു എന്നാണ്. ക്രിസ്തുവിന്റെ അനന്യതയാർന്ന ഈ വ്യക്തിത്വത്തിന്റെ പ്രഭ അതിന്റെ തനിമയിൽ ഗ്രഹിക്കാനും സ്വാംശീകരിക്കാനും അത്രയെളുപ്പമല്ല. എങ്കിലും ഈ സത്യം വെറും ബൗദ്ധിക തലത്തിലുള്ള അറിവിൽ ഒതുക്കാതെ തിരുവചനധ്യാനമനനങ്ങളിലൂടെ അവിടത്തെ കൂടുതൽ അറിയുകയും ജീവിതംകൊണ്ട് അവിടത്തോട് അനുരൂപപ്പെടുകയും അനുഭവംകൊണ്ട് അവിടത്തെ പ്രഘോഷിക്കുകയും ചെയ്യാം.

### പ്രവർത്തനം -6

ആദിമ ക്രിസ്ത്യാനികൾ രക്തസാക്ഷിത്വം വരിച്ചുകൊണ്ടാണ് പൂർണദൈവവും പൂർണമനുഷ്യനുമായ ക്രിസ്തുവിനെ സാക്ഷ്യംവഹിച്ചത് എന്നതിന് നിരവധി തെളിവുകളുണ്ട് (ഉദാ: അപ്പസ്തോല പ്രവർത്തനം 7-ാം അധ്യായത്തിലെ വിശുദ്ധ സ്തേഫാനോസിന്റെ പ്രസംഗവും രക്തസാക്ഷിത്വവും കാണുക). ഇന്ന് നിങ്ങൾക്ക് എപ്രകാരമൊക്കെ ക്രിസ്തുവിനു സാക്ഷ്യംവഹിക്കാനാവുമെന്നു ചർച്ച ചെയ്ത് കണ്ടെത്തുക.



# 3

# യേശു: വിമോചകനും കർത്താവും



**പ്രവർത്തനം-1**

മഹാനായ അലക്സാണ്ടർചക്രവർത്തിയും നെപ്പോളിയൻ, അശോകൻ എന്നിവരെപ്പോലെ രക്തച്ചൊരിച്ചിലിലൂടെ പടയോട്ടങ്ങൾ നടത്തി ലൗകികസാമ്രാജ്യങ്ങൾ പണിതുയർത്തിയ മറ്റു നിരവധി ചക്രവർത്തിമാരും രാജാക്കന്മാരും നേതാക്കളും ചരിത്രത്തിലുണ്ട്. അവരും ആ സാമ്രാജ്യങ്ങളും ജനഹൃദയങ്ങളിൽ ശാശ്വതമായ ഒരു സ്ഥാനവും നേടാനാവാതെ കാലയവനികയ്ക്കുള്ളിൽ മറഞ്ഞു. എന്നാൽ ലോകത്തിലെ തന്റെ നിർണായകമായ ജീവിതവും പ്രബോധനവുംവഴി ചരിത്രത്തെത്തന്നെ രണ്ടായി തിരിക്കുകയും എക്കാലത്തെയും പോലെ ഇന്നും മനുഷ്യഹൃദയങ്ങളിൽ വാഴുകയും ചെയ്യുന്ന ഒരാളുണ്ട്; യേശുക്രിസ്തു. അവിടത്തെ വ്യക്തിത്വവും താൻ ലക്ഷ്യംവച്ച രാജ്യത്തെക്കുറിച്ചുള്ള ദർശനവും ഏറെ സവിശേഷതകൾ നിറഞ്ഞതാണ് എന്നതാണ് അതിനുള്ള കാരണം. യേശുവിലും അവിടത്തെ ദൈവരാജ്യദർശനത്തിലും നാം കണ്ടെത്തുന്ന സവിശഷതകൾ ഏതെല്ലാമെന്ന് ഗ്രൂപ്പുതിരിഞ്ഞ് ചർച്ചചെയ്ത് റിപ്പോർട്ട് തയ്യാറാക്കുക.

ആദിയിൽ വചനമായിരുന്ന ദൈവം ചരിത്രത്തിലേക്കിറങ്ങി നമ്മോടൊത്തും നമ്മിലൊരുവനായും ജീവിക്കുകയും ചരിക്കുകയും ചെയ്തു. സ്വയം ശൂന്യവത്കരണത്തിലൂടെ സമഗ്രരക്ഷ പകരുന്ന ജീവന്റെയും നിത്യജീവന്റെയും സുവിശേഷമാകാനായിരുന്നു അത്. *ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും അവൻ ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല; തന്നത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിലായിത്തീർന്ന്, ആകൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു; മരണംവരെ- അതെ, കുരിശുമരണംവരെ - അനുസരണയുള്ളവനായി തന്നത്തന്നെ താഴ്ത്തി. ആകയാൽ, ദൈവം അവനെ അത്യധികം ഉയർത്തി. എല്ലാ നാമങ്ങൾക്കും ഉപരിയായ നാമം നല്കുകയും ചെയ്തു* (ഫിലി: 6-9). യേശുവിന്റെ ഈ സമഗ്ര വിമോചന ദൗത്യം **യേശു: വിമോചകനായ ക്രിസ്തു, യേശു ദൈവമായ കർത്താവ്** എന്നീ രണ്ടു സത്യങ്ങൾ പഠിക്കുന്നതുവഴി നമുക്കു മനസ്സിലാക്കാൻ ശ്രമിക്കാം.

## 1. യേശു വിമോചകനായ ക്രിസ്തു

യേശു വിമോചകനാണെന്നു പറയുമ്പോൾ അർത്ഥമാക്കുന്നത്, അവിടന്ന് സമൂഹത്തിലെ ഉച്ചനീചത്വങ്ങൾക്ക് അറുതിവരുത്തുന്ന ഒരു സാമൂഹിക പരിഷ്കർത്താവിന്റെ ദൗത്യം മാത്രം നിർവഹിച്ചു എന്നല്ല, ഒപ്പം വ്യക്തികളെയും സമൂഹത്തെയും പ്രപഞ്ചത്തെത്തന്നെയും ബന്ധനത്തിലാക്കിയിരിക്കുന്ന പാപത്തിൽനിന്നും അന്ധകാരശക്തികളിൽനിന്നും വിമോചിപ്പിക്കുന്ന സമഗ്രവിമോചകനാണ് അവിടന്ന് എന്നാണ്. യേശു നിർവഹിച്ച സമഗ്രവിമോചനദൗത്യം അതിന്റെ തനിമയിൽ മനസ്സിലാക്കാൻ യേശുവിന്റെ നാട്ടിലെ സാമൂഹികഘടന എന്തെന്ന് അറിയേണ്ടിയിരിക്കുന്നു.

## വിമോചനത്തിന്റെ പശ്ചാത്തലം

മനുഷ്യർക്കിടയിൽ ജാതിയുടെയും മതത്തിന്റെയും സമ്പത്തിന്റെയും കുലീനതയുടെയുമൊക്കെ പേരിൽ കടുത്ത വിവേചനങ്ങൾ നിലനിന്നിരുന്ന ഒരു നാട്ടിലാണ് യേശു ജീവിച്ചത്. ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനം തങ്ങൾ മാത്ര

മാണ് എന്നായിരുന്നു യഹൂദജനത്തിന്റെ മൗലികവിശ്വാസം (പുറ 19:5; നിയ 7:7-11; 26:19 കാണുക).

ദൈവജനം എന്ന നിലയിലുള്ള വർഗശുദ്ധി അഭംഗുരം കാത്തുപോരാനുള്ള തീക്ഷ്ണത യഹൂദജനത്തിന്റെ ചരിത്രത്തിൽ അത്യന്തം കാണാനാകും. അതുകൊണ്ടുതന്നെ, ദൈവം പരിശുദ്ധനായിരിക്കുന്നതുപോലെ, തങ്ങളും പരിശുദ്ധരായിരിക്കണം എന്ന ആദർശം അവരെ നിരന്തരം നയിച്ചുകൊണ്ടിരുന്നു (ലേവ്യ 19:2; 11:44-45). പരിശുദ്ധി എന്നത് ദൈവത്തോടുള്ള സമ്പൂർണ വിധേയത്വവും മനുഷ്യരോടുള്ള ആത്മാർത്ഥമായ സ്നേഹവും അതുണർത്തുന്ന നീതിയുമാണെന്ന് പ്രവാചകന്മാർ പലവുരു വ്യക്തമാക്കിയിട്ടുണ്ട് (ഏശ 1:16-18; 58:6-12; മിക്കാ 6:8; ആമോ 5:24 കാണുക). എന്നാൽ അത് ശരിയായ രീതിയിൽ ഉൾക്കൊള്ളാനോ ജീവിക്കാനോ യഹൂദജനത്തിനു കഴിഞ്ഞില്ല.

യേശു ജീവിച്ചിരുന്നകാലത്ത് പരിശുദ്ധിയെക്കുറിച്ചുള്ള യഹൂദരുടെ ധാരണ അവരുടെ സങ്കുചിതമായ വർഗചിന്തയിൽ മാത്രം ഒതുങ്ങിപ്പോയി. അത് യഹൂദ സമുദായത്തെയും പൊതുസമൂഹത്തെത്തന്നെയും രണ്ടു തട്ടുകളായി തിരിക്കാൻ ഇടയാക്കുകയും ചെയ്തു.

### (i) ആഢ്യത (Nobility) അവകാശപ്പെട്ടിരുന്നവർ

ദൈവം മോശവഴി നല്കിയ നിയമത്തിന്റെ യഥാർത്ഥ കാവൽക്കാർ തങ്ങൾ മാത്രമാണെന്നു കരുതിപ്പോന്ന യഹൂദവിഭാഗമാണ് ആഢ്യത അവകാശപ്പെട്ടിരുന്നത്. സുവിശേഷങ്ങളിൽ പ്രത്യക്ഷപ്പെടുന്ന യഹൂദപുരോഹിതന്മാർ, ഉന്നതനീതിപീഠമായ സാൻഹെദ്രിയിലെ അംഗങ്ങൾ, ഫരിസേയർ, സദുക്കായർ, ജനപ്രമാണികൾ, റബ്ബിമാർ തുടങ്ങിയവർ ഈ ഗണത്തിൽപ്പെടുന്നു.

### (ii) അധസ്ഥിതർ (Marginalized)

ദൈവജനത്തിന്റെ പരിശുദ്ധി അഭംഗുരം പാലിക്കാതെ യഹൂദരല്ലാത്തവരുമായി വിവാഹബന്ധത്തിലേർപ്പെട്ടവരും അവരുടെ സന്തതികളും പരസ്യപാപികളും അശുദ്ധരുമായി കരുതപ്പെട്ടുപോന്നു. കൂടാതെ, ഹീനമായ തൊഴിൽ ചെയ്യുന്നവരും ചിലതരം മാറാരോഗങ്ങൾ പിടിപെട്ടവരും വികലാംഗരും വിധവകളുമെല്ലാം അക്കാ

ലത്തെ അധഃസ്ഥിതരായിരുന്നു. ശത്രുക്കളായ റോമാക്കാർക്കുവേണ്ടി ചുങ്കം പിരിച്ചിരുന്നവരും ഈ കൂട്ടത്തിൽപ്പെടുന്നു. യഹൂദസമൂഹത്തിലെ അധഃസ്ഥിതരെ ആകമാനം ഉദ്ദേശിച്ചാണ് 'ചുങ്കക്കാരും പാപികളും' എന്ന പ്രയോഗംതന്നെ സുവിശേഷകർത്താക്കൾ ഉപയോഗിക്കുന്നത്.

### (iii) സാധാരണ യഹൂദർ

മേല്പറഞ്ഞ രണ്ടു ഗണങ്ങളിലും പെടാതെ നില്ക്കുന്നതും ബഹുഭൂരിപക്ഷംവരുന്നതുമായ കൂട്ടരാണിവർ.

യഹൂദജനതയുടെ ഈ സങ്കുചിത വർഗചിന്തയെ ക്രിസ്തു കണ്ടത് വെറും ഒറ്റപ്പെട്ട സാമൂഹിക തിന്മയായല്ല മറിച്ച്, ദൈവത്തിന്റെ പിതൃത്വം, വിശ്വസാഹോദര്യം എന്നീ അടിസ്ഥാനസത്യങ്ങളുടെ നിഷേധം വരുത്തിവയ്ക്കുന്ന മാരകമായ പാപത്തിന്റെ ഫലമായാണ്. അതിനാൽ, ക്രിസ്തുവിന്റെ വിമോചനദൗത്യം ലോകത്തിൽ എവിടെയും എക്കാലത്തുമുള്ള സത്യനിഷേധത്തിന്റെ വ്യവസ്ഥിതികളെല്ലാം ഇല്ലായ്മചെയ്യുന്ന ദർശനവും ശക്തിയും പകരുന്ന ദൈവരാജ്യ നിർമ്മിതിയുടേതാണ്.

### ക്രിസ്തുവിന്റെ വിമോചനദൗത്യം


പ്രപഞ്ചത്തിന്റെയും മനുഷ്യന്റെയും സൃഷ്ടിയിലും അവയുടെ നിലനില്പിലും ദൈവം സ്ഥാപിച്ചതും നമ്മൾ സംരക്ഷിക്കേണ്ടതുമായ ഒരു സന്തുലിതാവസ്ഥ (equilibrium) യുണ്ട്. സത്യം, നീതി, സമാധാനം, സന്തോഷം, സാഹോദര്യം, പങ്കുവയ്ക്കൽ, കാരുണ്യം തുടങ്ങിവ ഇതിന്റെ ഫലങ്ങളാണ്. മനുഷ്യൻ ബോധപൂർവം ഇടപെട്ട് ഈ സന്തുലിതാവസ്ഥയ്ക്ക് ഭംഗംവരുത്തുമ്പോൾ അത് പാപമായിത്തീരുന്നു. തത്ഫലമായി ദാരിദ്ര്യം, രോഗം, വിവേചനം, തീവ്രവാദം, യുദ്ധം തുടങ്ങിയവ സംജാതമാകുന്നു. അതിനാൽ, ക്രിസ്തു പാപങ്ങളിൽ നിന്നും മോചിപ്പിക്കുന്നവനാണെന്നു പറയുമ്പോൾ മനുഷ്യനെ ബാധിച്ചിരിക്കുന്ന സർവതലങ്ങളിലുമുള്ള ക്രമക്കേടുകൾക്ക് പ്രതിവിധിയേകുന്നവനും പരിഹാരം ചെയ്യുന്നവനുമാണെന്നാണ് അർത്ഥമാക്കുന്നത്.

ക്രിസ്തു തന്റെ പ്രകടനപത്രിക (magnacarta) നസ്രത്തിലെ സിനഗോഗിൽവച്ച് വെളിപ്പെടുത്തുന്നുണ്ട്: “കർത്താവിന്റെ ആത്മാവ് എന്റെമേൽ ഉണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്ക് മോചനവും അന്ധർക്ക് കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടന്ന് എന്നെ അയച്ചിരിക്കുന്നു” (ലൂക്കാ 4:18-19). ഈ പ്രകടപത്രിക യേശു പ്രവൃത്തിപഥത്തിൽ കൊണ്ടുവരുകയും താൻ സമഗ്രവിമോചകനായ മിശിഹയാണെന്ന് അടയാളങ്ങളിലൂടെ പ്രഖ്യാപിക്കുകയും ചെയ്യുന്നുണ്ട് (മത്താ 11:2-11; ലൂക്കാ 7:18-23; ഏശ 35:5-4; 61:1 എന്നിവ കാണുക).



## യേശു സമഗ്രവിമോചകനായ ക്രിസ്തു

### പ്രവർത്തനം 2




ചുവടേ ചേർത്തിരിക്കുന്ന തിരുവചനശേഖരങ്ങൾ ഈ ചിത്രത്തിലെ ഏതൊക്കെ ബന്ധനങ്ങളിൽനിന്ന് മനുഷ്യനെ മോചിപ്പിക്കുന്ന യേശുവിന്റെ പ്രവർത്തനങ്ങളാണെന്ന് ഗ്രൂപ്പുചർച്ചയിലൂടെ കണ്ടെത്തുക.

മർക്കോ 2:10-12; 7:20-23; ലൂക്കാ 7:48; 15:1-7; 8-10, 11-32

മർക്കോ 6:35-44; 8:1-9; ലൂക്കാ 4:13-14; 19:8; മത്താ 10:42; 25:34-40.

മർക്കോ 1:29-34, 40-42; 3:10; 5:24-34; 6:53-56; 7:31-37; 8:22-26

മർക്കോ 2:16; 10:41-45; യോഹ 4:7-9; 13:12-15; ലൂക്കാ 4:13-14

മർക്കോ 1:21-28, 34; 3:1; 5:1 മുതൽ; 7:24-30; 9:19-27

മർക്കോ 2:13-17, 27; 3:1-6; 7:1-13

മർക്കോ 8:11-15; ലൂക്കാ 11:37-54

ലൂക്കാ 19:1-10; 7:36-50; മർക്കോ 1:40-42

മർക്കോ 5:35-43; യോഹ 11:25-27, 38-44

## ക്രിസ്തുവിലുള്ള വിമോചനം: വിവിധമാനങ്ങൾ

- ✸ ക്രിസ്തുവിന്റെ രക്ഷാകരസ്നേഹത്തിൽ വെളിപ്പെടുന്നത് ശത്രുസ്നേഹവും പാപികളെ സ്നേഹിച്ചുകൊണ്ട് അവരിലുള്ള പാപത്തെ വെറുത്ത് പുണ്യത്തിലേക്ക് നയിക്കുന്ന കരുണയുമാണ്. എത്ര ഇരുണ്ട ഭൂതകാലമുള്ള മനുഷ്യനും ക്രിസ്തുസ്നേഹത്തിൽ ചേർത്തുനിർത്തപ്പെടുന്നു.

- ✸ സമൂഹത്തിന്റെ പുറമ്പോക്കിലുള്ളവരോടു പക്ഷംചേർന്നുനിന്ന് അവരെ മുഖ്യധാരയിലേക്ക് കൊണ്ടുവന്നത് ഈ രക്ഷാകരസ്നേഹത്തിന്റെ മറ്റൊരു മുഖമാണ്. ഒരു ഭവനത്തിലെ ശിശുക്കളോടും അംഗവിഹീനരോടും മറ്റംഗങ്ങൾ എപ്പോഴും പ്രത്യേക സ്നേഹവും കരുതലും കാണിക്കുന്നതുപോലെ, ഈ ലോകകുടുംബത്തിലെ ശിശുക്കളോടും അംഗവിഹീനരോടും ദരിദ്രരോടും പാവപ്പെട്ടവരോടും അടിച്ചമർത്തപ്പെട്ടവരോടും പ്രത്യേക സ്നേഹവും കരുണയും കാണിക്കണമെന്ന് യേശു പഠിപ്പിച്ചു.

- ✸ മനുഷ്യന്റെ അനന്യമായ മഹത്ത്വവും അതിൽനിന്നുയർന്നുകൊള്ളുന്ന അടിസ്ഥാന കടമകളും അവകാശങ്ങളും ക്രിസ്തുസ്നേഹത്തിൽ ഉറപ്പാക്കപ്പെടുന്നു.

- ✸ ധനവാനും ദരിദ്രനും രക്ഷപ്രാപിക്കണമെന്നും നീതിമാനും നീതിരഹിതനും ദൈവസ്നേഹത്തിൽനിന്നും മാറ്റിനിർത്തപ്പെടുന്നില്ലെന്നും ഇരുവരും ക്രിസ്തുസ്നേഹത്തിന്റെ പങ്കുവയ്പിൽ സാഹോദര്യം അനുഭവിച്ച് രക്ഷപ്രാപിക്കണമെന്നും അവിടന്ന് ഉദ്ബോധിപ്പിച്ചു.

✸ അധികാരങ്ങളൊക്കെയും നഷ്ടപ്പെട്ടിരിക്കുന്നത് ശത്രുവിനുവേണ്ടിപ്പോലും ശുശ്രൂഷചെയ്ത് രക്ഷാകരസ്നേഹമാകാനാണെന്ന് യേശു പഠിപ്പിക്കുന്നു.

"മനുഷ്യപുത്രൻ വന്നിരിക്കുന്നത് ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനും സ്വന്തം ജീവൻ അനേകർക്കുവേണ്ടി മോചനദ്രവ്യമായി നല്കാനുമത്രേ" (മർക്കോ 10:45) എന്നും നിങ്ങളുടെ ഗുരുവും നാഥനുമായ ഞാൻ നിങ്ങളുടെ പാദങ്ങൾ കഴുകിയെങ്കിൽ നിങ്ങളും പരസ്പരം പാദങ്ങൾ കഴുകണം (യോഹ 13:14) എന്നും ജീവിതംകൊണ്ടും കുരിശുമരണംകൊണ്ടും അവിടന്ന് പഠിപ്പിച്ചു.

ദൈവം സംസ്ഥാപിച്ചതും പാപത്തിലൂടെ നഷ്ടപ്പെടുന്നതുമായ സന്തുലിതാവസ്ഥ പുനഃസ്ഥാപിക്കാനും നിലനിർത്താനും പരിപോഷിപ്പിക്കാനും പരിപാലിക്കാനും ക്രിസ്തുവിനും ക്രിസ്തുസ്നേഹത്തിനും മാത്രമേ സാധിക്കുകയുള്ളൂ എന്ന വസ്തുതയാണ് മേല്പറഞ്ഞ കാര്യങ്ങളിൽനിന്ന് നമുക്കു ബോധ്യമാകുന്നത്.



## പ്രവർത്തനം – 3

നമ്മുടെ നാട്ടിൽ നിരവധി വിമോചനപ്രസ്ഥാനങ്ങളുണ്ട്. അവയിൽ ചിലത് മുൻപ് പറഞ്ഞതുപോലെ രക്തച്ചൊരിച്ചിലിലൂടെ പടയോട്ടങ്ങൾ നടത്തിയ രാജാക്കന്മാരുടെ ശൈലി അവലംബിക്കുന്നവയാണ്. എന്നാൽ, ക്രിസ്തു വിഭാവനം ചെയ്ത ത്യാഗത്തിലൂടെ വിമോചനപ്രക്രിയ തുടരുന്ന വ്യക്തികളും പ്രസ്ഥാനങ്ങളും കുറവല്ല. നമ്മുടെ ഇടവകയിലും സമൂഹത്തിലും കുടുംബകൂട്ടായ്മകൾ, സംഘടനകൾ എന്നിവയിലൂടെ നല്ല ആരോഗ്യത്തിൽ വളർന്ന് പിന്നീട് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെയും മറ്റും സമൂഹത്തിൽ സമഗ്രവിമോചനത്തിന്റെ വക്താക്കളാകാൻ നമുക്ക് എന്തൊക്കെ ചെയ്യാനാകും എന്നു ചർച്ചചെയ്യുകയും നിങ്ങളുടെ ഇടവകയിൽ ഈ പ്രവർത്തനം നടത്താൻ ഒരു കർമ്മപദ്ധതി തയ്യാറാക്കുകയും ചെയ്യുക.

## യേശു ദൈവമായ കർത്താവ്

## പ്രവർത്തനം – 4

യേശുവിനെ ശത്രുക്കൾ ബന്ധിച്ചപ്പോൾ പ്രാണരക്ഷാർത്ഥം ഓടിരക്ഷപ്പെട്ട അപ്പോസ്തലന്മാർ ഏതാനും ദിവസങ്ങൾക്കുള്ളിൽ സ്വന്തം ജീവൻപോലും പണയപ്പെടുത്താൻ തയ്യാറായിക്കൊണ്ട് അവിടത്തെ ഏറ്റുപറയുന്നവരായിത്തീർന്നു. അതുപോലെ ക്രിസ്ത്യാനികളെ തേടിപ്പിടിച്ചു വധിക്കുന്നതിൽ അതീവ തീക്ഷ്ണത കാണിച്ച യഹൂദമതതീവ്രവാദിയായിരുന്ന സാവൂൾ പിന്നീട് ക്രിസ്തുവിന്റെ നാമത്തിൽ സ്വന്തം ജീവൻപോലും ബലികഴിച്ചുകൊണ്ട് മറ്റുള്ളവരെ ക്രിസ്ത്യാനികളാക്കുന്നവനായി മാറി.

സ്വന്തം ജീവൻപോലും വെടിഞ്ഞ ക്രിസ്തുവിന് സാക്ഷ്യം നല്കാൻതക്ക വിധം ജീവിതം രൂപപ്പെടുത്താൻ അപ്പോസ്തലന്മാരെ ഒരുക്കിയ ക്രിസ്തുസംഭവം ഏതായിരുന്നു?

സാവൂളിന്റെ ജീവിതം തകിടംമറിച്ച സംഭവം അപ്പ 9:10–20 വായിച്ച് ചിത്രകഥയായോ ചർച്ചയായോ തയ്യാറാക്കുക.

യേശു ദൈവമായ കർത്താവ് എന്നു പറയുമ്പോൾ, പിതാവായ ദൈവത്തിന് അർഹമായ ശക്തിയും ബഹുമാനവും മഹത്ത്വവും യേശുവിനുമുണ്ട് എന്നാ



ണർത്ഥം. ദൈവതുല്യമായ ആരാധനയോടെ അപ്പോസ്തലന്മാർ യേശുക്രിസ്തുവിനെ 'കർത്താവേ' എന്നു വിളിക്കുകയും സ്വന്തം രക്തംചിന്തിപ്പോലും അവിടത്തെ പ്രഘോഷിക്കുകയും ചെയ്തത് അവിടത്തെ ഉത്ഥാനത്തിനു ശേഷമാണ്. ഈ വിശ്വാസപാരമ്പര്യമാണ് ആദിമസഭയിലും തുടർന്നുപോന്നത്. അവിടത്തെ പീഡാസഹനം, കുരിശുമരണം എന്നീ രഹസ്യങ്ങളോടൊപ്പം ഉത്ഥാനവും സ്വർഗാരോഹണവും പരിശുദ്ധാത്മാവിന്റെ ആഗമനവും പെസഹാരഹസ്യത്തിന്റെ കാതലായ ഭാഗമാണ്. അത് നമുക്കു ക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ മകുടമായ സത്യവുമാണ്.

പഴയനിയമത്തിൽ 'കർത്താവ്' എന്ന ഹീബ്രുപദം യാഹ്‌വെ (ദൈവം) യെ സൂചിപ്പിക്കുന്നു. ഇത് 6000-ത്തിലധികം പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. സർവസൃഷ്ടികളുടെമേൽ ആധിപത്യമുള്ളവൻ എന്നർത്ഥമുള്ള *കീരിയോസ്* (Kyrios) എന്ന പദമാണ് ഗ്രീക്കിൽ ഇതിനു പകരമായി ഉപയോഗിച്ചിരിക്കുന്നത്.

പുതിയനിയമത്തിൽ ഈ പദം യേശുവിനു പകരമായി ഉപയോഗിക്കുന്നു. യേശു കർത്താവാണ് എന്ന വിശ്വാസപ്രഖ്യാപനത്തിലൂടെ യേശുവിന്റെ ദൈവികതയാണ് ആദിമസഭ ഏറ്റുപറയുന്നത്.

## ഉത്ഥാനരഹസ്യം: യേശുവിന്റെ വെളിപ്പെടുത്തൽ



മനുഷ്യപുത്രൻ വളരെയേറെ സഹിക്കുകയും ജനപ്രമാണികൾ, പ്രധാനപുരോഹിതന്മാർ, നിയമജ്ഞർ എന്നിവരാൽ തിരസ്കരിക്കപ്പെടുകയും വധിക്കപ്പെടുകയും മൂന്നു ദിവസങ്ങൾക്കു ശേഷം ഉയിർത്തെഴുന്നേല്ക്കുകയും ചെയ്യേണ്ടിയിരിക്കുന്നുവെന്ന് അവരെ പഠിപ്പിക്കാൻ തുടങ്ങി (മർക്കോ 8:31).

യേശു പറഞ്ഞു: മനുഷ്യപുത്രൻ മനുഷ്യരുടെ കൈകളിൽ ഏല്പിക്കപ്പെടുകയും അവർ അവനെ വധിക്കുകയും ചെയ്യും. അവൻ വധിക്കപ്പെട്ടു മൂന്നുദിവസം കഴിയുമ്പോൾ ഉയിർത്തെഴുന്നേല്ക്കും (മർക്കോ 9:31).

യേശു പറഞ്ഞു: ഇതാ നമ്മൾ ജറുസലേമിലേക്കു പോകുന്നു. മനുഷ്യപുത്രൻ പ്രധാനപുരോഹിതന്മാർക്കും നിയമജ്ഞന്മാർക്കും ഏല്പിക്കപ്പെടും.

### യേശുവിന്റെ ഉത്ഥിതശരീരം: സവിശേഷതകൾ

- ഉയിർപ്പ് ഭൗമികജീവനിലേക്കുള്ള ഒരു തിരിച്ചുവരവല്ല.
- ക്രൂശിക്കപ്പെട്ടതും പീഡാസഹനത്തിന്റെ തിരുമുറിവുകൾ ഉള്ളതുമായ ശരീരമാണ് ഉയിർപ്പിക്കപ്പെട്ടത്.
- ഉത്ഥിതനായ യേശുവിന് താൻ ആഗ്രഹിക്കുന്നതുപോലെ എവിടെയും വ്യത്യസ്തരൂപങ്ങളിൽ ശിഷ്യന്മാരുടെ മുമ്പിൽ പ്രത്യക്ഷപ്പെടാനുള്ള കഴിവുണ്ട്.



അവർ അവനെ മരണത്തിനു വിധിക്കുകയും വിജാതീയർക്ക് ഏല്പിച്ചുകൊടുക്കുകയും ചെയ്യും. അവർ അവനെ പരിഹസിക്കുകയും അവന്റെമേൽ തുപ്പുകയും അവനെ പ്രഹരിക്കുകയും വധിക്കുകയും ചെയ്യും മൂന്നു ദിവസത്തിനുശേഷം അവൻ ഉയിർത്തെഴുന്നേല്ക്കും (മർക്കോ 10:33-34).

മത്താ 16:12, മത്താ 17:22-23, മത്താ 20:18-19, ലൂക്കാ 9:22, ലൂക്കാ 9:44, ലൂക്കാ 18:31-33, മർക്കോ 9:7-10 എന്നിവയും കാണാവുന്നതാണ്.

## ഉത്ഥാനരഹസ്യം: ശത്രുക്കളുടെ വെളിപ്പെടുത്തൽ

യേശുവിന്റെ കുരിശുമരണത്തിന്റെ പിറ്റേന്ന് പ്രധാനപുരോഹിതന്മാരും ഫരിസേയരും പീലാത്തോസിന്റെ അടുക്കൽച്ചെന്നു പറഞ്ഞു: "യജമാനനേ, മൂന്നുദിവസം കഴിഞ്ഞ് ഞാൻ ഉയിർത്തെഴുന്നേല്ക്കുമെന്ന് ആ വഞ്ചകൻ ജീവിച്ചിരുന്ന

പ്പോൾ പറഞ്ഞത് ഞങ്ങൾ ഇപ്പോൾ ഓർമ്മിക്കുന്നു. അതിനാൽ മൂന്നാം ദിവസംവരെ ശവകുടീരത്തിനു കാവ ലേർപ്പെടുത്താൻ ആജ്ഞാപിക്കുക (മത്താ 27: 63-64).



മാനുഷികമായി പറഞ്ഞാൽ, നിരന്തരമായി ശത്രുക്കളാൽ വേട്ടയാ ടപ്പെടുന്ന ഒരു വ്യക്തിക്ക് താൻ പീഡകൾ സഹിച്ചു മരിക്കും എന്നത് കാലേകൂട്ടിപ്പറയാവുന്ന ഒരു സംഗതിയാണ്. പക്ഷേ, യേശു തന്റെ പീഡാസഹനമരണങ്ങളെക്കുറിച്ചു പറഞ്ഞ പ്പോഴൊക്കെയും നിസ്സംശയം പറഞ്ഞ മറ്റൊരു വസ്തുതയാണ് അവിടന്ന് മൂന്നാം നാൾ ഉയിർക്കുമെന്നത്. അന്നുവരെ ആരും പറയാതിരുന്നതും ഇന്നുവരെ ആർക്കും പറയാൻ സാധിക്കാത്തതുമായ ഒരു കാര്യമാണ്, മരിച്ചാൽ മൂന്നാംനാൾ ഉയിർത്തെ ഴുന്നേല്ക്കുമെന്നത്. അങ്ങനെ നോക്കുമ്പോൾ മരിച്ചാൽ ഉയിർക്കുമെന്ന് ഉറപ്പുള്ള വ്യക്തി തന്റെ പീഡാസഹനത്തെയും മരണത്തെയും ഉയിർപ്പിനെയുംപറ്റി പറ ഞ്ഞതൊക്കെയും വെറും ഊഹത്തിന്റെ പിൻബലത്തിൽ പറഞ്ഞതല്ല; മറിച്ച് അത് സത്യമായതുകൊണ്ടും അതിനുവേണ്ടി ഭൂമിയിൽ വന്നതുകൊണ്ടും പറഞ്ഞതാ ണെന്ന് നമുക്കു മനസ്സിലാക്കാനാവും. ഇതു വ്യക്തമാക്കുന്ന യേശുവിന്റെ തിരുവ ചനങ്ങൾ നമുക്കു ശ്രദ്ധിക്കാം:

> "ഞാൻ വന്നിരിക്കുന്നത് അവർക്കു ജീവനുണ്ടാകാനും അതു സമൃദ്ധമായി ഉണ്ടാകാനുമാണ്... ഞാൻ നല്ല ഇടയനാണ്... ആടുകൾക്കു വേണ്ടി ഞാൻ ജീവൻ അർപ്പിക്കുന്നു... തിരിച്ചെടുക്കുന്നതിനുവേണ്ടി ഞാൻ ജീവൻ അർപ്പിക്കുന്നതിനാൽ, പിതാവ് എന്നെ സ്നേഹിക്കു ന്നു. ആരും എന്നിൽനിന്ന് അതു പിടിച്ചെടുക്കുകയല്ല, ഞാൻ അതു സ്വമനസ്സാ സമർപ്പിക്കുകയാണ്. അതു സമർപ്പിക്കാനും തിരികെ എടു ക്കാനും എനിക്കധികാരമുണ്ട്" (യോഹ 10:10-18).

### ഉത്ഥാനം വെളിപ്പെടുത്തുന്ന അടിസ്ഥാനരഹസ്യങ്ങൾ

- മനുഷ്യകുലത്തിനു നിത്യജീവൻ നല്കാൻ വേണ്ടിയാണ് ക്രിസ്തു സ്വമനസ്സാ പീഡാസഹനവും മരണവും ഏറ്റെടുത്തത്.
- പാപത്തിന്റെമേലും മരണത്തിന്റെമേലുമുള്ള ആധിപത്യം ലോകത്തെ ബോധ്യപ്പെടുത്തുന്നതിനാണ്.

### യേശുക്രിസ്തു സത്യമായും മരിച്ചു; അടക്കപ്പെട്ടു

യേശുക്രിസ്തു കുരിശിൽ മരിച്ചു എന്നതും കല്ലറയിൽ സംസ്കരിക്കപ്പെട്ടു എന്നതും ചരിത്രയാഥാർത്ഥ്യങ്ങളും വിശ്വാസസത്യങ്ങളുമാണ്. ഇവ സംബന്ധിച്ച തിരുവചനസാക്ഷ്യങ്ങളിൽ ചിലത് ചുവടേ ചേർക്കുന്നു:

"അത് സാബത്തിനുള്ള ഒരുക്കത്തിന്റെ ദിവസമായിരുന്നു. ആ സാബത്ത് ഒരു വലിയ ദിവസമായിരുന്നു. സാബത്തിൽ ശരീരങ്ങൾ കുരിശിൽക്കിടക്കാതിരിക്കാൻവേണ്ടി അവരുടെ കാലുകൾ തകർക്കാനും അവരെ നീക്കംചെയ്യാനും യഹൂദർ പീലാത്തോസിനോട് ആവശ്യപ്പെട്ടു. അതിനാൽ പടയാളികൾ വന്ന് അവനോടുകൂടെ ക്രൂശിക്കപ്പെട്ടിരുന്ന രണ്ടുപേരുടെയും കാലുകൾ തകർത്തു. അവർ യേശുവിനെ സമീപിച്ചപ്പോൾ അവൻ മരിച്ചുകഴിഞ്ഞു എന്നു കാണുകയാൽ അവന്റെ കാലുകൾ തകർത്തില്ല. എന്നാൽ പടയാളികളിലൊരുവൻ അവന്റെ പാർശ്വത്തിൽ കുന്തംകൊണ്ടു കുത്തി. ഉടനേ അതിൽനിന്നു രക്തവും വെള്ളവും പുറപ്പെട്ടു. അതുകണ്ടയാൾതന്നെ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. അവന്റെ സാക്ഷ്യം സത്യവുമാണ്. നിങ്ങളും വിശ്വസിക്കേണ്ടതിന് താൻ സത്യമാണു പറയുന്നതെന്ന് അവൻ അറിയുകയും ചെയ്യുന്നു" (യോഹ 19:31-35).

"വൈകുന്നേരമായപ്പോൾ, അരിമത്തെയാക്കാരൻ ജോസഫ് എന്ന ധനികൻ അവിടെയെത്തി. അവനും യേശുവിനു ശിഷ്യപ്പെട്ടിരുന്നു. അവൻ പീലാത്തോസിന്റെ അടുത്തുചെന്ന് യേശുവിന്റെ ശരീരം ചോദിച്ചു. അത് അവനു വിട്ടുകൊടുക്കാൻ പീലാത്തോസ് കല്പിച്ചു. ജോസഫ് ശരീരമെടുത്ത് ശുചിയുള്ള ഒരു തുണിയിൽ പൊതിഞ്ഞ്, പാറയിൽ വെട്ടിയുണ്ടാക്കിയ തന്റെ പുതിയ കല്ലറയിൽ

സംസ്കരിച്ചു. കല്ലറയുടെ വാതിലിക്കൽ ഒരു വലിയ കല്ലുരുട്ടിവച്ചിട്ട് അവൻ പോയി. മഗ്ദലേനമറിയവും മറ്റേ മറിയവും ശവകുടീരത്തിനഭിമുഖമായി അവിടെ ഇരുന്നിരുന്നു (മത്താ 27:57-61).

യേശുവിനെ സംബന്ധിക്കുന്ന ധാരാളം ദുഷ്പ്രചാരണങ്ങൾ ശത്രുക്കൾ നടത്തിയിട്ടുണ്ട്. അവിടത്തെ മരണം സംബന്ധിച്ച് ദുഷ്പ്രചാരണങ്ങൾ നടത്തിയ കുപ്രസിദ്ധ ഒരു ലഘുലേഖയാണ് *യേശു മരിച്ചത് കാശ്മീരിൽ* എന്നത്. അതു തയ്യാറാക്കിയത് ഒരു ഇസ്ലാംമതവിശ്വാസിയാണ്. അദ്ദേഹം 1974-ൽ ബർമ്മയും ചൈനയുമായുള്ള യുദ്ധത്തിൽ പരിക്കേറ്റ് പട്ടാളത്തിൽ തുടരാനാവാതെ സൈന്യം വിടുകയും മുജാഹിദ്ദീൻപ്രസ്ഥാനത്തിൽ ചേർന്ന് അതിന്റെ റംഗൂണിലെ സെക്രട്ടറി ജനറൽ ആകുകയും ചെയ്തു. ബർമ്മയിൽ സുവിശേഷം പ്രസംഗിക്കുന്നവരെ ഇല്ലായ്മചെയ്യുക, ക്രിസ്ത്യാനികളെ വകവരുത്തുക, ക്രിസ്തീയതയെ അപകീർത്തിപ്പെടുത്തുക, ക്രിസ്തീയ പെൺകുട്ടികളെ വിവാഹംചെയ്ത് ഇസ്ലാംമതത്തിൽ ചേർക്കുന്ന ചെറുപ്പക്കാരെ ആദരിക്കുക തുടങ്ങിയവയായിരുന്നു സംഘടനാപ്രവർത്തനങ്ങൾ. യേശു മരിച്ചത് കാശ്മീരിൽ എന്ന ലഘുലേഖ ഈ സംഘടന ഇറക്കിയത് ഈ പ്രവർത്തനത്തിന്റെ ഭാഗമായാണ്. അദ്ഭുതകരമെന്നു പറയട്ടെ, ഈ ഇസ്ലാംമതവിശ്വാസി പിന്നീട് മാനസാന്തരപ്പെട്ട് ക്രിസ്ത്യാനിയായി ജൊനാഥൻ അൻസാർ എന്ന പേരു സ്വീകരിച്ചു. താൻ അച്ചടിച്ചു പ്രസിദ്ധീകരിച്ച ലഘുലേഖ നുണപ്രചാരണത്തിന്റെ ഭാഗമായിരുന്നു എന്ന് പിന്നീട് അദ്ദേഹം ഏറ്റു പറഞ്ഞു. അദ്ദേഹത്തിന്റെ ഈ വെളിപ്പെടുത്തലുകളുടെ കൂടുതൽ വിശദാംശങ്ങൾ 2004 ജനുവരിയിൽ സൺഡെ ശാലോമിനു നല്കിയ അഭിമുഖത്തിൽ കാണാവുന്നതാണ്. ഇന്ന് അദ്ദേഹം പൗലോസ് അപ്പസ്തോലനെപ്പോലെ ക്രിസ്തുവിനുവേണ്ടി രക്തംചിന്തിപ്പോലും മരിക്കാൻ സന്നദ്ധനായി ലോകമെങ്ങും സുവിശേഷത്തിനു സാക്ഷ്യംവഹിക്കുന്ന ഒരു ക്രൈസ്തവമെത്രാനായി ശുശ്രൂഷചെയ്യുന്നു.

### യേശുക്രിസ്തു സത്യമായും ഉയിർത്തെഴുന്നേറ്റു

നിയമങ്ങളും പ്രവാചകന്മാരും ക്രിസ്തുതന്നെയും പ്രവചിച്ചിരുന്നതുപോലെ അവിടന്ന് കുരിശിൽ മരിച്ച് മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റു.

"മരിച്ചവർക്ക് ഉത്ഥാനമില്ലെങ്കിൽ ക്രിസ്തുവും ഉയിർപ്പിക്കപ്പെട്ടിട്ടില്ല. ക്രിസ്തു ഉയിർപ്പിക്കപ്പെട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ്; നിങ്ങളുടെ വിശ്വാസവും വ്യർത്ഥം ( 1 കോറി 15:13-14). എന്നാൽ നിദ്രപ്രാപിച്ച എല്ലാവരുടെയും ആദ്യഫലമായി ക്രിസ്തു മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർപ്പിക്കപ്പെട്ടു. ഒരു മനുഷ്യൻവഴി മരണം ഉണ്ടായതുപോലെ ഒരു മനുഷ്യൻവഴി ഉത്ഥാനവും ഉണ്ടായി. ആദത്തിൽ എല്ലാവരും മരണാധീനരാകുന്നതുപോലെ, ക്രിസ്തുവിൽ എല്ലാവരും പുനർജീവിക്കും" (1 കോറി 16:20-22).

## കർത്താവിന്റെ ഉയിർപ്പിനുള്ള വിവിധസാക്ഷ്യങ്ങൾ

### 1. ശൂന്യമായ കല്ലറ



മരിച്ച് മൂന്നാംദിവസം ഉയിർത്തെഴുന്നേല്ക്കുമെന്ന യേശുവിന്റെ പ്രവചനം ശ്രവിച്ചിരുന്ന അവിടത്തെ ശത്രുക്കൾ കല്ലറയ്ക്കു മുദ്രവയ്ക്കുകയും കാവല്ക്കാരെ നിറുത്തി ഭദ്രമാക്കുകയും ചെയ്തു (മത്താ 27:62-66 വായിക്കുക). ഇങ്ങനെയൊക്കെ ഭദ്രമാക്കിയിട്ടും കർത്താവ് ഉയിർത്തെഴുന്നേറ്റു എന്ന് ശൂന്യമായ കല്ലറ സാക്ഷ്യപ്പെടുത്തുന്നു (ലൂക്കാ 24:1-12 വായിക്കുക).

കർത്താവിന്റെ ഉത്ഥാനശേഷം കല്ലറയിൽ പ്രവേശിച്ച പത്രോസും യോഹന്നാനും അവിടെ യേശുവിനെ പൊതിഞ്ഞ കച്ച കിടക്കുന്നതും തലയിൽകെട്ടിയിരുന്ന തൂവാല കച്ചയോടുകൂടെയല്ലാതെ തനിയേ ഒരിടത്ത് ചുരുട്ടിവച്ചിരിക്കുന്നതും കണ്ടു (യോഹ 20:6-7).



## 2. ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ നേരിൽക്കണ്ടവർ

ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ നേരിൽക്കണ്ടവരെക്കുറിച്ച് പൗലോസ് അപ്പസ്തോലൻ സാക്ഷ്യം നല്കുന്നതിപ്രകാരമാണ്: എനിക്കു ലഭിച്ചത് സർവപ്രധാനമായിക്കരുതി ഞാൻ നിങ്ങൾക്ക് ഏലിപിച്ചുതന്നു. വിശുദ്ധലിഖിതങ്ങളിൽ പറഞ്ഞിട്ടുള്ളതുപോലെ, ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിക്കുകയും സംസ്കരിക്കപ്പെടുകയും എഴുതപ്പെട്ടിരിക്കുന്നതുപോലെ മൂന്നാംനാൾ ഉയിർപ്പിക്കപ്പെടുകയും ചെയ്തു. അവൻ കേപ്പായ്ക്കും പിന്നീട് പന്ത്രണ്ടുപേർക്കും പ്രത്യക്ഷനായി. അതിനുശേഷം ഒരുമിച്ച് അഞ്ഞൂറിലധികം സഹോദരർക്ക് പ്രത്യക്ഷനായി. അവരിൽ ഏതാനും പേർ മരിച്ചുപോയി. മിക്കവരും ജീവിച്ചിരിപ്പുണ്ട്. അവൻ യാക്കോബിനും തുടർന്ന് മറ്റെല്ലാ അപ്പസ്തോലന്മാർക്കും കാണപ്പെട്ടു. ഏറ്റവും ഒടുവിൽ അകാലജാതന് എന്നപോലെ എനിക്കും അവിടന്ന് പ്രത്യക്ഷനായി (1 കോറി 15:3-8).

ഉത്ഥിതനായ യേശു മഗ്ദലനമറിയത്തിനും (യോഹ 20:11-18) എമ്മാവൂസി ലേക്കു പോയ ശിഷ്യന്മാർക്കും (ലൂക്കാ 24:13-32) അപ്പസ്തോലന്മാർക്കും (യോഹ 20:19-23; 24-29; 21:1-19) പ്രത്യക്ഷപ്പെട്ടു. എല്ലാം പ്രാരംഭം മുതൽ സൂക്ഷ്മമായി പരിശോധിച്ചശേഷം വിശുദ്ധ ലൂക്കായും എഴുതുന്നു: പീഡാനുഭവത്തിനുശേഷം നാല്പതു ദിവസത്തേക്ക് യേശു അവരുടെയിടയിൽ പ്രത്യക്ഷനായി ദൈവരാജ്യ ത്തെക്കുറിച്ച് പഠിപ്പിച്ചു. അങ്ങനെ, അവർക്ക് അവൻ വേണ്ടത്ര തെളിവുകൾ നല്കി ക്കൊണ്ട് ജീവിക്കുന്നവനായി പ്രത്യക്ഷപ്പെട്ടു (അപ്പ 1:3).

### 3 ശിഷ്യന്മാരിലുണ്ടായ രൂഢമൂലമായ മാറ്റം

യേശുവിനെ വധിക്കാൻ ബന്ധിച്ചുകൊണ്ടുപോയപ്പോൾ പ്രാണരക്ഷാർത്ഥം ഓടിപ്പോയ അപ്പസ്തോലന്മാർ പിന്നീട് യേശുവിനുവേണ്ടി മരിക്കാൻ തയ്യാറായി. രൂഢമൂലമായ ഈ മാറ്റം കർത്താവ് ഉയിർത്തു എന്നും അപ്പസ്തോലന്മാർ സത്യ മായും അതിനു സാക്ഷികളാണ് എന്നും വ്യക്തമാക്കുന്നു.

ന്യായാധിപസംഘത്തിന്റെ മുമ്പിൽ അവർ നല്കുന്ന ധീരതയാർന്ന സാക്ഷ്യം ഇപ്രകാരമാണ്:

"മനുഷ്യരെക്കാൾ ദൈവത്തെയാണ് അനുസരിക്കേണ്ടത്. നിങ്ങൾ മരത്തിൽ തൂക്കിക്കൊന്ന യേശുവിനെ നമ്മുടെ പിതാക്കന്മാരുടെ ദൈവം ഉയിർപ്പിച്ചു. ഇസ്രാ യേലിന് അനുതാപവും പാപമോചനവും നല്കാൻ ദൈവം അവനെ നാഥനും രക്ഷകനുമായി തന്റെ വലത്തുഭാഗത്തേക്ക് ഉയർത്തി. ഈ സംഭവങ്ങൾക്കു ഞങ്ങൾ സാക്ഷികളാണ്. തന്നെ അനുസരിക്കുന്നവർക്ക് ദൈവം പ്രദാനംചെയ്യുന്ന പരി ശുദ്ധാത്മാവ് ഇതിനു സാക്ഷിയാണ്" (അപ്പ 5:29-32). അവർ അപ്പസ്തോലന്മാരെ അകത്തുവിളിച്ചു പ്രഹരിച്ചശേഷം, യേശുവിന്റെ നാമത്തിൽ സംസാരിച്ചുപോക രുതെന്നു കല്പിച്ച് അവരെ വിട്ടയച്ചു. അവരാകട്ടെ, യേശുവിന്റെ നാമത്തെപ്രതി അപമാനം സഹിക്കാൻ യോഗ്യത ലഭിച്ചതിൽ സന്തോഷിച്ചുകൊണ്ട് സംഘ ത്തിന്റെ മുമ്പിൽനിന്നു പുറത്തുപോയി. എല്ലാ ദിവസവും ദൈവാലയത്തിൽവച്ചും ഭവനംതോറും ചെന്ന് യേശുവാണു ക്രിസ്തു എന്നു പഠിപ്പിക്കുന്നതിലും പ്രസം ഗിക്കുന്നതിലുംനിന്ന് അവർ വിരമിച്ചില്ല (അപ്പ 5:40-42).

## പ്രവർത്തനം -5

യോഹ 21:1-19 ഒരു തെരുവുനാടകശൈലിയിൽ അവതരിപ്പിക്കുക.

## പ്രവർത്തനം - 6

ചുവടേ ചേർക്കുന്ന പുതിയനിയമഭാഗങ്ങൾ ഗ്രൂപ്പുതിരിഞ്ഞു പരിശോധിച്ച് ഉയർത്തെഴുന്നേറ്റ യേശുവിനെ ആദിമസഭ കർത്താവ് എന്നു പ്രഘോഷിക്കുക വഴി എന്തൊക്കെ പ്രത്യേകതകൾ യേശുവിനുണ്ടെന്നു തിരിച്ചറിഞ്ഞെന്ന് ഒരു വാക്കിലോ വാക്യത്തിലോ ഓരോ ഉദ്ധരണിയുടെയും നേരേ കുറിക്കുക.

| |
|---|
| "മനുഷ്യപുത്രൻ വളരെയേറെ സഹിക്കുകയും ജനപ്രമാണികൾ, പ്രധാന പുരോഹിതന്മാർ, നിയമജ്ഞർ എന്നിവരാൽ തിരസ്കരിക്കപ്പെടുകയും വധിക്കപ്പെടുകയും മൂന്നു ദിവസങ്ങൾക്കുശേഷം ഉയിർത്തെഴുന്നേല്ക്കുകയും ചെയ്യേണ്ടിയിരിക്കുന്നുവെന്ന് അവരെ പഠിപ്പിക്കാൻ തുടങ്ങി" (മർക്കോ 8:31). |
| "യേശു പറഞ്ഞു: മനുഷ്യപുത്രൻ മനുഷ്യരുടെ കൈകളിൽ ഏല്പിക്കപ്പെടുകയും അവർ അവനെ വധിക്കുകയും ചെയ്യും. അവൻ വധിക്കപ്പെട്ട് മൂന്നു ദിവസം കഴിയുമ്പോൾ ഉയിർത്തെഴുന്നേല്ക്കും" (മർക്കോ 9:31). |
| യേശു പറഞ്ഞു: "ഇതാ, നമ്മൾ ജറുസലേമിലേക്കു പോകുന്നു. മനുഷ്യപുത്രൻ പ്രധാന പുരോഹിതന്മാർക്കും നിയമജ്ഞന്മാർക്കും ഏല്പിക്കപ്പെടും. അവർ അവനെ മരണത്തിനു വിധിക്കുകയും വിജാതീയർക്ക് ഏല്പിച്ചുകൊടുക്കുകയും ചെയ്യും. അവർ അവനെ പരിഹസിക്കുകയും അവന്റെമേൽ തുപ്പുകയും അവനെ പ്രഹരിക്കുകയും വധിക്കുകയും ചെയ്യും. മൂന്നു ദിവസത്തിനുശേഷം അവൻ ഉയിർത്തെഴുന്നേല്ക്കും" (മർക്കോ 10:33-34). |
| മത്താ 16:21; മത്താ 17:22-23; മത്താ 20:18-19; ലൂക്കാ 9:22; ലൂക്കാ 9:44; ലൂക്കാ 18:31-33; മർക്കോ 9:7-10 എന്നിവയും കാണാവുന്നതാണ്. |

കർത്താവേ എന്ന അഭിധാനം ദൈവികപരമാധികാരം സൂചിപ്പിക്കുന്നു. യേശുവിനെ കർത്താവായി ഏറ്റുപറയുകയോ വിളിച്ചപേക്ഷിക്കുകയോ ചെയ്യുന്നത് അവിടത്തെ ദൈവത്വത്തിൽ വിശ്വസിക്കുന്നതിനാലാണ്. പൗലോസ് അപ്പസ്തോലൻ പഠിപ്പിക്കുന്നതുപോലെ, "യേശു, കർത്താവാണെന്നു പറയാൻ പരിശുദ്ധാത്മാവു മുഖേനയല്ലാതെ ആർക്കും സാധിക്കുകയില്ല" (1 കോറി 12:3).

ഉത്ഥിതനായ ക്രിസ്തുവിനെ നേരിൽക്കണ്ട തോമസ് അപ്പസ്തോലൻ ഉദ്ഘോഷിച്ചു: "എന്റെ കർത്താവേ, എന്റെ ദൈവമേ!" (യോഹ 20:28). ഈ പ്രഘോഷണം യേശുവിന്റെ കർതൃത്വത്തിന്റെ ഏറ്റുപറച്ചിലും അവിടത്തേക്കുള്ള ആരാധനയുമാണ്.

## ഉയിർപ്പ് പരിശുദ്ധത്രിത്വത്തിന്റെ പ്രവൃത്തിയാണ്

ഉത്ഥാനസംഭവത്തിൽ, ദൈവത്തിലെ മൂന്നാളുകളും തങ്ങളുടെ സവിശേഷതകൾക്കനുസരിച്ച് ഒരുമിച്ചു പ്രവർത്തിക്കുന്നു.

- ഉയിർപ്പിലൂടെ പിതാവ് തന്റെ ശക്തി വെളിപ്പെടുത്തി.
- പുത്രൻ, താൻ സ്വതന്ത്രമായി സമർപ്പിച്ച ജീവൻ, തന്റെ ദേഹിയും ദേഹവും സംയോജിപ്പിച്ചുകൊണ്ട് തിരിച്ചെടുക്കുന്നു (യോഹ 10:17).
- പരിശുദ്ധാത്മാവ് ജീവിപ്പിക്കുകയും മഹത്ത്വപ്പെടുത്തുകയും ചെയ്യുന്നു.

## യേശുവിന്റെ ഉയിർപ്പിന്റെ രക്ഷാകരമായ അർത്ഥവും പ്രാധാന്യവും

- ഉയിർപ്പ് മനുഷ്യാവതാരത്തിന്റെ പരകോടിയാണ്.
- യേശു പഠിപ്പിച്ചവയുടെയും പ്രവർത്തിച്ചവയുടെയും സ്ഥിരീകരണമാണത്.
- യേശു സത്യമായും ക്രിസ്തുവാണ് എന്നതിന്റെ ഉറപ്പാണത്.
- യേശുക്രിസ്തു ദൈവമായ കർത്താവാണെന്നതിന്റെ ഉത്തമമായ തെളിവാണത്.
- പാപത്തെയും മരണത്തെയും ജയിച്ച ഉത്ഥിതനാണ് നമ്മുടെ നീതീകരണത്തിന്റെയും ഉത്ഥാനത്തിന്റെയും പ്രമാണം.

* അതിനാൽ ക്രിസ്തുവിലുള്ള ദത്തുപുത്രത്വമാകുന്ന കൃപ ഉത്ഥാനമെന്ന സത്യം നമുക്കു നേടിത്തരുന്നു.
* ഈ ദത്തുപുത്രത്വം ദൈവത്തിന്റെ ഏകജാതനിലുള്ള ജീവന്റെ യഥാർത്ഥ പങ്കുചേരലാണ്.
* ഉത്ഥാനം ചെയ്ത യേശു സമയത്തിന്റെ സമാപ്തിയിൽ നമ്മുടെ ശരീരങ്ങളെയും പുനർജ്ജീവിപ്പിക്കും.

### സഭയുടെ ദൗത്യം

* അനീതിയും അടിച്ചമർത്തലും രോഗങ്ങളും മരണവും എന്നും ഉയർത്തുന്ന ചോദ്യങ്ങൾക്ക് ചരിത്രത്തിന്റെ നടുവിൽ ഏക ഉത്തരമായി നിലകൊള്ളുന്നവനാണ് യേശുക്രിസ്തു.
* ദരിദ്രനോടു സുവിശേഷം പ്രസംഗിച്ച് ബന്ധിതർക്കു മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കുഷ്ഠരോഗികൾക്കു പോലും സൗഖ്യവും നല്കിയവനാണ് കർത്താവായ യേശുക്രിസ്തു.
* മരിച്ചവരെ ഉയിർപ്പിച്ച് മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റ് ഇന്നും ജീവിക്കുന്നവനാണ് കർത്താവായ യേശുക്രിസ്തു.
* അന്നത്തെപ്പോലെ ഇന്നും അനീതിയും അടിച്ചമർത്തലും രോഗങ്ങളും മരണവും ഉയർത്തുന്ന ചോദ്യങ്ങൾക്ക് ചരിത്രത്തിന്റെ നടുവിലുള്ള ഏക ഉത്തരവും അവിടന്നുതന്നെ.

ശത്രുവിനെപ്പോലും രക്ഷിക്കുന്ന പരസ്നേഹത്തിന്റെ അടിത്തറയിൽ സ്ഥാപിതമായ അവിടത്തെ ദൈവരാജ്യം എല്ലാ മനുഷ്യരുടെയിടയിലും പ്രഘോഷിക്കുകയാണ് സഭയുടെ ദൗത്യം. ക്രിസ്തു തന്റെ രക്ഷാകരരാജ്യത്തിന്റെ വിത്തും ആരംഭവുമായി സഭയെ ഈ ഭൂമിയിൽ രൂപപ്പെടുത്തി. ലോകമെമ്പാടുമുള്ള മനുഷ്യരുടെ ഇടയിൽ പരിശുദ്ധാത്മശക്തിയാൽ അതു വളർന്ന്, പടർന്ന് പന്തലിക്കണം. ഈ ദൗത്യം സഭാമക്കളിലൂടെയാണ്, പ്രത്യേകിച്ച് യുവതീയുവാക്കളിലൂടെയാണ്, ക്രിസ്തു ഇന്നു നിർവഹിക്കുന്നത്.

"നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു ജ്ഞാനസ്നാനം നല്കുവിൻ. ഞാൻ നിങ്ങളോടു കല്പിച്ചവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ, യുഗാന്തംവരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" (മത്താ 28:19-20).

സഭ സ്വഭാവത്താൽത്തന്നെ പ്രേഷിതയാണ്. അവളെന്നും ക്രിസ്തു ഭരമേല്പിച്ച ഈ ദൗത്യം തുടരണം. കാരണം, എല്ലാവരും രക്ഷിക്കപ്പെടണമെന്നും സത്യം അറിയണമെന്നുമാണ് അവിടന്ന് ആഗ്രഹിക്കുന്നത് (1 തിമോ 2:4). വിശ്വാസത്തിന്റെ ഐക്യത്തിലും ദൈവപുത്രനെക്കുറിച്ചുള്ള പൂർണജ്ഞാനത്തിലും എല്ലാവരും എത്തിച്ചേരുകയും ക്രിസ്തുവിന്റെ പൂർണതയുടെ അളവനുസരിച്ച് പക്വതയാർന്ന മനുഷ്യരാവുകയും ചെയ്യുന്നതുവരെ ഇതു തുടരേണ്ടിയിരിക്കുന്നു (എഫേ 4:13).

"യേശു" എന്ന നാമത്തിനർത്ഥം 'ദൈവം രക്ഷിക്കുന്നു' എന്നാണ്.

"ക്രിസതു" എന്ന പേരിന്റെയർത്ഥം 'അഭിഷിക്തൻ'/ 'മിശിഹാ' എന്നാണ്.

"ദൈവപുത്രൻ" എന്ന പേര് യേശുക്രിസ്തുവിന് പിതാവായ ദൈവത്തോടുള്ള അനന്യവും സനാതനവുമായ ബന്ധമാണു സൂചിപ്പിക്കുന്നത്.

"കർത്താവ്" എന്ന അഭിധാനം അവിടത്തെ ദൈവികമായ പരമാധികാരം സൂചിപ്പിക്കുന്നു.

യേശുവിനെ കർത്താവായി ഏറ്റു പറയുകയോ വിളിച്ചപേക്ഷിക്കുകയോ ചെയ്യുന്നത് അവിടത്തെ ദൈവത്വത്തിൽ വിശ്വസിക്കുന്നതിനാലാണ്. "യേശു കർത്താവാണെന്നു പറയാൻ പരിശുദ്ധാത്മാവ് മുഖേനയല്ലാതെ ആർക്കും സാധിക്കുകയില്ല" (1 കോറി 12:3).

## പ്രവർത്തനം - 7

അപ്പസ്തോലന്മാരുടെയും രക്തസാക്ഷികളുടെയും മാതൃക അനുകരിച്ച് ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന് നിങ്ങളുടെ ഇടവകസമൂഹത്തിലും പുറത്തും സാക്ഷ്യം വഹിക്കാൻ ഒരു വാർഷിക കർമ്മപദ്ധതി ഗ്രൂപ്പ് തിരിഞ്ഞ് തയ്യാറാക്കുക.


4
ജീവന്റെ മഹത്ത്വം




2010 ഓഗസ്റ്റ് അഞ്ചിന് ചിലിയിലെ അറ്റക്കാമമരുഭൂമിയിൽ 2041 അടി ആഴമുള്ള സാൻജോസ് ഖനിയുടെ മുകൾഭാഗം മണ്ണിടിഞ്ഞ് അടയുകയും മുപ്പത്തിമൂന്ന് തൊഴിലാളികൾ അതിൽ അകപ്പെടുകയും ചെയ്തു എന്ന വാർത്ത ഞെട്ടലോടെയാണ് ലോകം ശ്രവിച്ചത്. അവിശ്വസനീയമായ മനോധൈര്യത്തിന്റെയും നിശ്ചയദാർഢ്യത്തിന്റെയും നിസ്വാർത്ഥമായ കൂട്ടായ്മയുടെയും ലോക ജനതയുടെ കരളുരുകിയുള്ള പ്രാർത്ഥനയുടെയും ഫലമായി അറുപത്തൊമ്പത് ദിവസം നീണ്ടുനിന്ന രക്ഷാപ്രവർത്തനത്തിലൂടെ എല്ലാവരെയും ജീവന്റെ വെളിച്ചത്തിലെത്തിക്കാൻ സാധിച്ചു. പുതുതായി തുറന്ന തുരങ്കത്തിലൂടെ ഫീനിക്സ് എന്ന രക്ഷാപേടകം താഴേക്കിറക്കിയാണ് ഓരോരുത്തരെയും രക്ഷപ്പെടുത്തിയത്.

മരണം ഒരിക്കൽ നിശ്ചയം എന്നറിയാവുന്ന നാമെന്തിന് ജീവൻ സംരക്ഷിക്കാൻ ഇത്രമാത്രം കഷ്ടപ്പെടണം? അറുപത്തൊമ്പത് ദിവസത്തെ കഠിനാധ്വാനവും കോടിക്കണക്കിനു രൂപയുടെ സാമ്പത്തികനഷ്ടവും എന്തിനു വേണ്ടിയായിരുന്നു? ഇങ്ങനെയൊക്കെ പലരും ചോദിച്ചേക്കാം. ഇത്തരം ചോദ്യങ്ങൾക്കു പ്രസക്തിയുണ്ടോ?



ഏതു കാലാവസ്ഥാവ്യതിയാനവും അതിജീവിക്കാനാകുന്ന സജ്ജീകരണങ്ങളുടെ ശൃംഖലയുൾക്കൊള്ളുന്ന ഗർഭപാത്രമാണ് മനുഷ്യജീവന്റെ ആദ്യനാളുകൾക്കായി ദൈവം ഒരുക്കിയിരിക്കുന്നത്. ഭാര്യാഭർത്താക്കന്മാരുടെ പരസ്പര സ്നേഹസമർപ്പണത്തിലൂടെ ഇവിടെ നിക്ഷേപിക്കപ്പെടുന്ന ഭ്രൂണത്തെ ജീവദാതാവ് സംരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്നു. അമ്മയുടെ ഉദരത്തിലെ സങ്കീർണത നിറഞ്ഞ സംവിധാനങ്ങൾ ശാസ്ത്രത്തെപ്പോലും അദ്ഭുതപ്പെടുത്തുന്ന വിധത്തിലാണെന്ന് നാം മനസ്സിലാക്കുമ്പോൾ ജീവൻ സംരക്ഷിക്കാനും പരിപോഷിപ്പിക്കാനും വളർത്താനുമുള്ള ദൈവത്തിന്റെ കരുതൽ വിസ്മയനീയമല്ലേ?

### പ്രവർത്തനം-1

അറ്റക്കാമസംഭവത്തിന്റെയും ഒരു ശിശു ജന്മംകൊള്ളുന്നതിന് ദൈവം സജ്ജീകരിച്ചിരിക്കുന്ന സംവിധാനങ്ങളുടെയും വെളിച്ചത്തിൽ താഴെ പറയുന്ന ചോദ്യങ്ങൾ ഗ്രൂപ്പു തിരിഞ്ഞ് ചർച്ചചെയ്യുക.

1. മനുഷ്യജീവൻ അമൂല്യമാണെന്നു പറയുന്നതെന്തുകൊണ്ട്?
2. ജീവൻ സംരക്ഷിക്കാൻ നാം കടപ്പെട്ടിരിക്കുന്നതെന്തുകൊണ്ട്?

### ദൈവം ജീവന്റെ ദാതാവും ഉടമസ്ഥനും

പതഞ്ഞൊഴുകുന്ന കാട്ടാറും തെന്നലിലാടുന്ന വൃക്ഷലതാദികളും വാനിൽ പാറിപ്പറക്കുന്ന കുഞ്ഞാറ്റക്കിളികളും ആഴിയിലെ അദ്ഭുതജീവിതവും ആകാശമാറിലെ താരസമൂഹവും പ്രപഞ്ചത്തിലെ ഓരോ അണുവും ജീവന്റെ മഹത്ത്വമാണു പ്രഘോഷിക്കുന്നത്. എല്ലാറ്റിനുമുപരി സർവസൃഷ്ടിജാലങ്ങളുടെയും മകുടമായി നിലകൊള്ളുന്ന മനുഷ്യജീവൻ ഏറ്റവും മഹത്തരമാണ്.

ദൈവമാണ് ജീവന്റെ ദാതാവും ഉടമസ്ഥനും. അതുപോലെ, ജീവന്റെ സ്വാഭാവികമായ ആരംഭം മുതൽ സ്വാഭാവികമായ അന്തംവരെ അതിന്റെ കാവലും പരി

പോഷണവും മനുഷ്യന്റെ ഉത്തരവാദിത്വമാണ്. ബൈബിളിൽ ഉത്പത്തി മുതൽ വെളിപാടുവരെയുള്ള എഴുപത്തിമൂന്ന് പുസ്തകങ്ങളിലും ജീവൻ അമൂല്യമാണെന്നും അത് പരിപോഷിപ്പിക്കപ്പെടുകയും പരിരക്ഷിക്കപ്പെടുകയും ചെയ്യേണ്ടതാണെന്നും നമ്മൾ കാണുന്നു.

### പ്രവർത്തനം-2

മനുഷ്യനെ തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കുന്ന ദൈവമാണ് (ഉത്പ 1: 26) ജീവന്റെ ദാതാവും ഉറവിടവുമെന്ന് താഴേ പറയുന്ന വചന ഭാഗങ്ങളുടെ വെളിച്ചത്തിൽ ചർച്ച ചെയ്ത് കണ്ടെത്തുക.

1. ഉത്പ 1:26-27
2. ഏശ 43:1-2
3. ഏശ 49: 15-16
4. ജറെ 1:5
5. സങ്കീ 139: 13-18
6. സങ്കീ 8:5

സൃഷ്ടികർമ്മം നിർവഹിക്കുന്ന ദൈവം മനുഷ്യനെ സൃഷ്ടിക്കുന്നത് മറ്റു ജീവജാലങ്ങളെ സൃഷ്ടിച്ചപ്പോൾ മനുഷ്യനെ ദൈവം സ്വന്തം ഛായയിലും സാദൃശ്യത്തിലും മെനഞ്ഞെടുക്കുകയും ദൈവത്തിന്റെ തന്നെ ജീവശ്വാസം നല്കി ജീവനുള്ളവനാക്കി മാറ്റുകയും ചെയ്യുന്നു. ഇതിൽ നിന്ന് മനുഷ്യജീവൻ ദൈവദത്തമാണെന്നും അമൂല്യമാണെന്നും ദൈവം മാത്രമാണ് ജീവന്റെ ഉടമയെന്നും നാം മനസ്സിലാക്കുന്നു.

### ജീവഹാനി ദൈവം വെറുക്കുന്നു

ആബേലിന്റെ ജീവൻ നഷ്ടപ്പെടുത്തിയ കായേനെ ദൈവം ചോദ്യംചെയ്യുമ്പോൾത്തന്നെയും കായേന്റെ ജീവൻ സംരക്ഷിക്കാൻ ദൈവം ശ്രദ്ധിക്കുന്നു (ഉത്പ 4:15).

വിശ്വാസികളുടെ പിതാവായ അബ്രാഹത്തോട് ദൈവത്തിലുള്ള വിശ്വാസ ത്തിന്റെ ആഴമളക്കാൻ തന്റെ ഏകജാതനായ ഇസഹാക്കിനെ ബലിയർപ്പിക്കാൻ ആവശ്യപ്പെട്ടെങ്കിലും അവനെ ഹനിക്കാൻ ദൈവം അനുവദിക്കുന്നില്ല. പകരം ഒരു കുഞ്ഞാടിനെ അബ്രാഹം ബലിയർപ്പിക്കുന്നു. ജീവഹാനി മാത്രമല്ല, ജീവ നെതിരായ എല്ലാ തിന്മകളും ദൈവം വെറുക്കുന്നു. ദൈവത്തിന്റെ തിരഞ്ഞെടുക്ക പ്പെട്ട ജനമായ ഇസ്രായേൽ ഈജിപ്തുകാരുടെ അടിമത്തത്തിൽ കഴിയുന്ന കാലത്ത് ദൈവത്തെ വിളിച്ചു കരയുകയുണ്ടായി; അവരുടെ രോദനം കേട്ട ദൈവം (പുറ 2:23-25) മോശവഴി അവരെ അടിമത്തത്തിൽ നിന്നു രക്ഷിക്കുന്നു. അദ്ഭുത കരമായി ചെങ്കടൽ ഭേദിച്ച് ഈജിപ്തിൽ നിന്ന് അവരെ കടത്തിക്കൊണ്ടുപോരു കയും നാല്പതുവർഷം മരുഭൂമിയിലൂടെ നയിച്ച് കാനാൻ ദേശത്തിന്റെ സമൃദ്ധി യിലേക്ക് ദൈവം നയിക്കുകയും ചെയ്തു. ഇക്കാലമത്രയും ആകാശത്തു നിന്ന് മന്ന വർഷിച്ചും പാറപൊട്ടിച്ച് വെള്ളംകൊടുത്തും അവരുടെ വിശപ്പും ദാഹവും അകറ്റിയ ദൈവം രാത്രി അഗ്നിസ്തംഭമായും പകൽ മേഘത്തൂണായും അവർക്ക് സംരക്ഷണം നല്കി.

ഇസ്രായേൽ ജനത്തെ മാത്രമല്ല, ഓരോ മനുഷ്യവ്യക്തിയുടെ ജീവൻ സംര ക്ഷിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്ന ദൈവത്തിന്റെ ചിത്രം രക്ഷാകര ചിത്രത്തിൽ ദൃശ്യമാണ്.

### ക്രിസ്തു ജീവനും നിത്യജീവന്റെ ദാതാവും

ക്രിസ്തുവിന്റെ മനുഷ്യാവതാരലക്ഷ്യം തന്നെ പാപത്തിന്റെ അടിമത്തത്തിൽ നിന്ന് മനുഷ്യകുലത്തെ മോചിപ്പിക്കുകയും ഏവരെയും നിത്യജീവന് അവകാശി കളാക്കുകയുമായിരുന്നു. ക്രിസ്തുവിന്റെ എല്ലാ പ്രവൃത്തികളും ജീവൻ സംര ക്ഷിക്കുന്നതിനും നിലനിറുത്തുന്നതിനും വേണ്ടിയുള്ളതായിരുന്നു. “അവിടന്നു പറഞ്ഞു: ഞാൻ വന്നിരിക്കുന്നത് അവർക്ക് ജീവനുണ്ടാകാനും അത് സമൃദ്ധ മായി ഉണ്ടാകാനുമാണ്” (യോഹ 10: 10).

രോഗികളെ സുഖപ്പെടുത്തിയും മരിച്ചവരെ ഉയിർപ്പിച്ചും മനുഷ്യമഹത്ത്വം നഷ്ടപ്പെട്ടവർക്ക് അതു തിരിച്ചുനല്കിയും മനുഷ്യജീവൻ വിലപ്പെട്ടതാണെന്ന്

ക്രിസ്തു വെളിപ്പെടുത്തി. സഹനവും മരണവും ഉത്ഥാനവും വഴി മനുഷ്യ ജീവന്റെ നിത്യത ക്രിസ്തു സാധ്യമാക്കുകയും ചെയ്തു.

## മനുഷ്യൻ ജീവന്റെ സംരക്ഷകൻ

ഉദരത്തിൽ ഒരു കുഞ്ഞ് രൂപപ്പെടുന്നെന്നു തിരിച്ചറിയുന്ന അമ്മ എത്രയോ കരുതലോടെയാണ് പെരുമാറുന്നത്! അവൾ ജോലി ചെയ്യുമ്പോഴും യാത്രചെയ്യു മ്പോഴും ഉണ്ണുമ്പോഴും ഉറങ്ങുമ്പോൾപ്പോലും ഏറെ ജാഗ്രതയുള്ളവളാണ്. കുഞ്ഞ് ജനിച്ചു കഴിഞ്ഞാൽ അവൾ അതിന് ആവശ്യമായ പോഷകങ്ങൾ നല്കി വളർത്തു കയും തീയിൽനിന്നും വെള്ളത്തിൽ നിന്നും മറ്റ് അനർത്ഥങ്ങളിൽ നിന്നും സദാ സംരക്ഷിക്കുകയും ചെയ്യുന്നു. കുഞ്ഞ് പ്രായപൂർത്തിയായാൽപോലും അവളുടെ

### മനുഷ്യജീവൻ അമൂല്യമാണ്

- മനുഷ്യൻ ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടി ക്കപ്പെട്ടതുകൊണ്ടും ദൈവികജീവനിൽ പങ്കാളിയാകുന്നതു കൊണ്ടും (ഉത്പ 1:26-27; ജി എസ് 19; ഇ വി 41; കോറി 3:16; 6:19).
- മനുഷ്യൻ ഒരു അടിസ്ഥാനമായതുകൊണ്ടും (***basic good***) ഏറ്റവും ഉന്നതമായ മൂല്യമായതുകൊണ്ടും (***highest value***).
- മനുഷ്യൻ സൃഷ്ടിയുടെ മകുടമായതുകൊണ്ടും (***crown of creation***) മനുഷ്യജീവന് ഉന്നതമായ മഹത്ത്വമുള്ളതുകൊണ്ടും (***unique dignity***).
- മനുഷ്യജീവൻ അലംഘനീയമായതുകൊണ്ടും (***inviolable***) അതായത്, മനുഷ്യജീവൻ ഒരു തരത്തിലും നശിപ്പിക്കപ്പെട്ടുകൂടാ ത്തതും (***GS 51***) പരിപോഷിപ്പിക്കപ്പെടേണ്ടതുകൊണ്ടും.

ഓരോ ജീവനെയും അംഗീകരിക്കുകയും സ്നേഹിക്കുകയും ബഹു മാനിക്കുകയും സംരക്ഷിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുന്നതിന് മനുഷ്യന് ഉത്തരവാദിത്വമുണ്ട്.

സ്നേഹത്തിനും കരുതലിനും കുറവുവരുന്നില്ല. മനുഷ്യന്റെ കാര്യത്തിൽ മാത്ര മല്ല പ്രകൃതിയിലെ മറ്റു ജീവജാലങ്ങളുടെ കാര്യത്തിലും ഇതു പ്രകടമാണ്.

ഉദ്ഭവം മുതൽ അമ്മയും മറ്റുള്ളവരും കരുതലോടെ സംരക്ഷിച്ചുപോരുന്ന ഒരാളുടെ ജീവൻ സ്വയംസംരക്ഷിക്കാനും പരിപോഷിപ്പിക്കാനും അയാൾക്കു കട മയുണ്ട്. അതുപോലെ, അപരന്റെ ജീവൻ സംരക്ഷിക്കാനുള്ള കടമയും കടപ്പാടും പ്രകൃത്യാ മനുഷ്യനുണ്ട്. ഇത് ജീവദാതാവായ ദൈവം മനുഷ്യരിൽ നിക്ഷേപിച്ച ഉത്തരവാദിത്വമാണ്. സഹാദരനായ ആബേലിന്റെ ജീവൻ അപഹരിച്ച കായേ നോട് ദൈവം ചോദിച്ചു: നിന്റെ സഹോദരൻ ആബേൽ എവിടെ? (ഉത്പ 4: 9). തന്റെ സഹോദരന്റെ ജീവൻ സംരക്ഷിക്കുകയും അതിനു കാവലിരിക്കുകയും ചെയ്യേണ്ട കായേൻ, പക്ഷേ, ദൈവത്തോടു തിരിച്ചുചോദിച്ചു "സഹോദരന്റെ കാവ ല്കാരനാണോ ഞാൻ?" (ഉത്പ 4:9).



കായേന്റെ ജീവനു കാവലിരുന്ന് സംരക്ഷണം നല്കിയ ദൈവം, സ്വന്തം സഹോദരന്റെ ജീവന്റെ കാവല്കാരനാണു താനെന്ന് കായേനെ പഠിപ്പിച്ചു. കർത്താവു പറഞ്ഞു: "കായേനെ കൊല്ലുന്നവന്റെമേൽ ഏഴിരട്ടിയായി ഞാൻ പ്രതികാരം ചെയ്യും. ആരും കായേനെ കൊല്ലാതിരിക്കാൻ കർത്താവ് അവന്റെ മേൽ ഒരടയാളം പതിച്ചു" (ഉത്പ 4: 15).

സ്വന്തം സഹോദരന്റെ ജീവൻ അപഹരിച്ച കായേന്റെ ജീവൻപോലും എക്കാലവും സംരക്ഷിക്കുന്ന ദൈവം ഈ സത്യമാണ് നമ്മെ പഠിപ്പിക്കുന്നത്. സ്വന്തം ജീവനും അപരന്റെ ജീവനും, അതു ശത്രുവിന്റേതായാൽപ്പോലും, സംരക്ഷിക്കപ്പെടേണ്ടതാണ്. ജീവന്റെ ദാതാവും ഉടമസ്ഥനുമായ ദൈവം ജീവന്റെ സംരക്ഷകനും കാവല്കാരനുമായി നിയമിച്ചിരിക്കുന്നത് മനുഷ്യനെയാണ്.

### പ്രവർത്തനം-3

മനുഷ്യജീവൻ ഹനിക്കുന്ന പ്രവണതകൾ ഇന്ന് ഏറെയാണ്. ജീവനുനേരേയുള്ള ഭീഷണികൾ സംബന്ധിച്ച് ആനുകാലികങ്ങളിൽ നിന്ന് വാർത്തകളും ചിത്രങ്ങളും ശേഖരിച്ച് ഒരു കൊളാഷ് തയ്യാറാക്കുക. ഈ തിന്മകൾക്കെതിരേയുള്ള നമ്മുടെ നിലപാട് വ്യക്തമാക്കുന്നതും നാം മനുഷ്യജീവന്റെ സംരക്ഷകരാണ് എന്നു വെളിപ്പെടുത്തുന്നതുമായ കുറച്ചു മുദ്രാവാക്യങ്ങളും തയ്യാറാക്കുക.

മനുഷ്യജീവനെതിരായ തിന്മകൾ ഏവയെന്നും അതിനെ സംബന്ധിച്ച് സഭ പഠിപ്പിക്കുന്നതെന്തെന്നും താഴേ കൊടുത്തിരിക്കുന്നതിൽ നിന്നു മനസ്സിലാക്കുക. (*CCC 2321-2330*)

### ജീവനെതിരായ തിന്മകൾ

മറ്റുള്ളവരുടെ ജീവനും പൊതുനന്മയ്ക്കും സംരക്ഷണം നല്കുക എന്നത് ഉത്തരവാദിത്വമുള്ള ആരുടെയും ഗൗരവപൂർണമായ ചുമതലയാണ്.

- കൊല്ലരുതെന്ന കല്പന നിലനില്ക്കുമ്പോഴും അന്യായമായി അക്രമം അഴിച്ചുവിടുന്ന ഒരാളെ നിർവീര്യനാക്കാനുള്ള നമ്മുടെ അവകാശം ഇല്ലാതാകുന്നില്ല.

- ഗർഭധാരണം മുതൽ ശിശുവിനു ജീവിക്കാൻ അവകാശമുണ്ട്. നേരിട്ടുള്ള ഗർഭഛിദ്രം, ധാർമ്മികനിയമത്തിനു വിരുദ്ധമായ ഗൗരവമുള്ള കുറ്റകൃത്യ മാണ് (*GS 27 & 3*) മനുഷ്യജീവനെതിരായ ഈ കുറ്റത്തിന് കാനോൻ നിയമം മഹറോൻ ശിക്ഷ (തിരുസഭയിൽ നിന്നു പുറത്താക്കൽ) കല്പിച്ചി രുന്നു. (*C1C 1398*)

- ഗർഭധാരണം മുതൽ ഭ്രൂണം ഒരു വ്യക്തിയായി പരിഗണിക്കപ്പെടേണ്ടതു കൊണ്ട്, മറ്റേതു മനുഷ്യജീവിയെയുംപോലെ ഭ്രൂണം അതിന്റെ സമഗ്രത യിൽ സംരക്ഷിക്കപ്പെടുകയും രോഗവിമുക്തമാക്കപ്പെടുകയുംവേണം.

- മനഃപൂർവമായ ദയാവധം, അതിന്റെ രീതികളും ഉദ്ദേശ്യങ്ങളും എന്തായാ ലും, കൊലപാതകമാണ്. അതു മനുഷ്യവ്യക്തിയുടെ മാഹാത്മ്യത്തിനും അവന്റെ സ്രഷ്ടാവായ, ജീവിക്കുന്ന ദൈവത്തോടുള്ള ആദരത്തിനും ഗൗര വമാംവിധം എതിരാണ്.

- ആത്മഹത്യ നീതിക്കും പ്രത്യാശയ്ക്കും സ്നേഹത്തിനുമെതിരായ ഗൗരവ മുള്ള തെറ്റാണ്. അഞ്ചാം പ്രമാണം അതു വിലക്കുന്നു.

- പ്രവൃത്തിയാലോ ഉപേക്ഷയാലോ മറ്റുള്ളവരെ മന:പൂർവം പാപത്തിലേക്കു നയിക്കാനിടയാക്കുന്ന വിധത്തിലുള്ള ഉതപ്പ് (*scandal*) ഗൗരവമുള്ള തെറ്റാ കുന്നു.

- എല്ലാ യുദ്ധങ്ങളുടെയും ഫലം തിന്മകളും അനീതികളുമായതുകൊണ്ട് യുദ്ധം ഒഴിവാക്കാൻ സാധിക്കുന്നതെല്ലാം നാം ചെയ്യണം. “പട്ടിണി, പകർച്ച വ്യാധി, യുദ്ധം എന്നിവയിൽ നിന്നു ഞങ്ങളെ കാക്കണമേ, കർത്താവേ” എന്ന് സഭ നിരന്തരം പ്രാർത്ഥിക്കുന്നു.

- അന്താരാഷ്ട്രനിയമത്തിനും അതിന്റെ സാർവത്രികതത്ത്വങ്ങൾക്കുമെതിരേ കരുതിക്കൂട്ടിയുള്ള പ്രവൃത്തികൾ കുറ്റകൃത്യങ്ങളാണ്.

- ആയുധമത്സരം മനുഷ്യകുലത്തിന്മേലുള്ള ഏറ്റവും വലിയ ശാപങ്ങളിലൊ ന്നാണ്. അതു സാധുക്കളുടെമേൽ ദുസ്സഹമായ ഭാരം ചുമത്തുന്നു(*GS 81&3*).

### ജീവനെതിരായ പരോക്ഷ (*indirect*) തിന്മകൾ

1. വായു, ജലം, ഭൂമി ഇവ മലീമസമാക്കുന്നത്.
2. വനനശീകരണം, മണൽവാരൽ
3. കുന്ന്, വയലുകൾ, മലകൾ എന്നിവ നികത്തുന്നതും ജലസ്രോതസ്സുകൾ ഇല്ലാതാക്കുന്നതും.
4. വൃക്ഷത്തൈകളും ചെടികളും വച്ചുപിടിപ്പിക്കാതിരിക്കുന്നതും സംരക്ഷിക്കപ്പെടാതിരിക്കുന്നതും.
5. കായൽ, കടൽസമ്പത്തിന്റെ അമിതമായ ചൂഷണം
6. വിഷാംശം കലർന്ന വസ്തുക്കളുടെ നിർമ്മാണവും ഉപയോഗവും
7. ഭക്ഷണപദാർത്ഥങ്ങളിൽ മായംചേർക്കൽ
8. രാസവസ്തുക്കൾ, നിരോധിക്കപ്പെട്ട മരുന്നുകൾ എന്നിവയുടെ ഉപയോഗം
9. പ്ലാസ്റ്റിക്കിന്റെ അമിതമായ ഉപയോഗം
10. വാഹനങ്ങളും ഫാക്ടറികളും സൃഷ്ടിക്കുന്ന അമിതമായ വായു മലിനീകരണം
11. കെട്ടിടസമുച്ചയങ്ങളുടെ ധാരാളിത്തം

"സകല ജീവജാലങ്ങളുടെയും പ്രാണനും മാനവരാശിയുടെ ജീവശ്വാസവും അവിടത്തെ കരങ്ങളിലാണ്." (ജോബ് 12:10) ഗർഭധാരണനിമിഷം മുതൽ മരണം വരെ ഓരോ മനുഷ്യജീവനും പാവനമാണ്. ജീവിക്കുന്നവനും പരിശുദ്ധനുമായ ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും മനുഷ്യവ്യക്തി അവനുവേണ്ടിത്തന്നെ നിശ്ചയിക്കപ്പെട്ടിരിക്കുന്നു. മനുഷ്യജീവിയെ കൊല്ലുന്നത് വ്യക്തിയുടെ മാഹാത്മ്യത്തിനും സ്രഷ്ടാവിന്റെ പരിശുദ്ധിക്കും എതിരായ ഗൗരവമുള്ള തിന്മയാണ് (*CCC 2318-2320*). ആകയാൽ, ജീവൻ ഹനിക്കുന്ന ഏതുതരം സിദ്ധാന്തങ്ങൾക്കും പ്രവണതകൾക്കും ശീലങ്ങൾക്കും പ്രവർത്തനങ്ങൾക്കും തഴക്കങ്ങൾക്കുമെതിരേ പടപൊരുതുന്നത് ഒരു ദൈവിക-മനുഷ്യസമൂഹത്തിലെ അംഗമെന്നനിലയിൽ ഓരോ സഭാംഗത്തിന്റെയും കടമയും ഉത്തരവാദിത്വവുമാണ്.

## ജീവോത്പത്തി: ബൈബിളും ശാസ്ത്രവും

ജീവനില്ലാത്ത (*lifeless*) പദാർത്ഥത്തിൽ നിന്ന് ജീവന്റെ ആദ്യരൂപം ആവിർഭവിക്കുകയും തുടർന്ന് പരിണാമത്തിലൂടെ വിവിധ ജീവജാലങ്ങൾ രൂപം കൊള്ളുകയും ചെയ്തു എന്നതാണ് 1859-ൽ "*On the Origin of Species by Means of Natural Selection*" എന്ന പുസ്തകത്തിലൂടെ ചാൾസ് ഡാർവിൻ അവതരിപ്പിച്ച പരിണാമ സിദ്ധാന്തത്തിന്റെ സാരാംശം.

ഈ പരിണാമസിദ്ധാന്തപ്രകാരം ജീവോത്പത്തിയും മനുഷ്യോത്പത്തിയും വെറും യാദൃച്ഛിക (*accidental*) മായി സംഭവിച്ചതു മാത്രമാണെന്നുകാണാം. എന്നാൽ ഈ വാദം യുക്തിരഹിതമാണെന്ന് താഴെ പറയുന്ന കാരണങ്ങളാൽ മനസ്സിലാക്കാം.

ജീവനില്ലാത്ത (*lifeless*) തിൽ നിന്ന് ജീവനുള്ളതി (*living*)ലേക്കും, ചലനമില്ലാത്തതിൽ (*motionless*) നിന്ന് ചലന (*moving*) ത്തിലേക്കും ചിന്താശേഷിയില്ലാത്ത (*irrational*)തിൽ നിന്നും ചിന്താശേഷിയുള്ള (*rational*) വയിലേക്കുമുള്ള കുതിപ്പ് (*jump*) എങ്ങനെ, എന്തുകൊണ്ട് എന്നു വിശദീകരിക്കപ്പെടേണ്ടതാണ്. എന്നാൽ ശാസ്ത്രത്തിന് അതു കഴിഞ്ഞിട്ടില്ല. കൂടാതെ ഈ പരിണാമത്തിന്റെ ഗതി പരിശോധിക്കുമ്പോൾ ഏറ്റവും നിസ്സാരമായ നിർജ്ജീവ വസ്തു (അചേതനം) വിൽ നിന്ന് സൃഷ്ടികളിൽ ഏറ്റവും ഉന്നതനായ മനുഷ്യനിലേക്ക് ബോധപൂർവകമായ (*intentional*) വളർച്ചയുണ്ടെന്നും അതിനുപിന്നിൽ ഒരു ചാലകശക്തിയുണ്ടെന്നും ദർശിക്കാനാകും. ഈ വിഷയം ശാസ്ത്രത്തിന്റെ പരിധിയിലല്ല; മറിച്ച്, ദൈവശാസ്ത്രത്തിന്റെയും തത്ത്വശാസ്ത്രത്തിന്റെയും പരിധിയിൽപ്പെടുന്നതാണ്.

ചുവടേ ചേർക്കുന്ന രണ്ടു കാര്യങ്ങളിൽ ശാസ്ത്രത്തോട് നമുക്കു യോജിക്കാവുന്നതാണ്:

1. ഏകകോശജീവികൾ, ബഹുകോശജീവികൾ, മസ്തിഷ്കവൽക്കരണം (*brain formation*) എന്നിങ്ങനെ വിവിധപടികളിലൂടെയുള്ള സങ്കീർണ വത്കരണത്തിന്റെ ഫലമായാണ് പരിണാമം മനുഷ്യനിൽ വന്നെത്തിയത്.
2. എന്നാൽ ഇവയ്ക്കു പിന്നിലെ നിയന്താവും പരിപാലകനും ദൈവമാണ് എന്നതാണ് യാഥാർത്ഥ്യം. അതിനാൽ ശാസ്ത്രവും വിശ്വാസവും പരസ്പരപൂരകങ്ങളാണ്, എതിരാളികളല്ല.

പരിണാമസങ്കല്പത്തെ ക്രൈസ്തവ വിശ്വാസത്തോടു പൊരുത്തപ്പെടുത്താൻ തെല്ലും വിഷമമില്ലെന്ന് സുപ്രസിദ്ധ ശാസ്ത്രജ്ഞനായ തെയ്യാർദ്ദ് ഷർദ്ദാൻ (1881–1955) തെളിയിച്ചിട്ടുണ്ട്. പ്രപഞ്ചം മുഴുവൻ ക്രിസ്തുവിലേക്കു പരിണമിക്കുകയാണെന്ന് *'Phenomenon of Man'* എന്ന ഗ്രന്ഥത്തിലൂടെയാണ് അദ്ദേഹം സമർത്ഥിച്ചത്. പോൾ ആറാമൻ പാപ്പാ ഇപ്രകാരം പറയുന്നു: "പരിണാമം ഇന്നൊരു അംഗീകൃതസിദ്ധാന്തമായിത്തീർന്നിട്ടുണ്ട്. മനുഷ്യനെയും പരിണാമ വീക്ഷണത്തിൽ ഉൾപ്പെടുത്താവുന്നതാണ്. പക്ഷേ, ആത്മാവിനെ ദൈവം നേരിട്ടു സൃഷ്ടിച്ചുവെന്നത് നിഷേധിക്കരുത്. പരിണാമപ്രക്രിയയിൽ ദൈവത്തിനു അനിഷേധ്യമായ സ്ഥാനമുണ്ടെന്നും പരിണാമത്തിന്റെ എല്ലാ ഘട്ടങ്ങളിലും ദൈവമാണ് അതിനെ നിയന്ത്രിക്കുന്നതും നിയമിക്കുന്നതും എന്നുമുള്ള സഭയുടെ പ്രബോധനം യുക്തിക്കു നിരക്കുന്നതാണെന്ന് നമുക്കു മനസ്സിലാക്കാനാകും.

ജീവൻ അതിന്റെ ആരംഭം മുതൽ അവസാനംവരെ ഏതു രൂപത്തിലും ഭാവത്തിലും ഉള്ളതായാലും ബഹുമാനിക്കണമെന്നതാണ് കത്തോലിക്കാ സഭയുടെ പ്രബോധനം. ദൈവികഛായയിലായിരിക്കുന്നതിനാൽ മനുഷ്യന് വ്യക്തിയുടെ മാഹാത്മ്യമുണ്ട്. അവൻ കേവലം ഒരു വസ്തുവല്ല.

ജീവൻ ദൈവത്തിന്റെ ദാനമാണ് (*EV 39*). മാതാപിതാക്കൾ സ്രഷ്ടാവായ ദൈവത്തിന്റെ ഉപകരണങ്ങളായി വർത്തിച്ച് മക്കൾക്കു ജന്മംകൊടുക്കുകയാണു ചെയ്യുന്നത്. ആകയാൽ ജീവൻ ദാനമാണെന്നു മനസ്സിലാക്കി മറ്റുള്ളവരെ സ്നേഹിച്ചും ആദരിച്ചും ജീവൻ തന്ന ദൈവത്തോടു പ്രതിനന്ദി കാണിക്കണമെന്ന് ജോൺ പോൾ രണ്ടാമൻ പാപ്പാ പഠിപ്പിക്കുന്നു (*EV 41*).

മനുഷ്യജീവന് അതിൽത്തന്നെ മൂല്യമുണ്ട് (***intrinsic value***). അതായത്, ഏതെങ്കിലും വ്യക്തികളോ സമൂഹമോ ഭരണഘടനയോ സാമ്പത്തികക്രമമോ കല്പിച്ചുകൊടുക്കുന്നതുകൊണ്ടു കിട്ടുന്ന മൂല്യമല്ല അത്. ദൈവമാണ് ജീവന്റെ ആദ്യകാരണം. ഓരോ ജീവനും ദൈവത്തിന്റെ മുമ്പിൽ വിലപ്പെട്ടതാണ്. ദൈവം മനുഷ്യനെ സൃഷ്ടിക്കുന്നത് ഓരോ വ്യക്തിയായാണ്; ഒരു ആൾക്കൂട്ടം എന്ന നിലയ്ക്കല്ല.



മരണം ജീവന്റെ അന്തമല്ല. മരണത്തോടെ ജീവന്റെ അവസ്ഥയ്ക്ക് മാറ്റം വരുന്നുവെന്നേയുള്ളൂ. ഓരോ വ്യക്തിയും ആത്യന്തികമായി കൂടെയായിരിക്കാനാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ട്, ഈ ലോകജീവിതം സുഖകരമാക്കുക എന്ന ലക്ഷ്യം മാത്രം മുന്നിൽക്കണ്ടല്ല, മറിച്ച് ജീവന്റെ സമ്പൂർണതയെപ്പറ്റിയാണ് നാം ചിന്തിക്കേണ്ടത്.

"സ്നഹിതർക്കുവേണ്ടി ജീവൻ ബലിയർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല" (യോഹ 15:13) എന്ന പ്രബോധനംവഴി ജീവന്റെ ശ്രേഷ്ടതയെന്തെന്ന് യേശു നമ്മെ പഠിപ്പിക്കുന്നു. ജീവന്റെ ദാതാവും ഉടമസ്ഥനും ദൈവമാണ്, മനുഷ്യൻ ജീവന്റെ സംരക്ഷകൻ മാത്രമാണ്. എന്നാൽ സകല മനുഷ്യരുടെയും രക്ഷയ്ക്കുവേണ്ടി യേശു സ്വജീവൻ അർപ്പിച്ചതുപോലെ, ദൈവത്തിൽനിന്നു ദാനമായി നമുക്കു ലഭിച്ച ജീവൻ മറ്റുള്ളവരുടെ ജീവനു തുല്യമായതോ അതിനെക്കാൾ ശ്രേഷ്ഠമായതോ ആയ ഒന്നിനുവേണ്ടി ദാനമായി നല്കാൻ നമുക്കു കഴിയും. അതുവഴി, യേശു നമുക്കു നേടിത്തന്ന നിത്യജീവൻ നാം അവകാശമാക്കുകയും ചെയ്യുന്നു. യേശു പറഞ്ഞു: സ്വന്തം ജീവൻ രക്ഷിക്കാൻ ആഗ്രഹിക്കുന്നവൻ അതു നഷ്ടപ്പെടുത്തും; ആരെങ്കിലും എനിക്കുവേണ്ടിയോ സുവിശേഷ

ത്തിനു വേണ്ടിയോ സ്വന്തം ജീവൻ നഷ്ടപ്പെടുത്തിയാൽ അവൻ അതിനെ രക്ഷിക്കും (മർക്കോ 8: 35).

**പ്രവർത്തനം - 4**

1. നമ്മൾ പഠിച്ച ഈ പാഠത്തിന്റെ വെളിച്ചത്തിലും സഭാപ്രബോധനങ്ങളുടെ വെളിച്ചത്തിലും പ്രോ-ലൈഫ് മൂവ്മെന്റ് പോലുള്ള സംഘടനകളുടെ മാതൃക ഉൾക്കൊണ്ടും ഗർഭഛിദ്രം, ആത്മഹത്യ, കൊലപാതകം, ദയാവധം എന്നീ ജീവനെതിരായ തിന്മകൾ അംഗീകരിക്കാനാവില്ല എന്നതു സമർത്ഥിച്ച് ഒരു ഉപന്യാസം തയ്യാറാക്കുക.

2. ജീവനെതിരായ പരോക്ഷ തിന്മകളുടെ ഫലമായി ഉണ്ടാകുന്ന അപകടമേഖലകൾ വ്യക്തമാക്കുന്ന കൊളാഷ് തയ്യാറാക്കുക.



5



# മനുഷ്യബന്ധങ്ങളും സമൂഹസുസ്ഥിതിയും



1703-ൽ ഇംഗ്ലണ്ടിലെ റോയൽസൊസൈറ്റി പ്രസിഡന്റായ സർ ഐസക് ന്യൂട്ടൻ അവിടെ സന്നിഹിതരായിരുന്നവരോടു ചോദിച്ചു: “അച്ചുതണ്ടിൽ അതിവേഗം കറങ്ങിക്കൊണ്ടിരിക്കുന്ന ഭൂമി അന്തരീക്ഷത്തിൽ എന്തുകൊണ്ട് ചിന്നിച്ചിതറിപ്പോകുന്നില്ല”? ഇതുകേട്ട് എല്ലാവരും ആകാംക്ഷാഭരിതരായി. ആരും ഉത്തരം പറഞ്ഞില്ല. ന്യൂട്ടൻ വിശദീകരിച്ചു: “ഭൂമിയുടെ വടക്കേയറ്റം 12712 കി. മീ. അകലെയുള്ള തെക്കേയറ്റത്തെ അതിശക്തമായി ആകർഷിക്കുന്നു; തെക്കേയറ്റം വടക്കേതിനെയും. ഭൂമിയിലെ ഓരോ വസ്തുവും അതിന്റെ കേന്ദ്രസ്ഥാനത്തേക്ക് ബലപ്രയോഗത്താലെന്നവണ്ണം ആകർഷിക്കപ്പെടുന്നു. അതുകൊണ്ട് ഭൂമി അതിന്റെ തനതായ അസ്തിത്വം നിലനിർത്തുന്നു”.

ഭൂമിയുടെ നിലനില്പുസംബന്ധിച്ച് ന്യൂട്ടൻ പറയുന്ന ഈ തത്ത്വം നിലനില്ക്കുന്ന എല്ലാറ്റിനും പിന്നിലുള്ള പൊതുതത്ത്വമാണെന്നു പറയാം. പ്രകൃതിയിലേക്കു നോക്കുക.




ഒരു ചെടി വളരാൻ സൂര്യവെളിച്ചം ആവശ്യമാണ്. അതുപോലെ, ചന്ദ്രൻ പ്രകാശിക്കുന്നത് സൂര്യനെ ആശ്രയിച്ചാണ്. പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളുടെയും നിലനില്പ് ഒന്ന് മറ്റൊന്നിനെ ആശ്രയിച്ചാണെന്നത് ഒരു യഥാർത്ഥ്യമാണ്.

**പ്രവർത്തനം - 1**

തന്നിരിക്കുന്ന ഉദാഹരണത്തിന്റെ വെളിച്ചത്തിൽ താഴേ പറയുന്ന വസ്തുക്കൾ നമ്മുടെ മുമ്പിൽ എത്തുന്നതിനു പിന്നിലുള്ള ബന്ധങ്ങളുടെ ശൃംഖല കണ്ടെത്തി എഴുതുക.

| | |
|---|---|
| ഒരുമണി ചോറ് | ഒരുമണിചോറിന് നെന്മണി വേണം. നെന്മണി വിതയ്ക്കാൻ നിലം വേണം, നിലം ഉഴാൻ ഉപകരണം വേണം. അതുചെയ്യാൻ ആളുവേണം. വിതച്ചുവിത്തുവളരണമെങ്കിൽ മഴ വേണം, സൂര്യപ്രകാശം വേണം, പ്രകൃതിസംരക്ഷണം വേണം. ഇതിനായി മറ്റുള്ളവയിലും എല്ലാറ്റിനുമുപരി ദൈവത്തിലും ആശ്രമിക്കേണ്ടിയിരിക്കുന്നു. |
| പുസ്തകം | |
| പേന | |
| വസ്ത്രം | |
| ചെരുപ്പ് | |
| | |
| | |
| | |
| | |
| | |

പ്രപഞ്ചത്തിലെ വസ്തുക്കൾക്കും മറ്റെല്ലാ ജീവജാലങ്ങൾക്കും എന്നപോലെ മനുഷ്യനും സ്വയം നിലനില്ക്കുക സാധ്യമല്ല. മനുഷ്യർ തങ്ങളുടെ നിലനില്പിന് ദൈവത്തെയും അപരനെയും പ്രകൃതിയെത്തന്നെയും നിരന്തരം ആശ്രമിക്കുന്നു. അപരനിൽ ആശ്രയിക്കുക എന്നത് സമൂഹജീവിയായ മനുഷ്യന്റെ അടിസ്ഥാനപരമായ സ്വഭാവമാണ്. ഈ സ്വഭാവമാണ് അവനെ ബന്ധങ്ങളിലേക്കു നയിക്കുന്നത്. താഴേ കാണുന്ന ചിത്രം നോക്കി ഈ വസ്തുത മനസിലാക്കാവുന്നതാണ്.




## മനുഷ്യവ്യക്തിയും വിവിധബന്ധങ്ങളും

സമൂഹജീവിയായ മനുഷ്യന് ബന്ധങ്ങൾ ഒഴിച്ചുകൂടാൻ പറ്റാത്തവയാണ് എന്നു നാം മനസ്സിലാക്കിയല്ലോ. ഒരു വ്യക്തിയുടെ ജീവിതത്തിൽ സാധാരണ മായി കാണുന്ന ബന്ധങ്ങൾ ഏതൊക്കെ തലങ്ങളിലാണെന്ന് നമുക്കു പരിശോ ധിക്കാം.

### a) ദൈവ-മനുഷ്യബന്ധം

മനുഷ്യനെ സംബന്ധിച്ച് ഏറ്റവും ഉന്നതവും ശ്രേഷ്ഠവുമായ ബന്ധം ദൈവ ത്തോടുള്ളതാണ്. മനുഷ്യനെ മറ്റുജീവികളിൽ നിന്ന് തീർത്തും വ്യത്യസ്തനാ ക്കുന്ന അടിസ്ഥാനഘടകം, അവൻ ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്നതാണ് (ഉത്പ 1: 26) മാത്രമല്ല, അവനിലുള്ള

ആത്മാവ് ദൈവം അവനിലേക്കു നിവേശിപ്പിച്ചിട്ടുള്ളതുമാണ് (ഉത്പ 2:7). അങ്ങനെ ബാഹ്യമായും ആന്തരികമായും ദൈവത്തോടു ബന്ധപ്പെട്ടിരിക്കുന്നു എന്നതിനാൽ മനുഷ്യാത്മാവ് ദൈവത്തിലെത്തിച്ചേരാൻ നിരന്തരം ദാഹിക്കുന്നു. “ദൈവമേ, അങ്ങ് ഞങ്ങളെ അങ്ങേക്കായി സൃഷ്ടിച്ചു. അങ്ങിൽ വിലയം പ്രാപിക്കുംവരെ ഞങ്ങളുടെ ഹൃദയം അസ്വസ്ഥമാണ്” എന്ന വിശുദ്ധ അഗസ്റ്റിന്റെ വാക്കുകൾ ഈ സത്യം കൂടുതൽ വ്യക്തമാക്കുന്നവയാണ്. ദൈവമാണ് മനുഷ്യജീവന്റെ ഉറവിടം എന്നതും ദൈവമല്ലാതെ ഈ ലോകത്തിലെ മറ്റൊന്നും തന്നെ നമ്മുടെ അന്തിമലക്ഷ്യമല്ല എന്നതുമാണ് ദൈവ-മനുഷ്യബന്ധത്തിന്റെ അടിസ്ഥാനം.



## b) കുടുംബ ബന്ധങ്ങൾ



മനുഷ്യനെ സൃഷ്ടിച്ച ദൈവം സ്ത്രീയെയും പുരുഷനെയും പരസ്പരം യോജിപ്പിച്ച് കുടുംബത്തിന് രൂപംകൊടുത്തു. "ദൈവം അവരെ ഇങ്ങനെ അനുഗ്രഹിച്ചു: സന്താനപുഷ്ടിയുള്ളവരായി പെരുകുവിൻ. ഭൂമിയിൽ നിറഞ്ഞ് അതിനെ കീഴടക്കുവിൻ" (ഉത്പ 1: 28). മാതാപിതാക്കളും മക്കളും അടങ്ങുന്നതും ദൈവം സ്ഥാപിച്ചതുമായ കുടുംബം വിശ്വാസത്തിന്റെയും പ്രത്യാശയുടെയും സ്നേഹത്തിന്റെയും ഒരു സമൂഹമാണ്.

ദൈവം തന്റെ സ്നേഹത്തിൽനിന്ന് മനുഷ്യനെ സൃഷ്ടിച്ചതുപോലെ ഭാര്യാഭർത്താക്കന്മാർ പരസ്പരം സ്നേഹത്തിൽ ഒന്നായിക്കൊണ്ട് സൃഷ്ടികർമ്മത്തിൽ ദൈവത്തിന്റെ സഹകാരികളാകുന്നു. തന്നിൽത്തന്നെ സ്നേഹമായ ദൈവം തന്റെ സ്നേഹത്താൽ സൃഷ്ടിച്ചതെല്ലാം നന്മയായിരുന്നതുപോലെ (ഉത്പ 1: 31) മനുഷ്യൻ സൃഷ്ടിക്കുന്നതെല്ലാം നന്മയായിത്തീരണമെങ്കിൽ ദൈവസ്നേഹത്തിലും പരസ്നേഹത്തിലും അധിഷ്ഠിതമായിരിക്കണം. 'ദൈവം സ്നേഹമാകുന്നു' (***Deus Caritas Est***) എന്ന ബെനഡിക്ട് പതിനാറാമൻ പാപ്പായുടെ ചാക്രികലേഖനത്തിൽ ഈ സ്നേഹത്തിന്റെ പങ്കുചേരലിനെപ്പറ്റി വിശദമായി പഠിപ്പിക്കുന്നുണ്ട്.

കുടുംബത്തിൽ ഭാര്യയും ഭർത്താവും പരസ്പരസ്നേഹത്തിലേക്കും അതുവഴി കുഞ്ഞുങ്ങൾക്ക് ജന്മം നല്കുന്നതിലേക്കും വിളിക്കപ്പെട്ടിരിക്കുന്നു. അവരുടെ സ്വയംസമർപ്പണത്തിലൂടെ ജനിക്കുന്ന മക്കൾ ബാല്യം മുതൽ ദൈവ വിശ്വാസത്തിൽ വളരാനും ധാർമ്മികമൂല്യങ്ങൾ ആർജ്ജിക്കാനും കുടുംബങ്ങളിൽ നിന്നുതന്നെ തുടങ്ങുന്നു. കുടുംബങ്ങളിൽ നിലനില്ക്കുന്ന ഇത്തരം ബന്ധങ്ങളാണ് സ്നേഹത്തിലും നന്മയിലും അധിഷ്ഠിതമായ വ്യക്തിത്വത്തിൽ വളരാനും ദൈവത്തിന്റെ ഹിതമനുസരിച്ച് കുടുംബത്തിലും സമൂഹത്തിലും പ്രവർത്തിക്കാനും ഒരാളെ ഒരുക്കുന്നത്.

## c) സാമൂഹികബന്ധങ്ങൾ

നല്ല കുടുംബങ്ങൾ നല്ല സമൂഹത്തെ രൂപപ്പെടുത്തുന്നു. കുടുംബബന്ധങ്ങൾപോലെ സാമൂഹികബന്ധങ്ങളും പ്രധാനപ്പെട്ടവയാണ്. സാമൂഹികബന്ധങ്ങളിലൂടെയാണ് ഒരുവൻ തന്റെ ആത്മീയവും ധാർമ്മികവുമായ പരിപോഷണവും സംരക്ഷണവും ഉറപ്പാക്കുന്നത്.

ഒരു വ്യക്തിയെ വിവിധ തലങ്ങളിലുള്ള ബന്ധങ്ങളിൽ വളരാൻ സഹായിക്കുന്ന സംവിധാനങ്ങൾ പലതാണ്:

1. ജനനം മുതൽ മരണം വരെയുള്ള കാലഘട്ടത്തിലെ സമഗ്രവളർച്ചയ്ക്കു നിദാനമായ ആദ്ധ്യാത്മിക സംവിധാനങ്ങൾ.
2. കടമകളും അവകാശങ്ങളും നിർണയിക്കുന്ന സാമൂഹിക രാഷ്ട്രീയ സംവിധാനങ്ങൾ.
3. സ്വഭാവവും സർഗശേഷികളുടെ രൂപീകരണവും നിർണയിക്കുന്ന സാംസ്കാരിക വിദ്യാഭ്യാസ സംവിധാനങ്ങൾ



4. അനുദിനമുള്ള നിലനില്പിന് നിർണായകഘടമായ തൊഴിലധിഷ്ഠിത സാമ്പത്തിക സംവിധാനങ്ങൾ.

**പ്രവർത്തനം-2**

നാളിതുവരെയുള്ള വളർച്ചയിൽ മേല്പറഞ്ഞ സംവിധാനങ്ങൾ നിങ്ങളെ എത്രത്തോളം സ്വാധീനിച്ചിട്ടുണ്ടെന്നും വരുംതലമുറകളുടെ ശരിയായ പരിപോഷണത്തിനും സംരക്ഷണത്തിനും ഉപകരിക്കുന്നരീതിയിൽ ഈ സംവിധാനങ്ങളുടെ സഹായത്തോടെ നിങ്ങൾക്ക് വ്യക്തിപരമായും കൂട്ടായും എന്തൊക്കെ ചെയ്യാനാകുമെന്നും ഗ്രൂപ്പുതിരിഞ്ഞു ചർച്ചചെയ്ത് ഒരു കർമ്മ പദ്ധതി തയ്യാറാക്കുക.

## d) തന്നോടുതന്നെയുള്ള ബന്ധം

ഒരു വ്യക്തിക്ക് ദൈവത്തോടും കുടുംബത്തോടും സമൂഹത്തോടുമുള്ള ബന്ധം പോലെ ശ്രേഷ്ഠമാണ് തന്നോടുതന്നെയുള്ള ബന്ധവും. സർവവും നന്മയായി സൃഷ്ടിച്ചദൈവം മനുഷ്യനെ സൃഷ്ടിയുടെ മകുടമായാണ് അവരോധിച്ചത്. അതിനാൽ നമ്മിലുള്ള നന്മ ആദ്യം നാം തന്നെ കണ്ടെത്തി അംഗീകരിക്കുകയും പരിപോഷിപ്പിക്കുകയും വേണം. ഈ സ്വയാവബോധവും മതിപ്പും (***Self-knowledge and self-esteem***) മറ്റുള്ളവരിലുള്ള നന്മയെയും അംഗീകരിക്കാനും പരിപോഷിപ്പിക്കാനും സംരക്ഷിക്കാനും ഒരുവന് അത്യന്താപേക്ഷിതമാണ്.

"നിന്നെപ്പോലെ നിന്റെ അയല്കാരനെയും സ്നേഹിക്കുക" എന്ന ദൈവകല്പനയിൽ ഈ സത്യം അടങ്ങിയിട്ടുണ്ട്. അതായത്, നാം നമ്മെത്തന്നെ സ്നേഹിച്ചെങ്കിലേ മറ്റുള്ളവരെ സ്നേഹിക്കാനാവൂ.

'സ്വയംസ്നേഹിക്കുക' എന്നു പറയുമ്പോൾ ഒരു വ്യക്തി അമിതസ്നേഹത്താൽ സ്വാർത്ഥമതിയാവണം എന്നല്ല അർത്ഥമാക്കുന്നത്. മറിച്ച്, തന്നിലുള്ള



നന്മകൾ തിരിച്ചറിയുകയും അംഗീകരിക്കുകയും ചെയ്തെങ്കിൽ മാത്രമേ തന്റെയും അപരന്റെയും ഉയർച്ചക്കുവേണ്ടി ഈ നന്മകൾ പ്രയോജനപ്പെടുത്താൻ ഒരാൾക്കു കഴിയുകയുള്ളൂ.

മേല്പറഞ്ഞതിനു വിപരീതമായി ഒരാൾ തന്നത്തന്നെ വെറുത്താൽ ദൈവം അയാളിൽ നിക്ഷേപിച്ച നന്മകൾ തിരസ്കരിക്കുകയും ദൈവത്തെത്തന്നെ നിഷേധിക്കുകയുമാണു ചെയ്യുന്നത്; അത് പാപമാണ്. ഈ സ്വയംവെറുപ്പ് അയാളുടെയും അപരന്റെയും ആരോഗ്യത്തിനും ജിവനുതന്നെയും ഭീഷണിയാകുന്നു. മാത്രമല്ല, സാമൂഹികക്രമത്തെയും അതിന്റെ സുസ്ഥിതിയെയും ഗുരുതരമായി ബാധിക്കുകയും ചെയ്യുന്നു. അതിനാൽ, ദൈവം നല്കിയ കഴിവുകളും നന്മകളും തിരിച്ചറിഞ്ഞ് സ്വയാവബോധത്തിലും മതിപ്പിലും നാം വളരണം. ഇതാണ് ഒരുവൻ തന്നോടുതന്നെയുള്ള ബന്ധത്തിൽ വളരുക എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

### പ്രവർത്തനം-3

ദൈവം എന്തെന്തുനന്മകളും കഴിവുകളുമാണ് നമുക്കോരോരുത്തർക്കും നല്കിയിരിക്കുന്നത്! നിങ്ങളിലുള്ള നന്മകളുടെയും കഴിവുകളുടെയും ഒരു പട്ടിക നിങ്ങൾ തന്നെ തയ്യാറാക്കുക. തുടർന്ന് നിങ്ങളുടെ വലത്തും ഇടത്തും ഇരിക്കുന്ന രണ്ടുപേരുടെ നന്മകളും കഴിവുകളും കൂടി കണ്ടെത്തി പട്ടിക തയ്യാറാക്കുകയും അതു പരസ്യമായി വായിക്കുകയും ബന്ധപ്പെട്ട വ്യക്തികൾക്കു കൈമാറുകയും ചെയ്യുക. എല്ലാവരും ഈ പട്ടികകൾ സൂക്ഷിക്കുകയും ഓരോരുത്തരിലുമുള്ള നന്മകൾ പരിപോഷിപ്പിക്കുകയും ചെയ്യുന്നത് ഉചിതമായിരിക്കും.

### സുഹൃദ്ബന്ധങ്ങൾ

"ഘോര പോരാട്ടം നടക്കുന്ന യുദ്ധരംഗം. സമയം അർദ്ധരാത്രി കഴിഞ്ഞു. വെടിയൊച്ച നിലച്ചിട്ടില്ല. ക്യാപ്റ്റനോട് സുധീർ ആശങ്കയോടെ ചോദിച്ചു: "സർ, സാം തിരിച്ചെത്തിയിട്ടില്ല; ഞാൻ പോയി അന്വേഷിക്കട്ടേ?" "അരുത്, ഈ രാത്രി ആ മരണക്കെണിയിലേക്കു പോകരുത്," ഉറച്ച സ്വരത്തിൽ ക്യാപ്റ്റൻ വിലക്കി. പക്ഷേ, ക്യാപ്റ്റൻ അറിയാതെ സുധീർ തന്റെ സുഹൃത്തിനെ അന്വേഷിച്ചു പോയി. ഇരുട്ടിൽ മൃതശരീരങ്ങൾക്കിടയിൽ ഒരു ഞരക്കം കേട്ടിടത്ത് തിരച്ചിൽ അവസാനിച്ചു. മാരകമായി മുറിവേറ്റ സാമിനെ താങ്ങിയെടുത്ത് സുധീർ മടിയിൽ കിടത്തി. ശേഷിച്ച ഒരിറ്റു ജീവന്റെ ബലത്തിൽ മടിയിൽ കിടന്നുകൊണ്ട് സാം പറഞ്ഞു, "നീ വരുമെന്ന് എനിക്കറിയാമായിരുന്നു." അതായിരുന്നു അയാളുടെ അന്ത്യമൊഴി. സാമിന്റെ മൃതദേഹവുമായെത്തിയ സുധീറിനുനേരേ ക്യാപ്റ്റൻ ആക്രോശിച്ചു: "വിഡ്ഢീ, എന്റെ ആജ്ഞ നീ ധിക്കരിച്ചു. ഒരു ശവം തേടിപ്പോയ നിനക്കും വെടിയേറ്റിരിക്കുന്നു." സുധീർ പറഞ്ഞു, "ഞാൻ സാമിനെ അന്വേഷിച്ചുചെല്ലുമെന്ന് അറിയാമായിരുന്നെന്ന് മരിക്കുന്നതിനുമുമ്പ് അവൻ എന്റെ മടിയിൽ കിടന്നുകൊണ്ടുപറഞ്ഞു. എനിക്കതുമതി; അതൊരു നിധിയായി ഞാൻ എന്നും സൂക്ഷിക്കും."



സ്നേഹിക്കുക എന്നത് മനുഷ്യന്റെ അടിസ്ഥാനസ്വഭാവമാണ്. സ്നേഹം തന്നെ യായ ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടിരിക്കുന്നതു കൊണ്ടാണ് സ്നേഹത്തിന്റ ഈ ഭാവം മനഷ്യനു ലഭിച്ചത്. നമ്മുടെ സ്നേഹ ബന്ധങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായ ഒന്നാണ് സുഹൃദ്ബന്ധം. സ്നേഹം പകർന്നു നല്കലാണ് സൗഹൃദം. സ്നേഹത്തിന്റ അഭാവത്തിൽ സൗഹൃദം സംഭവിക്കുക യില്ല.

### പ്രവർത്തനം-4

താഴെപ്പറയുന്ന ഉദ്ധരണികൾ ശ്രദ്ധിച്ച് സുഹൃദ്ബന്ധത്തെക്കുറിച്ചുള്ള നിങ്ങ ളുടെ ധാരണകൾ വ്യക്തമാക്കുക

- "സ്നേഹിതനുവേണ്ടി ജീവനർപ്പിക്കുന്നതിനെക്കാൾ വലിയ സനേഹമില്ല" (യോഹ 15:13).
- "ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ടാ" - പഴമൊഴി
- "സൗകര്യം നോക്കി സൗഹൃദം നടിക്കുന്നവരുണ്ട്; കഷ്ടദിനത്തിൽ അവരെ കാണുകയില്ല" (പ്രഭാ 6:8)

- "സ്നേഹിതനെ പണത്തിനുവേണ്ടിയോ സഹോദരനെ ഓഫീർപ്പൊന്നിനു വേണ്ടിയോ കൈമാററരുത്" (പ്രഭാ 7:18)
- "വിശ്വസ്തനായ സ്നേഹിതൻ ബലിഷ്ഠമായ സങ്കേതമാണ്; അവനെ കണ്ടെത്തിയവൻ ഒരു നിധി നേടിയിരിക്കുന്നു" (പ്രഭാ 6:14)

## സുഹൃദ്ബന്ധങ്ങൾ നല്ലതും യഥാർത്ഥവുമാക്കിത്തീർക്കാനുള്ള മാർഗങ്ങൾ

നമ്മുടെ സുഹൃദ്ബന്ധങ്ങൾ നല്ലതും യഥാർത്ഥവുമായിത്തീരുന്നതിന് നാം അവലംബിക്കേണ്ട ചില മാർഗങ്ങൾ താഴെ ചേർക്കുന്നു. കൂടുതലായി മറ്റേതെങ്കിലും മാർഗങ്ങൾ നിങ്ങൾക്കു നിർദ്ദേശിക്കാനുണ്ടെങ്കിൽ അവയും കൂട്ടിച്ചേർക്കുക.

- പരസ്പരം ആദരം, സ്നേഹം, മര്യാദ, ലളിതമായ സംഭാഷണം എന്നിവ ഉണ്ടായിരിക്കുക.
- സുഹൃത്ത് നമ്മിൽ അർപ്പിച്ചിരിക്കുന്ന വിശ്വാസം കാത്തുസൂക്ഷിക്കുക
- സുഹൃത്തിലുള്ള നന്മ കാണുകയും അംഗീകരിക്കുകയും ചെയ്യുക
- സുഹൃത്തിനെ ക്ഷമയോടെ കേൾക്കാനുള്ള മനസ്സ് ഉണ്ടായിരിക്കുക
- സുഹൃത്തിന്റെ വികാരങ്ങൾ മാനിക്കുക
- സുഹൃത്തിനെ അയാൾ എന്തായിരിക്കുന്നുവോ, ആ നിലയിൽ അംഗീകരിക്കുക.
- സുഹൃത്തിന്റെ ജീവിതം മെച്ചപ്പെടുത്താൻ ആവശ്യമായ തിരുത്തലുകൾ നല്കുക
- നിസ്വാർത്ഥമായി പ്രവർത്തിക്കുക
- സ്വന്തം തെറ്റിന് സുഹൃത്തിനെ പഴിചാരാതിരിക്കുക. തെറ്റുമനസ്സിലാക്കിയാൽ മാപ്പുചോദിക്കാൻ മറക്കാതിരിക്കുക.
- പെരുമാറ്റത്തിൽ ആത്മാർത്ഥതയും സത്യസന്ധതയും ഉണ്ടായിരിക്കുക
- പരുഷമായി ആരെയും വിധിക്കാതിരിക്കുക
- സ്നേഹവും വിനയവും കാത്തുസൂക്ഷിക്കുക
- ........................................................................................................................
- ........................................................................................................................



## സുഹൃദ്ബന്ധങ്ങളുടെ ഗുണങ്ങൾ?

1. സ്നേഹം, ക്ഷമ, നർമ്മബോധം, സഹാനുഭൂതി, നിഷ്പക്ഷത തുടങ്ങിയ വൈയക്തികഗുണങ്ങൾ
2. സൗഹൃദം വഴിയാണ് വ്യക്തികളിൽ വളർച്ച പ്രാപിക്കുന്നത്.
3. പരസ്പരഅംഗീകാരം, സ്വീകാര്യത, സ്വാതന്ത്ര്യം എന്നിവ അനുഭവിക്കാൻ ഒരാളെ സഹായിക്കുന്നു.
4. യഥാർത്ഥസുഹൃദ്ബന്ധം ഒരുവിധ വ്യവസ്ഥയും വയ്ക്കുന്നില്ല.
5. പരസ്പരവിശ്വാസത്തിലാണ് സൗഹൃദം ജനിക്കുകയും വളരുകയും ചെയ്യുന്നത്.
6. ആരോഗ്യകരമായ ജീവിതദർശനം നല്ല സൗഹൃദത്തിലൂടെ ലഭിക്കുന്നു.
7. ആശയതലങ്ങളിലുള്ള അഭിപ്രായവ്യത്യാസങ്ങൾ സുഹൃദ്ബന്ധങ്ങളെ മുറിപ്പെടുത്തുന്നില്ല. തോല്‌വി-വിജയങ്ങളല്ല, മറിച്ച് ശരി-തെറ്റ് എന്നിവയുടെ തിരിച്ചറിവിലേക്കാണ് സുഹൃദ്ബന്ധം നമ്മെ നയിക്കുന്നത്.
8. സ്വാർത്ഥമായ നേട്ടങ്ങൾ ആഗ്രഹിക്കുന്നില്ല.

9. ആപത്തിലും അബദ്ധത്തിലും പെട്ടുപോകുന്ന സുഹൃത്തിനെ കൈവെടിയു ന്നില്ല.

10. സുഹൃത്തിന്റെ പെരുമാറ്റത്തോടുള്ള പ്രതികരണങ്ങൾ മനസ്സുതുറന്ന് വെളി പ്പെടുത്തുന്നു.

11. തെറ്റുകൾ ചൂണ്ടിക്കാണിക്കുകയും തിരുത്താൻ സഹായിക്കുകയും ചെയ്യുന്നു.

12. സദ്ഗുണങ്ങൾ ആർജ്ജിക്കാനും വളർത്താനും സഹായിക്കുന്നു.

..........................................................................................................

..........................................................................................................

..........................................................................................................

## വഴിതെറ്റിയ സൗഹൃദം

സയൻസ് ക്ലാസിൽ പുതുതായി എത്തിയ ജോണിയും കൂട്ടരും അദ്ധ്യാപക നുമായി പെട്ടെന്ന് സൗഹൃദത്തിലായി. ഒരിക്കൽ ജോണിയുമായി സുഹൃദ് സംഭാ ഷണത്തിലിരിക്കുമ്പോൾ ദീർഘനാളായി ജോണിയും അവന്റെ അഞ്ചുസുഹൃ ത്തുക്കളും ലഹരിപദാർത്ഥങ്ങൾ ഉപയോഗിക്കുന്നുണ്ടെന്നു മനസ്സിലാക്കിയ അദ്ധ്യാ പകൻ, അതു നിർത്തലാക്കാൻ ജോണിയെ ഉപദേശിച്ചു. എന്നാൽ ജോണി പറഞ്ഞു: "എനിക്ക് ഒട്ടും താൽപര്യമുണ്ടായിട്ടല്ല ഞാനിത് ഉപയോഗിക്കുന്നത്. സുഹൃത്തുക്കൾ നിർബന്ധിക്കുമ്പോൾ അവരെ വിഷമിപ്പിക്കാൻ എനിക്കാഗ്രഹ മില്ലാത്തതുകൊണ്ടുമാത്രമാണ്." അദ്ധ്യാപകൻ ജോണിയുടെ മറ്റ് അഞ്ചു സുഹൃ ത്തുക്കളെയും വ്യക്തിപരമായി കണ്ടു. ജോണിപറഞ്ഞ അതേ ഉത്തരമാണ് അവരും പറഞ്ഞത്. ചുരുക്കത്തിൽ, അവർക്കെല്ലാവർക്കും തന്നെ ഈ ദുശ്ശീലം നിർത്തു

ന്നതിനുള്ള ആഗ്രഹമു ണ്ടെന്നു മനസ്സിലാക്കിയ അദ്ധ്യാപകൻ അവരെയെ ല്ലാവരെയും വിളിച്ചുകൂട്ടി പറഞ്ഞു: "നിങ്ങൾക്കെ ല്ലാവർക്കും നിങ്ങളുടെ ഈ ദുശ്ശീലത്തിൽ നിന്നു മോചനം നേടണമെന്നു ണ്ട്. പരസ്പരം വിഷമിപ്പി ക്കാതിരിക്കാനാണ് നിങ്ങ




ളോരോരുത്തരും ഈ ലഹരിപദാർത്ഥങ്ങൾ ഉപയോഗിക്കുന്നത്. അതുകൊണ്ടു തന്നെ നിങ്ങൾക്കിത് നിർത്താനാവും."

അദ്ധ്യാപകൻ പറഞ്ഞതനുസരിച്ച് ജോണിയും സുഹൃത്തുക്കളും അവരുടെ ദുശ്ശീലത്തിൽ നിന്നു വിമുക്തിനേടി. ഇതുപോലെ അറിഞ്ഞും അറിയാതെയും വ്യത്യസ്ത ദുശ്ശീലങ്ങളിൽപെട്ടുപോയിട്ടുള്ള വിദ്യാർത്ഥികളെ കണ്ടെത്തി അവരെ അതിൽ നിന്നു മോചിപ്പിക്കാനും അദ്ധ്യാപകന്റെ നേതൃത്വത്തിൽ ജോണിയും സുഹൃത്തുക്കളും തീരുമാനിച്ചു.

ഫേസ്ബുക്ക് സുഹൃത്തുക്കളെ സൃഷ്ടിക്കുമെങ്കിലും ഏറ്റവും കൂടുതൽ അപ കടസാധ്യതയുള്ള സോഷ്യൽ കമ്മ്യൂണിറ്റിസൈറ്റാണ്. അതിന്റെ ദുരുപയോഗം മൂലം അപകടത്തിലായ നിരവധിപേരുണ്ട്. താഴെ ചേർക്കുന്ന ഉദാഹരണം ശ്രദ്ധിക്കുക:

മുംബൈ അന്ധേരിയിലെ കോടീശ്വരനായ അസ്‌ലാം പത്രവാലയുടെ മകനാണ് അദ്നൻ. അവിടെ സി.ഡബ്ല്യൂ. സ്കൂളിലെ പന്ത്രണ്ടാം ക്ലാസ്സ് വിദ്യാർത്ഥി. അദ്നന്റെ ഫേസ്ബുക്ക് സുഹൃത്തുക്കളായ സുജിത്ത്, ആയുഷ്, ഹിമോഷ് എന്നിവർ അവരുടെ ഫേസ്ബുക്ക് സുഹൃത്തായ എയ്ഞ്ചലിനെ പരിചയപ്പെടു ത്താനെന്ന വ്യാജേന ഒരു ദിവസം അവനെ വിളിച്ചുവരുത്തി. എന്നാൽ ചതിയന്മാ

രായ കൂട്ടുകാരുടെ ഉദ്ദേശ്യം മറ്റൊന്നായിരുന്നു. അവർ അദ്നനെ ബന്ദിയാക്കുകയും അവനെ വിട്ടുകൊടുക്കുന്നതിന് അവന്റെ മാതാപിതാക്കളിൽ നിന്ന് രണ്ടു കോടി രൂപ ആവശ്യപ്പെടുകയും ചെയ്തു. ആവശ്യപ്പെട്ട സമയത്ത് പണം ലഭിക്കാത്തതിനെത്തുടർന്ന് അവർ അവനെ ശ്വാസംമുട്ടിച്ചുകൊന്നു.

സ്വകാര്യയിടങ്ങളിൽ ഇരുന്ന് എസ്.എം.എസ്. അയച്ചും മണിക്കൂറുകളോളം ചാറ്റുചെയ്തും പലരോടും പ്രണയം നടിച്ച് സല്ലപിച്ചും അപക്വമായ പ്രേമബന്ധങ്ങൾ സ്ഥാപിച്ചും ഇന്ന് മായാലോകത്തിൽ മുഴുകുന്ന നിരവധി യുവതീയുവാക്കന്മാരുണ്ട്. മൊബൈൽ കമ്പനികളെല്ലാം മൽസരിച്ച് തന്ത്രപൂർവം നല്കുന്ന പാക്കേജുകളെല്ലാം സാമാന്യബോധമില്ലാതെ സ്വീകരിക്കുന്ന പ്രവണത ഇക്കൂട്ടർക്കുണ്ട്. ജീവിതയാഥാർത്ഥ്യങ്ങളും ഉത്തരവാദിത്വങ്ങളും അവഗണിക്കുന്ന ഇത്തരക്കാർ മൂല്യബോധം നഷ്ടപ്പെട്ട് വികലമായ വ്യക്തിത്വത്തിന് ഉടമകളാകുകയും ഒടുവിൽ നാശത്തിൽ നിപതിക്കുകയും ചെയ്യുന്നത് അനുദിനകാഴ്ചയാണ്.

**പ്രവർത്തനം - 5**



ഇന്റർനെറ്റ്, വെബ്കാം, മൊബൈൽഫോൺ തുടങ്ങിയവയുടെ ദുരുപയോഗത്തിലൂടെ സൗഹൃദങ്ങൾ ഏതെല്ലാം വിപത്തുകളിലെത്തിച്ചേരാൻ ഇടയുണ്ടെന്ന് ചർച്ചയിലൂടെ കണ്ടെത്തുക. നിങ്ങളോ നിങ്ങളുടെ സുഹൃത്തുക്കളോ അത്തരം വിപത്തുകൾക്ക് അടിപ്പെട്ടുപോയിട്ടുണ്ടെങ്കിൽ അതിൽ നിന്നും മോചനമുണ്ടാകുന്നതിനുവേണ്ടി നിങ്ങൾക്ക് എന്തൊക്കെ ചെയ്യാനാകും? ഒരു കർമ്മപദ്ധതി തയ്യാറാക്കുക.

## f) ഗുരു-ശിഷ്യബന്ധം

മനുഷ്യനെ അവന്റെ സമഗ്രവളർച്ചയിൽ രൂപപ്പെടുത്തുന്ന ദൈവിക ജ്ഞാനം പ്രഥമമായി മാതാപിതാക്കളിൽ നിന്നാണു ലഭിക്കുന്നത്. എന്നാൽ തിരിച്ചറിവായിത്തുടങ്ങുന്നതോടെ ഗുരുഭൂതന്മാരും ഈ ദൗത്യം നിർവഹിച്ചു തുടങ്ങുന്നു.

- ഗുരുഭൂതരാണ് അന്ധകാരത്തിൽ നിന്ന് ഒരു വ്യക്തിയെ പ്രകാശത്തിലേക്കു നയിച്ചുകൊണ്ട് നന്മയിൽ ചരിക്കാൻ പ്രാപ്തനാക്കുന്നത്. പ്രഭാഷകന്റെ പുസ്തകത്തിൽ നാം വായിക്കുന്നു: “ദിവ്യഭാഷണം ശ്രവിക്കാൻ മനസ്സിരുത്തുക; ജ്ഞാനിയായി ഒരുവനെ കണ്ടെത്തിയാൽ അവനെ സന്ദർശിക്കാൻ വൈകരുത്; നിന്റെ പാദങ്ങൾ അവന്റെ വാതില്പടി നിരന്തരം സ്പർശിക്കട്ടെ” (പ്രഭാ 6: 35-36).

- പ്രായമനുസരിച്ചുള്ള ജ്ഞാനത്തിൽ വളരാനും ധാർമ്മികതയിൽ അധിഷ്ഠിതമായ ജീവിതം നയിക്കാനും ഒരാളെ പ്രാപ്തനാക്കുന്ന സുപ്രധാന ഘടകമാണ് ഗുരു-ശിഷ്യബന്ധം.

- യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നതുപോലെ (ലൂക്കാ 2:52) വ്യക്തിയുടെ പക്വതയാർന്ന വളർച്ചക്കു സഹായിക്കുന്നതാവണം ഗുരു-ശിഷ്യബന്ധം.

- ശിഷ്യരിൽ നിക്ഷിപ്തമായിരിക്കുന്ന സർഗശേഷികളും നന്മകളും സ്വയം കണ്ടെത്താൻ സഹായിക്കുന്നവരാണ് ഗുരുഭൂതർ. അവ അർഹിക്കുന്ന പ്രാധാന്യത്തോടെ പരിപോഷിപ്പിക്കാനും സംരക്ഷിക്കാനും സമൂഹത്തിന്റെ സമഗ്രവളർച്ചയ്ക്കായി ഉപയോഗിക്കാനും അവർ ശിഷ്യരെ പ്രാപ്തരാക്കുന്നു.
- ശിക്ഷ്യരിലുള്ള നന്മകളെപ്പോലെ കുറവുകളും തിരിച്ചറിയാൻ ഗുരുഭൂതർ സഹായിക്കും. പരാജയങ്ങളിൽ നിരാശപ്പെടാതെ അവയെ വിജയത്തിലേക്കുള്ള ചവിട്ടുപടിയായി പ്രയോജനപ്പെടുത്താനും സഹായിക്കുന്നു.

ഒരു വ്യക്തിയുടെ ജീവിതത്തിലെ ഏറ്റവും സുന്ദരമായ ആദ്യത്തെ പത്തിരുപത് വർഷക്കാലമെങ്കിലും പ്രധാനപ്പെട്ട മണിക്കൂറുകൾ ചെലവഴിക്കുന്നത് ഗുരുഭൂതരുടെ മുമ്പിലാണ്. അതിനാൽ അവരോടുള്ള പ്രതിജ്ഞാ ബദ്ധതയും യഥാർത്ഥ



ജ്ഞാനത്തോടുള്ള പ്രണയവുമാണ് ദൈവം ആഗ്രഹിക്കുന്ന തരത്തിലുള്ള വ്യക്തിത്വത്തിനും രൂപകൊടുക്കാൻ അയാളെ സഹായിക്കുന്നത്.

'മാതാപിതാ ഗുരു ദൈവം' എന്നാണല്ലോ ചൊല്ല്. നമ്മുടെ മാതാപിതാക്കളെ എന്നെപ്പോലെ നമ്മെ ജന്മത്തിലും മൂല്യങ്ങളിലും വളർത്തുന്ന ഗുരുഭൂതന്മാരേയും നാം സ്നേഹിക്കുകയും ആദരിക്കുകയും വേണം. അവരോട് നിരന്തരം നല്ല ബന്ധം പുലർത്താനും നമുക്കു കഴിയണം.

### പ്രവർത്തനം-6

നീണ്ടകാലം അദ്ധ്യാപന ശുശ്രൂഷ നിർവഹിച്ച ഒരു ഗുരുവിനെ ക്ലാസിലേക്കു ക്ഷണിച്ച് അദ്ദേഹം തന്റെ ശുശ്രൂഷയിലൂടെ സൂഹനിർമ്മിതിക്കു ചെയ്ത സേവനങ്ങളെക്കുറിച്ചും, ഗുരുശിഷ്യബന്ധത്തിലെ കാഴ്ചപ്പാടുകളെക്കുറിച്ചും ശിഷ്യരെപ്പറ്റിയുള്ള പ്രതീക്ഷകളെക്കുറിച്ചും ചോദിച്ചറിയുക.

> കർത്താവിന്റെ നിയമങ്ങളെപ്പറ്റി ചിന്തിക്കുക, അവിടത്തെ പ്രമാണങ്ങളെപ്പറ്റി ധ്യാനിക്കുക. അവിടന്നുതന്നെയാണ് നിനക്ക് ഉൾക്കാഴ്ച നൽകുന്നത്. നിന്റെ ജ്ഞാനതൃഷ്ണ അവിടന്ന് ശമിപ്പിക്കും. (പ്രഭ 6:35-36)

## g) പ്രകൃതിയുമായുള്ള ബന്ധം

പ്രപഞ്ചം മുഴുവൻ ക്രമീകരിച്ചശേഷം മാത്രമാണ് ദൈവം സൃഷ്ടിച്ചത് എന്ന് ബൈബിൾ പഠിപ്പിക്കുമ്പോൾ, പ്രപഞ്ചം മനുഷ്യന് ആവശ്യമാണെന്ന സത്യമാണു വെളിപ്പെടുത്തുന്നത്. സൃഷ്ടപ്രപഞ്ചത്തിന്റെ മുഴുവൻ മകുടമായ ദൈവം മനുഷ്യനെ സൃഷ്ടിച്ചു എന്നത് വ്യക്തമാക്കുന്നത് തിരുവചന ഭാഗങ്ങളാണ് ചുവടെ ചേർക്കുന്നത്.

1. "ദൈവം അവരെ ഇങ്ങനെ അനുഗ്രഹിച്ചു: സന്താനപുഷ്ടിയുള്ളവരായി പെരുകുവിൻ. ഭൂമിയിൽ നിറഞ്ഞ് അതിനെ കീഴടക്കുവിൻ. കടലിലെ മത്സ്യ

ങ്ങളുടെയും ആകാശത്തിലെ പറവകളുടെയും ഭൂമിയിൽ ചരിക്കുന്ന സകലജീവികളുടെയും മേൽ നിങ്ങൾക്ക് ആധിപത്യം ഉണ്ടായിരിക്കട്ടെ. ദൈവം അരുൾചെയ്തു: ഭൂമുഖത്തുള്ള ധാന്യം വിളയുന്ന എല്ലാ ചെടികളും വിത്തുൾക്കൊള്ളുന്നതും പഴങ്ങൾ കായ്ക്കുന്നതുമായ എല്ലാ വൃക്ഷങ്ങളും ഞാൻ നിങ്ങൾക്ക് ഭക്ഷണത്തിനായി തരുന്നു" (ഉത്പ 1: 28-29).

2. "ദൈവമായ കർത്താവ് ഭൂമിയിലെ സകല മൃഗങ്ങളെയും ആകാശത്തിലെ സകല പക്ഷികളെയും മണ്ണിൽ നിന്നു രൂപപ്പെടുത്തി. അവയ്ക്ക് മനുഷ്യൻ എന്തു പേരിടുമെന്നറിയാൻ അവിടന്ന് അവയെ അവന്റെ മുമ്പിൽ കൊണ്ടുവന്നു. മനുഷ്യൻ വിളിച്ചത് അവയ്ക്കു പേരായിത്തീർന്നു" (ഉത്പ 2: 19).

ഇവിടെ, സകല ജീവജാലങ്ങളുടെയും മേൽ മനുഷ്യനുള്ള ആധിപത്യം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. സകലമനുഷ്യരുടെയും ജീവജാലങ്ങളുടെയും പ്രകൃതിയുടെതന്നെയും പരിപാലനവും പരിപോഷണവുമാണ്. അല്ലാതെ, പ്രകൃതിയെ ഏതുവിധേനയും ചൂഷണം ചെയ്ത് ലാഭമുണ്ടാക്കുന്ന വ്യാവസായികമനോഭാവമല്ല. എന്നാൽ, പലരും ഈ സത്യം മറന്നുപോകുന്നു. മനുഷ്യൻ അവന്റെ സ്വാർത്ഥത്തിൽ പ്രകൃതിയെ പരിപാലിക്കുന്നതിനുപകരം ചൂഷണം ചെയ്യുകയാണുപതിവ്. അതുവഴി ദൈവത്തെയും സഹജീവികളെയും അവൻ വെല്ലുവിളിക്കുകയു സർവനാശത്തിനും കാരണമാവുകയും ചെയ്യുന്നു.

## പ്രവർത്തനം -7

മനുഷ്യന്റെ ചൂഷണത്തിനു വിധേയമായ വൃക്ഷലതാദികളും പക്ഷിമൃഗാദികളും സകല ജലാശയങ്ങളും കുന്നുകളും മലകളും മത്സ്യങ്ങളും മനുഷ്യർക്കെതിരേ പ്രതിഷേധവും രോദനവും പ്രകടമാക്കിയിരുന്നെങ്കിൽ, അവർ



ഉപയോഗിക്കുമായിരുന്ന മുദ്രാവാക്യങ്ങൾ എങ്ങനെയുള്ളവയായിരിക്കുമെന്ന് ഗ്രൂപ്പു തിരിഞ്ഞ് എഴുതുക.

പ്രകൃതിചൂഷണത്തിനുവിധേയമാകുന്ന മേഖലകൾ താഴേ ചേർത്തിരിക്കുന്നതു കാണുക. ഈ രീതി തുടർന്നാലുണ്ടാകുന്ന അപകടസാധ്യതകൾ വിലയിരുത്തുകയും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക.

- വനനശീകരണം
- മണൽവാരൽ
- പുഴകളും ജലാശങ്ങളും നികത്തൽ
- അമിത രാസവളപ്രയോഗങ്ങൾ മത്സ്യസമ്പത്ത് നശീകരണം
- പ്ലാസ്റ്റിക്കിന്റെ അമിത ഉപയോഗം

- വായുമലിനീകരണം
- ശബ്ദമലിനീകരണം
- ജലമലിനീകരണം

ബന്ധങ്ങൾ സ്ഥാപിക്കാതെയും നിലനിർത്താതെയും നമുക്ക് ഉത്തമ മനുഷ്യരായി സമൂഹത്തിൽ ജീവിക്കാനാവില്ല. ദൈവത്തോടും കുടുംബത്തോടും സമൂഹത്തോടും ഗുരുഭൂതന്മാരോടും പ്രകൃതിയോടും തന്നോടുതന്നെയുള്ള ബന്ധങ്ങൾ നമ്മുടെ ജീവിതം അർത്ഥപൂർണമാക്കുന്നു. നമ്മുടെ ഈ ബന്ധങ്ങൾ ആഗോളതലത്തിലേക്ക് വ്യാപിപ്പിക്കുംവിധം മൊബൈൽ, ഇന്റർനെറ്റ് തുടങ്ങിയ സങ്കേതികരംഗങ്ങൾ ഇന്ന് ഏറെ വളർന്നിരിക്കുന്നു. ഒരു വിശ്വസാഹോദര്യ സംസ്കാരം രൂപപ്പെടുത്താൻ ഇവ സഹായിക്കുന്നുമുണ്ട്. എന്നാൽ അവയിൽ ഒഴിഞ്ഞിരിക്കുന്ന അപകടസാദ്ധ്യതകൾ നാം കണ്ടില്ലെന്നു നടിച്ചുകൂടാ. നമ്മുടെ എല്ലാ ബന്ധങ്ങളും ഏറ്റവും ശ്രേഷ്ഠവും ഉന്നതവുമായ ദൈവത്തോടുള്ള ബന്ധത്തിൽ എത്തിച്ചേരാൻ സഹായകമാകുംവിധം ആധുനികലോകം നല്കുന്ന സകലസാദ്ധ്യകളും വിനിയോഗംചെയ്യുകയാണ് കരണീയം. എല്ലാത്തിലുമുപരി, മനുഷ്യബന്ധങ്ങൾക്കും സമൂഹസുസ്ഥിതിക്കുമെതിരെ ഉയരുന്ന വെല്ലുവിളികൾ അതിജീവിക്കാൻ പ്രാർത്ഥനയുടെ കരുത്തും ദൈവവചനത്തിന്റെ വെളിച്ചവും കൂദാശകളിലൂടെ ലഭിക്കുന്ന പരിപോഷണവും നമ്മെ സഹായിക്കും. മൂല്യബോധത്തോടെ ബന്ധങ്ങൾ സ്ഥാപിച്ചും നന്മയിൽ അവയെ നിലനിറുത്തിയും നമ്മുടെ ജീവിതം ദൈവത്തിനും മനുഷ്യർക്കും സ്വീകാര്യമാക്കിത്തീർക്കാൻ നമുക്കു പരിശ്രമിക്കാം.

**പ്രവർത്തനം - 8**

സമൂഹസുസ്ഥിതിക്ക് അനിവാര്യമായ വിവിധബന്ധങ്ങൾ നമ്മൾ കണ്ടു കഴിഞ്ഞല്ലോ. അവ അംഗീകരിച്ചും ആദരിച്ചും സമൂഹത്തിന്റെ സുസ്ഥിതിക്കുവേണ്ടി സഭയോടൊത്തു പ്രവർത്തിക്കുമെന്നു പ്രഖ്യാപിക്കുന്ന പ്രതിജ്ഞ ഗ്രൂപ്പടിസ്ഥാനത്തിൽ തയ്യാറാക്കുക.



# 6

# യുവജനങ്ങളും സാമൂഹിക പ്രതിജ്ഞാബദ്ധതയും



നല്ല മനുഷ്യബന്ധങ്ങളിലൂടെ മനോഹരമായ ഒരു സാമൂഹികക്രമം വളർത്തിയെടുക്കാൻ വിളിക്കപ്പെട്ടവരാണ് ക്രൈസ്തവർ എന്നു നാം മുൻപാഠത്തിൽ കാണുകയുണ്ടായി. ദൈവരാജ്യദർശനത്തിലൂന്നിയ നവസമൂഹസൃഷ്ടി മുന്നിൽക്കണ്ട് ബന്ധിതർക്കു മോചനവും അന്ധർക്കു കാഴ്ചയും ദരിദ്രർക്കു സുവിശേഷവും അടിച്ചമർത്തപ്പെടവർക്കു സ്വാതന്ത്ര്യവും പ്രഖ്യാപിച്ചു കടന്നുവന്നവനാണ് യേശു. യേശുവിന്റെ ഈ പ്രവർത്തനം ഇന്ന് ഏറ്റെടുത്തുനടപ്പിലാക്കേണ്ടവരാണ് ക്രൈസ്തവർ, വിശേഷിച്ച് യുവജനങ്ങൾ. നാളത്തെ സമുദായത്തിനും സമൂഹത്തിനും സഭയ്ക്കും നേതൃത്വം നല്കേണ്ടവരാണ് യുവജനങ്ങൾ. യുവജനങ്ങളെ സാമൂഹികപ്രതിജ്ഞാബദ്ധതയിൽ വളർത്താനുള്ള പദ്ധതിയുടെ ഭാഗമാണ് ഈ പാഠം. ദൈവം പഴയപ്രവാചകരിലൂടെയും ക്രിസ്തുവിലൂടെയും സഭയിലൂടെയും മനുഷ്യന്റെ സമ്പൂർണവളർച്ചയ്ക്കായി നടത്തിയിട്ടുള്ള സാമൂഹിക ഇടപെടുകളെക്കുറിച്ച് നാം ഈ പാഠത്തിൽ മനസിലാക്കുന്നു. ഒപ്പം കേരളത്തിലെ ലത്തീൻസഭ സാമൂഹികനവോത്ഥാനത്തിനുവേണ്ടി ഏറ്റെടുത്തുനടത്തിയ പ്രവർത്തനങ്ങളെക്കു

റിച്ചും നാം മനസിലാക്കുന്നു. അവസാനമായി, ഇന്നത്തെ യുവജനങ്ങൾ ആർജ്ജിക്കേണ്ട സാമൂഹികവീക്ഷണത്തെക്കുറിച്ചും അതിനുള്ള ഉപാധികളെക്കുറിച്ചും ഈ പാഠഭാഗം പ്രതിപാദിക്കുന്നു.

**പ്രവർത്തനം - 1**

യുവജനങ്ങളിൽ പൊതുവെ കണ്ടുവരുന്ന സവിശേഷതകളാണ് താഴെ ചേർത്തിട്ടുള്ളത്.

ധീരത

നീതിബോധം

പ്രതികരണശേഷി

സർഗാത്മകത

അന്വേഷണത്വര

പുതുമയ്ക്കുവേണ്ടിയുള്ള ആഗ്രഹം

ഇവകൂടാതെ, മറ്റുപല സവിശേഷതകളും യുവജനങ്ങളിൽ കണ്ടുവരുന്നുണ്ട്. തങ്ങളുൾപ്പെടുന്ന സമൂഹം പണിതുയർത്താനോ നശിപ്പിക്കാനോ ഇവയിലൂടെ യുവജനങ്ങൾക്കു സാധിക്കും. അതെങ്ങനെ? ഗ്രൂപ്പ് തിരിഞ്ഞ് ചർച്ച നടത്തി റിപ്പോർട്ടു ചെയ്യുക.

മേല്പറഞ്ഞ ആമുഖപ്രവർത്തനത്തിലൂടെ നാം മനസിലാക്കുന്നത് യുവജനങ്ങൾക്ക് അവരുൾപ്പെടുന്ന സമൂഹത്തെ വളർത്താനോ തളർത്താനോ സാധിക്കും എന്ന വസ്തുതയാണ്.

യുവജനങ്ങളുടെ ദൈവദത്തമായ കഴിവുകളെക്കുറിച്ച് യുവജനങ്ങളുടെ പാപ്പാ എന്നറിയപ്പെടുന്ന ജോൺപോൾ രണ്ടാമൻ പറഞ്ഞ വാക്കുകൾ ശ്രദ്ധേയമാണ്: "യുവജനങ്ങളേ, നിങ്ങളുടെ യുവത്വം നിങ്ങളുടെ സ്വന്തമല്ല, നിങ്ങളുടെ സ്വകാര്യസ്വത്തുമല്ല അത്. ഒരു തലമുറയുടെ മാത്രം സ്വത്തുമല്ല. ഓരോ മനുഷ്യനും തന്റെ ജീവിതയാത്രയിൽ കടന്നുപോകുന്ന മുഴുവൻ സ്ഥലകാലങ്ങളുടെയും

സ്വത്താണ്. അതേസമയം, അത് ഓരോരുത്തരുടെയും സവിശേഷസ്വത്തുമാണ്. അത് മനുഷ്യവംശം മുഴുവന്റെയും സ്വത്താണ് (ജോൺ പോൾ രണ്ടാമൻ, 'യുവത്വം ഒരു നിധി,'1).

ദൈവദാനമായ യുവത്വത്തിന്റെ ശേഷികളൊക്കെയും സമൂഹത്തിന്റെ സമൂലമായ പരിവർത്തനത്തിനുവേണ്ടിയുള്ളതാണെന്ന് തങ്ങളുടെ യുവത്വത്തിൽത്തന്നെ തെളിയിച്ച അനേകം പേരുടെ മാതൃകകൾ നമുക്ക് ചരിത്രത്തിൽ കാണാനാകും. ഉദാ. മഹാത്മാഗാന്ധി, മാർട്ടിൻ ലൂഥർ കിങ്, നെൽസൻ മണ്ടേല, മദർതെരേസ, ജോവാൻ ഓഫ് ആർക്. ഇവരെപ്പോലെ നമ്മുടെ യുവത്വം സമൂഹനിർമ്മിതിക്ക് എങ്ങനെയൊക്കെ വിനിയോഗിക്കാനാകുമെന്ന് ഈ പാഠഭാഗത്തിലൂടെ നമുക്ക് ചർച്ചചെയ്യാം.

## സാമൂഹികപ്രതിജ്ഞാബദ്ധത: ഒരു പ്രവാചകദൗത്യം



ദൈവം മനുഷ്യനെ സമൂഹജീവിയായാണ് സൃഷ്ടിച്ചതെന്നും തന്റെയും മറ്റു സഹജീവികളുടെയും നിലനില്പിനും പരിപോഷണത്തിനും വേണ്ടി അയാൾ നിയുക്തനാണെന്നും നാം മുൻപാഠത്തിൽ കണ്ടുകഴിഞ്ഞു.

വ്യക്തിനന്മയും സമൂഹനന്മയും ലക്ഷ്യംവച്ചുകൊണ്ടുള്ള ഒരു ലോകക്രമമാണ് ദൈവം വിഭാവനം ചെയ്തത്. സമൂഹത്തിന്റെ നിലപാടുകൾ വ്യക്തികൾക്കെതിരായപ്പോഴും വ്യക്തികൾ സമൂഹനന്മയ്ക്കെതിരായപ്പോഴും ദൈവം വ്യക്തികളിലൂടെ തന്നെ ഇടപെടുന്നുണ്ട്. അതിൽ പ്രധാനികളാണ് പഴയ നിയമപ്രവാചകന്മാർ. നിലവിലിരുന്ന ആചാരങ്ങളും അനുഷ്ഠാനങ്ങളും നിയമവ്യവസ്ഥിതികളും ദൈവികനിയമങ്ങൾക്കും സാമൂഹികസുസ്ഥിതിക്കും എതിരായപ്പോൾ അതിനെതിരേ

പോരാടാൻ ദൈവം അയച്ചത് ശക്തരായ ഈ പ്രവാചകരെയായിരുന്നു (ഏശ 1:1-31) ഇസ്രായേൽജനത്തെ മുഴുവൻ ആഹാബ് രാജാവ് വിഗ്രഹാരാധനയിലേക്കും അന്യദൈവാരാധനയിലേക്കും വഴിതെറ്റിച്ചപ്പോൾ അതിനെതിരെ ആഞ്ഞടിച്ച ഏലിയായും (1 രാജാ 18: 1-40), തിരുനാളുകളും ഉത്സവങ്ങളും മറ്റ് ആഘോഷങ്ങളും വെറും ആചാരാനുഷ്ഠാനങ്ങളായി തരംതാണപ്പോൾ 'നിങ്ങളുടെ ഉത്സവങ്ങളോട് എനിക്കു വെറുപ്പാണ്' എന്നു വിളിച്ചുപറഞ്ഞ ആമോസും (ആമോ 5:21) സമൂഹത്തിന്റെ സുസ്ഥിതിക്കായി ഇടപെടുന്ന ദൈവത്തിന്റെ ഉപകരണങ്ങളായിരുന്നു.

### ക്രിസ്തുവിന്റെ സാമൂഹിക പ്രതിജ്ഞാബദ്ധത

പഴയനിയമത്തിൽ പ്രവാചകന്മാർ തുടങ്ങിവച്ച സാമൂഹികപ്രതിജ്ഞാബദ്ധത യേശുവിലൂടെയാണ് പുതിയമാനങ്ങൾ തേടുന്നതും പൂർണത കണ്ടെത്തുന്നതും. യേശുവിന്റെ സാമൂഹിക പ്രതിജ്ഞാബദ്ധത സമൂഹത്തിന്റെ എല്ലാ തലങ്ങളെയും സ്പർശിക്കുന്നതായിരുന്നു. യേശുവിന്റെ ദൈവരാജ്യദർശനത്തിൽ ഈ സാമൂഹികപ്രതിജ്ഞാബദ്ധത ലിംഗ-ജാതിഭേദമില്ലാത്തതും ആരെയും മാറ്റി നിറുത്താത്തതും സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും ഉൾക്കൊള്ളുന്നതുമായിരുന്നു. ക്രിസ്തുവിന്റെ ഈ പ്രവാചകധീരതയാണ് സാമൂഹികപ്രതിജ്ഞാബദ്ധതയ്ക്കുള്ള യുവജനങ്ങളുടെ മാതൃക.

### പ്രവർത്തനം-2

ലൂക്കാ 19: 1-10

യോഹ 4:1-40

ലൂക്കാ 6:6-11, മത്താ 12:9-14

യോഹ 9:1-11

മർക്കോ 1:40-45, മത്താ 8:1-4.

മേല്പറഞ്ഞ ബൈബിൾഭാഗങ്ങൾ ഗ്രൂപ്പുതിരിഞ്ഞു പരിശോധിച്ച് ഒരു സാമൂഹികപരിഷ്കർത്താവെന്നനിലയിൽ അവ ഓരോന്നും ചുവടേ ചേർത്തിരിക്കുന്ന, ക്രിസ്തുവിന്റെ ഏതുനിലപാടുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് രേഖപ്പെടുത്തുക.

1. പാപിയെയല്ല, പാപത്തെയാണ് വെറുക്കേണ്ടത്.

2. ഭൂമിയിലെ സകലജാതികൾക്കും ദൈവത്തിന്റെ രക്ഷ സമീപസ്ഥമാണ്.

3. മനുഷ്യൻ സാബത്തിനു (നിയമം) വേണ്ടിയല്ല, സാബത്ത് മനുഷ്യനുവേണ്ടിയാണ്.

4. രോഗം പാപത്തിന്റെയോ ശാപത്തിന്റെയോ ഫലമല്ല.

5. എല്ലാമനുഷ്യരും മഹത്ത്വമുള്ളവരാണ്; ആരും തൊട്ടുകൂടാത്തവരല്ല.

ക്രിസ്തു തന്റെ ഇടപെടലുകൾവഴി അക്കാലത്ത് സമൂഹത്തിൽ നിലനിന്നിരുന്ന അടിസ്ഥാന ധാരണകൾക്ക് പുതിയ അർത്ഥതലങ്ങൾ നല്കുന്നുണ്ട്. താഴേ പറയുന്ന വിശുദ്ധഗ്രന്ഥഭാഗങ്ങൾ വായിച്ച് അവയ്ക്കുനേരേ കൊടുത്തിരിക്കുന്ന പദങ്ങൾക്ക് യേശു എന്തർത്ഥമാണ് പുതുതായി നല്കിയതെന്ന് വ്യക്തമാക്കുക.

1. അധികാരം (മർക്കോ 10:45; യോഹ14:15)
2. പ്രാർത്ഥന (മത്താ 6:5-7)
3. ഉപവാസം (മത്താ 6:16-18)
4. സ്നേഹം (ലൂക്കാ 6: 27-36)
5. നിയമ (ത്താ 5:17)
6. പാപം (ലൂക്കാ 15: 11-32)
7. രോഗം (യോഹ 9:1-11)
8. നേതാവ് (മർക്കോ 10:43-45)
9. പരസ്നേഹം (ലൂക്കാ 6:31-32)
10. നീതി (മത്താ 20: 1-16)

### സഭയുടെ സാമൂഹിക പ്രതിജ്ഞാബദ്ധത

യേശുക്രിസ്തുവിന്റെ തുടർച്ചയായ സഭയുടെ ദൗത്യം ക്രിസ്തുവിന്റേതിൽ നിന്ന് വ്യത്യസ്തമല്ല. ക്രിസ്തുവിന്റെ സാമൂഹികപ്രതിജ്ഞാബദ്ധതയും വിമോചനദൗത്യവും ഇന്ന് ലോകത്തിൽ തുടരുന്നത് സഭയിലൂടെയാണ്. ക്രിസ്തുസഭ

സ്ഥാപിച്ചതുതന്നെ ഈ ദൗത്യം എന്നും എവിടെയും തുടരാൻവേണ്ടിയാണ്. സമത്വസുന്ദരമായ ഒരു സാമൂഹിക-സാമ്പത്തിക-ധാർമ്മിക വ്യവസ്ഥിതിയുടെ സൃഷ്ടിക്ക് ലോകത്തിന്റെ മനഃസാക്ഷിയായാണ് സഭ നിലകൊള്ളുന്നത്. ആരാധനാസമൂഹത്തിനു നേതൃത്വം കൊടുക്കുന്നതു മാത്രമല്ല അടിച്ചമർത്തപ്പെട്ടവരുടെയും ബന്ധിതരുടെയും വിമോചനത്തിനായി പ്രയത്നിക്കുകയും ഈലോകത്തിൽ ശബ്ദമില്ലാത്തവരുടെ ശബ്ദമായിത്തീരുകയും ചെയ്യുകയെന്നതുമാണ് സഭയുടെ ദൗത്യം. സഭ ഈ ലോകത്തിന്റെ പ്രശ്നങ്ങളിൽ ഇടപെടുന്നത് വെറും ഔദാര്യത്തിന്റേയോ സാമൂഹികസേവനത്തിന്റെയോ പേരിലല്ല; മറിച്ച് ക്രിസ്തു സഭയ്ക്കുനല്കിയിരിക്കുന്ന അടിസ്ഥാനദൗത്യമായ സുവിശേഷവത്കരണശുശ്രൂഷയുടെ ഭാഗമായാണ്. ലോകത്തിന്റെ പ്രശ്നങ്ങളിൽ ഇടപെട്ടുകൊണ്ട് ലോകത്തിൽ രക്ഷയുടെ കൂദാശയായിത്തീരാനാണ് സഭ എക്കാലവും പരിശ്രമിച്ചിട്ടുള്ളത്.



വിശുദ്ധ തോമസ് മൂർ

മനുഷ്യന്റെ മഹത്ത്വവും സ്വാതന്ത്ര്യവും ഉയർത്തിപ്പിടിക്കാൻ സഭ എന്നും നിലകൊണ്ടു എന്നതാണ് ചരിത്രസത്യം. അടിമസമ്പ്രദായം നിലനിന്നിരുന്ന റോമാസാമ്രാജ്യത്തിൽ അടിമകളെ മനുഷ്യരായിക്കാണാനും സഹോദരതുല്യം സ്നേഹിക്കാനും ആദിമസഭ തയ്യാറായി. ഇങ്ങനെ മനുഷ്യാവകാശങ്ങൾക്കുവേണ്ടി സഭ നിലകൊണ്ടതിനാലാണ് പില്ക്കാലത്ത് സഭയ്ക്ക് റോമൻചക്രവർത്തിമാരിൽ നിന്ന് മതമർദ്ദനങ്ങൾ ഏല്ക്കേണ്ടിവന്നതെന്ന ചരിത്രയാഥാർത്ഥ്യം നമുക്ക് വിസ്മരിക്കാനാവില്ല.

സഭ ഒരു വിശ്വാസിസമൂഹമായി മാത്രമല്ല സഭാംഗങ്ങൾ വ്യക്തിപരമായും സാമൂഹിക പ്രതിജ്ഞബദ്ധതയോടെയാണ് പ്രവർത്തിച്ചിരുന്നത്.

1529-ൽ ഇംഗ്ലണ്ടിലെ ഹെൻറി 8-ാമൻ രാജാവ് തന്റെ ഭാര്യയായ കാതറിനെ ഉപേക്ഷിച്ച് ആനിബാളിനെ വിവാഹം കഴിക്കാനും ഇംഗ്ലണ്ടിലെ കത്തോലിക്കാ സഭയുടെ പരമാധികാരിയായി സ്വയം പ്രഖ്യാപിക്കാനും ഒരുമ്പെട്ടു. അദ്ദേഹത്തിന്റെ ചാൻസലറായ തോമസ് മൂർ അതിനെ എതിർക്കുകയും ചാൻസലർ പദവി രാജി വയ്ക്കുകയും ചെയ്തത് തിന്മയ്ക്കെതിരെ സഭയുടെ മുഖംനോക്കാതെയുള്ള സാമൂഹിക ഇടപെടലിന്റെ ഉത്തമ മാതൃകയാണ്.



വിശുദ്ധ ലെയോ പതിമൂന്നാമൻ

ആധുനിക കാലഘട്ടത്തിൽ സഭയുടെ സാമൂഹികപ്രതിജ്ഞാബദ്ധതയുടെ ഉജ്ജ്വല ഏടുകളാണ് സഭയുടെ സാമൂഹിക പ്രബോധനങ്ങൾ. ലെയോ പതിമൂന്നാമൻ പാപ്പായുടെ 'റേരും നൊവാരും' മുതൽ ബെനഡിക്ട് പതിനാറാമൻ പാപ്പായുടെ 'കാരിത്താസ് ഇൻ വേരിത്താത്തെ' വരെയുള്ള അപ്പസ്തോലിക ലേഖനങ്ങൾ ലോകമാകെ സാമൂഹിക നവോത്ഥാനത്തിന് ചാലകശക്തിയായി ഭവിച്ചു. റഷ്യ, പോളണ്ട് എന്നീരാജ്യങ്ങളിൽ നിരീശ്വരഭൗതീകവാദത്തിന്റെ ധാരാളിത്തവും അമേരിക്കൻ യൂറോപ്യൻ രാജ്യങ്ങളിൽ മുതലാളിത്തവ്യവസ്ഥിതിയുടെ കടന്നുകയറ്റവും മൂലം നടമാടിയിരുന്ന മനുഷ്യാവകാശധ്വംസനങ്ങൾ ഫലപ്രദമായി ചെറുക്കാൻ സഭയുടെ സാമൂഹിക പ്രബോധനങ്ങൾക്കു സാധിച്ചുവെന്നത് നമുക്ക് അഭിമാനത്തോടെ ഓർക്കാവുന്ന കാര്യമാണ്.

## സഭയുടെ സാമൂഹികപ്രബോധനങ്ങൾ

| വർഷം | പാപ്പ | പേര് |
|---|---|---|
| 1891 | ലെയോ 13 | റേരും നൊവാരും<br>(പുതിയ കാര്യങ്ങളെ സംബന്ധിച്ച്) |
| 1931 | പീയൂസ് 11 | ക്വാദ്രോജേസ്സിമൊ അന്നൊ<br>(നാല്പതാം വർഷത്തിൽ) |
| 1961 | ജോൺ 23 | മാത്തർ എത്ത് മജിസ്ത്രാ<br>(മാതാവും ഗുരുനാഥയും) |
| 1963 | ജോൺ 23 | പാച്ചെം ഇൻ തേറിസ്<br>(ഭൂമിയിൽ സമാധാനം) |
| 1967 | പോൾ 6 | പോപ്പുളോരും പ്രൊഗ്രസിയൊ<br>(ജനതകളുടെ പുരോഗതി) |
| 1971 | പോൾ 6 | ഒക്കൊജേസിമൊ അദ്വേനിയേൻസ്<br>(ആസന്നമായ 80-ാം വർഷം) |
| 1981 | ജോൺപോൾ 2 | ലബോരെം എക്സേർച്ചെൻസ്<br>(തൊഴിൽ) |
| 1987 | ജോൺപോൾ 2 | സൊള്ളിച്ചിത്തൂദോ റേയി സോച്യാലിസ്<br>(സാമൂഹികൗത്സുക്യം) |
| 1991 | ജോൺപോൾ 2 | ചെന്തേസിമൂസ് അന്നൂസ്<br>(നൂറാംവർഷം) |
| 2009 | ബെനഡിക്ട് 16 | കാരിത്താസ് ഇൻ വേരിത്താത്തെ<br>(സത്യത്തിൻ സ്നേഹം) |

## കേരളത്തിലെ ലത്തീൻസഭയുടെ സാമൂഹികപ്രതിജ്ഞാബദ്ധത

ആദ്യനൂറ്റാണ്ടുകൾ മുതലുള്ള അപ്പസ്തോലിക പാരമ്പര്യം അവകാശപ്പെടുന്ന ക്രൈസ്തവ സമൂഹം കേരളത്തിൽ ഉണ്ടായിരുന്നു.

കേരളത്തിൽ പ്രബലമായിരുന്ന ജാതിവ്യവസ്ഥയ്ക്ക് കീഴ്പ്പെട്ടതിനാൽ ക്രൈസ്തവർ, ജാതിശ്രേണിയിലെ നിരവധി അനാചാരങ്ങളും അന്ധവിശ്വാസങ്ങളും പിൻതുടർന്നുപോന്നു.

കേരളത്തിലെ ക്രൈസ്തവസമൂഹം റോമൻ കത്തോലിക്കാസഭയുമായി ആദ്യമായി ബന്ധപ്പെടുന്നത് 16-ാം നൂറ്റാണ്ടിന്റെ തുടക്കം മുതൽ കേരളത്തിൽ എത്തിച്ചേർന്ന പാശ്ചാത്യലത്തീൻ മിഷണറിമാരിലൂടെയാണ്. സുവിശേഷപ്രചാരണാർത്ഥം ഇവിടെ എത്തിച്ചേർന്ന പാശ്ചാത്യമിഷണറിമാർ ഇവിടത്തെ ക്രൈസ്തവരുമായി ഇടപഴകിയപ്പോഴാണ് അവരുടെ വിശ്വാസജീവിതത്തിൽ യഥാർത്ഥ ക്രിസ്തീയവിശ്വാസത്തിനു നിരക്കാത്ത ആചാരങ്ങളും ജീവിതരീതികളും അനുഷ്ഠാനങ്ങളുമുണ്ടെന്നു തിരിച്ചറിഞ്ഞത്.

ഇത്തരത്തിലുള്ള അനാചാരങ്ങളിൽ നിന്ന് അവരെ മോചിപ്പിച്ച് യഥാർത്ഥ കത്തോലിക്കാവിശ്വാസത്തിലേക്കും റോമൻകത്തോലിക്കാസഭയുമായുള്ള ബന്ധത്തിലേക്കും നയിക്കുന്നതിനുവേണ്ടി പാശ്ചാത്യ ലത്തീൻമിഷണറിമാർ നടത്തിയ ഐതിഹാസികമായ ചരിത്രസംഭവമാണ് ഉദയംപേരൂർ സൂനഹദോസ്.

## ഉദയംപേരൂർ സൂനഹദോസ്: കേരളനവോത്ഥാനത്തിന്റെ നാഴികക്കല്ല്

കേരളക്രൈസ്തവസമൂഹത്തിൽ സമൂലമായ മാറ്റങ്ങളുടെയും കേരള സാമൂഹിക ജീവിതത്തിൽ നവോത്ഥാനചിന്തകളുടെയും കൊടുങ്കാറ്റായി മാറിയ ചരിത്രസംഭവമാണ് ഉദയംപേരൂർ സൂനഹദോസ്. അന്നത്തെ കൊച്ചിരാജ്യത്തെ ഉദയംപേരൂരിൽ 1599 ജൂൺ 20 മുതൽ 26 വരെയാണ് സൂനഹദോസ് നടന്നത്. ഗോവയിലെ മെത്രാപ്പോലീത്ത ഡോ. അലക്സിസ് മെനേസിസ് വിളിച്ചുചേർത്ത സൂനഹദോസിൽ 153 നാട്ടുകാരായ വൈദികരും 650 അല്മായരും ഏതാനും ദൈവശാസ്ത്രപണ്ഡിതരും ഉൾപ്പെടെ 832 പേരാണു പങ്കെടുത്തത്.

കത്തോലിക്കാസഭയ്ക്കെതിരെ പ്രവർത്തിച്ച് മറ്റൊരു സഭ രൂപീകരിച്ച മാർട്ടിൻ ലൂഥറിന്റെ സിദ്ധാന്തങ്ങൾ ശപിച്ചുതള്ളിയ ആഗോളകത്തോലിക്കാസഭയുടെ ട്രെന്റ് സൂനഹദോസ് നടന്നത് 1545-1563 കാലയളവിലാണ്. ഈ സൂനഹദോസിന്റെ പ്രബോധനങ്ങൾ എല്ലാ കത്തോലിക്കരെയും പഠിപ്പിക്കുകയെന്ന ഉത്തരവാദിത്വം സഭാധികാരികളെല്ലാവരും തീക്ഷ്ണതയോടെ നിറവേറ്റുന്നതിന്റെ ഭാഗമായാണ് ഉദയംപേരൂർ സൂനഹദോസിനെ കാണേണ്ടത്. കൂടാതെ, തലമുറകളായി കത്തോലിക്കാവിശ്വാസപരിശീലനമോ ധാർമ്മികപ്രബോധനമോ ലഭിക്കാതെയും തദ്ദേശീയരുടെ അന്ധവിശ്വാസങ്ങളും ദുരാചാരങ്ങളും പിൻതുടർന്നും ജീവിക്കുകയായിരുന്ന ഇവിടത്തെ ക്രൈസ്തവരെ കത്തോലിക്കാ വിശ്വാസത്തിൽ രൂപപ്പെടുത്തിയെടുക്കുന്നതിനും വിശ്വാസത്തിലധിഷ്ഠിതമായ ധാർമ്മിക-സാമൂഹിക ജീവിതക്രമത്തിൽ അവരെ പുനരുദ്ധരിക്കുന്നതിനും സൂനഹദോസ് പരിശ്രമിക്കുന്നുണ്ട്.

സൂനഹദോസിന്റെ തീരുമാനങ്ങൾ (കാനോനകൾ) വായിക്കുന്ന ആർക്കും മേൽപറഞ്ഞ ലക്ഷ്യങ്ങൾ സുപ്രധാനമായിരുന്നു എന്നു വ്യക്തമാകും. കേരളത്തിലെ ജാതിവ്യവസ്ഥ ഇല്ലായ്മചെയ്യാൻ മുഖ്യപങ്കുവഹിച്ച നവോത്ഥാന നായകൻ ശ്രീനാരായണഗുരു ജനിക്കുന്നതിന് 257 വർഷങ്ങൾക്കു മുമ്പുതന്നെ കേരളത്തിൽ നിലവിലിരുന്ന അനാചാരങ്ങൾക്കും അയിത്താചരണത്തിനും അന്ധവിശ്വാസങ്ങൾക്കുമെതിരെ ലിഖിതശാസനകൾ പുറപ്പെടുവിച്ചത് ഉദയംപേരൂർ സൂനഹദോസായിരുന്നു എന്നത് ചരിത്രത്തിൽ തങ്കലിപികളിൽ രേഖപ്പെടുത്തേണ്ട സത്യമാണ്.

കേരളത്തിലെ നവോത്ഥാന നായകന്മാരുടെ വിപ്ലവാഹ്വാനങ്ങൾ അനുസരിച്ച് അയിത്തത്തിനും ജാതിവ്യവസ്ഥകൾക്കുമെതിരായി കേരളത്തിൽ ശക്തമായ സാമൂഹികമുന്നേറ്റങ്ങൾ ആരംഭിക്കുന്നത് 19-ാം നൂറ്റാണ്ടിലാണ്. എന്നാൽ 16-ാം നൂറ്റാണ്ടിൽത്തന്നെ ഈ വിപ്ലവപ്രക്രിയയുടെ ആരംഭം ഉദയംപേരൂർ സൂനഹദോസിൽ നടന്നിരുന്നുവെന്നത് ശ്രദ്ധേയമായ കാര്യമാണ്.

ഏതാണ്ട് 260 കാനോനകളാണ് സൂനഹദോസ് അംഗീകരിച്ചത്. ഇവയിൽ പ്രധാനപ്പെട്ട ചില കാനോനകൾ ചുവടെ ചേർക്കുന്നു:

1. മന്ത്രവാദം, കൂടോത്രം, ഭാഗ്യദോഷപ്രവചനം എന്നിവ സൂനഹദോസ് കർശനമായി നിരോധിച്ചു (സെക്ഷൻ *ix*, ഡിക്രി 6, 7).

2. അമിതപലിശയും പലിശയ്ക്ക് പലിശയായ പിഴപ്പലിശയും ഈടാക്കിയിരുന്നത് കർശനമായി നിരോധിച്ചു (സെക്ഷൻ *ix* , 9).

3. തീണ്ടലും അയിത്താചാരവും ദൈവനിഷേധമാണെന്നും അതിനാൽ ക്രിസ്ത്യാനികൾ അത്തരം അനാചാരങ്ങൾ പാലിക്കരുതെന്നും സൂനഹദോസ് നിഷ്കർഷിച്ചു (സെക്ഷൻ *ix*, ഡിക്രി 10).

4. സ്ത്രീകൾ നഗ്നത പൂർണമായും മറച്ച് വസ്ത്രം ധരിക്കണമെന്നും പുരുഷന്മാർ മുണ്ടും മേൽമുണ്ടും ധരിച്ച് നഗ്നത മറച്ചുവേണം നടക്കാനെന്നും സൂനഹദോസ് കല്പിച്ചു (സെക്ഷൻ *ix* , 6, 7)

5. ചാരായം വീര്യംകൂട്ടി ഉണ്ടാക്കാൻ പാടില്ലെന്നും അമിതമായി മദ്യപിക്കാൻ പാടില്ലെന്നും നിഷ്കർഷിച്ചുകൊണ്ട് സൂനഹദോസ് തീരുമാനമെടുത്തു (സെക്ഷൻ *ix*, ഡിക്രി 18).

6. അക്കാലത്ത് ഭാര്യയ്ക്കുപുറമെ ഓരോരുത്തരുടേയും സമാർത്ഥ്യവും സമ്പത്തും അനുസരിച്ച് പരസ്യമായി വെപ്പാട്ടികളെ വച്ചിരുന്നത് കർശനമായി നിരോധിച്ചു (സെക്ഷൻ *ix*, ഡിക്രി 11).

7. ദോഷനാളിൽ പിറക്കുന്ന കുഞ്ഞുങ്ങളെ കൊല്ലുന്ന അത്യന്തം ക്രൂരമായ അനാചാരം നിലനിന്നിരുന്നത് കർശനമായി നിരോധിച്ചു (സെക്ഷൻ *iv*, ഡിക്രി 11).

8. ഹിന്ദുക്കളുടെ ഇടയിൽ നിലനിന്നിരുന്ന ശൈശവവിവാഹസമ്പ്രദായം ക്രിസ്ത്യാനികളും സ്വീകരിച്ചിരുന്നതിനാൽ ഏഴും എട്ടും വയസ്സുള്ളപ്പോൾ കുട്ടികളെ വിവാഹം കഴിപ്പിക്കുന്നത് അക്കാലത്ത് സർവസാധാരണമായിരുന്നു. വിവാഹത്തിനുള്ള ഏറ്റവും കുറഞ്ഞപ്രായം ആൺകുട്ടികൾക്ക് 14-ഉം പെൺകുട്ടികൾക്ക് 12-ഉം ആയി സൂനഹദോസ് നിശ്ചയിച്ചു (സെക്ഷൻ *ix*, ഭാഗം 2, ഡിക്രി 10).

9. പട്ടക്കാർ (പുരോഹിതർ) ആഭിചാരം ചെയ്യരുതെന്നും ദിവസവും മുഹൂർത്തവും കുറിച്ചു കൊടുക്കരുതെന്നും സൂനഹദോസ് കല്പിച്ചു. കല്പന ലംഘിക്കുന്നവർക്ക് മഹറോൻശിക്ഷ വിധിച്ചു.

10. ദൈനംദിന നമസ്കാരങ്ങളും പ്രമാണങ്ങളും ജനങ്ങൾക്കറിയാൻ പാടില്ലാത്ത സുറിയാനിഭാഷയിലല്ല, മലയാളത്തിലാണു ചൊല്ലേണ്ടതെന്നു കല്പിച്ചു.

11. മൃതദേഹം പള്ളിയോടുചേർന്ന് അടക്കംചെയ്യണമെന്ന് നിഷ്കർഷിച്ചു (സൂനഹദോസിനു ശേഷം മാത്രമാണ് സെമിത്തേരിസമ്പ്രദായം കേരളത്തിൽ തുടങ്ങിയത്)

12. കമ്മാളർ തൊട്ട കുളവും കിണറും ശുദ്ധമാക്കുന്ന ചടങ്ങ് നിർത്തണം എന്നു കല്പിച്ചു.

13. പെൺകുട്ടികൾക്ക് ആൺകുട്ടികളോടൊപ്പം പിതൃസ്വത്തിൽ തുല്യാവകാശം നല്കണമെന്നു പ്രഖ്യാപിച്ചു.

14. വില്ക്കാനും വാങ്ങാനും തെറ്റായ അളവുകളും തൂക്കങ്ങളും വ്യാപാരികൾ ഉപയോഗിച്ചിരുന്നത് കർശനമായി നിരോധിച്ചു.

15. വിവാഹം പള്ളിയിൽവച്ച് ആശീർവദിക്കുകയെന്നത് നിർബന്ധമാക്കി.

16. വധൂവരന്മാരുടെ പരസ്പരസമ്മതം വിവാഹത്തിന്റെ അത്യാവശ്യഘടകമാക്കി.

17. പട്ടക്കാർ (പുരോഹിതർ) ഓരോ ഇടവകയ്ക്കുവേണ്ടിമാത്രം അഭിഷിക്തരായി ജീവിതകാലം മുഴുവൻ ആ ഇടവകയിൽത്തന്നെ തുടരുന്ന വ്യവസ്ഥ മാറ്റി പട്ടക്കാരെ (പുരോഹിതരെ) സ്ഥലംമാറ്റുന്ന സമ്പ്രദായം ഏർപ്പെടുത്തി.

* ഇന്നും മലയാളികുടുംബങ്ങളിൽ, പിതൃസ്വത്തിൽ ആൺകുട്ടികൾക്കൊപ്പം സ്വത്തവകാശം ലഭിക്കാൻ പെൺകുട്ടികൾ ഏറെ ബുദ്ധിമുട്ടുമ്പോൾ നാലു നൂറ്റാണ്ടുകൾക്കുമുമ്പുതന്നെ പിതൃസ്വത്തിൽ മക്കൾക്ക് ലിംഗഭേദമെന്യേ തുല്യാവകാശമുണ്ടായിരിക്കണമെന്ന് ഉദയംപേരൂർ സൂനഹദോസ് അനുശാസിച്ചു എന്നത് എത്രയോ അദ്ഭുതകരമാണ്.

* ഇക്കാലത്തും കേരളസമൂഹത്തെ ജാതിപ്പിശാച് വേട്ടയാടുമ്പോൾ 16-ാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽത്തന്നെ അയിത്താചരങ്ങൾ ഉദയംപേരൂർ സൂനഹദോസ് ശപിച്ചുതള്ളുകയും തീണ്ടലും തൊടീലും പാലിക്കുന്നത് വലിയപാപമായി പ്രഖ്യാപിക്കുകയും ചെയ്തു എന്നത് അവിശ്വസനീയമായിത്തോന്നും.
* പ്രാർത്ഥനകൾ മാതൃഭാഷയിലായിരിക്കണമെന്നു തീരുമാനിച്ചതുവഴി മലയാളഭാഷക്ക് വലിയ പ്രാധാന്യം കല്പിക്കുകയായിരുന്നു സൂനഹദോസ്.

ജീവിതത്തിന്റെ സമസ്തമേഖലകളെയും സമഗ്രമായി സ്പർശിക്കുന്ന ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകൾ കേരളകത്തോലിക്കാ സാമൂഹിക ജീവിതത്തിൽ വരുത്തിയ മാറ്റങ്ങൾ കേരള നവോത്ഥാനത്തിന്റെ ആദ്യ അലയടികളാണ്. കേരളത്തിലെ ആദ്യത്തെ ജാതിവിരുദ്ധസമരമായും ഫ്യൂഡൽ സാമൂഹികക്രമത്തിനേറ്റ ആഘാതമായുമാണ് ചരിത്രകാരന്മാർ ഉദയംപേരൂർ സൂനഹദോസിനെ വിശേഷിപ്പിക്കുന്നത്.

### പ്രവർത്തനം-3

1. ഉദയംപേരൂർ സൂനഹദോസിന്റെ തീരുമാനങ്ങളിൽ നിന്ന്, നാലുനൂറ്റാണ്ടുകൾക്കുമുമ്പ് കേരള ക്രൈസ്തവസമൂഹത്തിലുണ്ടായിരുന്ന അനാചാരങ്ങൾ എന്തൊക്കെയാണെന്ന് ഗ്രൂപ്പുതിരിഞ്ഞ് ചർച്ചചെയ്യുക.
2. സൂനഹദോസ് നിരോധിച്ച തിന്മകൾ ഇന്നും സമൂഹത്തിൽ നിലനിൽക്കുന്നുണ്ടോ? ഉണ്ടെങ്കിൽ അവ എന്തെല്ലാമെന്നും പരിഹാരമാർഗങ്ങൾ ഏവയെന്നും വ്യക്തമാക്കുക.

### ലത്തീൻ മിഷണറിമാരുടെ സംഭാവനകൾ ഒറ്റനോട്ടത്തിൽ

കേരളത്തിൽ 12333 സ്കൂളുകളും 469 ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളുമുണ്ട്. മാസിക, ദ്വൈവാരിക, വാരിക, ദിനപത്രം എന്നിങ്ങനെ മലയാളത്തിലും ഇംഗ്ലീഷിലുമായി 5000 ലേറെ പ്രസിദ്ധീകരണങ്ങളുണ്ട്. അതുപോലെ പ്രസിദ്ധീകരണശാലകൾ, ഗ്രന്ഥശാലകൾ എന്നിവയും നിരവധിയുണ്ട്. വിദ്യാഭ്യാസ-രാഷ്ട്രീയ-സാംസ്കാരിക പ്രബുദ്ധതയിൽ കേരളം ഇന്ത്യയിൽ ഒന്നാം സ്ഥാനത്താ

ണ്. കേരളത്തിൽ ആദ്യം വിദ്യാഭ്യാസസ്ഥാപനം ആരംഭിക്കാനും കേരളീയരെ അച്ചടിവിദ്യ പഠിപ്പിക്കാനും മലയാളത്തിൽ പത്രമാസികകൾ ആദ്യമായി പ്രസിദ്ധീകരിച്ചു തുടങ്ങാനും 16, 17 നൂറ്റാണ്ടുകളിൽ ഇവിടെ പ്രവർത്തിച്ചിരുന്ന ലത്തീൻ ക്രിസ്ത്യൻ മിഷണറിമാർ മുൻകൈയെടുത്തു.

ലത്തീൻ മിഷണറിമാർ ഇവിടെ യാഥാർത്ഥ്യമാക്കിയ പാശ്ചാത്യ വിദ്യാഭ്യാസ സമ്പ്രദായം, അച്ചടിവിദ്യ, മലയാളഭാഷയുടെ ജനാധിപത്യവത്കരണം, പത്രമാസികകളുടെ പ്രസിദ്ധീകരണം, ദുരാചാരധ്വംസനം എന്നീ പുരോഗമനപരമായ പ്രവർത്തനങ്ങളാണ് കേരളീയർ ഇന്ന് എല്ലാ മേഖലകളിലും അനുഭവിക്കുന്ന മുന്നേറ്റത്തിന് അടിത്തറയായി നിലകൊള്ളുന്നത്.

## വിദ്യാഭ്യാസരംഗവും ലത്തീൻ മിഷണറിമാരും

* കേരളത്തിൽ ആദ്യത്തേത് എന്നു നിരവധി ഖ്യാതി നേടിയിട്ടുള്ള കാര്യങ്ങൾ ലത്തീൻമിഷണറിമാരുടെ സംഭാവനകളാണ്.
* കേരളത്തിലെ ആദ്യത്തെ വിദ്യാഭ്യാസസ്ഥാപനം കൊച്ചിയിൽ 1511-ൽ ഫ്രാൻസിസ്കൻ മിഷണറിമാർ ദൈവമാതാവിന്റെ കലാലയം എന്ന പേരിൽ ആരംഭിച്ച വിദ്യാലയമാണ്. പോർച്ചുഗീസ് വൈസ്രോയി അൽബുക്കർക്കിന്റെ നിർദ്ദേശപ്രകാരമാണ് ഇതാരംഭിച്ചത്. ജാതിമതഭേദമില്ലാതെ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രവേശനം നല്കിയിരുന്ന ഈ സ്ഥാപനത്തിൽ ലത്തീൻകാരായ അദ്ധ്യാപകരാണു പഠിപ്പിച്ചിരുന്നത്.
* ഫ്രാൻസിസ്കൻ വൈദികനായ വിൻസെന്റ് ലോഗോസ് പാശ്ചാത്യ മാതൃകയിൽ 1541-ൽ കൊടുങ്ങല്ലൂരിൽ സ്ഥാപിച്ച സെന്റ് ജയിംസ് കോളേജാണ് കേരളത്തിലെ ആദ്യത്തെ ഉന്നത വിദ്യാഭ്യാസസ്ഥാപനം.
* 1549-ൽ കൊല്ലത്ത് ഫാ. നിക്കോളാസ് ലാൻസിലോട്ട് ദിവ്യരക്ഷകന്റെ പേരിൽ ആരംഭിച്ച കേളേജും തുടർന്ന് കൊച്ചിയിൽ 1552-ൽ സ്ഥാപിച്ച ഫ്രാൻസിസ്കൻ സെമിനാരിയും ഏഷ്യയിലെ ഏറ്റവും മികച്ച ഗ്രന്ഥശാലയായിരുന്നതും 1552-ൽ സ്ഥാപിതവുമായ സെന്റ് പോൾസ് കോളേജും 1553ലെ ഡൊമിനിക്കൻകോളേജും 1577ൽ വൈപ്പിക്കോട്ടയിൽ സ്ഥാപിച്ച സെമിനാ

രിയിലും ലത്തീൻ മിഷണറിയായ ദൊനാത്തിയൂസ് എന്ന പുരോഹിതൻ 1605 ൽ കടുത്തുരുത്തിയിൽ ആരംഭിച്ച സുറിയാനി ഭാഷാ പാഠശാലയും 1663ൽ സമ്പാളൂരിൽ സ്ഥാപിച്ച കാത്തലിക്ക് യൂണിവേഴ്സിറ്റി (കൊളേജിയും മാക്സിമും)യും ലത്തീൻസഭയുടെ ആദ്യകാലവിദ്യാഭ്യാസത്തിന്റെയും വൈദികപരിശീലനത്തിന്റെയും അടിസ്ഥാനശിലകളായിരുന്നു.

* എല്ലാ പള്ളികളോടുമൊപ്പം പള്ളിക്കൂടങ്ങൾ തുടങ്ങാൻ ആഹ്വാനം ചെയ്തത് 1853 മുതൽ 1868 വരെ വരാപ്പുഴ വികാരിയാത്തിന്റെ മെത്രാപ്പോലീത്തയായിരുന്ന അഭിവന്ദ്യ ബെർണഡീൻ ബച്ചിനെല്ലിയാണ്. പള്ളിക്കൂടങ്ങളിൽ ജാതിമതഭേദമന്യേ എല്ലാവർക്കും പഠിക്കുവാൻ അവസരമൊരുക്കാൻ ഡോ.ബച്ചിനെല്ലി പ്രത്യേകം നിർദേശിച്ചിരുന്നു.

* 1886-ൽ ആർച്ചു ബിഷപ്പ് മെല്ലാനോ കൊച്ചിയിൽ സാന്താക്രൂസ് ഇംഗ്ലീഷ് വിദ്യാലയം സ്ഥാപിച്ചു.

* 1887ൽ ഗ്രേസ് ഡി ലിമാ എന്ന ആംഗ്ലോ ഇന്ത്യൻ യുവതി ഫാ.കാന്തിദൂസ് എന്ന കർമ്മലീത്താമിഷണറിയുടെ സഹായത്തോടെ, എറണാകുളത്ത് പെൺകുട്ടികൾക്കുവേണ്ടി ആദ്യമായി ഒരു വിദ്യാലയം സ്ഥാപിച്ചു. അതാണ് സെന്റ് തെരേസാസ് കോളേജായി വളർന്നത്.

ലത്തീൻസമുദായം പടുത്തുയർത്തിയ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ പഠിച്ചു വളർന്നവരാണ് കേരളത്തിലെ യഥാസ്ഥിതികസമൂഹത്തിൽ നവമാനവികതയുടെ ആശയസംവാദത്തിനു തിരികൊളുത്തിയതെന്നത് ലത്തീൻ സഭയ്ക്ക് അഭിമാനകരമാണ്. കേരളത്തിന്റെ അന്നത്തെ ഇരുളടഞ്ഞ സാംസ്കാരികഭൂമികയിൽ മേല്പറഞ്ഞ പാശ്ചാത്യമാതൃകയിലുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾ നവീനാശയങ്ങളുടെ വെളിച്ചം പകരുകയായിരുന്നു. കൂടാതെ, അക്കാലത്ത് സവർണർ കൈയടക്കിവച്ചിരുന്ന ഭാഷയുടെയും വിജ്ഞാനമേഖലയുടെയും കവാടങ്ങൾ ജാതിഭേദംകൂടാതെ ഏവർക്കും തുറന്നിടാൻ ലത്തീൻ മിഷണറിമാരുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ കാരണമായി. കേരളത്തിൽ സാർവത്രികസാക്ഷരത്വത്തിലേക്കുള്ള അഥവാ

വിദ്യയുടെ ജനാധിപത്യവത്കരണത്തിനായുള്ള മുന്നേറ്റത്തിന് ആരംഭംകുറിച്ചത് ലത്തീൻമിഷണറിമാരാണെന്ന വസ്തുത പ്രത്യേകം സ്മരണീയമാണ്.

## മലയാളഭാഷയും ലത്തീൻ മിഷണറിമാരും

കേരള ലത്തീൻ മിഷണറിമാരുടെ ആഗമനകാലത്ത് ഒരു ഗദ്യശൈലി നില വിലുണ്ടായിരുന്നെങ്കിലും അത് സംസ്കൃതത്തിന്റെയും കൊടുംതമിഴിന്റെയും സ്വാധീനത്തിലായിരുന്നുവെന്നു പറയാം. ഇതെക്കുറിച്ച് ലത്തീൻചരിത്രകാരൻ ഡോ. ജോൺ ഓച്ചന്തുരുത്ത് രേഖപ്പെടുത്തുന്നതിപ്രകാരമാണ്: “വ്യവഹാരമല യാളം” (സംസാരഭാഷ) അക്കാലഘട്ടത്തിൽ ഒരു എഴുത്തുഭാഷയായി വികസി ച്ചിട്ടില്ലായിരുന്നു. എഴുത്തിന്റെ മേല്കോയ്മ സംസ്കൃതപ്രിയരായ നമ്പൂതിരി മാർക്കും പട്ടർ എന്നുവിളിക്കുന്ന തമിഴ് ബ്രഹ്മണർക്കും ആയിരുന്നല്ലോ. പോർച്ചുഗീസ് മിഷണറിമാരുടെ ആവിർഭാവത്തോടെയാണ് സംഭാഷണഭാഷയെ എഴുത്തുഭാഷയാക്കുന്നതിനുള്ള യത്നത്തിനിടയിൽ മലയാളലിപി രൂപംകൊണ്ട ത്. അതുവരെ നമ്മുടെ എഴുത്തുകളെല്ലാം മിക്കവാറും വട്ടെഴുത്തിലും കോലെഴു ത്തിലുമായിരുന്നു. പെരുമാക്കന്മാരുടെ രാജഭാഷയായ തമിഴായിരുന്നു എഴുത്തുഭാഷ (‘അടിവേരുകൾ’, പേജ് 91).

കേരളത്തിലെ ലത്തീൻസഭയുടെ ആരംഭകാലത്ത് സമ്പന്നമായൊരു കാവ്യ ശാഖ കേരളത്തിനുണ്ടായിരുന്നു. ക്രൈസ്തവമായ ചിന്തകളും ചരിത്രവും കാവ്യ രീതിയിൽ ക്രൈസ്തവമിഷണറിമാർ അവതരിപ്പിച്ചിരുന്നു. ലത്തീൻസഭയിലെ ഈശോസഭാ മിഷണറിയായ അർണോസ് പാതിരി രചിച്ച പുത്തൻപാന ഇതിന് മകുടോദാഹരണമാണ്.

കേരളത്തിൽ നിലനിന്നിരുന്ന ഗദ്യശൈലി സംസ്കൃതത്തിന്റെയും കൊടും തമിഴിന്റെയും സ്വാധീനത്തിലായിരുന്നെന്നു പറഞ്ഞല്ലോ. ഇത് സാധാരണക്കാ രന് ആശയവിനിമയത്തിന് അപര്യാപ്തമായിരുന്നതിനാൽ സുവിശേഷപ്രചാരണ ത്തിന് ഒരു നവീന ഗദ്യശൈലി ആവശ്യമാണെന്ന് മിഷണറിമാർ തിരിച്ചറിഞ്ഞു. പോർച്ചുഗീസ്, ലത്തീൻ, സംസ്കൃതം, ഗ്രീക്ക്, അറബിക്ക്, സുറിയാനി തുടങ്ങിയ ഭാഷകളിൽ നിന്നു പദങ്ങൾ സ്വീകരിച്ചും ക്രിസ്ത്യൻ സാങ്കേതിക പ്രയോഗങ്ങൾ

മലയാളീകരിച്ചും മലയാളത്തിൽ ഒരു പുതിയ ഗദ്യശൈലിക്ക് തുടക്കം കുറിച്ചു. 'ഈശോയുടെ ജീവചരിത്രം', 'സന്മാർഗശാസ്ത്ര സംഗ്രഹം,' 'എട്ടുദിവസത്തെ ധ്യാനം', 'കേരളത്തിലെ സസ്യശാസ്ത്രം' (ഹോർത്തൂസ് മലബാറിക്കൂസ്), 'ദിവ്യ ജ്ഞാനലബ്ധിക്കുള്ള സരണി' എന്നീ പ്രബുദ്ധകൃതികൾ അക്കാലത്തു രചിക്ക പ്പെട്ടവയാണ്. മലയാളഗദ്യശാഖയുടെ വളർച്ചയിൽ ഒരു നാഴികക്കല്ലായ ക്ലെമന്റ് പിയാനിയൂസ് തയ്യാറാക്കിയ 'സംക്ഷേപവേദാർത്ഥം' (1772) ഇക്കാലഘട്ടത്തിലെ സുപ്രധാനമായ കൃതിയാണ്. ഇങ്ങനെ മലയാളഭാഷയുടെയും സാഹിത്യത്തി ന്റെയും വളർച്ചയ്ക്ക് അടിസ്ഥാനമിടാൻ വിദേശത്തുനിന്നുവന്ന ലത്തീൻമിഷണ റിമാർ വേണ്ടിവന്നു എന്നത് നമ്മെ അദ്ഭുതപ്പെടുത്തുന്ന വസ്തുതയാണ്.

## ലത്തീൻ മിഷണറിമാരും അച്ചടിയും

അച്ചടി, കടലാസ്, വടക്കുനോക്കിയന്ത്രം, വെടിമരുന്ന് എന്നിവയുടെ കണ്ടുപിടിത്തമാണ് യൂറോപ്പിലെ നവോത്ഥാനത്തിനു വഴിയൊരുക്കിയത്. അച്ചടി യന്ത്രങ്ങളുടെ ആവിർഭാവം കേരളത്തിന്റെ നവോത്ഥാനപ്രവർത്തനങ്ങളുടെ വേഗ ത്തിന് ആക്കം കൂട്ടിയെന്നു പറയേണ്ടതില്ലല്ലോ.

* ലത്തീൻകാരായ ഈശോസഭാ വൈദികരാണ് 1556-ൽ ഗോവയിൽ ഇന്ത്യ യിലെ ആദ്യത്തെ മുദ്രണാലയം (അച്ചടിശാല) സ്ഥാപിച്ചത്.

* വിശുദ്ധ ഫ്രാൻസിസ് സേവ്യർ 1550ൽ തമിഴിൽ ഒരു വേദോപദേശം തയ്യാ റാക്കിയിട്ടുണ്ടായിരുന്നു. അതു പരിഷ്കരിച്ച് തമ്പുരാൻ വണക്കം (***Doctrina Christam***) എന്ന പേരിൽ വൈദികനായ ഹെന്റിക്കോസ് 1578ൽ കൊല്ലത്ത് മുദ്രണം ചെയ്തതാണ് കേരളത്തിൽ ആദ്യം അച്ചടിക്കപ്പെട്ട പുസ്തകം. കൊല്ലത്ത് തങ്ങളുടെ വിദ്യാഭ്യാസ സ്ഥാപനത്തോടനുബ ന്ധിച്ച് ഈശോസഭാവൈദികർ സ്ഥാപിച്ച മുദ്രണാലയത്തിലാണ് അത് അച്ചടിച്ചത്.

* 1575-ൽ ചേന്ദമംഗലത്തും 1577-ൽ കൊച്ചിയിലും 1669-ൽ സമ്പാളൂരും കൊല്ലത്തും മിഷണറിമാർ പ്രേഷിതപ്രവർത്തനങ്ങൾക്കായി അച്ചടിശാ

ലകൾ സ്ഥാപിക്കുകയുണ്ടായി. അവയാണ് കേരളത്തിലെ ആദ്യകാല അച്ചടിശാലകൾ. ആധുനികഗദ്യത്തിന്റെ രൂപലാവണ്യവും ഭാവഗരിമയും മലയാളത്തിനു കൈവന്നത് പാശ്ചാത്യമിഷണറിസംഭാവനകളുടെ അടിസ്ഥാനത്തിലാണെന്നതിൽ ഭാഷാഗവേഷകർ ഏകാഭിപ്രായക്കാരാണെന്ന് 'മിഷണറിവ്യാകരണം' എന്ന ഗവേഷണപ്രബന്ധത്തിൽ ഷെവലിയർ ഡോ. പ്രീമൂസ് പെരിഞ്ചേരി പറയുന്നുണ്ട്. ഭാഷയുടെ നിയമവും ശാസ്ത്രവുമാണ് വ്യാകരണം. മലയാളഗദ്യം രൂപപ്പെട്ടുതുടങ്ങിയ അക്കാലത്ത് മലയാളഭാഷയ്ക്ക് ആദ്യമായി ഒരു വ്യാകരണഗ്രന്ഥം 1700-ൽ തയ്യാറാക്കിയത് വരാപ്പുഴ മെത്രാപ്പോലീത്ത ആഞ്ചലോ ഫ്രാൻസിസ് ആണ്. ഭാഷയുടെ വികാസത്തിന് ആവശ്യമായ നിഘണ്ടു (ഡിക്ഷ്ണറി) ആദ്യമായി മലയാളഭാഷയ്ക്കായി തയ്യാറാക്കിയതും ഡോ. ആഞ്ചലോ ഫ്രാൻസിസ് തന്നെ.

അക്കാലത്ത് സവർണർ കൈയടക്കിവച്ചിരിക്കയായിരുന്ന ഭാഷയുടെയും വിജ്ഞാനമേഖലയുടേയും കവാടങ്ങൾ ജാതിമതഭേദം കൂടാതെ എവർക്കും തുറന്നിടാൻ ലത്തീൻമിഷണറിമാരുടെ വിദ്യാഭ്യാസപ്രവർത്തനങ്ങൾ കാരണമായി. ചുരുക്കത്തിൽ, സാർവത്രികസാക്ഷാരതയിലേക്കുള്ള അഥവാ വിദ്യയുടെ ജനാധിപത്യവത്കരണത്തിനായുള്ള കുതിപ്പ് ആരംഭിച്ചത് മിഷണറിമാരാണ് എന്നതാണ് ചരിത്രവസ്തുത.

### ആതുരശുശ്രൂഷയും ലത്തീൻമിഷണറിമാരും

ദൈവാലയത്തോടു ചേർന്ന് രോഗീശുശ്രൂഷയ്ക്കായി പ്രത്യേകം സത്രങ്ങൾ നടത്തിയിരുന്ന പാരമ്പര്യം സഭയിൽ ആദ്യകാലംമുതലേ ഉണ്ടായിരുന്നു. ലോകത്തിലിന്നുള്ള ആരോഗ്യസുരക്ഷാസ്ഥാപനങ്ങളിൽ നല്ലൊരു ശതമാനവും കത്തോലിക്കാസഭയുടെ നേതൃത്വത്തിൽ ഉള്ളവയാണ്. സഭയുടെ ശുശ്രൂഷകളെല്ലാംതന്നെ ദൈവമഹത്ത്വത്തിനും മനുഷ്യാന്തസ്സിനും വിലകല്പിച്ചുകൊണ്ടാണ് നടത്തപ്പെടുന്നത്. ഈയൊരു ചൈതന്യത്തോടുകൂടെയാണ് മിഷണറിമാർ കേരളത്തിലും ആതുരശുശ്രൂഷാരംഗത്തേക്കു കടന്നുവന്നത്.

* 1513-ൽ പോർച്ചുഗീസ് മിഷണറിമാർ കൊച്ചിയിലും ഗോവയിലുമായി സ്ഥാപിച്ച ദിവ്യകാരുണ്യത്തിന്റെ വിശുദ്ധഭവനങ്ങളും ഇന്ത്യയിലെ ആദ്യത്തെ കത്തോലിക്കാശുപത്രി എന്നറിയപ്പെടുന്ന 1527-ൽ സ്ഥാപിച്ച ക്രൂസ് ദെ കൊച്ചിനും ഈ രംഗത്തെ സഭയുടെ ആദ്യത്തെ ആതുരശുശ്രൂഷാകേന്ദ്രങ്ങളായിരുന്നു.

ഭാരതത്തിന്റെ സ്വാതന്ത്ര്യലബ്ധിക്കുശേഷമാണ് ആരോഗ്യപരിപാലനാരംഗത്ത് സഭയുടെ ശുശ്രൂഷ ശക്തിപ്പെട്ടുതുടങ്ങിയത്. കേരളത്തിൽ കോളറ, ക്ഷയം, വസൂരി, മലമ്പനി തുടങ്ങിയ രോഗങ്ങൾ മരണം വിതച്ചിരുന്ന കാലത്ത് മനുഷ്യർക്ക് മതിയായ പരിചരണമോ സംരക്ഷണമോ ലഭിക്കാതെ വന്നു. ഈ സാഹചര്യത്തിൽ സഭയാണ് മനുഷ്യത്വപൂർണമായ പരിഗണനയും ശുശ്രൂഷയും നല്കി ഈ രംഗത്തേക്ക് ഇറങ്ങിത്തിരിച്ചത്. ഇന്ത്യയിലെ രണ്ടാമത്തേതും കേരളത്തിലെ ഒന്നാമത്തേതുമായ ക്രൈസ്തവ ആതുരശുശ്രൂഷാകേന്ദ്രം മഞ്ഞുമ്മൽ സെന്റ് ജോസഫ് ആശുപത്രിയാണ്. 1868-ൽ പ്രവർത്തനമാരംഭിച്ച ഇതിന്റെ പ്രണേതാവ് മഞ്ഞുമ്മൽ കർമ്മലീത്താസഭാംഗം ബ്രദർ നിക്ലാവൂസ് വെറോവനാണ്.



**നമുക്കുണർന്നിരിക്കാം**

ലോകം അതിവേഗം പുരോഗമിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടമാണിത്. വിവരവിനിമയസാങ്കേതികവിദ്യ (*information & Communication Technology - ICT*) ജൈവസാങ്കേതിക വിദ്യ (*bio technology - BT*) മാധ്യമാധിപത്യം (*mediacracy*) എന്നിവ സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന തരംഗങ്ങൾ അനന്തമായ സാധ്യതകളാണ് മനുഷ്യകുലത്തിന്റെ മുന്നിൽ തുറന്നിട്ടിരിക്കുന്നത്. ഇവയുടെ ചിറകിലേറി കുതിക്കുന്ന ആഗോളീകരണമെന്ന പുതിയ സാമ്പത്തികക്രമത്തിന്റെ നേട്ടങ്ങൾ കൊയ്യുന്നവർ വളരെയാണ്. അതേസമയം അതിന്റെ ഇരകളായി പുറന്തള്ളപ്പെടുന്ന സാധാരണമനുഷ്യർ അവരെക്കാളും ഏറെയാണ്. ബലമുള്ളവർക്കു മാത്രം അതിജീവിക്കാൻ കഴിയുന്ന ഒരു സാമൂഹികസാഹചര്യം മേൽക്കൈനേടിക്കൊണ്ടിരിക്കുന്നു. ശക്തിയില്ലാത്തവർ വഴിയിൽ ഉപേക്ഷിക്കപ്പെട്ടവരെപ്പോലെ അവഗണിക്കപ്പെടുന്നു. ആദ്ധ്യാത്മികമൂല്യങ്ങളുടെ സ്വാധീനം ദുർബലമാകുകയും ഉപഭോഗ-ഭൗതികമേഖലയിൽ അഭിരമിക്കുന്ന ഒരു സാമൂഹികക്രമം ബലംപ്രാപിക്കുകയും ചെയ്യുന്നു. ഈ പ്രവണത സഭ പ്രഘോഷിക്കുന്ന മനുഷ്യമഹത്ത്വം, സാഹോദര്യം, സ്വാതന്ത്ര്യം, സ്നേഹം, നീതി, സമത്വം തുടങ്ങിയ സനാതനസുവിശേഷമൂല്യങ്ങൾക്ക് കടകവിരുദ്ധമായി ഭവിക്കുകയാണ്.

കേരളം വികസിതരാജ്യങ്ങളുടെ നിലവാരത്തിലേക്കു വളർന്നു എന്നു നാം അഭിമാനിക്കുന്നുണ്ട്. എന്നാൽ ഇവിടത്തെ പരമ്പരാഗതതൊഴിൽ മേഖലയിലെ ദലിതർ, ആദിവാസികൾ, തോട്ടംതൊഴിലാളികൾ, കർഷകത്തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ, നിർമ്മാണത്തൊഴിലാളികൾ എന്നിവർക്ക് ആ വളർച്ചയുടെ ഗുണഫലങ്ങൾ കരഗതമാകുന്നില്ല. ആഗോളീകരണവീക്ഷണത്തിനനുസൃതമായി പൊതുവിദ്യാഭ്യാസം, പൊതുജനാരോഗ്യസംരക്ഷണം എന്നീ രംഗങ്ങളിൽ നിന്ന് സർക്കാർ പിന്മാറുകയാണ്. തന്മൂലം മേല്പറഞ്ഞ അടിസ്ഥാനജനവിഭാഗങ്ങളുടെ ജീവിതം കൂടുതൽ ദുരിതപൂർണമായിക്കൊണ്ടിരിക്കുന്നു. ജീവിതത്തിന്റെ അടിസ്ഥാന ആവശ്യങ്ങൾ നേടിയെടുക്കാൻ സാധാരണ ജനങ്ങൾ സഹിക്കുന്ന പെടാപ്പാടുകൾ എത്രയോ ഭയാനകമാണ്. പണാധിപത്യത്തിന്റെ ഫലമായി നീതിയും നിയമസംരക്ഷണവും സാധാരണക്കാരന് തീർത്തും അപ്രാപ്യമായിരിക്കുന്നു.

സമൂഹത്തിലെ ഏറെ ചലനാത്മകമായ ശക്തികേന്ദ്രം തങ്ങളാണെന്നു മനസിലാക്കേണ്ടത് യുവജനങ്ങളാണ്. നീതിനിഷ്ഠമായ സാമൂഹികക്രമം സ്വപ്നം കാണുന്നവരും യുവജനങ്ങളാണ്. എന്നാൽ മേല്പറഞ്ഞ സാമൂഹികസാഹചര്യങ്ങളെക്കുറിച്ച് ഇന്നത്തെ യുവജനങ്ങൾ എത്രമാത്രം അറിവുള്ളവരാണ്? അവ ഉണർത്തുന്ന വെല്ലുവിളികൾ ഏറ്റെടുക്കാൻ മാത്രം കരുത്തുള്ളവരാണോ ഇവിടത്തെ യുവജനങ്ങൾ? ഇന്നത്തെ യുവജനങ്ങളിൽ ചിലരുടെ അവസ്ഥയെന്താണ്? സ്നേഹം തന്നെയായ ദൈവത്തെ അറിയാത്തവർ, തന്നത്തന്നെ അറിയാത്തവർ, സ്വയം സ്നേഹിക്കാത്തവർ, സ്നേഹംകിട്ടാത്തവർ, അപകർഷതയുടെ ഭാരം പേറുന്നവർ, വിദ്യാഭ്യാസത്തിൽ ഉയരാനാവാത്തവർ, ജോലികിട്ടാതെ നിരാശയിൽ നിപതിച്ചവർ, ലഹരിക്കും അക്രമവാസനയ്ക്കും അടിമകളായവർ ഇങ്ങനെപോകുന്നു ഇക്കൂട്ടരുടെ നിരകൾ. ഇടറുന്ന പാദങ്ങളും പതറുന്ന മനസ്സുമായി പ്രതിസന്ധികളുടെ ഇരുളിൽ അലയാൻ വിധിക്കപ്പെട്ടവരാണോ നമ്മുടെ യുവജനങ്ങൾ? അല്ലെന്നു തെളിയിക്കാൻ അവർ മാനസികാരോഗ്യവും ചിന്താപരമായ ഔന്നത്യവും സാമൂഹിക പ്രതിജ്ഞാബദ്ധതയും ആത്മീയ ഉണർവും ആർജ്ജിക്കാൻ ശ്രദ്ധിക്കണം. എങ്കിലേ സ്വന്തം സമുദായത്തിന്റെ വിദ്യാഭ്യാസ, സാമ്പത്തിക, സാമൂഹിക, രാഷ്ട്രീയ മേഖലകളുടെ വളർച്ചയ്ക്കായി മുന്നിൽ നിന്നു പ്രവർത്തിക്കാനുള്ള കരുത്ത് യുവജനങ്ങൾക്ക് ഉണ്ടാകുകയുള്ളൂ.

സർക്കാർ തസ്തികയിൽ 4 ശതമാനം സംവരണമുള്ളവരാണ് ലത്തീൻ സമുദായം. പക്ഷേ, നരേന്ദ്രൻകമ്മീഷന്റെ 2001-ലെ റിപ്പോർട്ടുപ്രകാരം 4370 തസ്തികകൾ ലത്തീൻസമുദായത്തിനു നഷ്ടമായി. എന്തുകൊണ്ട്? പി എസ് സി പരീക്ഷയിലൂടെ യോഗ്യതനേടിയവരില്ലാതിരുന്നതുകൊണ്ടുമാത്രമാണ് ഈ നഷ്ടം സംഭവിച്ചത്. കഠിനപ്രയത്നത്തിലൂടെ ഉയർന്നവിദ്യാഭ്യസം നേടിയാലേ കുടുംബത്തോടും സമുദായത്തോടുമുള്ള കടമ നിർവഹിക്കാൻ പാകത്തിൽ നല്ല ജോലി നേടാൻ യുവജനങ്ങൾക്കു സാധിക്കുകയുള്ളൂ. നല്ല ജോലികിട്ടി സുരക്ഷിതരായിക്കഴിയുമ്പോൾ സ്വന്തം സമുദായത്തിന്റെ വളർച്ചയ്ക്കായി പ്രവർത്തിക്കുന്ന നിരവധി യുവജനങ്ങളുണ്ട്. അവർക്ക് സമൂഹനിർമ്മിതിയിൽ വളരെ ഉയർന്നപങ്കുവ

ഹിക്കാൻ സാധിക്കും. നമ്മൾ താമസിക്കുന്ന പ്രദേശത്തിന്റെ വികസനത്തിനായി കോടിക്കണക്കിനു രൂപയാണ് തദ്ദേശസ്വയംഭരണസ്ഥാപനമായ പഞ്ചായത്തിലൂടെ ഒഴുകിയെത്തുന്നത്. ഭീമമായ ഈ തുക നമ്മുടെ നാടിന്റെ എല്ലാ മേഖലകളുടെയും വികസനത്തിനായി ഫലപ്രദമായി ഉപയോഗപ്പെടുത്തണം. അതു സാധ്യമാക്കാൻ സാമൂഹിക പ്രതിജ്ഞാബദ്ധതയുള്ള യുവജനങ്ങൾ മുന്നിട്ടിറങ്ങണം. പഞ്ചായത്ത് മെമ്പറായാലേ വികസനപ്രവർത്തനത്തിൽ പങ്കാളിയാകാനാകൂ എന്നു ധരിക്കരുത്. വോട്ടവകാശമുള്ള ഏതു യുവാവിനും യുവതിക്കും ഓരോ വാർഡിലുമുള്ള ഗ്രാമസഭയിൽ (വാർഡുസഭയിൽ) പങ്കെടുത്തുകൊണ്ട് ഏതൊക്കെ വികസനപദ്ധതികൾ പഞ്ചായത്ത് ഏറ്റെടുക്കണം എന്ന് അഭിപ്രായം പറയാൻ അവകാശമുണ്ട്. ഈ അവകാശം വിനിയോഗിക്കാൻ യുവജനങ്ങൾ നല്ല തയ്യാറെടുപ്പോടെ ഗ്രാമസഭകളിൽ പങ്കെടുക്കണം. കുടിവെള്ളം, പരിസരശുചിത്വം, പരിസ്ഥിതിസംരക്ഷണം, ആരോഗ്യപരിരക്ഷ, ദുരിതാശ്വാസം, കടക്കെണിയിൽ നിന്നും ലഹരിയിൽ നിന്നും മോചനം, സ്വയംതൊഴിൽ പദ്ധതികൾ, യുവജനവികസനപരിപാടികൾ,. കലാ-കായികപരിശീലനങ്ങൾ, പരമ്പരാഗതതൊഴിലാളികളുടെ പരിരക്ഷ എന്നിങ്ങനെ നൂറുകണക്കിന് വികസന പരിപാടികൾ സാധാരണജനങ്ങളുടെ വളർച്ചയ്ക്കായി പഞ്ചായത്തിനെയാണ് സർക്കാർ ഏല്പിച്ചിരിക്കുന്നത്. പ്രാദേശികസർക്കാരാകുന്ന പഞ്ചായത്തിന്റെ വികസന പ്രക്രിയയിൽ പങ്കാളികളാകുമ്പോഴാണ് യുവജനങ്ങൾക്ക് തങ്ങളുടെ സാമൂഹിക പ്രതിജ്ഞാബദ്ധത ഏറ്റവും ഫലപ്രദമായി വിനിയോഗിക്കാൻ സാധിക്കുന്നത്.

സമൂഹത്തിലെ ഏറെ ചലനാത്മകമായ ശക്തികേന്ദ്രം യുവജനങ്ങളാണ്. നീതിഷ്ഠമായ സാമൂഹികക്രമത്തിന്റെ ആവിർഭാവത്തിനായി എന്നും നേതൃത്വപരമായ പങ്കുവഹിച്ചുവരുന്നവരാണ് യുവജനങ്ങൾ. അപരനുവേണ്ടി ആത്മാർപ്പണം ചെയ്യുക, സ്നേഹിതർക്കുവേണ്ടി ജീവനർപ്പിക്കുക എന്ന യേശുനാഥന്റെ അനന്യമായ സ്നേഹമാതൃക (യോഹ 15: 13) യുവജനങ്ങളെയല്ലാതെ മറ്റാരെയാണ് ആവേശം കൊള്ളിക്കുക?

### സാമൂഹികപ്രതിജ്ഞാബദ്ധതയിൽ വളരാൻ ചില നിർദ്ദേശങ്ങൾ

1) കത്തോലിക്കായുവജനസംഘടനകളിൽ ചേർന്നു പ്രവർത്തിക്കുക.

2) വിശുദ്ധഗ്രന്ഥപാരായണത്തിലൂടെ സുവിശേഷമൂല്യങ്ങൾ ആർജ്ജിക്കുക

3) സഭയുടെ സാമൂഹിക പ്രബോധനങ്ങൾ വായിച്ചു പഠിക്കുക, ചർച്ച ചെയ്യുക.

4) ആനുകാലിക സാമൂഹികപ്രശ്നങ്ങളെക്കുറിച്ച് നിരന്തരം പഠിക്കുക, മാധ്യമങ്ങളിലൂടെ പ്രതികരിക്കുക.

5) ഇടവകയിലെ സ്നേഹസമൂഹങ്ങളുടെ (BCC) യോഗങ്ങളിൽ സംബന്ധിച്ച് സാമൂഹിക വിഷയങ്ങൾ ചർച്ചചെയ്യാൻ നേതൃത്വം നല്കുക

6) നാട്ടിലെ നീറുന്നപ്രശ്നങ്ങൾക്കു പരിഹാരംകാണാൻ സ്നേഹസമൂഹത്തിലെ ഭാരവാഹികളുമായി ചേർന്ന് പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക.

7) സാമൂഹിക പ്രശ്നങ്ങളിൽ ഇടപെട്ടു പ്രവർത്തിക്കാൻ അവസരം തേടുക

8) നാട്ടിലെ ജനങ്ങളുടെ പ്രശ്നങ്ങൾക്കു പരിഹാരം നേടാൻ സംഘാതമായി പ്രവർത്തിക്കുക.

10) വിദഗ്ധരെക്കൊണ്ട് സാമൂഹിക വിഷയങ്ങളെക്കുറിച്ചുള്ള ക്ലാസുകൾ സംഘടിപ്പിക്കുക

### പ്രവർത്തനം - 4

1) നിങ്ങളുടെ പഞ്ചായത്തിലെ നടപ്പുവർഷത്തെ വികസനപദ്ധതികളെക്കുറിച്ചുള്ള രേഖ വാങ്ങി അതിൽ നിങ്ങളുടെ പ്രദേശത്തു നടപ്പിലാക്കാൻ നിശ്ചയിച്ചിട്ടുള്ള കാര്യങ്ങൾ എന്തൊക്കെയെന്നു മനസ്സിലാക്കി അതെക്കുറിച്ച് ചർച്ചയും പഠനവും നടത്തുക.

2) നിങ്ങളുടെ പഞ്ചായത്തിന്റെ പൗരാവകാശരേഖ ആവശ്യപ്പെടുക. ഇതിൽ നിങ്ങളുടെ പഞ്ചായത്ത് പൗരന്മാർക്കായി നിശ്ചയിച്ചിട്ടുള്ള കാര്യങ്ങൾ മനസിലാക്കുകയും എല്ലാ സ്നേഹസമൂഹങ്ങളുടെയും പ്രതിമാസയോഗങ്ങളിൽ പങ്കെടുത്ത് അതിനെക്കുറിച്ച് ജനങ്ങളെ ധരിപ്പിക്കുകയും ചെയ്യുക.



7

# ദൈവാനുഭവം
# പ്രാർത്ഥനയിലൂടെ



- ഒഴുകിനീങ്ങുന്ന വഴികളിലൊക്കെയും, ചെറുതോടുകളുമായും പുഴകളുമായും ബന്ധം സ്ഥാപിക്കുന്നുണ്ടെങ്കിലും, നദി വിലയംപ്രാപിക്കുന്നത് അതിന്റെ ആത്യന്തികലക്ഷ്യമായ സമുദ്രത്തിലാണ്.

- ഏറെ ആകർഷണശേഷിയുള്ള വലിയ കാന്തത്തിലേക്ക് ആകർഷിക്കപ്പെടുന്ന ചെറുകാന്തത്തിന്റെ കാര്യമെടുക്കുക. നീങ്ങുന്ന വഴികളിൽ ഉണ്ടായേക്കാവുന്ന ഇരുമ്പുതരികളെയും കാന്തകണികകളെയും തന്നിലേക്ക് ആകർഷിക്കുന്നെങ്കിലും ആത്യന്തികമായി അത് എത്തിച്ചേരുന്നത് അതിനെ ശക്തമായി ആകർഷിക്കുന്ന ആ വലിയ കാന്തത്തിലേക്കാണ്.

- മാധുര്യമുള്ള തേൻതേടിയുള്ള യാത്രയിൽ വണ്ട്, അതിമനോഹരമായി കാണപ്പെടുന്ന കൃത്രിമപുഷ്പത്താൽ ആകൃഷ്ടനായി അതിൽ ചെന്നിരിക്കാൻ ഇടയുണ്ട്. എങ്കിലും, അബദ്ധം തിരിച്ചറിഞ്ഞ് ആ വണ്ട് തേൻ തേടിയുള്ള യാത്ര തുടരുകയും ഒടുവിൽ യഥാർത്ഥ പുഷ്പത്തിൽ ചെന്നിരുന്ന് തേൻ നുകർന്ന് സംതൃപ്തിയടയുകയും ചെയ്യുന്നു.

### പ്രവർത്തനം -1

മനുഷ്യബന്ധങ്ങളെക്കുറിച്ച് ചിന്തിക്കുക. മുകളിൽ നാം കണ്ട ഉദാഹരണങ്ങളുടെ വെളിച്ചത്തിൽ, ഈ ലോകത്തിലെ മനുഷ്യബന്ധങ്ങളെല്ലാം താത്കാലികമായിരിക്കേ, ആത്യന്തികമായി അവ ലക്ഷ്യംവയ്ക്കുന്നതെന്തിനെയാണെന്ന് വ്യക്തമാക്കുക.

### ജീവജലത്തിനായുള്ള ദാഹം

ദൈവം മനുഷ്യനെ തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ചിരിക്കുന്നതുകൊണ്ട് മനുഷ്യാത്മാവിന് ദൈവത്തിലേക്കുള്ള അദമ്യമായ ഒരാകർഷണമുണ്ട്. ഈ ആകർഷണത്തിന്റെ പ്രതിധ്വനിയാണ് വിശുദ്ധ അഗസ്റ്റിന്റെ വാക്കുകളിൽ പ്രകടമാകുന്നത്: "ദൈവമേ, അങ്ങ് ഞങ്ങളെ അങ്ങേക്കായി സൃഷ്ടിച്ചു. അങ്ങിൽ വിലയംപ്രാപിക്കുംവരെ ഞങ്ങളുടെ ഹൃദയം അസ്വസ്ഥമാണ്."

വിശുദ്ധ അഗസ്റ്റിൻ പരാമർശിക്കുന്ന ദൈവത്തോടുകൂടെ ആയിരിക്കാനുള്ള മനുഷ്യാത്മാവിന്റെ ഈ അസ്വസ്ഥത, സൂക്ഷ്മതലത്തിൽ പരിശോധിച്ചാൽ ദൈവ-മനുഷ്യബന്ധത്തിൽ മാത്രമല്ല, മനുഷ്യരുടെ മറ്റെല്ലാ ബന്ധങ്ങളിലും അനുഭവവേദ്യമാകുന്നുണ്ടെന്നു കാണാം.

അമ്മയെ കാണാതെവരുമ്പോൾ കുഞ്ഞിൽ ഉളവാകുന്ന പരിഭ്രമവും അസ്വസ്തതയും കുഞ്ഞിനെ കാണാതെ വരുമ്പോൾ അമ്മയ്ക്കുണ്ടാകുന്ന അസ്വസ്ഥതയും ഭയവും ആഴമായി സ്നേഹിക്കുന്ന രണ്ടുപേർ പരസ്പരം കാണാനും ഒരുമിച്ചിരിക്കാനും കാട്ടുന്ന വ്യഗ്രതയും അതു സാധിക്കാതെ വരുമ്പോഴുണ്ടാകുന്ന അസ്വസ്ഥതയുമെല്ലാം ഇതിന് ഉദാഹരണങ്ങളാണ്.

> മനുഷ്യബന്ധങ്ങളിൽ കാണുന്ന സംതൃപ്തിതേടിയുള്ള ഈ അസ്വസ്ഥതകളൊക്കെയും ദൈവത്തിനുവേണ്ടിയുള്ള മനുഷ്യാത്മാവിന്റെ അടിസ്ഥാനപരമായ അന്തർദാഹത്തിന്റെ സൂചനകളാണ്.

മനുഷ്യാത്മാവിന്റെ ഈ അന്തർദാഹം യഥാർത്ഥമായും ശമിപ്പിക്കപ്പെടുന്ന തെങ്ങനെയെന്ന് യേശുവിന്റെ വാക്കുകളുടെ വെളിച്ചത്തിൽ നമുക്കു മനസ്സിലാക്കാൻ ശ്രമിക്കാം.

താത്കാലികമായ ദാഹം ശമിപ്പിക്കുന്നതിന് കിണറ്റിലെ വെള്ളം കോരാനെത്തിയ സമരിയാക്കാരി സ്ത്രീയോട് യേശു പറഞ്ഞു: "ഈ വെള്ളം കുടിക്കുന്ന ഏവനും വീണ്ടും ദാഹിക്കും. എന്നാൽ ഞാൻ നല്കുന്ന വെള്ളം കുടിക്കുന്നവന് പിന്നീടൊരിക്കലും ദാഹിക്കുകയില്ല. ഞാൻ നല്കുന്ന ജലം അവനിൽ നിത്യജീവനിലേക്കു നിർഗളിക്കുന്ന അരുവിയാകും" (യോഹ 4:12-14).


പിന്നീടൊരിക്കൽ യേശു പറഞ്ഞു: "ആർക്കെങ്കിലും ദാഹിക്കുന്നെങ്കിൽ അവൻ എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽനിന്ന്, വിശുദ്ധലിഖിതം പ്രസ്താവിക്കുന്നതുപോലെ, ജീവജലത്തിന്റെ അരുവികൾ ഒഴുകും" (യോഹ 7:38).



നാം മുമ്പുചെയ്ത പ്രവർത്തനങ്ങളിൽ കണ്ടതുപോലെ, താത്കാലികമായി നമ്മൾ സ്ഥാപിച്ചെടുക്കുന്ന ബന്ധങ്ങളല്ല നമ്മുടെ ആത്മാവിന്റെ ദാഹം ശാശ്വതമായി ശമിപ്പിക്കുന്നത്; മറിച്ച്, യേശു പഠിപ്പിക്കുന്നതുപോലെ, സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും ഉറവിടവും പൂർണതയുമായ ദൈവം മാത്രമാണ് അതു ശമിപ്പിക്കുന്നത്; പ്രാർത്ഥനയും ആഴമാർന്ന ധ്യാനവും അതിന് സഹായിക്കുന്നു. അതുകൊണ്ട്, മനുഷ്യജീവിതത്തിലെ എല്ലാ ബന്ധങ്ങളുടെയും ആത്യന്തികലക്ഷ്യം ദൈവത്തിൽ എത്തിച്ചേരുകയും മുഖാമുഖം അവിടത്തെ ദർശിക്കുകയുമാണ്.

## പ്രാർത്ഥന: ദൈവാനുഭവത്തിനുള്ള മാർഗം

ഒരു വേനലവധിക്കാലം. കുട്ടികൾ ഒത്തുകൂടി കടൽത്തീരത്ത് പട്ടംപറത്തുകയാണ്. വർണപ്പകിട്ടുള്ള നിരവധിപട്ടങ്ങൾ നീലാകാശത്ത് പാറിക്കളിക്കുന്നു. പല പട്ടങ്ങളും തെങ്ങിൻതലപ്പുകൾക്കു മുകളിൽ; ചിലത് അതിനുമപ്പുറം ഉയരത്തിൽ; മറ്റു ചിലവയാകട്ടെ, കണ്ണെത്താദൂരത്ത് ആകാശനീലിമയിൽ ഒരു പൊട്ടു



പോലെ കാണാം. ഒരു കുട്ടിയുടെ അങ്കിൾ അവന്റെ അടുത്തുവന്ന് അവൻ പറത്തുന്ന പട്ടത്തിലേക്കു കണ്ണയച്ചു. പട്ടം കാണാതെ അവന്റെ അങ്കിൾ അങ്ങുമിങ്ങും മാറിമാറിനോക്കി. എന്നിട്ടും അത് കണ്ണിൽപ്പെടാതെ വന്നപ്പോൾ അദ്ദേഹം കുട്ടിയുടെ അടുക്കൽവന്നു പറഞ്ഞു, "നിന്റെ പട്ടംപോയി. നീ വെറുതേ ഈ നൂലുംപിടിച്ചു നില്ക്കുന്നതെന്തിനാ?" അവൻ പറഞ്ഞു: "എന്റെ പട്ടം പോയിട്ടില്ല. അതുണ്ട്. ദൂരെ... ദൂരെയുണ്ട്." അങ്ങനെയെങ്കിൽ പട്ടം ഒന്നു കാണിച്ചുകൊടുക്കാൻ അവന്റെ അങ്കിൾ ആവശ്യപ്പെട്ടു. പക്ഷേ, ചൂണ്ടിക്കാണിക്കാനാവാത്തവിധം കണ്ണെത്താദൂരത്തായിരുന്നു പട്ടം. അങ്കിൾ വീണ്ടും അവനെ കളിയാക്കിയപ്പോൾ അവൻ തന്റെ കൈയിലെ നൂല് അങ്കിളിന്റെ കൈയ്യിൽ ചുറ്റിയിട്ടുപറഞ്ഞു: "നൂലിന് മുകളിലേക്ക് ഒരു വലിവുതോന്നുന്നില്ലേ? വിരലുകൊണ്ട് ഒന്നു വലിച്ചുനോക്കിയേ!" അങ്കിളിന്റെ മുഖത്ത് അദ്ഭുതവും സന്തോഷവും മാറിമാറി നിഴലിച്ചു. അവൻ വീണ്ടും പറഞ്ഞു: "പട്ടം എന്നെ വിട്ടുപോയിട്ടില്ല അങ്കിൾ. കാരണമെന്തെന്ന് അറിയാമോ? ഈ ചരട് പിടിക്കുമ്പോൾ വിരലിൽ എനിക്കു തോന്നുന്ന തുടിപ്പാണ് കാണുന്നില്ലെങ്കിലും പട്ടം ഉണ്ടെന്നുള്ളതിനുള്ള ഉറപ്പ്."

ഇതുപോലെ, അദൃശ്യനായ ദൈവത്തിനായുള്ള ഒരു ഉൾവലിവ് എല്ലാ മനുഷ്യരിലുമുണ്ട്. ദൈവത്തിനായുള്ള മനുഷ്യഹൃദയങ്ങളിലെ തുടിപ്പ് ഒരാൾക്കും മറച്ചുപിടിക്കാനാവില്ല. ദൈവത്തിനായുള്ള മനുഷ്യാത്മാവിന്റെ ഈ ദാഹം അഥവാ തുടിപ്പ് ഓരോരുത്തർക്കും അനുഭവവേദ്യമാകുന്നത് പ്രാർത്ഥനയാകുന്ന ചരട് കൈവിടാതെ സൂക്ഷിക്കുമ്പോഴാണ്. കാരണം, പ്രാർത്ഥനയിലാണ് മനുഷ്യാത്മാവ് ദൈവവുമായി സംസാരിക്കുന്നത്.

ദൈവവും മനുഷ്യനുമായുള്ള ആത്മബന്ധമാണ് പ്രാർത്ഥന. മാത്രമല്ല, ഈ ബന്ധം ആഴപ്പെടാനും നിലനിറുത്താനുമുള്ള ഉപാധിയുമാണത്. അതിനാൽ പ്രാർത്ഥന എന്നത് ദൈവത്തോടുകൂടെ ആയിരിക്കുന്നതും (to be with) അവിടത്തോടൊപ്പം സഞ്ചരിക്കുന്നതും (to walk with) അവിടത്തെ ശ്രവിക്കാനും (listening to) അവിടത്തോടു സംവദിക്കാനു (to dialogue with)മായി അവിടത്തെ തിരുമുമ്പിൽ നില്ക്കുന്ന (standing before)തുമാണ്.

പരമ്പരാഗതമായി മൂന്നു നിർവചനങ്ങളാണ് ക്രൈസ്തവപശ്ചാത്തലത്തിൽ പ്രാർത്ഥനയെപ്പറ്റിയുള്ളത്:

1. പ്രാർത്ഥന ദൈവത്തോടുള്ള സംഭാഷണമാണ്.
2. പ്രാർത്ഥന ദൈവസന്നിധിയിലേക്ക് ആത്മാവിനെ ഉയർത്തുന്നത്.
3. പ്രാർത്ഥന ദൈവത്തോടുള്ള അപേക്ഷയാണ്.

**പ്രാർത്ഥനയെ നിർവചിച്ചുകൊണ്ടുള്ള ധാരാളം മഹദ്വചനങ്ങൾ ലഭ്യമാണ്. അവയിൽ ചിലത് ചുവടേ ചേർക്കുന്നു:**

★ "എന്നെ സംബന്ധിച്ചിടത്തോളം ഹൃദയത്തിന്റെ അലയടിയാണ് പ്രാർത്ഥന; സ്വർഗത്തിലേക്കുള്ള ലളിതമായ ഒരുനോട്ടം. പരീക്ഷണത്തിന്റെയും സന്തോഷത്തിന്റെയുമിടയിൽ നന്ദിയുടെയും സ്നേഹത്തിന്റെയും നിലവിളിയാണത്" (വിശുദ്ധ കൊച്ചുത്രേസ്യ).

★ "മനസ്സ് ദൈവത്തിങ്കലേക്ക് ഉയർത്തുന്നതാണ് പ്രാർത്ഥന" (വിശുദ്ധ ജോൺ ഡമഷീൻ).

★ "ആത്മാവിനുള്ള പരിചയും ദൈവത്തിനുള്ള യാഗവും സാത്താനുള്ള ചാട്ടയുമാണ് പ്രാർത്ഥന" (ജോൺ ബന്യൻ).

★ "ദൈവത്തെ ഉപയോഗിക്കാനുള്ള വഴിയല്ല പ്രാർത്ഥന, നമ്മെ അവിടന്ന് ഉപയോഗിക്കുമ്പോൾ നമ്മെത്തന്നെ അവിടത്തേക്കു സമർപ്പിക്കുന്നതിനുള്ള ഉപാധിയാണത്" (വില്യം ബാർക്ലെ).

★ "ഹൃദയമില്ലാത്ത വാക്കുകളെക്കാൾ വാക്കുകളില്ലാത്ത ഹൃദയമാണ് പ്രാർത്ഥനയിൽ ഉണ്ടായിരിക്കേണ്ടത്" (ജോൺ ബന്യൻ).

★ "നമ്മുടെ പ്രാർത്ഥനകളിലെ ഏറ്റവും വലിയ പോരായ്മ നമ്മൾ കൂടുതൽ സംസാരിക്കുകയും ഏറ്റവും കുറച്ച് ശ്രവിക്കുകയും ചെയ്യുന്നു എന്നതാണ്. പ്രാർത്ഥനയുടെ ഉന്നതി ദൈവത്തിന്റെ ശബ്ദത്തിനായി നമ്മൾ നിശ്ശബ്ദരായി കാതോർക്കുന്ന നിമിഷമാണ്" (വില്യം ബാർക്ലെ).

★ "മറുപടി കണ്ടെത്തുകയല്ല; ദൈവത്തെ മുറുകെപ്പിടിക്കുക എന്നതാണ് പ്രാർത്ഥനയുടെ അർത്ഥം" (ഓസ്‌വാൾഡ് ചെയ്മ്പേഴ്സ്).

★ "ദൈവത്തിന്റെ സ്വയംദാനം ഉൾക്കൊള്ളുവോളം ഹൃദയത്തെ വിശാലമാക്കുന്നതാണ് പ്രാർത്ഥന" (മദർതെരേസ).

## പ്രവർത്തനം-2

പ്രാർത്ഥനയിലൂടെ ദൈവത്തോട് നിരന്തരം സമ്പർക്കം പുലർത്തിയിരുന്ന ധാരാളംപേരെ ബൈബിളിൽ കാണാനാകും. താഴേപറയുന്ന വ്യക്തികളുടെ പ്രാർത്ഥനയിലുണ്ടായ ദൈവാനുഭവങ്ങൾ വിലയിരുത്തി പ്രാർത്ഥനയോട് നമുക്കുണ്ടായിരിക്കേണ്ട മനോഭാവമെന്തെന്നും പ്രാർത്ഥനയ്ക്കുണ്ടായിരിക്കേണ്ട വിവിധഘടകങ്ങൾ ഏവയെന്നും വ്യക്തമാക്കുക.

| | | |
|---|---|---|
| പുറ 33:7-11 | : | സമാഗമകൂടാരത്തിൽ കണ്ടുമുട്ടുന്ന ദൈവവും മോശയും. |
| 1 സാമു 3:1-18 | : | ദൈവത്തെ ശ്രവിക്കുന്ന സാമുവേൽ |
| 2 സാമു 11-12 | : | തന്റെ വിശ്വസ്തദാസനായ ഊറിയായെ വധിച്ച് അയാളുടെ ഭാര്യ ബത്ഷേബായെ സ്വന്തമാക്കിയ ദാവീദുരാജാവ് അവളിൽ തനിക്കു ജനിക്കാൻ പോകുന്ന കുഞ്ഞ് രോഗാവസ്ഥയിൽനിന്നു രക്ഷനേടാനും ജീവിക്കാനുമായി പ്രാർത്ഥിക്കുന്നു. |
| തോബിത്ത് 8:48 | : | തോബിയാസിന്റെ പ്രാർത്ഥന |
| മത്താ 26:36-46 | : | ഗത്സേമനിയിലെ പ്രാർത്ഥന |
| യോഹ 17:1-26 | : | യേശുവിന്റെ പുരോഹിതപ്രാർത്ഥന |
| അപ്പ 4:23-31 | : | ആദിമസഭയുടെ പ്രാർത്ഥന |
| അപ്പ 7:54-60 | : | സ്തേഫാനോസിന്റെ പ്രാർത്ഥന |

## അടിസ്ഥാനപരമായ പ്രാർത്ഥനാരൂപങ്ങൾ

വിശുദ്ധഗ്രന്ഥത്തിലൂടെ വെളിപ്പെടുത്തിയിട്ടുള്ള പ്രാർത്ഥനാരൂപങ്ങൾ പ്രധാനമായും അഞ്ചാണ്.

1. ആരാധന 2. യാചന 3. മാധ്യസ്ഥ്യം 4. കൃതജ്ഞത 5. സ്തുതിപ്പ്.

### 1. ആരാധന:

മഹത്ത്വത്തിന്റെ രാജാവായ ദൈവത്തിന് (സങ്കീ 24:9-10) മനുഷ്യാത്മാവ് അർപ്പിക്കുന്ന ആദരമാണ് ആരാധന. സ്രഷ്ടാവായ ദൈവത്തിന്റെ മുമ്പിൽ താൻ ഒരു സൃഷ്ടിയാണെന്ന് അംഗീകരിക്കുന്ന മനുഷ്യന്റെ പ്രാഥമിക മനോഭാവമാണത് (ഏശ 6:1-7).

### 2. യാചന:

സൃഷ്ടിയായ മനുഷ്യൻ സ്രഷ്ടാവായ ദൈവത്തോട് നിരന്തരമായി യാചിക്കേണ്ടതാണ്. പാപിയായ മനുഷ്യൻ യാചനയിലൂടെ തന്റെ തെറ്റുകൾക്ക് മാപ്പപേക്ഷിക്കുന്നു. ദൈവമേ, പാപിയായ എന്നിൽ കനിയണമേ (ലൂക്കാ 18:13) എന്ന ചുങ്കക്കാരന്റെ പ്രാർത്ഥനാമനോഭാവമാണ് യാചനാസമയത്ത് നമുക്കുണ്ടായിരിക്കേണ്ടത്. യാചന ദൈവത്തിലേക്കുള്ള ഒരു തിരിച്ചുവരവുകൂടിയാണ് (ധൂർത്തപുത്രന്റെ ഉപമ കാണുക, ലൂക്കാ 15:11-32).



### 3. മധ്യസ്ഥപ്രാർത്ഥന:

യേശുമാത്രമാണ് എല്ലാ മനുഷ്യർക്കുവേണ്ടിയും ദൈവത്തോട് മാധ്യസ്ഥ്യം വഹിക്കുന്നവൻ (റോമാ 8:34; 1 യോഹ 2:1; യോഹ 17). നാം മധ്യസ്ഥപ്രാർത്ഥന നടത്തുന്നതുവഴി യേശുവിന്റെ മധ്യസ്ഥപ്രാർത്ഥനയോട് നമ്മുടെ പ്രാർത്ഥനയും ചേർത്തുവയ്ക്കുന്നു. അതിനാൽ ക്രിസ്തീയ മാധ്യസ്ഥ്യം ക്രിസ്തുവിന്റെ മാധ്യസ്ഥ്യത്തിലുള്ള പങ്കാളിത്തമാണ് (മർക്കോ 2:1-12; 7:33-37; 8:22-26; യോഹ 2:3-5). ഇവിടെ പ്രാർത്ഥിക്കുന്നയാൾ സ്വന്തം താത്പര്യങ്ങൾക്കൊപ്പം മറ്റുള്ളവരുടെ താത്പര്യങ്ങൾകൂടി കണക്കിലെടുക്കുന്നു (ഫിലി 2:4; അപ്പ 7:60; ലൂക്കാ 23:28). ക്രൈസ്തവരുടെ മധ്യസ്ഥപ്രാർത്ഥനയ്ക്ക് അതിരുകളില്ല. ശത്രുവിനുവേണ്ടിയുള്ള പ്രാർത്ഥനയിലേക്കും അതു വ്യാപിക്കുന്നു (ലൂക്കാ 23:34; മത്താ 5:44).

### 4. കൃതജ്ഞതാപ്രാർത്ഥന:

കൃതജ്ഞതാപ്രകാശനമാണ് പ്രാർത്ഥനയുടെ മറ്റൊരു സവിശേഷത (ലൂക്കാ 17:11-19). നാം ദൈവത്തിന് കൃതജ്ഞതയർപ്പിക്കുന്നതുവഴി ശിരസ്സായ ക്രിസ്തു



വിന്റെ കൃതജ്ഞതാപ്രകടനത്തിൽ പങ്കുചേരുന്നു. പൗലോസ് അപ്പസ്തോലന്റെ മിക്കവാറും ലേഖനങ്ങൾ ആരംഭിക്കുന്നതും അവസാനിക്കുന്നതും കൃതജ്ഞതാ പ്രകാശനത്തോടെയാണ്. യാചനാപ്രാർത്ഥനയിൽ എന്നപോലെ കൃതജ്ഞതാ പ്രാർത്ഥനയിലും ഏതു സന്തോഷവും ഏതു സംഭവവും വിഷയമാകുന്നു.

"എല്ലാക്കാര്യങ്ങളിലും നന്ദി പ്രകാശിപ്പിക്കുവിൻ. ഇതാണ് യേശുക്രിസ്തുവിൽ നിങ്ങളെ സംബന്ധിച്ചുള്ള ദൈവഹിതം" (1 തെസ്സ 5:18).

### 5. സ്തുതിപ്പ്:

ദൈവം എന്തുചെയ്യുന്നു എന്നതിനപ്പുറം ദൈവം ആരാകുന്നു എന്ന കാരണം മുൻനിറുത്തി നാം ദൈവത്തെ സ്തുതിക്കണം. സ്തുതിക്കും മഹത്ത്വത്തിനും യോഗ്യനായവൻ ദൈവം മാത്രമാണ്. പ്രാർത്ഥനയുടെ എല്ലാ രൂപങ്ങളും ഉൾക്കൊള്ളുകയും ആവിഷ്കരിക്കുകയും ചെയ്യുന്ന വിശുദ്ധ കുർബാനയാണ് ദൈവത്തിന് നാം അർപ്പിക്കുന്ന ഏറ്റവും വലിയ സ്തോത്രബലി.

### പ്രവർത്തനം-3

ബൈബിളിലെ മേല്പറഞ്ഞ പ്രാർത്ഥനാരൂപങ്ങളുടെ വെളിച്ചത്തിൽ ഓരോ പ്രാർത്ഥന തയ്യാറാക്കുക.

### കർത്തൃപ്രാർത്ഥന

★ കർത്താവേ, യോഹന്നാൻ തന്റെ ശിഷ്യരെ പഠിപ്പിച്ചതുപോലെ, ഞങ്ങളെയും പ്രാർത്ഥിക്കാൻ പഠിപ്പിക്കുക (ലൂക്കാ 11:1) എന്ന ശിഷ്യരുടെ അപേക്ഷയ്ക്കു പ്രത്യുത്തരമായാണ് യേശു കർത്തൃപ്രാർത്ഥനയെന്ന അടിസ്ഥാനപരമായ ക്രിസ്തീയപ്രാർത്ഥന ശിഷ്യരെ പഠിപ്പിച്ചത്.

★ ഇതിനെ കർത്തൃപ്രാർത്ഥനയെന്നു വിളിക്കാൻ കാരണം, ഇത് കർത്താവായ യേശുവിൽ നിന്നുവരുന്നു എന്നതുതന്നെ. അവിടന്നാണ് നമ്മുടെ പ്രാർത്ഥനയുടെ ഗുരുവും മാതൃകയും.

★ കർത്ത്യപ്രാർത്ഥന സഭയുടെ ഏറ്റവും ഉൽകൃഷ്ടമായ പ്രാർത്ഥനയാണ്. ഇത് മുഖ്യയാമപ്രാർത്ഥനകളുടെയും ക്രൈസ്തവപ്രാരംഭത്തിന്റെ കൂദാശകളായ ജ്ഞാനസ്നാനം, സ്ഥൈര്യലേപനം, വിശുദ്ധ കുർബാന എന്നിവയുടെയും കാതലായ ഘടകമാണ്.

★ കർത്ത്യപ്രാർത്ഥന സുവിശേഷം മുഴുവന്റെയും സംഗ്രഹമാണ് (തെർത്തുല്യൻ). "പ്രാർത്ഥനകളിൽ ഏറ്റവും പൂർണമായതാണ് കർത്ത്യപ്രാർത്ഥന" (വിശുദ്ധ തോമസ് അക്വിനാസ്).

## സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ

★ ലളിതവും വിശ്വസ്തവുമായ ശരണവും എളിമയും സന്തോഷവും നിറഞ്ഞ ഉറപ്പുമാണ് കർത്ത്യപ്രാർത്ഥന ചൊല്ലുന്നയാളുടെ ഉചിതമായ മനോഭാവങ്ങൾ.

★ സ്വർഗസ്ഥനായ (മത്താ 6:9) എന്ന പ്രയോഗം ദൈവമഹത്ത്വത്തെയും നീതിമാന്മാരുടെ ഹൃദയത്തിലുള്ള അവിടത്തെ സാന്നിധ്യത്തെയുമാണ് സൂചിപ്പിക്കുന്നത്. പിതൃഭവനമായ സ്വർഗം ലക്ഷ്യമാക്കിയാണ് നമ്മുടെ യാത്ര എന്ന സത്യം അനുദിനം നമ്മെ ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു.

★ നമ്മൾ ദൈവത്തെ പിതാവേ (മത്താ 6:9) എന്നാണു വിളിക്കുക. കാരണം, ദൈവപുത്രൻ അവിടത്തെ നമുക്കു പിതാവായി വെളിപ്പെടുത്തിയിരിക്കുന്നു. ജ്ഞാനസ്നാനത്തിലൂടെ പുത്രനായ യേശുവിൽ നാം ദൈവമക്കളായി ദത്തെടുക്കപ്പെടുകയും ഏകശരീരമാക്കപ്പെടുകയും ചെയ്തു.

★ കർത്ത്യപ്രാർത്ഥന നമ്മെ പിതാവുമായും അവിടത്തെ പുത്രനായ യേശുക്രിസ്തുവുമായും ഐക്യപ്പെടുത്തുന്നു; നമ്മെ നമുക്കുതന്നെ വെളിപ്പെടുത്തിത്തരുകയും ചെയ്യുന്നു (GS 22,1).

★ കർത്ത്യപ്രാർത്ഥന ദൈവമക്കളാകാനുള്ള തീരുമാനത്തിൽ നമ്മെ വളർത്തണം. ഇതു നമ്മെ എളിമയും ആശ്രയബോധവും ഉള്ളവരാക്കണം.

★ യേശുവിലുള്ള പുതിയ ഉടമ്പടി, ത്രിത്വൈകദൈവവുമായുള്ള ഐക്യം, സഭയിലൂടെ പ്രാപിക്കുകയും ലോകത്തെ മുഴുവനും ആശ്ലേഷിക്കുകയും ചെയ്യുന്ന ദൈവികസ്നേഹം എന്നിവ ഞങ്ങളുടെ പിതാവേ (മത്താ 6:9) എന്നു പ്രാർത്ഥിക്കുമ്പോൾ നാം അനുസ്മരിക്കുന്നു.

### ഏഴ് അപേക്ഷകൾ

കർത്തൃപ്രാർത്ഥനയിൽ ആദ്യത്തെ മൂന്ന് അപേക്ഷകളുടെയും വിഷയം പിതാവിന്റെ മഹത്ത്വമാണ്; അവിടത്തെ നാമം മഹത്ത്വപ്പെടുത്തൽ, ദൈവരാജ്യത്തിന്റെ ആഗമനം, ദൈവതിരുമനസ്സിന്റെ പൂർത്തീകരണം.

1. **അങ്ങയുടെ നാമം പൂജിതമാകണമേ** (മത്താ 6:9) എന്നു പ്രാർത്ഥിക്കുമ്പോൾ ആദ്യം മോശവഴിയും പിന്നീട് യേശുവിലും വെളിപ്പെടുത്തപ്പെട്ട ദൈവനാമം നമ്മിലും നാം വഴിയും എല്ലാ ജനപദങ്ങളിലും എക്കാലവും വിശുദ്ധീകരിക്കപ്പെടണം എന്ന ദൈവികപദ്ധതിയിൽ നാം പങ്കുചേരുന്നു.



2. **അങ്ങയുടെ രാജ്യം വരേണമേ** (മത്താ 6:9) എന്ന രണ്ടാം അപേക്ഷയിലൂടെ, സഭ പ്രധാനമായും ക്രിസ്തുവിന്റെ രണ്ടാംവരവും ദൈവരാജ്യത്തിന്റെ അന്തിമ ആഗമനവും അപേക്ഷിക്കുന്നു. മാത്രമല്ല, നമ്മുടെ ജീവിതത്തിന്റെ ഇന്നത്തെ സാഹചര്യങ്ങളിൽ ദൈവരാജ്യം വളരാൻവേണ്ടിയുള്ള പ്രാർത്ഥന കൂടിയാണിത്.

3. **അങ്ങയുടെ ഹിതം സ്വർഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ** (മത്താ 6:10) എന്ന മൂന്നാം അപേക്ഷയിൽ, നമ്മുടെ മനസ്സിനെ അവിടത്തെ പുത്രന്റെ മനസ്സിനോട് ഐക്യപ്പെടുത്താൻ നാം പ്രാർത്ഥിക്കുന്നു. ഈ ലോകജീവിതത്തിൽ ദൈവത്തിന്റെ രക്ഷാകരപദ്ധതി പൂർത്തിയാക്കാനാണിത്.

മറ്റുള്ള നാല് അപേക്ഷകളും നമ്മുടെ ആവശ്യങ്ങൾ അവിടത്തെ മുൻപിൽ സമർപ്പിക്കുന്നതാണ്: നമ്മുടെ ജീവിതം പരിപോഷിപ്പിക്കപ്പെടട്ടെ, പാപത്തിൽനിന്നു മുക്തമാക്കപ്പെടട്ടെ, പ്രലോഭനത്തിൽ അകപ്പെടാതിരിക്കട്ടെ, നമ്മുടെ പോരാട്ടത്തിൽ തിന്മയുടെമേൽ നന്മ വിജയം വരിക്കട്ടെ.

4. നാലാം അപേക്ഷയിൽ, **അന്നന്നുവേണ്ട ആഹാരം ഇന്നും ഞങ്ങൾക്കു നല്കണമേ** (മത്താ 6:11) എന്നു യാചിക്കുന്നതിലൂടെ നമ്മുടെ സഹോദരങ്ങളോടൊത്ത് സ്വർഗസ്ഥനായ പിതാവിനോടുള്ള പുത്രസഹജമായ ആശ്രയബോധം നാം ഏറ്റുപറയുന്നു.

കൂടാതെ ആഹാരം എന്ന പ്രയോഗം ജീവന്റെ നിലനില്പിന് മനുഷ്യർക്കാവശ്യമായ ഭൗമികഭക്ഷണത്തെയും നിത്യജീവന്റെ പോഷണമായ ദൈവവചനത്തെയും ക്രിസ്തുവിന്റെ ശരീരത്തെയും സൂചിപ്പിക്കുന്നു.

5. **ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടും ക്ഷമിക്കണമേ** (മത്താ 6:12) എന്ന അഞ്ചാം അപേക്ഷ, നമ്മുടെ തെറ്റുകൾ ക്ഷമിക്കുന്ന ക്രിസ്തുവിന്റെ മാതൃകയും സഹായവും അനുകരിച്ചുകൊണ്ട് നമ്മുടെ ശത്രുക്കളോടും നമ്മളും ക്ഷമിക്കുകയും അതുവഴി ലഭ്യമാകുന്ന ദൈവത്തിന്റെ കാരുണ്യം നാം അനുഭവി

ക്കുകയും ചെയ്യുന്നു. കർത്തൃപ്രാർത്ഥനയിലെ ഏഴ് അപേക്ഷകളിൽ നമ്മോടു തെറ്റുചെയ്യുന്നവരോട് നാം ക്ഷമിക്കുന്ന കാര്യം പ്രാർത്ഥയ്ക്കൊടുവിൽ യേശു എടുത്തുപറയുന്നു. ഇതിലൂടെ, നമ്മൾ മറ്റുള്ളവരുടെ തെറ്റുകൾ ക്ഷമിക്കുമ്പോൾ മാത്രമാണ് നമ്മുടെ തെറ്റുകൾ ക്ഷമിക്കപ്പെടുന്നതെന്നും നമ്മുടെ പ്രാർത്ഥന ക്രിസ്തീയമായിത്തീരുന്നതെന്നും അവിടന്ന് നമ്മെ പഠിപ്പിക്കുന്നു.

6. **ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ** (മത്താ 6:13) എന്ന ആറാമത്തെ അപേക്ഷയിൽ പാപത്തിലേക്കു നയിക്കുന്ന പാത പുല്കാൻ നമ്മെ അനുവദിക്കരുതേ എന്ന് ദൈവത്തോടു നമ്മൾ അപേക്ഷിക്കുന്നു.

7. **തിന്മയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ** (മത്താ 6:13) എന്ന ഏഴാമത്തെ അപേക്ഷയിൽ ദൈവത്തെയും അവിടത്തെ പദ്ധതിയെയും വ്യക്തിപരമായി എതിർക്കുന്ന സാത്താന്റെമേൽ ക്രിസ്തുവരിച്ച വിജയം വെളിപ്പെടുത്തിത്തരണമെന്ന് സഭയോടൊത്തു നമ്മൾ പ്രാർത്ഥിക്കുന്നു.

> പ്രാർത്ഥന മനുഷ്യന്റെ ഒരു നിർണായക ആവശ്യമാണ്. പ്രാർത്ഥനയ്ക്കു തുല്യമായ മറ്റൊന്നില്ല. എന്തെന്നാൽ അസാധ്യമായത് അത് സാധ്യമാക്കുന്നു. ദുഷ്കരമായത് എളുപ്പമാക്കുന്നു. തീക്ഷ്ണതയോടെ പ്രാർത്ഥിക്കുകയും നിരന്തരം ദൈവത്തെ വിളിച്ചപേക്ഷിക്കുകയും ചെയ്യുന്നവൻ പാപത്തിൽ പതിക്കുക അസാധ്യമാണ് (വിശുദ്ധ ജോൺ ക്രിസോസ്റ്റം).

**ആമേൻ** ('അങ്ങനെയായിരിക്കട്ടെ') ചൊല്ലുകവഴി, ഏഴ് അപേക്ഷകളെയും സംബന്ധിച്ച നമ്മുടെ സമ്മതം സഭയോടൊത്ത് നാം പ്രകടിപ്പിക്കുന്നു.

## വിവിധ പ്രാർത്ഥനകൾ

### 1. വ്യക്തിപരമായ പ്രാർത്ഥന (Personal Prayer)

ഒരാൾ സ്വന്തംനിലയിൽ ദൈവത്തോടു സംസാരിക്കുന്നതിനെയാണ് സാധാരണമായി വ്യക്തിപരമായ പ്രാർത്ഥനയെന്നു പറയുന്നത്. ഇത്തരത്തിലുള്ള സ്വകാര്യ പ്രാർത്ഥനയെക്കുറിച്ച് യേശുവും പരാമർശിക്കുന്നുണ്ട് (മത്താ 6:6). രഹസ്യപ്രാർത്ഥന, പ്രാർത്ഥിക്കുന്ന വ്യക്തിയെയും ദൈവത്തെയും നേരിട്ടു സംബന്ധിക്കുന്നതായതുകൊണ്ട് ഏതു വിധത്തിൽ അതു നടത്തണമെന്നു തീരുമാനിക്കാനുള്ള പൂർണസ്വാതന്ത്ര്യം ഓരോ വ്യക്തിക്കുമുണ്ട്. ഫലപ്രദമായി ക്രിസ്തീയജീവിതം നയിക്കുന്നതിന് രഹസ്യപ്രാർത്ഥന കൂടിയേ തീരു. അതിന് ഗണ്യമായ സ്ഥാനമുണ്ട്. വ്യക്തിയുടെ സ്വഭാവവും ജീവിതവും ദൈനംദിനം ക്രമീകരിച്ച് അഭിവൃദ്ധിയിലേക്കു വളരുന്നതിനുതകുംവിധം, ദൈവവുമായി അവനെ ബന്ധിക്കുന്ന കണ്ണിയാണിത്.

### 2. വാചികപ്രാർത്ഥന (Vocal Prayer)

മനുഷ്യന്റെ ആവശ്യങ്ങൾ വാക്കുകൾകൊണ്ടു പ്രകാശിപ്പിക്കുന്നതാണ് വാചികപ്രാർത്ഥന. (ഉദാ. ദൈവമേ, പാപിയായ എന്റെമേൽ കരുണയായിരിക്കണമേ. ശാന്തശീലനും എളിമനിറഞ്ഞവനുമായ ഈശോയേ എന്റെ ഹൃദയം അങ്ങേ ഹൃദയത്തിനൊത്തതാക്കണമേ. യേശുവേ, അങ്ങ് ചിന്തിയ തിരുരക്തത്തെപ്രതി എന്നോടു തെറ്റു ചെയ്തവരോട് ഞാൻ ക്ഷമിക്കുന്നു). ഹൃദയത്തിൽ അനുഭവപ്പെടുന്ന ആനന്ദത്തിൽനിന്നോ ഭീതിയിൽനിന്നോ സ്വാഭാവികമായി വാചിക പ്രാർത്ഥന പൊട്ടിപ്പുറപ്പെടാവുന്നതാണ്. ഹ്രസ്വങ്ങളായ വാചികപ്രാർത്ഥനകൾ, ഫലവത്തായ പ്രാർത്ഥനാരൂപങ്ങളാണെന്ന് സഭയുടെ ദീർഘകാലപാരമ്പര്യം തെളിയിക്കുന്നു.

### 3. സ്വയംപ്രേരിതപ്രാർത്ഥന (Spontaneous Prayer)

അവിചാരിതമായ ഏതെങ്കിലും ഗൗരവസാഹചര്യമോ സംഭവമോ നേരിടുമ്പോൾ, വ്യക്തിയിൽനിന്ന് സ്വമേധയാ പുറപ്പെടുന്ന പ്രാർത്ഥനാരൂപത്തെയാണ്

സ്വയംപ്രേരിതപ്രാർത്ഥനയെന്നു പറയുന്നത്. ഇതിനു കാരണമാകുന്നത് ഒരു വ്യക്തിക്ക് ദൈവത്തിന്റെ സാന്നിധ്യത്തെയും അവിടത്തെ അദ്ഭുതാവഹമായ ശക്തിയെയുംകുറിച്ചുള്ള ദൃഢമായ ബോധ്യമാണ്.

### 4. മാനസികപ്രാർത്ഥന (Mental Prayer)

മാനസികപ്രാർത്ഥനയിൽ സാധാരണമായി പദോച്ചാരണങ്ങളോ അംഗവിക്ഷേപങ്ങളോ ഉണ്ടായിരിക്കുകയില്ല. പ്രാർത്ഥിക്കുന്ന വ്യക്തിയുടെ ബുദ്ധിയും മനസ്സും ദൈവത്തിൽ കേന്ദ്രീകൃതമായിരിക്കും. ആദ്ധ്യാത്മിക ജീവിതപുരോഗതിക്ക് അതിപ്രധാനമായ ഒരു ഉപാധിയാണ് മാനസിക പ്രാർത്ഥന. മാനസികപ്രാർത്ഥനയിലൂടെ ഒരു വ്യക്തി ക്രിസ്തുവുമായി ഒന്നുചേരുക വഴി ആഴമാർന്ന ദൈവാനുഭവത്തിലേക്കു കടക്കുന്നു.

## പ്രാർത്ഥന: ചില സംശയങ്ങളും ഉത്തരങ്ങളും

### 1. ദൈവം എല്ലാം മുൻകൂട്ടി അറിയുന്നവനല്ലേ? പിന്നെ നാം എന്തിന് പ്രാർത്ഥിക്കണം?

നാം പ്രാർത്ഥിക്കുംമുമ്പേ ദൈവം നമ്മുടെ ഹൃദയവിചാരങ്ങൾ അറിയുന്നു എന്നത് സത്യംതന്നെ. എന്നാൽ പ്രാർത്ഥനയിലൂടെ നാം നമ്മുടെ ആവശ്യം ദൈവത്തെ അറിയിക്കുകയല്ല; മറിച്ച്, ദൈവത്തിലുള്ള നമ്മുടെ ആശ്രയബോധം ഏറ്റുപറയുകയാണുചെയ്യുക (മത്താ 6:8; 7:8-11). ദൈവതിരുമനസ്സ് മനുഷ്യൻ അറിയുന്നതും പ്രാർത്ഥനയിലൂടെയാണല്ലോ (അപ്പ 4:24-28).

### 2. പ്രാർത്ഥനയിലൂടെ നമുക്ക് ദൈവതിരുമനസ്സ് മാറ്റാൻ കഴിയുമോ?

പ്രാർത്ഥന ദൈവത്തിന്റെ തിരുമനസ്സ് മാറ്റാൻ വേണ്ടിയല്ല; മനുഷ്യന്റെ മനസ്സ് മാറ്റാൻ വേണ്ടിയാണ്. കാരണം, ആരുടെയും നാശം ആഗ്രഹിക്കാത്ത ദൈവം പ്രാർത്ഥനയിൽ നമ്മെ വിശുദ്ധീകരിച്ചു ശക്തിപ്പെടുത്തുന്നു.

**3. പ്രാർത്ഥിക്കാത്തവനും ജീവിതത്തിൽ വിജയിക്കുന്നുണ്ടല്ലോ?**

പ്രാർത്ഥന ദൈവത്തിലുള്ള നമ്മുടെ ആശ്രയബോധം പ്രഖ്യാപിക്കലാണെന്നു പറഞ്ഞല്ലോ. പ്രാർത്ഥിക്കുന്നവന്റെ ശക്തി ദൈവത്തിലാണ്. ചോദിക്കുന്നവനു ലഭിക്കും; ചോദിക്കാത്തവനു ലഭിക്കുകയില്ല (യാക്കോ 4:2). പ്രാർത്ഥിക്കാത്തവൻ ജീവിതത്തിൽ വിജയിച്ചു എന്നു പറയാനാവില്ല; കാരണം, ജീവിതവിജയം ദൈവത്തോടൊപ്പം ജീവിക്കുമ്പോഴും അവിടത്തോടൊപ്പം ആയിരിക്കുമ്പോഴും മാത്രമാണ്.

**4. തെറ്റായ കാര്യങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചാൽ അതു സാധിക്കുമോ?**

ദൈവം മനുഷ്യഹൃദയങ്ങൾ പരിശോധിക്കുന്നവനാണ്. തെറ്റായ കാര്യങ്ങൾക്കായി പ്രാർത്ഥിച്ചാൽ ഉദ്ദിഷ്ടകാര്യം നടക്കണമെന്നില്ല. ലഭിച്ചാൽത്തന്നെ അത് നാശത്തിൽ അവസാനിക്കും (ഉദാ. 2 രാജാ 20:1-11; 21:1-9 മരണമടുത്തെന്നു തിരിച്ചറിഞ്ഞ ഹെസെക്കിയ രാജാവ് ദൈവതിരുമനസ്സിനു വിപരീതമായി ദീർഘായുസ്സിനായി പ്രാർത്ഥിക്കുന്നു. അതിനുശേഷം രാജാവിനു ജനിച്ച പുത്രൻ മനാസ്സേ സർവനാശത്തിനു കാരണമാകുകയും ചെയ്യുന്നു.

**5. പ്രാർത്ഥനയിൽ ഉടനടി ഉത്തരം ലഭിക്കാത്തത് എന്തുകൊണ്ട്?**

പ്രാർത്ഥിച്ചുകഴിഞ്ഞാൽ നിരന്തരം കാത്തിരിക്കാൻ നാം തയ്യാറാവണം. ദൈവം തന്റെ തിരുഹിതമനുസരിച്ചാണു പ്രവർത്തിക്കുക; വിശ്വാസത്തോടും പ്രത്യാശയോടുംകൂടെ ജാഗ്രത പുലർത്തി കാത്തിരിക്കുകയാണ് നമുക്ക് അഭികാമ്യം (സങ്കീ 25:3; 27:14; 33:20; 37:7; 69:13; 104:27-28). എന്തെന്നാൽ നിങ്ങൾ പ്രാർത്ഥനയിൽ ഉറച്ചുനില്ക്കുന്നിടത്തോളം കാലം അതിനെക്കാൾ വലിയകാര്യങ്ങൾ നിങ്ങൾക്കുവേണ്ടി ചെയ്യാൻ അവിടത്തേക്കു സാധിക്കും.

**6. ഏതു സമയത്താണു പ്രാർത്ഥിക്കേണ്ടത്?**

പ്രാർത്ഥിക്കാൻ നിശ്ചിതസമയങ്ങളൊന്നുമില്ല; ഏതുനേരത്തും പ്രാർത്ഥിക്കാവുന്നതാണ് (പുറ 14:15; നിയ 3:26; ജോഷ്വാ 7:10; ജറെ 7:16). പൊതുസ്ഥലങ്ങളിലൂടെ നടക്കുമ്പോഴും തനിയേ ആയിരിക്കുമ്പോഴും ജോലി ചെയ്യുമ്പോഴും യാത്ര

ചെയ്യുമ്പോഴും തീക്ഷ്ണമായപ്രാർത്ഥന ഹൃദയത്തിൽനിന്ന് ഉയർത്താനാവും (വിശുദ്ധ ജോൺ ക്രിസോസ്റ്റം). "ഇടവിടാതെ പ്രാർത്ഥിക്കുവിൻ" (1 തെസ 5:17). 'എല്ലാ കാര്യങ്ങളിലും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പേരിൽ പിതാവിന് നന്ദി പ്രകാശിപ്പിക്കുവിൻ' (എഫേ 5:20).

### 7. കൂട്ടായപ്രാർത്ഥനയുടെ ആവശ്യമുണ്ടോ? ഒറ്റയ്ക്ക് പ്രാർത്ഥിച്ചാൽ പോരേ?

കൂട്ടായ പ്രാർത്ഥനയുടെ പ്രാധാന്യം യേശു പഠിപ്പിച്ചു: ഭൂമിയിൽ നിങ്ങളിൽ രണ്ടുപേർ യോജിച്ചു ചോദിക്കുന്ന ഏതു കാര്യവും എന്റെ സ്വർഗസ്ഥനായ പിതാവ് നിറവേറ്റിത്തരും. എന്തെന്നാൽ, രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ ഒരുമിച്ചു കൂടുന്നിടത്ത് അവരുടെ മധ്യേ ഞാൻ ഉണ്ടായിരിക്കും (മത്താ 18:19-20). ആദിമസഭയുടെ പ്രാർത്ഥനാരീതിയും (അപ്പ 1:14; 2:42; 4:24; 12:12) നമുക്കു മാതൃകയാണ്. ആദിമസഭയിൽ ഒരുമിച്ചുള്ള പ്രാർത്ഥന സമൂഹത്തിന്റെ വിശ്വാസപ്രഖ്യാപനം കൂടെയായിരുന്നു.

### പ്രവർത്തനം-4

1. അനുദിനമുള്ള കുടുംബപ്രാർത്ഥനയിലും കുടുംബകൂട്ടായ്മകളുടെ ഭാഗമായി നടത്തുന്ന പ്രാർത്ഥനയിലും യുവജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്താനാവശ്യമായ കർമ്മപരിപാടി തയ്യാറാക്കുക.
2. നിങ്ങളുടെ ഇടവകയിലെ പ്രാർത്ഥനാനുഭവമുള്ള ഒരു മുതിർന്ന വ്യക്തിയെയും ജീസസ്‌യൂത്തിലെ ഒരംഗത്തെയും ക്ലാസ്സിൽ വിളിച്ചുവരുത്തി അവരുടെ പ്രാർത്ഥനാരീതികളെക്കുറിച്ചും പ്രാർത്ഥനാനുഭവങ്ങളെക്കുറിച്ചും ചോദിച്ചറിയുക.

# വിശുദ്ധ അഗസ്റ്റിൻ




സുമുഖനും ബുദ്ധിമാനുമായ ഒരു ചെറുപ്പക്കാരനായിരുന്നു അഗസ്റ്റിൻ. മനിക്കെയിസം എന്ന പാഷണ്ഡതയിൽ ആകൃഷ്ടനായി ഇയാൾ ഘോരപാപങ്ങളിൽ മുഴുകി ജീവിച്ചു. അവിവാഹിതനായ ഇയാൾ ഒരു കുട്ടിയുടെ പിതാവായിത്തീർന്നു. ഈശ്വരവിശ്വാസിയും ഭക്തസ്ത്രീയുമായിരുന്ന മോനിക്കയായിരുന്നു അഗസ്റ്റിന്റെ അമ്മ. മകന്റെ വഴിവിട്ട ജീവിതം കണ്ട് മനംനൊന്ത അമ്മ അവന്റെ മാനസാന്തരത്തിനായി കണ്ണീരൊഴുക്കി പ്രാർത്ഥിച്ചുകൊണ്ടിരുന്നു.

വിശുദ്ധ അംബ്രോസിന്റെ പ്രസംഗങ്ങൾ കേൾക്കാൻ അഗസ്റ്റിന് പലപ്പോഴും ഇടവന്നിട്ടുണ്ട്. ജീവിതത്തിന്റെ നശ്വരതയും സുഖലോലുപതയുടെ ക്ഷണികതയും അഗസ്റ്റിന്റെ മനസ്സിനെ നിരന്തരം മഥിച്ചുകൊണ്ടിരുന്നു.

ഒരിക്കൽ ഒരു ഉദ്യാനത്തിലിരുന്ന് അഗസ്റ്റിൻ ഇങ്ങനെ ചിന്തിച്ചു: ‘എത്രനാളാണ് കർത്താവേ, ഇങ്ങനെ കഴിയുക? നാളെ എന്തുകൊണ്ട് ഇപ്പോൾത്തന്നെ ആയിക്കൂടാ?’. അപ്പോൾ അദ്ദേഹം ഒരു ശിശുവിന്റെ സ്വരംകേട്ടു: “എടുത്തു വായിക്കുക”. അഗസ്റ്റിൻ ഉടൻതന്നെ തൊട്ടടുത്ത് തുറന്നിരുന്ന വിശുദ്ധഗ്രന്ഥമെടുത്തു വായിച്ചു. പൗലോസ് അപ്പസ്തോലൻ റോമാക്കാർക്ക് എഴുതിയ ലേഖനം 13:13-14 ആണ് അദ്ദേഹത്തിനു കിട്ടിയത്. അത് ഇപ്രകാരമായിരുന്നു:

“പകലിനു യോജിച്ചവിധം നമുക്കു പെരുമാറാം. സുഖലോലുപതയാലോ മദ്യലഹരിയിലോ അവിഹിതവേഴ്ചകളിലോ വിഷയാസക്തിയിലോ കലഹങ്ങളിലോ അസൂയയിലോ വ്യാപരിക്കരുത്. പ്രത്യുത, കർത്താവായ യേശു ക്രിസ്തുവിനെ ധരിക്കുവിൻ. ദുർമോഹങ്ങളിലേക്ക് നയിക്കത്തക്കവിധം ശരീരത്തെപ്പറ്റി ചിന്തിക്കാതിരിക്കുവിൻ”.

വിശുദ്ധഗ്രന്ഥത്തിലെ ഈ വചനങ്ങളും അമ്മയുടെ കണ്ണീരും വിശുദ്ധ അംബ്രോസിന്റെ പ്രസംഗങ്ങളും പൗലോസ് അപ്പസ്തോലന്റെ ലേഖനങ്ങളുമെല്ലാം അദ്ദേഹത്തിന്റെ മനസ്സിനെ പിടിച്ചുകുലുക്കി. രക്ഷകനും നാഥനുമായ യേശുക്രിസ്തുവിലേക്ക് അദ്ദേഹം തിരിഞ്ഞു. വന്നുപോയ വീഴ്ചകളോർത്ത് തിരുസന്നിധിയിൽ സാഷ്ടാംഗം വീണ അദ്ദേഹം കണ്ണീരൊഴുക്കി മാപ്പിനായി കേണു.

അനുതപിക്കുന്ന പാപിയോട് കരുണകാണിക്കുന്ന കർത്താവിന്റെ കരുണാർദ്ര സ്നേഹം അനുഭവിച്ചറിഞ്ഞ അഗസ്റ്റിൻ ഇപ്രകാരം പ്രാർത്ഥിച്ചു: “ദൈവമേ, അങ്ങ് ഞങ്ങളെ അങ്ങേക്കായി സൃഷ്ടിച്ചു. അങ്ങിൽ വിലയംപ്രാപിക്കുംവരെ ഞങ്ങളുടെ ഹൃദയം അസ്വസ്ഥമാണ്”.

33-ാമത്തെ വയസ്സിൽ അഗസ്റ്റിൻ ക്രിസ്തുമതം സ്വീകരിച്ചു. ക്രിസ്തുവിനോടുള്ള ആഴമാർന്ന സ്നേഹത്തിൽ സ്വയംമറന്ന അദ്ദേഹം വൈദികപഠനങ്ങൾക്കുശേഷം 36-ാമത്തെ വയസ്സിൽ പൗരോഹിത്യം സ്വീകരിച്ചു. വിശുദ്ധിനിറഞ്ഞ ജീവിതവും സഭാസ്നേഹവുംവഴി ശ്രദ്ധേയനായിത്തീർന്ന അദ്ദേഹം എ.ഡി.396-ൽ 41-ാമത്തെ വയസ്സിൽ ഹിപ്പോയിലെ മെത്രാനായി അഭിഷേകം ചെയ്യപ്പെട്ടു.

അഗസ്റ്റിൻ ‘കുമ്പസാരം’ എന്ന പേരിൽ എഴുതിയ ആത്മകഥ, ജാതിമതഭേദമെന്യേ എല്ലാവരെയും എക്കാലത്തും സ്വാധീനിച്ചിട്ടുണ്ട്. കൂടാതെ, ഈശ്വരനഗരം, പരിശുദ്ധത്രിത്വം തുടങ്ങി വലുതും ചെറുതുമായ 103 പുസ്തകങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്.

അക്കാലത്ത് നിലനിന്നിരുന്നതും ഒരു കാലത്ത് അദ്ദേഹംതന്നെ അംഗമായിരുന്നതുമായ മനിക്കെയിസം, ഡൊണാറ്റിസിസം പെലാജിയനിസം എന്നീ പാഷണ്ഡതകൾക്കെതിരേ ശക്തമായി അഗസ്റ്റിൻ പടവാളുയർത്തി. തിരുസഭ അദ്ദേഹത്തെ വിശുദ്ധനായും പിന്നീട് വേദപാരംഗതനായും ഉയർത്തി. വിശുദ്ധരിൽ വിശുദ്ധനായ അഗസ്റ്റിൻ ദൈവശാസ്ത്രജ്ഞന്മാരുടെ ദൈവശാസ്ത്രജ്ഞനും വേദപാരംഗതന്മാരുടെ വേദപാരംഗതനുമായി വാഴ്ത്തപ്പെടുന്നു.

മകന്റെ മാനസാന്തരത്തിനുവേണ്ടി കണ്ണീരൊഴുക്കി പ്രാർത്ഥിച്ച അഗസ്റ്റിന്റെ അമ്മ മോനിക്കയും വിശുദ്ധയായി പ്രഖ്യാപിക്കപ്പെട്ടു. കർത്താവിന്റെ അൾത്താരയിൽ ബലിയർപ്പിക്കുമ്പോൾ, എന്നും എന്നെ ഓർക്കണമെന്നുമാത്രമായിരുന്നു തന്റെ അന്ത്യാഭിലാഷമായി മകനോട് ആ അമ്മ അഭ്യർത്ഥിച്ചത്. മരിക്കുവോളം, അഗസ്റ്റിൻ അമ്മയ്ക്കുനല്കിയ വാക്കു പാലിച്ചു. ‘കണ്ണീരിന്റെ പുത്രൻ’ എന്ന് അഗസ്റ്റിൻ അറിയപ്പെട്ടിരുന്നു.

എന്നും പ്രാചീനവും എന്നും അർവാചീനവുമായ സൗന്ദര്യമേ, അങ്ങയെ സ്നേഹിക്കാൻ ഞാൻ ഏറെ വൈകിപ്പോയി (വിശുദ്ധ അഗസ്റ്റിൻ).

## വിശുദ്ധ അഗസ്റ്റിൻ എതിർത്ത പാഷണ്ഡതകൾ

മനിക്കെയിസം: നന്മയുടെയും തിന്മയുടെയും സങ്കരമാണ് മനുഷ്യൻ. മനുഷ്യശരീരത്തിൽ നിരവധി പ്രകാശകണികകൾ ബന്ധനത്തിൽ കഴിയുന്നു. മനുഷ്യൻ ശരീരമാകുന്ന തിന്മയുടെ അടിമത്തത്തിലാണ്. പ്രകാശത്തിന്റെ പരമശക്തിക്ക് മനുഷ്യനോട് അനുകമ്പ തോന്നുകയും ഒരു രക്ഷകനെ അയയ്ക്കുകയും ചെയ്തു; അതാണ് യേശു. ഉന്നതങ്ങളിലുള്ള പ്രകാശത്തിന്റെ പിതാക്കന്മാരെ യേശു മനുഷ്യനു കാണിച്ചുകൊടുത്തു. മനുഷ്യനിലെ പ്രകാശഘടകത്തെ അന്ധകാരശക്തിയായ ദ്രവ്യത്തിന്റെ അഥവാ ഭൗതികതയുടെ മാലിന്യത്തിൽ (ശരീരത്തിൽ)നിന്ന് മോചിപ്പിച്ചെടുക്കുകയാണ് മനിക്കെയിസത്തിന്റെ ലക്ഷ്യം.

ദൈവശാസ്ത്രത്തിനും ക്രിസ്തീയ ധർമ്മശാസ്ത്രത്തിനും എതിരായ ഈ പാഷണ്ഡതയെ അഗസ്റ്റിൻ ശക്തമായി എതിർത്തു.

ഡൊണാറ്റിസിസം: ഇത് ഒരു പാഷണ്ഡത എന്നതിനെക്കാൾ ശീശ്മയായാണ് കരുതുന്നത്. ഇതനുസരിച്ച് പരസ്യപാപികൾക്ക് സഭാംഗത്വം നഷ്ടപ്പെടുത്തുകയും മാനസാന്തരപ്പെട്ടു തിരുച്ചുവന്നാൽ വീണ്ടും ജ്ഞാനസ്നാനം നല്കി സ്വീകരിക്കുകയും വേണം. അതുപോലെ, പാപികളായ വൈദികരും മെത്രാന്മാരും പരികർമ്മം ചെയ്യുന്ന കൂദാശകൾ അസാധുവാണ്.

അഗസ്റ്റിൻ ഇവയ്ക്കെതിരേ ശക്തമായി പ്രതികരിച്ചു. സഭാപ്രബോധനങ്ങൾ അദ്ദേഹം ഉയർത്തിക്കാട്ടി. അതായത്, ജ്ഞാനസ്നാനം ഒരിക്കൽ മാത്രമേ സ്വീകരിക്കാവൂ. ജ്ഞാനസ്നാനം സ്വീകരിച്ച ഒരാൾ സഭാംഗത്വം നേടുകയും പരിശുദ്ധാത്മാവാൽ പൂരിതനാവുകയും ചെയ്തു. അതുപോലെ, ശരിയാംവണ്ണം തിരുപ്പട്ടം സ്വീകരിച്ച വൈദികൻ എത്രവലിയ പാപിയാണെങ്കിലും പരികർമ്മംചെയ്യുന്ന കൂദാശകൾ വാസ്തവമായിത്തീരുന്നു.

പെലാജിയനിസം: മനുഷ്യനു മനസ്സുണ്ടെങ്കിൽ ദൈവസഹായമില്ലാതെതന്നെ നന്മ ചെയ്യാനാകുമെന്ന് ഇവർ പഠിപ്പിച്ചു. മാത്രമല്ല, ഉത്ഭവപാപത്തെയും അതിൽനിന്ന് മോചനം നേടാൻ ജ്ഞാനസ്നാനം തേടേണ്ടതിന്റെ ആവശ്യകതയെയും ഇക്കൂട്ടർ നിഷേധിച്ചു.

ഈ പാഷണ്ഡതയ്ക്കെതിരേ ശക്തമായി പ്രതികരിച്ച വിശുദ്ധ അഗസ്റ്റിൻ, മനുഷ്യമക്കളിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം ഊന്നിപ്പറയുകയും ഉത്ഭവപാപാവസ്ഥയും ജ്ഞാനസ്നാനംവഴി അതിൽനിന്നു മോചനം നേടേണ്ട ആവശ്യകതയും ഉയർത്തിക്കാട്ടി. എ.ഡി. 411-ൽ കാർത്തേജിൽ കൂടിയ സൂനഹദോസ് പെലാജിയനിസത്തെ ശപിക്കുകയും അതിന്റെ ഉപജ്ഞാതാവായ പെലാജിയൂസിനെ സഭാഭ്രഷ്ടനാക്കുകയും ചെയ്തു.